# മലങ്കര കത്തോലിക്കാ സഭ

## മൂന്നാം സഹസ്രാബ്ദത്തിൽ

തോമസ് മടുക്കുംമൂട്ടിൽ
എഡിറ്റർ

www.malankaralibrary.com

# മലങ്കര കത്തോലിക്കാസഭ

## മൂന്നാം സഹസ്രാബ്ദത്തിൽ

www.malankaralibrary.com

# മലങ്കര കത്തോലിക്കാസഭ

## മൂന്നാം സഹസ്രാബ്ദത്തിൽ

തോമസ് മടുക്കുംമൂട്ടിൽ

(എഡിറ്റർ)

No. 83

ബഥനി പബ്ലിക്കേഷൻസ്

കോട്ടയം - 686 010

www.malankaralibrary.com

Malayalam

MALANKARA KATHOLIKA SABHA
MOONNAM SAHASRABDHATHIL

Edited by:

THOMAS MADUKAMMOOTTIL

First Published: September 1999

Copy Right: Publication

Published by:

Bethany Publications

Kottayam - 686 010

Printed at: Wigi Printers, Manganam, Kottayam-18

*Price Rs. 75*

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# അവതാരിക

മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്തിൽ നിന്നുതന്നെ ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നതിനു ഭാഗ്യം സിദ്ധിച്ച സമൂഹമാണു മലങ്കരസഭ. ഈ അപ്പസ്തോലിക പാരമ്പര്യത്തിൽ പതിനാറു നൂറ്റാണ്ടുകൾ സാർവ്വത്രിക സഭാകൂട്ടായ്മയിലും തനിമയിലും മുന്നോട്ടു പോകുവാൻ കഴിഞ്ഞുവെങ്കിലും കൂനൻ കുരിശുസത്യത്തിലേക്കു നയിച്ച സംഭവങ്ങൾ സഭയിൽ ഭിന്നതയ്ക്കു വഴി തെളിച്ചു. തങ്ങൾക്കു സ്വന്തമായിരുന്ന പൗരസ്ത്യസഭാപാരമ്പര്യങ്ങളും പൈതൃകവും സംരക്ഷിക്കുവാനുള്ള ആവേശകരമായ ആഗ്രഹത്തിനിടയിൽ മലങ്കരമക്കൾക്കു നിർഭാഗ്യവശാൽ നഷ്ടപ്പെട്ട സാർവ്വത്രിക സഭാകൂട്ടായ്മ പുനഃസ്ഥാപിക്കാനുള്ള പരിശ്രമങ്ങൾക്കു താമസംവിനാ ആരംഭം കുറിച്ചുവെന്നുള്ളതാണ് ആശ്വാസകരമായ വസ്തുത. ഒന്നാം മാർത്തോമ്മാ മുതൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ വരെ നീണ്ട ഐക്യ പരിശ്രമം 1930-ൽ നടന്ന പുനരൈക്യത്തിലൂടെ പൂവണിയുകയുണ്ടായി. സഭാചരിത്രത്തിലെ ആ സുവർണ്ണ മുഹൂർത്തം മലങ്കരസഭയുടെ നവോത്ഥാനത്തിനു വഴിയൊരുക്കി.

പുനരുദ്ധരിക്കപ്പെട്ട മലങ്കര കത്തോലിക്കാസഭ അതിൻെറ ശ്രേഷ്ഠമായ പാരമ്പര്യങ്ങളും, ഉൽകൃഷ്ടമായ പൈതൃകവും കാത്തുസൂക്ഷിച്ചുകൊണ്ടുള്ള ഒരു പ്രയാണത്തിനാണു തുടക്കംകുറിച്ചത്. ഭിന്നതയുടെ സംഘർഷത്തിൽ വിസ്മരിക്കപ്പെട്ട പ്രേഷിതവൃത്തി ഒരു തീവ്ര ദൗത്യമായി മലങ്കരകത്തോലിക്കാസഭ വീണ്ടെടുത്തു. സുവിശേഷ ദൗത്യവുമായി സമൂഹത്തിൻെറ താഴേത്തട്ടുകളിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള ധീരത സഭ കാണിച്ചു. സുവിശേഷവല്ക്കരണം, സഭൈക്യ, പുനരൈക്യ പ്രവർത്തനങ്ങളെല്ലാം ഒരുപോലെ മുന്നോട്ടു കൊണ്ടുപോകാൻ സഭയ്ക്കു കഴിഞ്ഞു. സഭയെ നയിച്ച പിതാക്കന്മാരും അവർക്കു പിന്തുണയേകിയ വൈദികരും സന്ന്യസ്തരും വിശ്വാസികളും കാട്ടിയ തീക്ഷ്ണതയും ആത്മാർത്ഥതയും സഭാവളർച്ചയുടെ ഗതിവേഗം വർദ്ധിപ്പിച്ചു. അങ്ങനെ ദൈവത്തിൽ നിന്ന് സമൃദ്ധമായ കൃപകൾ സ്വീകരിച്ചുകൊണ്ട് മലങ്കര കത്തോലിക്കാസഭ ജീവിതത്തിലും പ്രവർത്തനങ്ങളിലും വളർച്ചയുടെ പടവുകൾ ഒന്നൊന്നായി കയറി മുന്നേറിക്കൊണ്ടിരിക്കുകയാണ്.

www.malankaralibrary.com

പുതിയ സഹസ്രാബ്ദത്തിലേക്കും പുതിയ നൂറ്റാണ്ടിലേക്കും പ്രവേശിക്കുവാൻ പോകുന്ന മനുഷ്യകുലത്തെ സംബന്ധിച്ചിടത്തോളം പ്രതീക്ഷകളും വെല്ലുവിളികളും അനവധിയാണ്. ഇത്തരുണത്തിൽ ക്രിസ്തുവിൻെറ മനുഷ്യാവതാരത്തിൻെറ മഹാജൂബിലി ആഘോഷിക്കുവാനൊരുങ്ങുന്ന ആഗോള സഭയിലേക്കാണു ലോകം ആകാംക്ഷയോടെ ഉറ്റുനോക്കുന്നത്. സാർവ്വത്രിക സഭയുടെ ഭാഗമെന്നുള്ള നിലയിൽ മലങ്കര കത്തോലിക്കാസഭയ്ക്കും ഉത്തരവാദിത്വങ്ങൾ ഏറെയാണ്. തങ്ങളുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് സഭാമക്കൾ ശരിയായ ബോധ്യമുള്ളവരാകുന്നതിനും, ഉത്തമബോദ്ധ്യത്തോടുകൂടി കടമകൾ നിറവേറ്റുന്നതിനും പ്രത്യേക സംവിധാനങ്ങളും സംരംഭങ്ങളും ആവശ്യമായിരിക്കുന്നു. അവയിലൊന്നാണ് ബൗദ്ധികതലത്തിലുള്ള പ്രേഷിതപ്രവർത്തനം; പുസ്തകങ്ങളിലൂടെയും പത്രമാസികകളിലൂടെയുമുള്ള ആശയസംവേദനം.

മലങ്കര കത്തോലിക്കാസഭയുടെ വീക്ഷണങ്ങളും, അവയുടെ അവതരണങ്ങളും അതിൽ സഭാമക്കൾക്കുള്ള പങ്കാളിത്തവും വിശദമായി ചർച്ച ചെയ്യേണ്ട വിഷയങ്ങളാണ്. സഭയുടെ ഓരോ ഘടകവും അതിൽ പങ്കുചേരേണ്ടിയിരിക്കുന്നു. സഭാനേതൃത്വവും സഭയിലെ സന്ന്യാസസമൂഹങ്ങളും അത്മായ സംഘടനകളുമൊക്കെ ഈ മഹായജ്ഞത്തിൽ പങ്കുചേർന്നുകൊണ്ട് സഭയുടെ വളർച്ചയ്ക്കും അതുവഴിയായി സമൂഹത്തിൻെറ ഉയർച്ചയ്ക്കും സഹായിക്കേണ്ടതാണ്.

'മലങ്കര കത്തോലിക്കാസഭ മൂന്നാം സഹസ്രാബ്ദത്തിൽ' എന്ന ഈ ഗ്രന്ഥം മേല്പറഞ്ഞ വസ്തുതകൾ വിശദമായി വിശകലനം ചെയ്യുന്നുവെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. മൂന്നാം സഹസ്രാബ്ദത്തിൻെറ ദൗത്യം നിറവേറ്റുന്നതിന് കാര്യക്ഷമമായ ഒരു പ്രവർത്തനപരിപാടി ആവിഷ്കരിക്കുന്നതിന് ഉണ്ടാകേണ്ട ആത്മാർത്ഥ ശ്രമത്തിന് ഈ ചർച്ച സഹായിക്കുമെന്നതിൽ സംശയമില്ല. സഭയുടെ വിശ്വാസസത്യങ്ങൾ, വിവിധ സംവിധാനങ്ങൾ, പാരമ്പര്യങ്ങൾ, ഭാവിപരിപാടികൾ മുതലായവയെപ്പറ്റി ഇവിടെ പ്രതിപാദിക്കുന്നതുവഴിയായി വായനക്കാരുടെ സഭാത്മകചിന്തയെ ഉജ്ജ്വലിപ്പിക്കുവാൻ സഹായിക്കും. പല കാര്യങ്ങളിലും സഭാംഗങ്ങളിൽ കുറേപ്പേരെയെങ്കിലും ബാധിച്ചിരിക്കുന്ന നിസംഗതാമനോഭാവത്തിൽ നിന്നു വിമോചനം പ്രാപിക്കാൻ ദൗത്യങ്ങളെക്കുറിച്ചുള്ള ഈ ഓർമ്മപ്പെടുത്തൽ ഏറെ പ്രയോജനകരമാണ്.

ഇത്തരമൊരു സംരംഭത്തിനു തുനിഞ്ഞിറങ്ങിയ ബ്രദർ തോമസ് മടുക്കുംമൂട്ടിലിനെ പ്രത്യേകം അഭിനന്ദിക്കുന്നു. തൻെറ വൈദിക പരിശീലനകാലത്തു തന്നെ ഈ ദൗത്യം ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് അദ്ദേ

www.malankaralibrary.com

ഹത്തിനു സാധിച്ചത് തീർച്ചയായും അഭിമാനകരമായ കാര്യമാണ്. സർവ്വ ശക്തനായ ദൈവം അദ്ദേഹത്തെ തൻെറ കഴിവുകളും സിദ്ധികളും വിനി യോഗിക്കുന്നതിൽ തുടർന്നും അനുഗ്രഹിക്കട്ടെ. അതോടൊപ്പം ഈ പുസ്തകത്തിൽ തങ്ങളുടെ അറിവും ആശയങ്ങളും ചർച്ചയ്ക്കുതകത്തക്ക വിധത്തിൽ ലേഖനങ്ങളിലൂടെ പ്രകടിപ്പിച്ചിരിക്കുന്ന പണ്ഡിതന്മാരായ ലേഖകരെയും, ഈ പുസ്തകം പ്രസാധനം ചെയ്യാൻ തയ്യാറായ ബഥനി പബ്ലിക്കേഷൻസിനെയും ആത്മാർത്ഥമായി അനുമോദിച്ചുകൊള്ളുന്നു. ഇപ്രകാരം സംഘാതമായ പ്രവർത്തനങ്ങൾ സഭയുടെ പ്രേഷിതവൃത്തി യിലും ദൗത്യനിർവ്വഹണത്തിലും ഏറെ സഹായകരമാണ്. ഈ ഗ്രന്ഥ ത്തിനു ധാരാളം നല്ല ഫലങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഗ്രന്ഥത്തിനു എല്ലാവിധത്തിലുമുള്ള പ്രചാരവും ആശം സിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

**സിറിൾ മാർ ബസേലിയോസ്**
മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്തൻ
ആർച്ചുബിഷപ്പ്

*തിരുവനന്തപുരം,*
*ജൂലൈ 6, 1999.*

www.malankaralibrary.com

# ആശംസ

1930 സെപ്തംബർ 20-ാം തീയതി അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവും അനുയായികളും സാർവ്വത്രിക സഭാകൂട്ടായ്മ വീണ്ടെടുത്തതോടെ 'മലങ്കര കത്തോലിക്കാസഭ' രൂപമെടുക്കുകയും ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പിയൂസ് മാർപ്പാപ്പ പുറപ്പെടുവിച്ച "ക്രിസ്തോ പാസ്തോരും പ്രിൻച്ചീപ്പി" എന്ന തിരുവെഴുത്തിലൂടെ മലങ്കര കത്തോലിക്കാസഭയെ ഒരു വ്യക്തിഗത സഭയായി അംഗീകരിക്കുകയും ചെയ്തു.

സഭാരംഭം മുതൽ വ്യക്തമായ ദർശനങ്ങളോടെ മുന്നേറുന്ന സഭയിന്ന് ശുശ്രൂഷാരംഗങ്ങളിൽ നിസ്തുലമായ സേവനങ്ങൾ കാഴ്ചവയ്ക്കുന്നുവെന്നത് ഏറെ പ്രത്യാശകരമാണ്. സഭയുടെ അടിസ്ഥാനപരമായ യാഥാർത്ഥ്യവും ഇഹ ലോകത്തിൽ ദൈവദത്തമായ അതിന്റെ ദൗത്യവും സഭാതനയർ വ്യക്തമായി അറിഞ്ഞിരിക്കേണ്ടത് സഭാജീവിതത്തിൽ ഉൾപ്പെടുന്നതിനും ക്രിസ്തീയ ജീവിതത്തിൽ പുരോഗതി പ്രാപിക്കുന്നതിനും അനുപേക്ഷണീയമാണ്. "മലങ്കര കത്തോലിക്കാസഭ മൂന്നാം സഹസ്രാബ്ദത്തിൽ" എന്ന ഗ്രന്ഥം സഭാത്മകമായ അറിവിലേക്ക് സഭാമക്കളെ നയിക്കുന്നതിന് സഹായകരമായ ഒന്നാണ്.

സഭാവീക്ഷണങ്ങൾ, സഭയിലെ സന്ന്യാസസമൂഹങ്ങൾ, സംഘടനകൾ എന്നിവയെക്കുറിച്ച് വ്യക്തമായ അറിവ് നല്കുന്ന ഗ്രന്ഥമാണിത്. സഭയിലെ വൈദികമേലദ്ധ്യക്ഷന്മാരുടെയും വൈദികരുടെയും സന്ന്യസ്തരുടെയും അത്മായരുടെയും കാഴ്ചപ്പാടുകളാൽ നിറഞ്ഞുനില്ക്കുന്ന ഈ ഗ്രന്ഥം സഭാമക്കൾക്ക് ഏറ്റം ഉപകാരപ്രദമാകും. ഈ ലേഖനസമാഹാരം ക്രോഡീകരിച്ച് വെളിച്ചം കാണുവാൻ പ്രയത്നിച്ച ബ്രദർ തോമസ് മടുക്കുംമൂട്ടിലിനെ മുക്തകണ്ഠം പ്രശംസിക്കുകയും, ഈ പുസ്തകത്തിന് പ്രചുരപ്രചാരം ലഭിക്കട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

ദൈവം അനുഗ്രഹിക്കട്ടെ!

**ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ-**
ബത്തേരി രൂപതാ മെത്രാൻ.

*ധർമ്മപീഠം*
*ബത്തേരി*
*20-05-1999.*

www.malankaralibrary.com

# ആശംസ

സഭയും സമൂഹവും ഒരു പുതിയ നൂറ്റാണ്ടിൻെറ ഉമ്മറപ്പടിയിൽ! ദൈവം സ്നേഹമാകുന്നുവെന്ന സത്യത്തിന് മാംസത്തിലും രക്തത്തിലും ദൈവിക സാക്ഷ്യം നൽകിയ ദൈവമനുഷ്യസമാഗമത്തിൻെറ- മനുഷ്യാവതാരത്തിൻെറ- രണ്ടായിരമാണ്ടിലെ മഹാജൂബിലിക്കായി തിരുസ്സഭ ഒരുങ്ങിക്കൊണ്ടിരിക്കുന്ന പ്രത്യേക കാലഘട്ടം! ദൈവിക പദ്ധതിയുടെ പിന്തുടർച്ചയായ സഭയെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുന്നതിനും ബോദ്ധ്യങ്ങൾക്കു രൂപം നൽകുന്നതിനും ധാരാളം ശ്രമങ്ങൾ നടന്നുവരുന്ന ഒരു കാലഘട്ടം!

ഈ പ്രത്യേക പശ്ചാത്തലത്തിലാണ് ബത്തേരി രൂപതയ്ക്കുവേണ്ടി വൈദികപഠനം നടത്തുന്ന ദൈവശാസ്ത്ര വിദ്യാർത്ഥിയായ ബഹുമാനപ്പെട്ട ബ്രദർ തോമസ് മടുക്കുംമൂട്ടിൽ സംയോജനം ചെയ്തിരിക്കുന്ന 'മലങ്കര കത്തോലിക്കാസഭ മൂന്നാം സഹസ്രാബ്ദത്തിൽ' എന്ന ഗ്രന്ഥത്തിൻെറ പ്രാധാന്യം വർദ്ധിക്കുന്നത്. മലങ്കര കത്തോലിക്കാസഭയോടുള്ള അദ്ദേഹത്തിൻെറ ആഭിമുഖ്യവും കൂറും ഈ ഗ്രന്ഥത്തിൽ നിഴലിച്ചുനിൽക്കുന്നുവെന്നത് ഒരു സത്യമാണ്. അടുത്ത സഹസ്രാബ്ദത്തിൽ മലങ്കരകത്തോലിക്കാസഭയ്ക്ക് നിർവ്വഹിക്കുവാനുള്ള ദൗത്യങ്ങൾ വിവിധ ലേഖനങ്ങളിൽനിന്ന് വ്യക്തമാണ്. മലങ്കരസഭയെ ഒന്നായി സാർവ്വത്രികസഭാകൂട്ടായ്മയിൽ എത്തിക്കുന്നതിനുള്ള ദൈവനിയോഗവും കടമയും മലങ്കര കത്തോലിക്കാസഭയ്ക്കുണ്ടെന്ന വസ്തുത ഗ്രന്ഥത്തിലുടനീളം സുവിദിതമാണ്. ബ്രദർ തോമസ് മടുക്കുംമൂട്ടിലിന് പ്രത്യേകമായ അഭിനന്ദനങ്ങൾ അർപ്പിക്കുന്നതോടൊപ്പം ഇനിയും ധാരാളം ദൈവശാസ്ത്രഗ്രന്ഥങ്ങൾ സഭയ്ക്കും സമൂഹത്തിനും അദ്ദേഹത്തിൻെറ തൂലികയിലൂടെ ലഭിക്കട്ടെയെന്നാശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഗ്രന്ഥത്തിന് പ്രചുരപ്രചാരം ലഭിക്കട്ടെയെന്ന ആശംസയോടെ,

**മോൺസിഞ്ഞോർ ഐസക് തോട്ടുങ്കൽ**
ബത്തേരി രൂപതാ വികാരിജനറാൾ.

*ധർമ്മപീഠം*
*ബത്തേരി*
*2-6-1999.*

www.malankaralibrary.com

# ആശംസ

മനുഷ്യരക്ഷകൻ പിറന്നതിൻെറ മഹാജൂബിലിക്കൊരുങ്ങുന്ന ഈ അവസരത്തിൽ, ദൈവത്തിൻെറ അവർണ്ണനീയമായ ഈ ഔദാര്യത്തിന് നന്ദി പറയുവാൻ മലങ്കര കത്തോലിക്കരായ നമുക്കു കഴിയണം. കഴിഞ്ഞ നാളുകളിൽ ഒരു സഭാസമൂഹമെന്ന നിലയിൽ നാം ദൈവത്തിൽ നിന്നും സ്വീകരിച്ച നന്മകൾ എത്രയോ വലുതാണ്! പുണ്യചരിതനായ മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടതുവഴി ആഗോള കത്തോലിക്കാ സഭാകൂട്ടായ്മയിലേക്ക് കടന്നുവരുവാനുള്ള അനുഗ്രഹമാണ് ദൈവം നമുക്ക് നല്കിയത്. കഴിഞ്ഞ അറുപത്തി ഒൻപതു വർഷങ്ങളിൽ മലങ്കരകത്തോലിക്കാ സഭ അത്ഭുതാവഹമായ വളർച്ചയാണ് കൈവരിച്ചിട്ടുള്ളത്. അപ്പസ്തോലിക പാരമ്പര്യവും തനിമയാർന്ന ആരാധനക്രമവും ആധ്യാത്മികതയും ഭരണസംവിധാനവും നമ്മെ ഒരു വ്യക്തിഗത സഭയെന്ന നിലയിൽ വളർത്തിയെങ്കിലും നമ്മുടെ വിശ്വാസജീവിതത്തിൽ നിന്ന് ഉരുത്തിരിയുന്ന ദൈവശാസ്ത്ര വിചിന്തനം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

ആഗോള കത്തോലിക്കാസഭയിലെ ഒരു വ്യക്തിഗതസഭയെന്ന നിലയിൽ മലങ്കര കത്തോലിക്കാസഭയുടെ ദൗത്യം, വിവിധ തലങ്ങളോടുള്ള സഭയുടെ സമീപനങ്ങൾ, സഭയിൽത്തന്നെ സ്ഥാപിതമായി വളർന്നുവന്ന സന്ന്യാസസമൂഹങ്ങൾ, വിവിധ പ്രസ്ഥാനങ്ങൾ, മൂന്നാം സഹസ്രാബ്ദത്തിലേക്കുള്ള കർമ്മ പദ്ധതികൾ തുടങ്ങിയവ സഭാമക്കൾ അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്. ഇവയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് 'മലങ്കരകത്തോലിക്കാസഭ മൂന്നാം സഹസ്രാബ്ദത്തിൽ' എന്ന ഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണം സന്ദർഭോചിതവും സ്വാഗതാർഹവുമാണ്. ഈ ഉദ്യമത്തിന് മുൻകയ്യെടുത്ത മലങ്കരസെമിനാരിയിലെ വിദ്യാർത്ഥിയായബ്രദർ തോമസ് മടുക്കുംമൂട്ടിലിനെ അഭിനന്ദിക്കുന്നു. ഈ ഗ്രന്ഥത്തിന് പ്രചുരപ്രചാരം ലഭിക്കട്ടെ എന്ന് ആശംസിക്കുകയും ഗ്രന്ഥപാരായണത്തിലൂടെ അനേകം ആളുകൾ ഉത്തമ ക്രൈസ്തവജീവിത സാക്ഷ്യത്തിലേക്കു കടന്നുവരട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**റവ. ഡോ. ഡാനിയേൽ മംഗലത്ത്**
റെക്ടർ, മലങ്കര സെമിനാരി

*നാലാഞ്ചിറ,*
*25-6-1999.*

www.malankaralibrary.com

# ആമുഖം

കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭ റോമാ മാർപ്പാപ്പയാൽ നയിക്കപ്പെടുന്ന കത്തോലിക്കാസഭയാണെന്ന വിശ്വാസസത്യം, 1930 സെപ്തംബർ 20 ന് ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും അനുയായികളും ഏറ്റുപറഞ്ഞതോടെ "മലങ്കര കത്തോലിക്കാസഭ" രൂപമെടുത്തു. സഭ രൂപമെടുത്തിട്ട് രണ്ടായിരാമാണ്ട് ആകുന്നതോടെ എഴുപതു സംവത്സരങ്ങൾ പിന്നിടുകയാണ്. എഴുപത് സംവത്സരങ്ങൾ പൂർത്തിയാകുന്നതോടെ സഭ ഒരു പുത്തൻ നൂറ്റാണ്ടിലേക്കാണ് കാലെടുത്തുവയ്ക്കുന്നത്. കഴിഞ്ഞ കാലങ്ങളിലെ സഭാത്മകജീവിതം എപ്രകാരമായിരുന്നുവെന്നും വരുന്ന നൂറ്റാണ്ടിൽ മലങ്കര കത്തോലിക്കാസഭയിലൂടെ സഭാത്മകജീവിതം നയിച്ചുകൊണ്ട്, എങ്ങനെ ക്രിസ്തു സാക്ഷികളാകാമെന്നും സഭാതനയർക്കു ചിന്തിക്കുന്നതിനുള്ള സുവർണ്ണാവസരം സംജാതമായിരിക്കുകയാണ്. ഈ അവസരത്തെ ധന്യമാക്കുന്നതിനുള്ള എളിയ സംരംഭമായിട്ടാണ് ഈ ലഘു ഗ്രന്ഥത്തെ രൂപപ്പെടുത്തിയിരിക്കുന്നത്.

സഭ ദൈവജനമാണ്. സഭാമക്കൾ സഭയുടെ അടിസ്ഥാനപരമായ യാഥാർത്ഥ്യവും ഇഹലോകത്തിൽ ദൈവദത്തമായ അതിന്റെ ദൗത്യവും മനസിലാക്കുമ്പോൾ മാത്രമേ സഭാജീവിതത്തിൽ ഉൾപ്പെടുന്നതിനും, അതിലൂടെ ക്രിസ്തീയ ജീവിതത്തിൽ വളരാനും സാധിക്കൂ. മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേകമായ ദൗത്യവും കാഴ്ചപ്പാടുകളും സഭാതനയർ വേണ്ടവിധത്തിൽ മനസിലാക്കുമ്പോഴാണ് സത്യവിശ്വാസത്തിൽ അടിയുറച്ച ക്രിസ്തീയജീവിതം നയിക്കാൻ സാധിക്കുക. സഭയെക്കുറിച്ച് അറിവു നല്കാനുള്ള ഒരു കൈത്തിരി വെട്ടമാണ് ഈ ഗ്രന്ഥം. അനുവാചക ഹൃദയങ്ങളിൽ ഇതൊരു പ്രകാശനാളമായിത്തീരട്ടെ എന്നാണ് എന്റെപ്രാർത്ഥന.

നാളുകളായി എന്റെ ഹൃദയത്തിന്റെ അന്തരാഴത്തിൽ അലതല്ലിയിരുന്ന ചിന്തകളുടെ പൂർത്തീകരണമാണ് ഈ ലഘു ഗ്രന്ഥം. മൂന്നാം സഹസ്രാബ്ദത്തെകുറിച്ചുള്ള ചിന്തകൾ എനിക്കു മുമ്പിൽ പല ചോദ്യ

www.malankaralibrary.com

ങ്ങളും ഉണർത്തി... അവ ദൈവതിരുമുമ്പിൽ പ്രാർത്ഥനാപൂർവ്വം സമർപ്പിച്ചു... അനേകരോടു സംസാരിച്ചു... അവസാനം ലഭിച്ച പ്രതീക്ഷയുടെ നിറകുടമാണ് "മലങ്കര കത്തോലിക്കാസഭ മൂന്നാം സഹസ്രാബ്ദത്തിൽ" എന്ന ഈ ഗ്രന്ഥം. ഈ ഗ്രന്ഥത്തിൻെറ പടിവാതിൽക്കൽ നില്ക്കുമ്പോൾ ഉണ്ടായിരുന്ന ചിന്ത ഒന്നുമാത്രമാണ്; മലങ്കര കത്തോലിക്കാസഭാമക്കൾ, തങ്ങൾ ഉൾപ്പെടുന്ന സഭയെക്കുറിച്ച് വ്യക്തമായി അറിയണം... അറിവിലൂടെ സഭാത്മകമായി വളരണം. ഇതിനുവേണ്ടിയുള്ള എളിയ പ്രവർത്തനമാണ് ഈ ഗ്രന്ഥം... ദൈവികമായ പ്രചോദനത്തിൻെറ സാക്ഷാത്കാരമാണ് ഇതിലൂടെ സംഭവ്യമായിരിക്കുന്നത്.

മൂന്നു ഭാഗങ്ങളായിട്ടാണ് ഈ ഗ്രന്ഥത്തെ തിരിച്ചിരിക്കുന്നത്. ആദ്യഭാഗത്തിൽ മലങ്കര കത്തോലിക്കാസഭയുടെ വീക്ഷണങ്ങൾ ഉൾക്കൊള്ളുന്നു. രണ്ടാംഭാഗത്തിൽ മലങ്കര കത്തോലിക്കാസഭയിലെ സന്ന്യാസ സമൂഹങ്ങളും അവയുടെ ദൗത്യവും വിശദമാക്കപ്പെടുന്നു. സഭയിലെ സംഘടനകളെക്കുറിച്ചുള്ള പഠനമാണു മൂന്നാംഭാഗം.

ഈ ഗ്രന്ഥത്തിൻെറ പണിപ്പുരയിൽ ദൈവത്തിൻെറ ശക്തമായ പരിപാലന ആദ്യന്തം ഉണ്ടായിരുന്നു. ദൈവത്തിൻെറ അനന്തമായ കരുണയ്ക്കും സ്നേഹത്തിനും മുന്നിൽ ഞാൻ നമ്രശിരസ്കനാകുന്നു.

ഈ സദുദ്യമത്തിൽ ഭാഗഭാക്കുകളായവർ നിരവധിയാണ്. ആശയസമ്പുഷ്ടമായ ലേഖനങ്ങളിലൂടെ ഈ ഗ്രന്ഥത്തെ ധന്യമാക്കിയ അഭിവന്ദ്യ പിതാക്കൻമാർ, ബഹു.വൈദികർ, ബഹു.സന്ന്യസ്തർ, അല്മായ സഹോദരങ്ങൾ ഏവരേയും നന്ദിയോടെ സ്മരിക്കുന്നു. പ്രൗഢഗംഭീരമായ അവതാരികയിലൂടെ ഈ ഗ്രന്ഥത്തെ ധന്യമാക്കിയ മലങ്കരമെത്രാപ്പോലീത്താ അഭിവന്ദ്യസിറിൾ മാർ ബസേലിയോസ് പിതാവിനോടും ഈ ഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണത്തിന് അനുവാദവും, പിതൃസഹജമായ വാത്സല്യത്തോടെ ഉപദേശങ്ങളും പ്രോത്സാഹനവും നല്കിയ ബത്തേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് പിതാവിനോടുമുള്ള കൃതജ്ഞത നിസ്സീമമാണ്. മാർഗ്ഗനിർദ്ദേശങ്ങൾകൊണ്ടും ആശംസകൾകൊണ്ടും ഏറെ സഹായിച്ച വെരി.റവ.മോൺ.ഐസക് തോട്ടുങ്കൽ, വെരി.റവ.ഡോ. ഡാനിയേൽ മംഗലത്ത്, വെരി.റവ.ഫാ.ജോസഫ് കണ്ണംകുളം എന്നിവരോടുള്ള നന്ദി ഇവിടെ കുറിക്കുന്നു. എൻെറ റീജൻസിക്കാലത്ത് ഈ പുസ്തകത്തിൻെറ പ്രസിദ്ധീകരണത്തിൽ എന്നെ ഏറെ സഹായിച്ച ബഹു.മാത്യു അറമ്പൻ കുടിയിലച്ചൻ, ബഹു. അബ്രഹാം പതാക്കലച്ചൻ, സഹോദരനിർവിശേഷമായ സ്നേഹംകൊണ്ടും പ്രോത്സാ

www.malankaralibrary.com

ഹനംകൊണ്ടും എന്നെ സഹായിച്ച ബ്രദർ ബോവസ് മാത്യു മേലൂട്ട്, ബ്രദർ വർഗീസ് കൊല്ലംമാവുടി, ബ്രദർ വർഗീസ് വാണികുളം, ശ്രീ. ജോസ് സി.കെ എന്നിവർക്കും പ്രത്യേകമായ നന്ദി. വൈദിക പരിശീലനത്തിൽ എന്നെ സഹായിച്ചുകൊണ്ടിരിക്കുന്ന വന്ദ്യ വൈദികർ, സഹപാഠികൾ, സന്ന്യസ്തർ, മറ്റ് അഭ്യുദയകാംഷികൾ ഏവരോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തട്ടെ.

ഇതിൻെറ പ്രസിദ്ധീകരണ ചുമതല ഏറ്റെടുത്ത ബഥനി പബ്ലിക്കേഷൻ ഡയറക്ടർ ബഹു.സ്റ്റീഫൻ പ്ലാത്തോട്ടത്തിൽ OIC അച്ചനും ഇതിൻെറ മുദ്രണം ഭംഗിയായി നിർവ്വഹിച്ച വിജി പ്രസ് ജീവനക്കാർക്കും പ്രത്യേകമായ കൃതജ്ഞത.

മൂന്നാം സഹസ്രാബ്ദത്തിൽ, മലങ്കരസഭാമക്കളുടെ സഭാത്മക ജീവിത ഉന്നതിക്ക് ഉപകരിക്കുംവിധം തയ്യാറാക്കിയിരിക്കുന്ന ഈ ഗ്രന്ഥം 'സഭാതനയർക്കായി' സവിനയം സമർപ്പിക്കുന്നു. സഭാമക്കൾക്ക് ഈ ഗ്രന്ഥം മാർഗ്ഗദർശനം നല്കിയാൽ ഞാൻ കൃതാർത്ഥനായി.

തോമസ് മടുക്കുംമൂട്ടിൽ

www.malankaralibrary.com

# ഉള്ളടക്കം


അവതാരിക .................... iv

ആശംസകൾ .................... vii

ആമുഖം .................... x

**മലങ്കര കത്തോലിക്കാ സഭാവീക്ഷണങ്ങൾ .................... 1**

മലങ്കര കത്തോലിക്കാസഭ: ഒരു വിഹഗ വീക്ഷണം .................... 3

*തോമസ് മടുക്കുംമൂട്ടിൽ*

ദൈവശാസ്ത്രവീക്ഷണങ്ങൾ .................... 10

*സിറിൾ മാർ ബസേലിയോസ് മെത്രാപ്പോലീത്താ*

മലങ്കരയിലെ സഭൈക്യശുശ്രൂഷാദൗത്യം .................... 18

*വെരി. റവ. ഡോ. ഐസക് തോട്ടുങ്കൽ*

സുവിശേഷവല്ക്കരണം .................... 27

*മോസ്റ്റ് റവ. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്*

സഭാത്മകജീവിതവും വിശ്വാസപരിശീലനവും .................... 31

*മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്*

ആരാധനക്രമാധിഷ്ഠിത ജീവിതം .................... 34

*റവ. ഡോ. ഗീവർഗീസ് പണിക്കർ*

പ്രേഷിതദൗത്യം .................... 43

*റവ. ഡോ. തോമസ് കുളങ്ങര*

സാമൂഹ്യപ്രതിബദ്ധതയും സുവിശേഷവൽക്കരണവും .................... 63

*റവ.ഡോ. ജോൺ പടിപ്പുരയ്ക്കൽ*


www.malankaralibrary.com

വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ........ 81
*റവ. ഡോ. ജോസഫ് കോന്നാത്ത്*

സഭയിലെ അല്മായ പങ്കാളിത്തം ........ 98
*ശ്രീ. ജോസ് പറക്കുംന്താനം*

സഭയും ആനുകാലിക പ്രശ്നങ്ങളും ........ 105
*റവ. ഡോ. തോമസ് നായിക്കംപറമ്പിൽ*

ഇരുപത്തൊന്നാം നൂറ്റാണ്ടും സഭയുടെ ആഭിമുഖ്യങ്ങളും ........ 114
*ഡോ. തോമസ്കുട്ടി പനച്ചിക്കൽ*

മലങ്കര കത്തോലിക്കാസഭയിലെ സന്ന്യാസസമൂഹങ്ങൾ ........ 119

ബഥനി മിശിഹാനുകരണ സന്ന്യാസ സമൂഹം ........ 121
*വെരി.റവ. ഡോ. ജോർജ് തോമസ് കല്ലുങ്കൽ OIC*

ബഥനി മിശിഹാനുകരണ സന്ന്യാസിനി സമൂഹം ........ 132
*മദർ റഹ്മാസ്. SIC*

മേരിമക്കൾ സന്ന്യാസിനി സമൂഹം ........ 141
*മദർ. ഫെലിക്സ് D.M*

മലങ്കര കത്തോലിക്കാ സഭയിലെ സംഘടനകൾ ........ 147

സഭയിൽ സംഘടനകളുടെ ദൗത്യം ........ 149
*ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ*

വേദോപദേശപ്രസ്ഥാനം ........ 154
*റവ. ഡോ. ചാക്കോ നരിമറ്റത്തിൽ*

മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനം ........ 163
*റവ. ഫാ. ഫിലിപ്പ് പുത്തൻകണ്ടത്തിൽ*

മലങ്കര കാത്തലിക് അസോസിയേഷൻ ........ 169
*റവ. ഫാ. വർഗീസ് മാവേലിൽ*

കുടുംബ പ്രേഷിതരംഗം ........ 173
*റവ. ഫാ. മാത്യു കണ്ടത്തിൽ*

www.malankaralibrary.com

# മലങ്കര കത്തോലിക്കാ സഭാവീക്ഷണങ്ങൾ

www.malankaralibrary.com

# 1

# മലങ്കര കത്തോലിക്കാസഭ: ഒരു വിഹഗ വീക്ഷണം

തോമസ് മടുക്കുംമൂട്ടിൽ

അനാചാരങ്ങളുടെയും അസമത്വത്തിൻെറയും നാടായിരുന്ന ഭാരതമണ്ണിലേക്ക് സത്യവിശ്വാസത്തിൻെറ പൊൻപ്രഭ വിതറിയത് ക്രിസ്തു ശിഷ്യന്മാരിൽ ഒരുവനായ മാർത്തോമ്മാശ്ലീഹായാണ്. എ.ഡി. 52-ൽ മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ എത്തുകയും സുവിശേഷപ്രഘോഷണം നടത്തുകയും ചെയ്തു. മാർത്തോമ്മാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിൽ നിന്ന് ജന്മമെടുത്തതും, പതിനാറാം നൂറ്റാണ്ടുവരെ സാർവ്വത്രിക സഭാകൂട്ടായ്മ പൂർണ്ണമായി കാത്തുസൂക്ഷിക്കുകയുംചെയ്ത സഭയാണ് മലങ്കരസഭ. പതിനാറാം നൂറ്റാണ്ടിൽ പാശ്ചാത്യമിഷനറിമാരുമായുള്ള ബന്ധത്തെ തുടർന്ന് കേരളസഭയുടെ തനിമയ്ക്കും സാർവ്വത്രികതയ്ക്കും മങ്ങലേറ്റ് സഭ രണ്ടായി പിളർന്നു. ഒരു വിഭാഗം പാശ്ചാത്യ മിഷനറിമാരുടെ സ്വാധീനത്തിന് വിധേയപ്പെട്ട് വളർന്നു. രണ്ടാമത്തെ വിഭാഗം പാശ്ചാത്യരെ ഉപേക്ഷിച്ച് അന്ത്യോക്യയിലെ ഓർത്തഡോക്സ് യാക്കോബായ പാത്രിയർക്കീസിന് വിധേയമായി വളർന്നു. തന്മൂലം, ഈ സഭാവിഭാഗത്തിനുണ്ടായിരുന്ന സാർവ്വത്രികത പൂർണ്ണമായി നഷ്ടപ്പെട്ടു. എങ്കിലും സാർവ്വത്രിക കൂട്ടായ്മയിലേക്ക് കടന്ന് വരാനുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു.

## മാർ ഈവാനിയോസും പുനരൈക്യവും

1926-ൽ ഓർത്തഡോക്സ് സഭാസമൂഹത്തിലെ മേലദ്ധ്യക്ഷന്മാർ പരുമലയിൽ ഒരു സൂനഹദോസ് വിളിച്ചുകൂട്ടുകയും, പ്രസ്തുത സൂനഹദോസ് ബഥനിയുടെ മാർ ഈവാനിയോസ്മെത്രാപ്പോലീത്തായെ റോമു

www.malankaralibrary.com

മായി പുനരൈക്യശ്രമങ്ങൾ നടത്തുന്നതിനായി നിയോഗിക്കുകയും ചെയ്തു. തങ്ങളുടേതായ പാരമ്പര്യങ്ങളും ആരാധനാനുഷ്ഠാനങ്ങളും നിലനിർത്തികൊണ്ട് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാൻ തയ്യാറാണെന്നുള്ള വ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തി എഴുത്തുകൾ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ പരിശുദ്ധ സിംഹാസനത്തിന് സമർപ്പിച്ചു. പരി. പിതാവ് പയസ് 11-ാമൻ മാർപ്പാപ്പ ഈ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായേയും അനുയായികളേയും കത്തോലിക്കാസഭയിലേക്ക് സ്വാഗതം ചെയ്തു. ഇതിലൂടെ, 1653 ലെ കൂനൻകുരിശു സത്യം മുതൽ നടത്തിയ പുനരൈക്യ പരിശ്രമങ്ങൾ പൂവണിഞ്ഞു.

## മലങ്കര കത്തോലിക്കാ സഭ രൂപം കൊള്ളുന്നു

1930 സെപ്തംബർ 20 സഭാചരിത്രത്തിൽ തങ്കലിപികളാൽ എഴുതപ്പെട്ട ദിവസമാണ്. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ആരംഭിച്ച പുനരൈക്യശ്രമങ്ങൾ വഴി, മലങ്കര ഓർത്തഡോക്സ് സഭാവിഭാഗം സാർവ്വത്രികത വീണ്ടെടുത്തത് ഈ പുണ്യദിനത്തിലായിരുന്നു. മാർപ്പാപ്പയാൽ പ്രത്യേകം നിയോഗിക്കപ്പെട്ട കൊല്ലം രൂപതാദ്ധ്യക്ഷൻ മരിയ ബൻസിംഗർ തിരുമേനിയുടെ മുൻപാകെ സത്യവിശ്വാസം ഏറ്റുപറഞ്ഞുകൊണ്ട് അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, മാർ തെയോഫിലോസ് മെത്രാപ്പോലീത്താ, ഫാ. ജോൺ O I C, അലക്സാണ്ടർ ശെമ്മാശൻ, ശ്രീ. കിളിലേത്ത് ചാക്കോ എന്നിവർ കത്തോലിക്കാസഭാവിശ്വാസം സ്വീകരിച്ചു. അതേ തുടർന്ന് ആ കാലയളവിൽ തന്നെ അനേകം ആളുകൾ സത്യവിശ്വാസം ഏറ്റുപറഞ്ഞ് സാർവ്വത്രികതനിമ വീണ്ടെടുത്തു. അങ്ങനെ, കൂനൻകുരിശു സത്യം മുതൽ 1930 വരെ സാർവ്വത്രികസഭയിൽ നിന്ന് അകന്നു ജീവിച്ചിരുന്ന മലങ്കര സഭാമക്കളിൽ ഒരു വിഭാഗം മാർത്തോമ്മാശ്ലീഹായുടെ പാരമ്പര്യവും പൈതൃകവും വീണ്ടെടുത്ത് വ്യക്തിഗത സഭയായി പുനരുത്ഥാനം ചെയ്തു.

ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പ 1932 ജൂൺ 11-ാം തീയതി പുറപ്പെടുവിച്ച "ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി" എന്ന തിരുവെഴുത്തുവഴി മലങ്കരകത്തോലിക്കാസഭാ ഹയരാർക്കി ഭാരതത്തിൽ നിലവിൽ വന്നു. ഈ തിരുവെഴുത്തിലൂടെ 'തിരുവനന്തപുരം', മലങ്കരകത്തോലിക്കാസഭയുടെ മെത്രാപ്പോലീത്തൻ സിംഹാസനമായി പ്രഖ്യാപിക്കുകയും മാർ ഈവാനിയോസ് തിരുമേനിയെ പ്രഥമ മെത്രാ

www.malankaralibrary.com

പ്പോലീത്തൻ ആർച്ചുബിഷപ്പായി നിയമിക്കുകയും ചെയ്തു. പുതിയ കാനൻ നിയമം 1992-ൽ പ്രാബല്യത്തിൽ വന്നതോടെ മലങ്കര കത്തോലിക്കാ സഭയ്ക്ക് " മെത്രാപ്പോലീത്തൻ സഭ" എന്ന പദവിയും ലഭിച്ചു.

## പുനരൈക്യപ്പെട്ട അഭിവന്ദ്യപിതാക്കന്മാർ

മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും മാർ തെയോഫിലോസ് തിരുമേനിയുടെയും പുനരൈക്യം സഭാചരിത്രത്തിലെ അവിസ്മരണീയ സംഭവമാണ്. ഇതിൽനിന്നു പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് അകത്തോലിക്കാസഭകളിൽ നിന്ന് അഭിവന്ദ്യപിതാക്കന്മാരും വൈദികരും അത്മായരും സത്യവിശ്വാസം ഏറ്റുപറഞ്ഞു. 1937-ൽ ഓർത്തഡോക്സ് സഭയിൽ നിന്ന് ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. 1939 നവംബർ 12-ന് ക്നാനായ യാക്കോബായ സഭയിലെ തോമസ് മാർ ദിയസ്കോറസ് മെത്രാപ്പോലീത്തായും 1977 ഓഗസ്റ്റ് 28-ന് തൊഴിയൂർ സഭാദ്ധ്യക്ഷനായ പൗലോസ് മാർ പീലിക്സിനോസ് മെത്രാപ്പോലീത്തായും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു.

## മലങ്കര കത്തോലിക്കാ സഭയിലെ രൂപതകൾ

സഭയുടെ ആരംഭത്തിൽ തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ രൂപതയും മാത്രമാണ് ഉണ്ടായിരുന്നത്. ദൈവജനശുശ്രൂഷയിൽ വളർച്ചയുടെ പടവുകൾ ചവിട്ടികയറിയ മലങ്കരസഭ ഇന്ന് തിരുവനന്തപുരം അതിരൂപതയും, തിരുവല്ല, ബത്തേരി, മാർത്താണ്ഡം എന്നീ രൂപതകളും ഉൾകൊള്ളുന്നതാണ്.

## തിരുവനന്തപുരം അതിരൂപത

1932 ജൂൺ 11-ാം തീയതി പരി.പിതാവ് പയസ് 11-ാമൻ മാർപ്പാപ്പാ പുറപ്പെടുവിച്ച "ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി" എന്ന തിരുവെഴുത്തിലൂടെ തിരുവനന്തപുരം അതിരൂപത സ്ഥാപിക്കുകയും, പ്രഥമ അദ്ധ്യക്ഷനായി അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ നിയമിക്കുകയും ചെയ്തു. 1930 മുതൽ 1953 വരെയുള്ള കാലയളവിൽ അഭിവന്ദ്യ പിതാവിൻെറ ശക്തമായ നേതൃത്വത്തിൻ കീഴിലാണ് സഭ വളർന്ന് വലുതായത്. 1953 ജനുവരി 29-ാം തീയതി ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയെ അതിരൂപതാ സഹായമെത്രാനായി വാഴിച്ചു.

www.malankaralibrary.com

പുനരൈക്യപ്രസ്ഥാനത്തിൻെറ മാർഗ്ഗദർശിയും മലങ്കരസൂര്യനുമായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ 1953 ജൂലൈ 15-ാം തീയതി കാലം ചെയ്തു. തുടർന്ന്, 1955 ജനുവരി 27-ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായെ അതിരൂപതാദ്ധ്യക്ഷനായി 12-ാം പീയൂസ് മാർപ്പാപ്പ നിയമിച്ചു. നാല്പത് വർഷക്കാലം അഭിവന്ദ്യ പിതാവ് സഭാസമൂഹത്തിന് ശക്തമായ നേതൃത്വം നല്കി. 1980 ഡിസംബർ 27-ന് ലോറൻസ് മാർ അപ്രേം തിരുമേനി അതിരൂപതയുടെ സഹായ മെത്രാനായി നിയമിക്കപ്പെട്ടു. 1994 ഒക്ടോബർ 10-ന് ആർച്ചു ബിഷപ്പ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ തൻെറ സ്വർഗ്ഗീയ സമ്മാനത്തിനായി ഈ ലോകത്തിൽനിന്ന് യാത്രയായി. തുടർന്ന്, ബത്തേരി രൂപതാദ്ധ്യക്ഷനായിരുന്ന സിറിൾ മാർ ബസേലിയോസ് മെത്രാപ്പോലീത്താ 1995 ഡിസംബർ 14-ന് തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലീത്തായായി നിയമിതനായി. 1998 ജൂൺ 29-ന് ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി അതിരൂപതാ സഹായമെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു.

വളർച്ചയുടെ മുൻപന്തിയിൽ നില്ക്കുന്ന അതിരൂപതയിൽ 199 ഇടവക വൈദികരും 35 സന്ന്യസ്ത വൈദികരും ദൈവജനശുശ്രൂഷ ചെയ്യുന്നു. കൂടാതെ 32 സന്ന്യാസ സഹോദരന്മാരും, 343 സന്യാസിനികളും, 137 സെമിനാരി വിദ്യാർത്ഥികളും വിവിധ ശുശ്രൂഷാതലങ്ങളിൽ അതിരൂപതയിൽ പ്രവർത്തിക്കുന്നു. 503 പള്ളികളും മിഷൻസ്റ്റേഷൻസും ഉള്ള അതിരൂപതയിലെ മലങ്കര കത്തോലിക്കാ സഭാംഗങ്ങളുടെ എണ്ണം 2,25,000 ത്തോളമാണ്. ആതുരാലയങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയവയാൽ സമ്പുഷ്ടമാണ് തിരുവനന്തപുരം അതിരൂപത.

## തിരുവല്ലാ രൂപത

മലങ്കര കത്തോലിക്കാസഭയിലെ ആദ്യരൂപതയാണ് തിരുവല്ല. 1933 നവംബർ 6-ാം തീയതി തിരുവല്ലാ രൂപത സ്ഥാപിതമായി. ജേക്കബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ രൂപതയുടെ പ്രഥമാദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു. ജോസഫ് മാർ സേവേറിയോസ് (1938-1955), സക്കറിയാസ് മാർ അത്തനാസിയോസ് (1955-1977), ഐസക് മാർ യൂഹാനോൻ (1978-1987) എന്നിവർ രൂപതയെ നയിച്ച അഭിവന്ദ്യപിതാക്കൻമാരാണ്. ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്തായ്ക്കുശേഷം ഗീവർഗീസ് മാർ തിമോത്തി യോസ് മെത്രാപ്പോലീത്താ രൂപതാസാരഥ്യം ഏറ്റെടുത്തു. രൂപതയുടെ സഹായമെത്രാനായി 1997 ജൂലൈ 17-ന് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ അഭിഷിക്തനായി.

www.malankaralibrary.com

രൂപതയിൽ 129 ഇടവകവൈദികരും 20 സന്ന്യാസ വൈദികരും ശുശ്രൂഷ ചെയ്യുന്നു. 430 സന്ന്യാസിനികളും 89 സെമിനാരി വിദ്യാർത്ഥികളും രൂപതയിൽ ഉൾക്കൊള്ളുന്നു. 180 പള്ളികളും മിഷൻസ്റ്റേഷൻസും ഉള്ള രൂപതയിൽ 44041 മലങ്കരകത്തോലിക്കാ സഭാവിശ്വാസികളുണ്ട്.

## ബത്തേരി രൂപത

തിരുവല്ലാരൂപത വിഭജിച്ച് 1978 ഒക്ടോബർ 28-ന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ബത്തേരി രൂപത സ്ഥാപിച്ചു. രൂപതയുടെ പ്രഥമാദ്ധ്യക്ഷനായി 1978 ഡിസംബർ 28-ാം തീയതി സിറിൾ മാർ ബസേലിയോസ് മെത്രാപ്പോലീത്താ അഭിഷിക്തനായി. 1978 മുതൽ 1995 വരെ അഭിവന്ദ്യ പിതാവ് രൂപതയ്ക്ക് ശക്തമായ നേതൃത്വം നല്കി. 1995-ൽ ബസേലിയോസ് മെത്രാപ്പോലീത്ത തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷനായതിനെ തുടർന്ന്, 1996 ഡിസംബർ 18-ന് രൂപതയുടെ ദ്വിതീയ മെത്രാനായി ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ നിയമിതനായി.

24,000 മലങ്കര കത്തോലിക്കാസഭാംഗങ്ങളുള്ള രൂപതയിൽ 64 രൂപതാ വൈദികരും 13 സന്ന്യാസവൈദികരും 230 സന്ന്യാസിനികളും 73 സെമിനാരി വിദ്യാർത്ഥികളും ഉൾക്കൊള്ളുന്നു.

## മാർത്താണ്ഡം രൂപത

തിരുവനന്തപുരം അതിരൂപത വിഭജിച്ചുകൊണ്ട് 1996 ഡിസംബർ 16 നാണ് മാർത്താണ്ഡം രൂപതയ്ക്ക് രൂപം നല്കിയത്. തിരുവനന്തപുരം അതിരൂപതാ സഹായമെത്രാനായിരുന്ന ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്താ രൂപതയുടെ പ്രഥമാദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു. രോഗബാധിതനായതിനെ തുടർന്ന് 1997 ഏപ്രിൽ 8 ന് അഭിവന്ദ്യ പിതാവ് കാലം ചെയ്തു. തുടർന്ന്, 1998 ജൂൺ 29 ന് യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ രൂപതാദ്ധ്യക്ഷനായി അഭിഷിക്തനാക്കപ്പെട്ടു.

46,000 മലങ്കര കത്തോലിക്കാസഭാംഗങ്ങളുള്ള രൂപതയിൽ 15 രൂപതാ വൈദികരും 6 സംന്യാസവൈദികരും 103 സന്ന്യാസിനികളും 28 സെമിനാരി വിദ്യാർത്ഥികളും ശുശ്രൂഷ ചെയ്യുന്നു. 72 പള്ളികളും മിഷൻസ്റ്റേഷനുകളുമുള്ള രൂപത ഇന്ന് വളർച്ചയുടെ പടവുകൾ ചവിട്ടികയറുകയാണ്.

## വളർച്ചയുടെ പാതയിൽ

മലങ്കര കത്തോലിക്കാ സഭയുടെ പ്രവർത്തനമണ്ഡലം കേരളത്തിൻെറ അതിർത്തികൾക്കപ്പുറം ഭാരതത്തിലും ലോകത്തിൻെറ വിവിധ

www.malankaralibrary.com

ഭാഗങ്ങളിലും വ്യാപിച്ചു കഴിഞ്ഞു. സഭയിലിന്ന് നാലു ലക്ഷത്തോളം വിശ്വാസികൾ ഉൾക്കൊള്ളുന്നു. നാനൂറിൽപരം ഇടവക വൈദികരും ആയിരത്തി അഞ്ഞൂറോളം സന്ന്യാസിനിമാരും നൂറ്റിപ്പത്ത് സന്ന്യാസ വൈദികരും അറുപത് സന്ന്യാസ സഹോദരന്മാരും, മുന്നൂറ്റി അൻപത് സെമിനാരി വിദ്യാർത്ഥികളും പ്രേഷിതപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുന്ന സംഘടനകളാൽ സഭ അനുഗ്രഹീതയാണ്. മലങ്കര കാത്തലിക് യൂത്ത് മൂവ്മെൻറ് (എം.സി വൈ.എം), മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ),മതബോധന പ്രസ്ഥാനം, മാതൃസംഘം, പിതൃസംഘം, ഭക്തസംഘടനകൾ എന്നിവയെല്ലാം സഭാപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നു.

ആയിരത്തിൽപരം ഇടവകകളും നിരവധി മിഷനുകളുമുള്ള സഭയിൽ തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജ്, അഞ്ചൽ സെൻറ് ജോൺസ് കോളേജ്, പുൽപ്പള്ളി പഴശ്ശിരാജ കോളേജ്, ചെന്നയിലെ മാർ ഗ്രിഗോറിയോസ് കോളേജ്, രണ്ട് ട്രെയിനിങ്ങ് കോളേജുകൾ, അഞ്ച് ട്രെയിനിങ്ങ് സ്കൂളുകൾ, അഞ്ച് ഐ.സി.എസ്.ഇ/ സി.ബി.എസ്.ഇ സ്കൂളുകൾ, നാല് ഹയർ സെക്കൻഡറി സ്കൂളുകൾ, 39 ഹൈസ്കൂളുകൾ, 156 മിഡിൽ സ്കൂളുകൾ, 20 ബോർഡിങ്ങ്, 15 അനാഥമന്ദിരങ്ങൾ എന്നിവ പ്രവർത്തിക്കുന്നു. കൂടാതെ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്കായി ധാരാളം കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

## സഭ മൂന്നാം സഹസ്രാബ്ദത്തിലേക്ക്

മൂന്നാം സഹസ്രാബ്ദത്തിനുവേണ്ടി ഒരുങ്ങുന്ന അവസരമാണിത്. വളരെയധികം പ്രതീക്ഷകളോടെയാണ് നാം ആഗതമാകുന്ന നൂറ്റാണ്ടിനെ സ്വീകരിക്കാനൊരുങ്ങുന്നത്. മലങ്കര കത്തോലിക്കാസഭ പുത്തൻ നൂറ്റാണ്ടിലേക്ക് പ്രവേശിക്കുമ്പോൾ, സഭയെ കൈപിടിച്ചു നയിക്കേണ്ടത് സഭാമക്കളുടെ കടമയും ഉത്തരവാദിത്വവുമാകുന്നു. സഭാമക്കൾ എല്ലാവരും ഒത്തൊരുമിച്ച് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ട്, സഭാനേതൃത്വത്തെയും രൂപതാനേതൃത്വത്തെയും അംഗീകരിച്ചുകൊണ്ട് മുന്നേറുമ്പോഴാണ് ഈ കടമ നിവർത്തിപഥത്തിലെത്തുക. രൂപതാ അതിരൂപതാ വ്യത്യാസങ്ങൾ ഉപേക്ഷിച്ച് സഭയുടെ വളർച്ചയ്ക്കായുള്ള ഒറ്റക്കെട്ടായ പ്രവർത്തനമാണ് ഇന്നിൻെറ ആവശ്യം.

www.malankaralibrary.com

പുനരൈക്യപ്രസ്ഥാനത്തിന്റെ മാർഗ്ഗദർശിയായ സഭ അടുത്ത നൂറ്റാണ്ടിലും ഇതിന്റെ വക്താവാകണം. മലങ്കര കത്തോലിക്കാസഭയ്ക്ക് സാർവ്വത്രികസഭയിൽ നിർവ്വഹിക്കുവാനുള്ള ഏറ്റവും സുപ്രധാനമായ ദൗത്യമാണ് സഭൈക്യശ്രമങ്ങൾ ത്വരിതപ്പെടുത്തുകയെന്നത്. ചരിത്രത്തിന്റെ ഗതിവിഗതികളിലൂടെ രൂപംകൊണ്ട്, സാർവ്വത്രികസഭയുമായി ഐക്യത്തിൽ എത്തിച്ചേർന്ന ഈ സഭാസമൂഹത്തിന്, മലങ്കരയിലെ എല്ലാ ദൈവജനത്തേയും ആ കൂട്ടായ്മയിലേക്ക് എത്തിക്കുന്നതിന് പ്രത്യേകമായ കടമയുണ്ട്.

## ഉപസംഹാരം

മലങ്കര കത്തോലിക്കാസഭയുടെ ശുശ്രൂഷകൾ സാർവ്വത്രിക സഭയ്ക്ക് ഒരു മുതൽക്കൂട്ടായിരുന്നുവെന്ന് സഭയുടെ ഇതുവരെയുള്ള ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. സഭാരംഭം മുതൽ വ്യക്തമായ ദർശനങ്ങളോടെ മുന്നേറുന്ന സഭയിന്ന് വളർച്ചയുടെ പാതയിലാണ്. അടുത്ത നൂറ്റാണ്ടിലും ഈ അവസ്ഥ തന്നെയാണ് സംജാതമാകേണ്ടത്. പൂർവ്വപിതാക്കന്മാർ കാണിച്ചുതന്ന സത്യവിശ്വാസത്തിന്റെ പാത പുൽകി, ആ വിശ്വാസം അകത്തോലിക്കാ സഹോദരങ്ങളുടെ ഇടയിൽ ഏറ്റുപറയുമ്പോഴാണ് യഥാർത്ഥത്തിൽ ഓരോ വ്യക്തിയും മലങ്കര സഭാതനയനാകുക. ഇതാണ് മൂന്നാം സഹസ്രാബ്ദം ഉയർത്തുന്ന ഒരു വെല്ലുവിളി. ഇതിനെ നേരിടുവാനായി സത്യവിശ്വാസം എന്തെന്നറിഞ്ഞ് വളരുവാൻ പരിശ്രമിക്കാം.

www.malankaralibrary.com

# 2

# ദൈവശാസ്ത്രവീക്ഷണങ്ങൾ

**സിറിൾ മാർ ബസേലിയോസ് മെത്രാപ്പോലീത്താ**

മലങ്കരസഭയുടെ ദൈവശാസ്ത്ര നിലപാട് വി.ഗ്രന്ഥം മുഖേനയുള്ള വെളിപാടിനെയും, ആരാധനക്രമത്തിലൂടെ സൂക്ഷ്മമായി ആവിഷ്കൃതമായിരിക്കുന്ന അപ്പസ്തോലിക പാരമ്പര്യത്തേയും അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഈ ദൈവശാസ്ത്ര നിലപാട് അപ്പസ്തോലിക സഭയുമായുള്ള ബന്ധത്തിലൂടെ കൈവന്നിട്ടുള്ള സുറിയാനി ആരാധനയാലും ഭാരതീയ മതസാംസ്കാരിക പാരമ്പര്യങ്ങളാലും വളർത്തപ്പെടുന്നതുമാണ്. ഒരു സഭയെന്ന നിലയിൽ മലങ്കരസഭ പാശ്ചാത്യസഭയിലോ അതുമായി ബന്ധപ്പെട്ടിരിക്കുന്ന മറ്റു സഭകളിലോ നിലനിന്നുവരുന്ന ദൈവശാസ്ത്രപരമായ നൂതനാശയങ്ങൾക്ക് വിധേയമായിട്ടില്ല. ഇക്കാരണത്താൽ മലങ്കരസഭയെ യാഥാസ്ഥിതികർ(conservatives) എന്ന് മുദ്ര കുത്താറുണ്ട്. യഥാർത്ഥത്തിൽ മലങ്കരസഭയിൽ ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ ഇല്ല എന്നുതന്നെ പറയാൻ സാധിക്കും. എന്നാൽ മലങ്കരസഭയിലെ വൈദികർ പരിശീലനം നേടുന്നത് മറ്റു സഭാപാരമ്പര്യങ്ങളിലുള്ള സെമിനാരികളിലാണ്. അതുപോലെ സന്ന്യസ്തർ ആധുനീകരിക്കപ്പെടുന്നതും മേല് പറഞ്ഞ സഭകളിലെ ദൈവശാസ്ത്രജ്ഞന്മാർ മുഖേന ആയതുകൊണ്ട് ആധുനികദൈവശാസ്ത്രപന്ഥാവുകൾ അവർക്കറിയാം എന്നു മാത്രമല്ല; പലപ്പോഴും അപ്രകാരം സ്വാധീനിക്കപ്പെടുകയും ബാധിക്കപ്പെടുകയും ചെയ്യുന്നുണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല.

മലങ്കരസഭയുടേതായ ഒരു മേജർ സെമിനാരിക്ക് ഈ അടുത്ത കാലത്ത് മാത്രമാണ് ആരംഭം കുറിച്ചത്. തനതായ ദൈവശാസ്ത്രം പരിപോഷിപ്പിക്കുന്ന തരത്തിലുള്ള വിദ്യാകേന്ദ്രമായി സെമിനാരി വളർന്നുകൊണ്ടിരിക്കുന്ന അവസ്ഥയാണിന്നുള്ളത്. ഭാരതീയമായ ഒരു

www.malankaralibrary.com

പൗരസ്ത്യസഭയെന്ന നിലയിൽ മലങ്കരകത്തോലിക്കാസഭയ്ക്ക് തനിമയാർന്ന ദൈവശാസ്ത്ര പുരോഗതിക്ക് വളരെ സാധ്യതകളുണ്ട്. തന്മൂലം അവൾക്ക് ഏഷ്യയിലെയും ലോകമൊട്ടാകെയുമുള്ള ക്രിസ്തീയസഭകൾക്ക് ദൈവശാസ്ത്ര രംഗത്ത് വലിയ സംഭാവനകൾ നൽകാൻ സാധിക്കും. എങ്കിലും അധികാരസീമ സംബന്ധിച്ചും അജപാലനപരമായ പ്രശ്നങ്ങൾ മൂലവും സഭയുടെ പുരോഗതിക്കും അവളുടെ മക്കളുടെ ആവശ്യങ്ങൾ സാധിക്കുന്നതിനും ഉപയുക്തമായ നടപടികൾ സ്വീകരിക്കുന്നതിൽനിന്നും ഒരു പരിധിവരെ മലങ്കരസഭ തടയപ്പെട്ടിരിക്കുന്നു. ഇപ്രകാരമുള്ള വിഷയങ്ങൾക്ക് സമുചിതമായ മറുപടി രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകളിൽ സ്പഷ്ടമായി ഉൾക്കൊള്ളിച്ചിരിക്കുന്നതിനാൽ ഇവിടെ പ്രതിപാദിക്കുന്നില്ല. മലങ്കര കത്തോലിക്കാ സഭയുടെ വിവിധ വിജ്ഞാനീയങ്ങളെ സംബന്ധിച്ച ദൈവശാസ്ത്ര വീക്ഷണങ്ങളുടെ ഹ്രസ്വമായ ഒരവതരണം മാത്രമാണിവിടെ ഉദ്ദേശിക്കുക.

## വെളിപാട്

യേശുക്രിസ്തുവിലൂടെ ദൈവം നമ്മോടു സംസാരിച്ചു എന്നുള്ള യാഥാർത്ഥ്യമാണ് ക്രൈസ്തവീകതയെ സംബന്ധിച്ചുള്ള അടിസ്ഥാനപരമായ സത്യം. അതുകൊണ്ട് അതുല്യവും പൂർണ്ണവും നിർണ്ണായകവുമായ, യേശുക്രിസ്തുവിലൂടെയുള്ള ദൈവിക വെളിപ്പെടുത്തൽ ചോദ്യം ചെയ്യപ്പെടേണ്ട വിഷയമായി മലങ്കരസഭ ഒരിക്കലും പരിഗണിച്ചിട്ടില്ല. ഈ ബോദ്ധ്യം മലങ്കരസഭയുടെ സഭാത്മകജീവിതത്തിൽ ആകമാനം പ്രതിഫലിച്ചിരിക്കുന്നു. അവതീർണ്ണവചനത്തോടുള്ള പ്രത്യുത്തരമായിട്ടാണ് നാം ക്രിസ്ത്യാനികളായിരിക്കുന്നത്. ഈ ഭാഗ്യം സഹോദരങ്ങളുമായി പങ്കുവയ്ക്കുന്നതിന് നാം കടപ്പെട്ടിരിക്കുന്നു. ഈ ബോദ്ധ്യത്തിന്റെ വളർച്ചയാണ് മാർ ഇവാനിയോസ് പിതാവിനെപോലെയുള്ള സഭാപിതാക്കന്മാരെ ഭാരതസുവിശേഷവത്ക്കരണത്തിന് ശക്തിപ്പെടുത്തിയതും, ഈ സുവിശേഷവത്ക്കരണത്തിന് കത്തോലിക്കാ കൂട്ടായ്മ അനിവാര്യമാണെന്ന ബോദ്ധ്യത്തിലെത്തിച്ചതും.

മറ്റ് വിശ്വാസാചാരങ്ങൾ പാലിക്കുന്നവരുമായി സൗഹൃദത്തിൽ ജീവിക്കുന്ന മലങ്കരസഭ എപ്പോഴും മറ്റു മതങ്ങളോട് ആദരവ് പ്രകടിപ്പിക്കുകയും അവരുടെ ധാർമ്മികവും മതപരവുമായ മൂല്യങ്ങളെ വിലമതിക്കുകയും ചെയ്യുന്നു. 'വചന'ത്തിന്റെ വിത്തുകൾ ഹിന്ദുമതസംഹിതകളിൽ അന്തർലീനമായിരിക്കുന്നു എന്നംഗീകരിക്കുകവഴി രണ്ടാം വത്തി

www.malankaralibrary.com

ക്കാൻ കൗൺസിൽ ഈ പ്രയത്നങ്ങളെ പ്രോത്സാഹിപ്പിക്കുകയും സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. യേശുക്രിസ്തുവിന്റെ അനന്യതയിലുള്ള വിശ്വാസത്തിന് കോട്ടംതട്ടാതെ മറ്റ് മതങ്ങളിലുള്ളവരുമായി സംഭാഷണത്തിലേർപ്പെടുന്നത് പരസ്പരപൂരണത്തിന് സഹായകരമാണെന്നതാണ് മലങ്കരസഭയുടെ ബോധ്യം. ഭാരതത്തിലുള്ള സെമിനാരികളിൽ ഈ മതങ്ങളെ വിശേഷിച്ച് ഹൈന്ദവഇസ്ലാം മറ്റ് ഗോത്രമതങ്ങളെ സംബന്ധിച്ചുള്ള വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ക്രിസ്തുവിജ്ഞാനീയം

മലങ്കര കത്തോലിക്കാസഭയുടെ ആരാധനക്രമത്തിൽ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നതിലുപരിയായി ഒരു ക്രിസ്തുവിജ്ഞാനീയവും സഭയിൽ ഇതുവരെ ആവിഷ്കൃതമായിട്ടില്ല. സഭയുടെ ആരാധനക്രമം ക്രിസ്തുവിന്റെ ദൈവികത്വം, രാജത്വം, കർത്തൃത്വം ഇവയ്ക്ക് മുൻതൂക്കം കൊടുത്തിരിക്കുന്നതോടൊപ്പം നസ്രത്തിലെ യേശുവിന്റെ മാനുഷികതയും വളരെ നന്നായി ഉൾക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ ആരാധനക്രമത്തിലെ ക്രിസ്തുശാസ്ത്രത്തിന് അലക്സാണ്ഡ്രിയ, അന്ത്യോക്യാ മുതലായ പുരാതന ദൈവശാസ്ത്ര ദർശനങ്ങളോടുള്ള ബന്ധം പ്രകടമാണ്. ആരാധനക്രമത്തിലെ ഈ ക്രിസ്തുശാസ്ത്രം ജനങ്ങളുടെ അനുദിന ആരാധനജീവിതാനുഭവങ്ങളിൽ പ്രതിഫലിപ്പിക്കുന്നതും സഭയിൽ ക്രിസ്തുവിനെ കുറിച്ചുള്ള കാഴ്ചപ്പാട് എന്താണെന്ന് വ്യക്തമാക്കുന്നതുമാണ്. ഇവിടെ പ.ത്രിത്വത്തിലുള്ള രണ്ടാം ആളായി സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന യേശുക്രിസ്തുവിനെകുറിച്ച് നിരന്തരമായി ഊന്നി പറയുന്നു. യേശുവിന്റെ സഹനത്തിലും ക്രൂശുമരണത്തിലും സമ്പൂർണ്ണമായി മനുഷ്യത്വം വെളിപ്പെടുത്തുന്നുവെങ്കിലും ക്രിസ്തുവിന്റെ ദൈവത്വമാണ് പെസഹാരഹസ്യത്തെ സംയോജിപ്പിക്കുന്ന കണ്ണി. യേശുവിന്റെ പീഡാനുഭവത്തെയും മരണത്തെയുംകുറിച്ച് ഏകപക്ഷീയമായി മാത്രമുള്ള ഒരു പരാമർശം മലങ്കരസഭയുടെ പാരമ്പര്യത്തിലില്ല. ചരിത്രപുരുഷനായ യേശുവിന്റെ ജീവിതവും പീഡാനുഭവും അവിടുത്തെ പരിശുദ്ധമായ മഹത്ത്വീകരണത്തിന്റെ പശ്ചാത്തലത്തിലല്ലാതെ പരാമർശിക്കപ്പെടുന്നില്ല. ഉത്ഥാനം ചെയ്തു ജീവിക്കുന്നവനും രക്ഷിക്കുന്നവനുമായ യേശുവാണ് മലങ്കര കത്തോലിക്കാസഭാമക്കളുടെ മനസിൽ തങ്ങിനില്ക്കുന്നത്. ഇക്കാരണത്താലാണ് ക്രൂശിതരൂപത്തിനു പകരം രൂപമില്ലാത്ത കുരിശ് മലങ്കരസഭ സ്വീകരിച്ചിരിക്കുന്നത്.

www.malankaralibrary.com

ആരാധനക്രമപ്രാർത്ഥനകളിലും ആഘോഷങ്ങളിലും പ.ത്രിത്വത്തിലുള്ള കൂട്ടായ്മ വ്യക്തമായി നിലനിർത്തികൊണ്ടുതന്നെ പ.ത്രിത്വത്തിലെ ഓരോ വ്യക്തിയുടേയും പ്രത്യേകത എടുത്തുകാണിക്കുന്നു. "പിതാവായ ദൈവത്തിനും അവിടുത്തെ ഏകജാതനായ പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേറ്റുന്നു" എന്ന പ്രാർത്ഥന ഈ വസ്തുതയാണ് വ്യക്തമാക്കുന്നത്. മലങ്കര സഭയുടെ ആരാധനാനുഭവത്തിലെ ക്രിസ്തു പ.ത്രിത്വത്തിലെ പിതാവിൽനിന്ന് പുറപ്പെടുന്ന രണ്ടാമാളും പരിശുദ്ധാത്മാവിനെ പ്രദാനം ചെയ്യുന്നവനുമാകുന്നതുകൊണ്ട് ദൈവത്തിനും മനുഷ്യനുമിടയിലുള്ള ഏക മദ്ധ്യസ്ഥനാണ്. യേശുവിന്റെ വ്യക്തിത്വത്തിന്റെ പ്രത്യേകത പ.ത്രിത്വത്തിലെ രണ്ടാമത്തെ ആൾ എന്നുള്ളതാകുന്നു. പ.ത്രിത്വത്തിലെ രണ്ടാം ആളായ വചനം മനുഷ്യനായി, പ.ത്രിത്വത്തിലെ രക്ഷാകര പ്രവർത്തനത്തിന്റെ ദൗത്യവാഹകനായിരിക്കുന്നു.

യേശുക്രിസ്തു ഇന്നലെയും ഇന്നും എല്ലായ്പ്പോഴും ഒരുവൻ തന്നെ (ഹെബ്രാ.1:14). മഹത്ത്വപൂർണ്ണനായ കർത്താവും ദൈവവുമായി സ്ഥിതിചെയ്യുന്നു. യേശുക്രിസ്തുവിന്റെ വ്യക്തിത്വവും ദൗത്യവും മനസിലാക്കേണ്ടത് ഈ ലോകരക്ഷയെ സംവിധാനം ചെയ്യുകയും സാധിക്കുകയും ചെയ്ത പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ വെളിച്ചത്തിലാണ്.

മലങ്കരസഭയുടെ ആരാധനരീതിയിൽ പ്രകടമാക്കിയിട്ടുള്ള സഭാത്മകവിശ്വാസത്തിന് കൊടുക്കുന്ന ഊന്നൽ ഒരു നല്ല ക്രിസ്തുശാസ്ത്രത്തിന് അടിസ്ഥാനമിടുന്നതാണ്. ഇരുട്ടിൽതപ്പിതടഞ്ഞുകൊണ്ടുള്ള പല ആധുനിക ദൈവശാസ്ത്രനീക്കങ്ങളുടെ ഇടയിൽ ഇത് ഇക്കാരണത്താൽ പ്രസക്തമാകുന്നു. ആരാധനക്രമത്തിലുള്ള ഈ അവബോധം അവിശ്വാസികൾക്കുവേണ്ടിയുള്ളതല്ല മറിച്ച് വിശ്വാസികൾക്കുവേണ്ടിയുള്ളതാണെന്ന പ്രാഥമികത്വം മറക്കാൻ പാടില്ല. ദൈവശാസ്ത്രത്തിൽ ക്രിസ്തുവിജ്ഞാനീയത്തിന് എന്തെങ്കിലും വളർച്ചയുണ്ടാകുന്നെങ്കിൽ അത് ആരാധനാസമൂഹത്തിനുവേണ്ടി ആധികാരികവും ഫലപ്രദവുമായ വിധത്തിലായിരിക്കണം.

## സഭാവിജ്ഞാനീയം

മലങ്കര കത്തോലിക്കാസഭയുടെ സഭാവിജ്ഞാനീയത്തിന്റെ രത്നച്ചുരുക്കം താഴെപ്പറയുന്ന ആരാധനക്രമഗീതത്തിൽ സ്പഷ്ടമാണ്.

www.malankaralibrary.com

"കർത്താ തന്നോടു സംസാരിക്കേണ്ടുന്നവരെല്ലാം
സഭയുൾ പൂകട്ടെയിതാ താനതിൽ മേവിടുന്നു".

സഭ ഒരു രഹസ്യമാണെന്ന യാഥാർത്ഥ്യബോധം വിശ്വാസികളിലുണ്ടാകുവാൻ ഈ ഗീതം ആഹ്വാനം ചെയ്യുന്നു. രഹസ്യാത്മകമായ കൂദാശയാകുന്ന സഭയിൽ പിതാവു സംവിധാനം ചെയ്ത രക്ഷാകരപദ്ധതിയിലെ രക്ഷാകരദൗത്യം തുടർന്നുകൊണ്ടുപോകുന്ന ക്രിസ്തുവിനെ നാം കണ്ടുമുട്ടുന്നു. സഭയെ മതപരമായ ഒരു സ്ഥാപനമായോ, സംഘടനയായോ അല്പം കൂടി വികലമായി ആഗോളവ്യാപകമായ ഒരധികാര സംഘടനയായോ സന്നദ്ധസേവന പ്രസ്ഥാനമായോ കാണുന്ന സാധാരണ കാഴ്ചപ്പാടിൽനിന്ന് വിഭിന്നമായി സഭയെ ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ തുടർച്ചയായി കാണുന്നതിന് മലങ്കരസഭ അവസരം നല്കുന്നു. ഇക്കാരണത്താൽ ക്രിസ്താനുഭവം മനസിലാക്കേണ്ടത്, രക്ഷാകരപദ്ധതിയിലെ യേശുക്രിസ്തുവിനെ കണ്ടുമുട്ടാൻ സഹായിക്കുന്ന പിൻതുടർച്ചയും തനിമയും പുലർത്തുന്ന സഭാപാരമ്പര്യത്തിലാണ്. മറ്റൊരർത്ഥത്തിൽ മലങ്കരസഭയുടെ സഭാവിജ്ഞാനീയത്തിൽ സഭ എന്നത് വിശ്വാസികളുടെ കൂട്ടായ്മയിൽ പരിശുദ്ധാത്മാവ് തുടരുന്ന പുത്രൻ തമ്പുരാന്റെ രക്ഷാകരദൗത്യത്തെ വഹിക്കുന്ന, ഈ ലോകത്തിലെ ദൈവത്തിന്റെ രക്ഷാകരസാന്നിദ്ധ്യമാണ്. വി.കുർബ്ബാനയിലും അതിന്റെ ആഘോഷമായ അർപ്പണത്തിലുമാണ് ഉത്ഥിതനായ യേശുക്രിസ്തുവിന്റെ മഹനീയസാന്നിദ്ധ്യം പ്രത്യേകമായി ഉണ്ടാകുന്നത്. അതുകൊണ്ട് വി.കുർബ്ബാന അർപ്പിക്കുവാൻ ഒരുമിച്ചുകൂടുന്ന വിശ്വാസികളുടെ സമൂഹത്തിലാണ് ക്രിസ്തുവിന്റെ സഭയ്ക്ക് അതിന്റെ പ്രായോഗികവും അതിശക്തവുമായ സാക്ഷാത്കാരം ഈ ലോകത്തിൽ ഉണ്ടാകുന്നത്.

മലങ്കരസഭയ്ക്ക് അതിന്റെ ആരാധനക്രമത്തിന്റെ പാരമ്പര്യത്തോടുള്ള വൈകാരിക ബന്ധം ദൈവശാസ്ത്രപരമായ അടിസ്ഥാനബോധ്യത്തിൽ നിന്നുണ്ടായതാണ്. അതുകൊണ്ട് സഭ പരിശുദ്ധമാണെന്ന് മനസിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ദൈവമക്കളുടെ കൂട്ടായ്മ സഭയെന്നതാണ് മലങ്കരസഭയുടെ വീക്ഷണം. ഇത് ദൈവത്തിന്റെ രക്ഷാകരകർമ്മത്തിന്റെ ഫലമാണ്(1പത്രോ.2:3). മലങ്കര സഭയിൽ ആകമാനമുള്ള സഭാവബോധം വിശ്വാസികളല്ല സഭയെ രൂപീകരിക്കുന്നത് മറിച്ച് നാം ദൈവകൃപയാൽ ദൈവത്തിന്റെ സഭയിലേക്ക് ചേർക്കപ്പെട്ടിരിക്കുന്നു എന്നതാണ്(എഫേ. 2:20).

www.malankaralibrary.com

കത്തോലിക്കാസഭ ശ്ലൈഹിക സഭകളുടെ കൂട്ടായ്മയാണെന്ന ആശയമാണ് മലങ്കരസഭ ഉൾക്കൊള്ളുന്നത്. ഇക്കാരണത്താൽ എല്ലാ വ്യക്തിഗതസഭകൾക്കും അവരുടേതായ സ്ഥാനവും പങ്കും കത്തോലിക്കാകൂട്ടായ്മയിൽ ഉണ്ട് എന്ന വസ്തുതയ്ക്ക് മലങ്കരസഭ പ്രത്യേക ഊന്നൽ കൊടുക്കുന്നു. അതേസമയം ഇതരസഭകളുമായുള്ള ഐക്യത്തിൽ മാത്രമേ 'സാർവ്വത്രികസഭ' എന്ന യാഥാർത്ഥ്യം അനുഭവിക്കാൻ വ്യക്തിഗതസഭകൾക്ക് സാധിക്കുകയുള്ളു എന്നും മലങ്കരസഭ വിശ്വസിക്കുന്നു. ഇത് പത്രോസിൻെറ പിൻഗാമിയും ക്രിസ്തുസ്ഥാപിത സഭയുടെ പിൻഗാമിയുമായ മാർപ്പാപ്പയുമായിട്ടുള്ള കൂട്ടായ്മ പുനഃസ്ഥാപിക്കുന്നതിനായി മലങ്കരസഭ നടത്തിയ പരിശ്രമങ്ങളുടെ ചരിത്രത്തിൽ വ്യക്തമാണ്. മലങ്കരകത്തോലിക്കാ സഭയെപ്പോലെ തന്നെ കത്തോലിക്കാകൂട്ടായ്മയിലുള്ള ഏതൊരു വ്യക്തിഗതസഭയും ജീവിക്കുന്ന മാതൃകയാണ്.

പത്രോസിൻെറ പിൻഗാമിയായ മാർപ്പാപ്പയിലൂടെ ക്രിസ്തുവിൻെറ മൗതിക ശരീരത്തോട് ചേർന്നുനിന്നുകൊണ്ട് സാർവ്വത്രികമാനം കൈവരിക്കുവാനും അതേസമയം വ്യക്തിഗതസഭയെന്ന നിലയിൽ സഭയുടെ വിലയേറിയ പൈതൃകവും സ്വാതന്ത്ര്യവും കാത്തുസൂക്ഷിക്കുവാനും മലങ്കര കത്തോലിക്കാസഭ എപ്പോഴും പ്രതിജ്ഞാബദ്ധയാണ്. ഭാരതീയ പശ്ചാത്തലത്തിൽ പ്രത്യേകമായ എക്യുമെനിക്കൽ പ്രസക്തിയുള്ള മലങ്കര കത്തോലിക്കാസഭ മുഖാന്തിരം അകത്തോലിക്കാ മലങ്കരസഭാസമൂഹങ്ങൾ പരസ്പരം സ്വീകരിക്കുന്നതിനും അംഗീകരിക്കുന്നതിനും ക്രമേണ തയ്യാറായികൊണ്ടിരിക്കയാണ്. മറ്റ് വ്യക്തിഗതസഭകളെ പ.റോമാസിംഹാസനവുമായുള്ള ബന്ധത്തിലേക്കു കൊണ്ടുവരുന്നതിന് മലങ്കരസഭയുടെ സാന്നിദ്ധ്യം ഏറെ സഹായകരമാണ്. സഭാത്മകമായ നാനാത്വത്തിൻെറ പേരിൽ സാർവ്വത്രികമാനത്തിന് നഷ്ടം വരുന്ന ഏതെങ്കിലും വിധത്തിലുള്ള അവഗണനയോ അടിച്ചമർത്തലോ ഭൂഷണമായിരിക്കുകയുമില്ല.

## സാംസ്കാരിക അനുരൂപണം (Inculturation)

മലങ്കര കത്തോലിക്കാസഭ ഒരു വ്യക്തിഗത പ്രാദേശികസഭയെന്ന നിലയിൽ സാംസ്കാരിക അനുരൂപണം അതിൻെറ വിശാലാർത്ഥത്തിലും മൂലാർത്ഥത്തിലും മനസിലാക്കുന്നതിൽ എപ്പോഴും ബോധവതിയായിരുന്നു. മലങ്കരസഭയിൽ സാധ്യമായിട്ടുള്ള ഈ സാംസ്കാരിക അനുരൂപണം എപ്പോഴും എടുത്തുപറയത്തക്കതാണ്. സമീപകാലത്തുണ്ടായിട്ടുള്ള കഴമ്പില്ലാത്ത ചില സാംസ്കാരികാനുരൂപണങ്ങളെ സഭയ്ക്കുൾ

www.malankaralibrary.com

ക്കൊള്ളാൻ കഴിയാത്തത് അതുകൊണ്ടാണ്. ഭാരതീയ ആത്മീയ ദർശനങ്ങളിൽ നിന്നും തത്ത്വചിന്തകളിൽനിന്നും പ്രേരണയുൾക്കൊണ്ടുകൊണ്ട് ആരാധനക്രമത്തിൽ സാംസ്കാരികഅനുരൂപണം കൈവരുത്തുവാനുള്ള ആശയങ്ങൾ മാർ ഇവാനിയോസ് പിതാവിനുണ്ടായിരുന്നു. എങ്കിലും ചിന്തയിലും പ്രവൃത്തിയിലും പുതിയ കാൽവയ്പ് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. സുവിശേഷത്തിന് നമ്മുടെ തനതായ സാംസ്കാരിക പാരമ്പര്യങ്ങളിലേക്ക് ആഴ്ന്നിറങ്ങുന്നതിന് തടസ്സമായി നില്ക്കുന്ന ഘടകങ്ങളെക്കുറിച്ച് സഭ ബോധവതിയാണ്. അപ്പസ്തോലിക പാരമ്പര്യം പരിപോഷിപ്പിച്ചതും ആദിമക്രൈസ്തവസഭ ആഘോഷിച്ചതുമായ അവതീർണ്ണവചനം വെളിപ്പെടുത്തിയ സത്യങ്ങൾ എക്കാലവും ക്രിസ്തീയവും സഭാത്മകവും എല്ലാ കാലങ്ങൾക്കും വേണ്ടിയുള്ളതുമാണെന്ന് മലങ്കര സഭ പഠിപ്പിക്കുന്നു.

## സുവിശേഷവത്ക്കരണം

മലങ്കരകത്തോലിക്കാസഭ സുവിശേഷവത്ക്കരണ ദൗത്യം വിപുലമായ അർത്ഥത്തിൽ തന്നെ മനസിലാക്കുന്നു. സഭ തുടരുന്ന ക്രിസ്തുവിൻെറ രക്ഷാകരദൗത്യം വാക്കിലും പ്രവൃത്തിയിലുമുള്ള സുവിശേഷപ്രഘോഷണം ഉൾക്കൊള്ളുന്നു. രക്ഷയ്ക്ക് ആസ്പദമായ ആശയവിനിമയം വ്യക്തികളുമായി മാത്രമല്ല മതപരവും അല്ലാത്തതുമായ പാരമ്പര്യങ്ങളുമായും മറ്റു സംസ്കാരങ്ങളുമായും മാനുഷികജീവൻ അഭിമുഖീകരിക്കുന്ന മറ്റു യാഥാർത്ഥ്യങ്ങളുമായും തുടരുന്നു. ഇതു ക്രിസ്തുവിൻെറ സാർവ്വത്രിക ഇടയനടുത്ത ഉപവിയുടെ പ്രകടനമാണ്. മാനവരാശി മുഴുവൻെറയും സമഗ്രവളർച്ചയ്ക്കും മോചനത്തിനും ഇതു ലക്ഷ്യം വയ്ക്കുന്നു. ഭൗതികമാനങ്ങളാൽ പരിമിതപ്പെടുത്താനാവാത്ത മനുഷ്യൻെറ സമഗ്രവളർച്ചയും പുരോഗതിയും സഭയ്ക്ക് ഒരിക്കലും അവഗണിക്കാനാവാത്ത യാഥാർത്ഥ്യങ്ങളാണ്.

## ഉപസംഹാരം

മലങ്കരസഭയുടെ തനിമ ദൈവശാസ്ത്രദർശനത്തിലും, ഈ ദൈവശാസ്ത്രം അതിൻെറ ആരാധനക്രമത്തിലുമാണ്. അനുദിനം പ്രാർത്ഥിക്കുന്ന ദൈവശാസ്ത്രമാണ് മലങ്കരസഭയ്ക്കുള്ളത്. അതുകൊണ്ട് ജീവിക്കുന്ന ദൈവശാസ്ത്രദർശനം എന്ന് ഇതിനെ വിളിക്കാൻ സാധിക്കും. ഈ ആരാധന ഓരോ ക്രിസ്ത്യാനിയും അനുഭവമാക്കുമ്പോൾ അത് അവൻെറ

www.malankaralibrary.com

വിശ്വാസമായി മാറുന്നു. ഇത് ഇന്ന് അറിയില്ലെങ്കിൽ അതിനു കാരണം നാം അത് ഉൾക്കൊള്ളുകയും ഉൾക്കൊണ്ടത് കൈമാറുകയും ചെയ്യാത്തതാണ്. ഈ ആരാധന നമ്മുടെ സമൂഹത്തിന്റെ വിശ്വാസം ആയതുകൊണ്ട് സമൂഹം ഇതിനെക്കുറിച്ച് ഉൾക്കാഴ്ചയുള്ളതായിത്തീരണമെന്ന് സഭ ആഗ്രഹിക്കുന്നു. ഇതിനുവേണ്ടി തീവ്രമായ ശ്രമം സഭയുടെ എല്ലാ ഭാഗത്തുനിന്നും ഉണ്ടാകണം. അതിനുള്ള ഒരു ചെറിയ കാൽവയ്പാണ് മലങ്കര അത്മായ ഇൻസ്റ്റിറ്റ്യൂട്ട്. എന്തെങ്കിലും പഠിപ്പിക്കുക, എന്നതിലുപരി, യഥാർത്ഥത്തിൽ മലങ്കരകത്തോലിക്കാസഭയുടെ ആരാധനയിലധിഷ്ഠിതമായ ദൈവശാസ്ത്രദർശനം പഠിപ്പിക്കുന്ന ഒരു വേദിയായി ഇതു മാറണം.

MALANKARA
LIBRARY

www.malankaralibrary.com

# 3

# മലങ്കരയിലെ സഭൈക്യശുശ്രൂഷാദൗത്യം

വെരി. റവ. ഡോ. ഐസക് തോട്ടുങ്കൽ

സുപ്രസിദ്ധമായ രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം സഭാവിജ്ഞാനീയത്തിൽ ഉരുത്തിരിഞ്ഞുവന്ന പല നൂതനവീക്ഷണങ്ങളും ദർശനങ്ങളും സഭയുടെ യഥാർത്ഥസ്വഭാവവും ദൗത്യവും ആഴമായി മനസ്സിലാക്കുന്നതിന് ഹേതുവായി എന്നതാണ് സത്യം. ക്രിസ്തുരഹസ്യത്തിൽ ഉരുവായ സാർവ്വത്രികസഭയുടെ പ്രാദേശിക ആവിഷ്കരണങ്ങളാണ് സാർവ്വത്രികസഭാകൂട്ടായ്മയിലുള്ള പ്രാദേശികസഭകളെന്ന ഉൾക്കാഴ്ച സൂനഹദോസിൻെറ സംഭാവനയാണ്. സഭയെപ്പറ്റിയുള്ള അടിസ്ഥാനപരമായ ഈ അറിവുകളും ധാരണകളും സാധാരണക്കാരുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്നിട്ടില്ല എന്നത് ഒരു ദു:സ്ഥിതിയാണ്. സഭയുടെ അടിസ്ഥാനപരമായ യാഥാർത്ഥ്യവും ദൈവദത്തമായ അതിൻെറ ദൗത്യവും സഭാതനയർ വ്യക്തമായി അറിഞ്ഞിരിക്കേണ്ടത് സഭാജീവിതത്തിൽ ആഴമായി ഉൾച്ചേരുന്നതിനും അങ്ങനെ ക്രിസ്തീയ ജീവിതത്തിൽ പുരോഗതി പ്രാപിക്കുന്നതിനും അനുപേക്ഷണീയമാണ്. മലങ്കര സഭയുടെ വ്യക്തിത്വവും ദൗത്യവും എത്രമാത്രം നാം ആഴത്തിൽ മനസ്സിലാക്കുന്നുവോ അത്രയും പ്രബുദ്ധത നമ്മുടെ സഭാപരമായ ജീവിതത്തിൽ പ്രത്യക്ഷമാകുക തന്നെ ചെയ്യും. മലങ്കരസഭയെപ്പറ്റിയുള്ള ആഴമായ ഏത് പഠനത്തിൻെറയും അടിസ്ഥാനം സാർവ്വത്രികസഭയിൽ ഈ പ്രാദേശിക അപ്പസ്തോലിക സഭയ്ക്കുള്ള സ്ഥാനവും ദൗത്യവും എന്തെന്ന് അറിയുന്നതാണ്. മലങ്കരകത്തോലിക്കാസഭയ്ക്ക് സാർവ്വത്രികസഭാകൂട്ടായ്മയിലുള്ള സ്ഥാനത്തെക്കുറിച്ചും അതിനെ ഒരു അപ്പസ്തോലികസഭയായി നിലനിർത്തുന്ന ദൗത്യത്തെക്കുറിച്ചും സഭാദർശനങ്ങളുടെ പശ്ചാത്തലത്തിൽ ഒരു വിചിന്തനം നടത്തുകയാണിവിടെ.

www.malankaralibrary.com

## സഭൈക്യശുശ്രൂഷാദൗത്യം

മലങ്കരകത്തോലിക്കാസഭയുടെ സാമൂഹിക, വിദ്യാഭ്യാസ, സാംസ്കാരിക, രാഷ്ട്രീയ ദൗത്യങ്ങളെക്കാൾ ഉപരിയായി അവളെ മലങ്കരയിലെ കത്തോലിക്കാസഭയായിതന്നെ നിലനിർത്തുന്ന ദൗത്യമാണ് സഭൈക്യശുശ്രൂഷാദൗത്യം. ഈ സഭൈക്യശുശ്രൂഷയ്ക്ക് പുനരൈക്യം, സഭൈക്യം, എക്യുമെനിസം, സഭാകൂട്ടായ്മയുടെ വീണ്ടെടുക്കൽ, കാതോലികസഭാസംസർഗ്ഗം എന്നിങ്ങനെ വിവിധ പേരുകൾ നൽകപ്പെട്ടിട്ടുണ്ട്. നാം, മലങ്കരയിലെ സഭാംഗങ്ങൾ സാർവ്വത്രികസഭാകൂട്ടായ്മ വീണ്ടെടുക്കുന്ന സഭൈക്യശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നതിന് ദൈവത്താൽ നിയോഗിതരാണ്. മലങ്കരസഭാമക്കൾ എന്ന അടിസ്ഥാനസത്യത്തിലാണ് ഈ സഭയെക്കുറിച്ചുള്ള ദർശനം രൂപപ്പെട്ടിരിക്കുന്നത്. മലങ്കരയിൽ സഭൈക്യശുശ്രൂഷയുടെ ദൗത്യം മറ്റേതു സഭയെക്കാളും ആധികാരികമായും ആത്മാർത്ഥമായും നിർവ്വഹിക്കുവാൻ നമുക്കേ സാധിക്കൂ എന്നത് ഗൗരവത്തോടെയും അഭിമാനത്തോടെയും നാം സദാ അനുസ്മരിക്കണം.

### 1. സമ്പൂർണ്ണ കൂട്ടായ്മ (Full Communion) ഇന്നിന്റെ ആവശ്യം

രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഉരുത്തിരിഞ്ഞ 'സഭ ഒരു കൂട്ടായ്മ' എന്ന സഭാശാസ്ത്രത്തിനെ പിൻചെന്ന് സഭകളുടെ സമ്പൂർണ്ണ വീണ്ടെടുക്കലാണ് സഭൈക്യമേഖലയിൽ സാധിതമാകേണ്ടതെന്ന അഭിപ്രായം പ്രബലപ്പെട്ടുവരികയാണ്. 1985-ലെ മെത്രാന്മാരുടെ സിനഡിൽ 'സഭ ഒരു കൂട്ടായ്മ' എന്ന വിഷയത്തിന് കൂടുതൽ മിഴിവേകുകയുണ്ടായി. 1993-ൽ പ്രസിദ്ധീകൃതമായ എക്യുമെനിക്കൽ ഡയറക്ടറി, കത്തോലിക്കാസഭയുടെ തന്നെ ചരിത്രത്തിൽ ഇദംപ്രഥമമായി സഭൈക്യത്തെക്കുറിച്ച് പ്രസിദ്ധീകൃതമായ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായുടെ 'Ut unum sint' -'അവരെല്ലാവരും ഒന്നാകുവാൻ' എന്ന ചാക്രികലേഖനം (1995) ഇവയിലെല്ലാം പ്രത്യേകമായി ഊന്നൽ കൊടുത്ത് ഇന്നിന്റെ സഭൈക്യദർശനമായി ഉയർത്തിപ്പിടിക്കുന്നത് സഭയുടെ സമ്പൂർണ്ണകൂട്ടായ്മ വീണ്ടെടുക്കാൻ (Regaining the Full Communion of Churches) എന്ന പ്രമേയമാണ്. വിവിധ സഭകളുമായി കത്തോലിക്കാസഭ നടത്തുന്ന സഭൈക്യസംഭാഷണങ്ങളിലും സംയുക്തപ്രസ്താവനകളിലും ഔദ്യോഗികമായും ആധികാരികമായും ഉയർത്തിക്കാട്ടുന്ന ദർശനവും ഇതുതന്നെയാണ്.

www.malankaralibrary.com

## 2. പൗരസ്ത്യകത്തോലിക്കാസഭകൾ: ഭീഷണിയോ? പാലമോ?

ഇന്ന് എക്യുമെനിസത്തിൻെറ കാലമാണ്. റോമാസഭയും മറ്റു പൗരസ്ത്യസഭകളുമായി നേരിട്ട് ബന്ധം സ്ഥാപിച്ചുവരികയാണ്. അതിനിടയിൽ പൗരസ്ത്യകത്തോലിക്കാസഭകൾക്ക് എന്തു സ്ഥാനം? എന്ന് ചിന്തിക്കുന്ന ഓർത്തഡോക്സ് വിശ്വാസികളും ചുരുക്കം ചില 'ശുദ്ധമാന കത്തോലിക്കരും' ഉണ്ടെന്നതാണ് സത്യം. 'റീത്ത്' എന്ന പദവിയിൽ നിന്നും സ്വയം ഭരണാവകാശമുള്ള സഭകൾ ( Ecclesia sui iuris) എന്ന നിലയിലേക്ക് ഉയർത്തി, പൗരസ്ത്യകത്തോലിക്കാസഭകളെ കാണുന്നതിന് പുതിയ പൗരസ്ത്യസഭാനിയമത്തിന് സാധിച്ചുവെന്നത് ഈ സഭകളെ സംബന്ധിച്ചും കത്തോലിക്കാസഭയെ സംബന്ധിച്ച് പൊതുവായും എടുത്ത് പറയാവുന്ന നേട്ടമാണ്. പൗരസ്ത്യകത്തോലിക്കാസഭകളെക്കുറിച്ചുള്ള ഏതു ചർച്ചയിലും കത്തോലിക്കാ വിശ്വാസികൾ ആധികാരികതയോടെ ഉയർത്തിപ്പിടിക്കേണ്ട പദവി ഇതുതന്നെയാണ്. സഭൈക്യചർച്ചകൾ ആവേശത്തോടെ നടത്തിയിരുന്ന കാലത്ത് പൗരസ്ത്യകത്തോലിക്കാസഭകളുടെ സഭൈക്യ ദൗത്യത്തെക്കുറിച്ച് സന്ദേഹം പ്രകടിപ്പിച്ച ഒരവസരത്തിൽ ഭാഗ്യസ്മരണാർഹനായ പോൾ ആറാമൻ മാർപ്പാപ്പ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി. You have a grand and nice mission: to be a bridge between the Orthodox Church and the Catholic Churches, a connecting link a testimony. There are people saying that the Oriental Catholics have no mission what so ever in the work of union. This is not true you have a grand mission. മെൽക്കൈറ്റ് കത്തോലിക്കാ സഭയിലെ പാത്രിയർക്കീസ് മാക്സിമോസ് 4-ാമൻ ബാവായേയും മെത്രാപ്പോലീത്താമാരെയും സ്വീകരിച്ച് 1963 നവംബർ 11-ന് നടത്തിയ ഈ പ്രസ്താവനയുടെ പൂർണ്ണരൂപത്തെ (J. Nasrallah, 'The Melkite church and the union of churches' J.MADEY,S.ERACKAL. The Future of the Oriental Catholic Churches, Tiruvalla 1979. 166) ഓർത്തഡോക്സിയും സാർവ്വത്രികതയും സമഞ്ജസമായി സമ്മേളിച്ചിരിക്കുന്ന പൗരസ്ത്യകത്തോലിക്കാസഭകൾ കത്തോലിക്കാ ഓർത്തഡോക്സ് സഭകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലമായിട്ടാണ് പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ വ്യക്തമായി ചിത്രീകരിച്ചിരിക്കുന്നത്. സംഘർഷം മുറ്റിനിന്ന ഉക്രയിനിലെ സഭാസാഹചര്യങ്ങളെ വിലയിരുത്തി പരിശുദ്ധ പിതാവ് ഉക്രയിൻ കത്തോലിക്കാസഭയിലെ മേലദ്ധ്യക്ഷന്മാരോട് ഇപ്രകാരം പറയുകയുണ്ടായി:

www.malankaralibrary.com

"It is a fear that the second vatican council reconfirmed the existence and the uniqueness of all the Oriental Churches united to the see of Peter. But, at the same time, in reconfirming their liturgical and heirarchical laws. The council stresses the special task of these churches to promote the unity of all christians, in particular of the oriental ones, in such a way that they may constitute a bridge of unity. A bridge therefore, and in no way an obstacle" (Address of Pope John Paul II to the Ukrain Catholic Bishops information service,81 (1992) III-IV, 110.)

എല്ലാ സഭകൾക്കും സഭൈക്യശുശ്രൂഷയിൽ പങ്കുചേരുവാൻ കടമയുണ്ടെങ്കിലും പൗരസ്ത്യകത്തോലിക്കാ സഭകൾക്ക് ഈ മേഖലയിൽ സവിശേഷമായ ഒരു ദൗത്യമുണ്ടെന്ന് പൗരസ്ത്യസഭാനിയമസംഹിത അനുശാസിക്കുന്നുണ്ട് (പൗരസ്ത്യ സഭാനിയമം 903). ലത്തീൻ ആധിപത്യമുള്ള കത്തോലിക്കാകൂട്ടായ്മയിൽ ഓർത്തഡോക്സിയെ പ്രതിനിധാനം ചെയ്തും 'ഓർത്തഡോക്സി' ആധിപത്യം ഉറപ്പിച്ചിരിക്കുന്ന പൗരസ്ത്യസഭകളിൽ സാർവ്വത്രികതയെ പ്രതിനിധാനം ചെയ്തും സാർവ്വത്രികതയുടെയും പ്രാദേശികതയുടെയും വക്താക്കളായി നിലകൊള്ളേണ്ടവരാണ് പൗരസ്ത്യകത്തോലിക്കാസഭകൾ എന്ന് ഭാഗ്യസ്മരണാർഹനായ മാക്സിമോസ് 4-ാമൻ പാത്രിയർക്കീസ് ബാവാ പ്രസ്താവിച്ചത് ഇവിടെ പ്രസക്തമാണ്. ഇവിടെ സാംഗത്യമാർന്ന ഒരു ചോദ്യം ഉയരുന്നു. സഭൈക്യശുശ്രൂഷയിൽ പൗരസ്ത്യകത്തോലിക്കാസഭകളെ, പാലം പണിയുന്നവരായി ചിത്രീകരിക്കുന്ന സാർവ്വത്രിക സഭാദ്ധ്യക്ഷന്മാരുടെ ആധികാരികമായ പ്രബോധനമാണോ അതോ വ്യക്തിപരവും പ്രാദേശിക താല്പര്യങ്ങൾ ലക്ഷ്യം വച്ചുകൊണ്ട് വ്യക്തികളോ പ്രാദേശികസഭകളോ നടത്തുന്ന അഭിപ്രായ പ്രകടനങ്ങളാണോ കത്തോലിക്കരായ നാം സ്വീകരിക്കേണ്ടത്? പ്രസക്തമായ ഈ ചോദ്യത്തിന് സഭാജീവിതത്തിന്റെ വ്യത്യസ്ത തലങ്ങളിൽ നാം ഉത്തരം കൊടുത്തേ മതിയാവൂ.

## 3. മലങ്കര സഭൈക്യ പ്രസ്ഥാനം: ഇനിയും വെളിപ്പെടേണ്ട ദർശനവും രൂപപ്പെടേണ്ട സമർപ്പണവും

ഒന്നായിരുന്ന മലങ്കരസഭ (മാർത്തോമാശ്ലീഹായുടെ മലങ്കരയിലെ (മലബാറിലെ) സഭ) 1653 ലെ കൂനൻകുരിശു പ്രഖ്യാപനത്തോടെ വ്യത്യസ്ത സഭാവിഭാഗങ്ങളായി തിരിഞ്ഞിരിക്കുകയാണ്. 1665 മുതൽ യാക്കോബായ വിശ്വാസ പാരമ്പര്യങ്ങളിലേക്ക് തിരിഞ്ഞ മലങ്കരസഭ ഇന്ന് മലങ്കരസഭകളായി വ്യത്യസ്ത ചേരികളിൽ നിലയുറപ്പിച്ചിരിക്കുകയാണ്.

www.malankaralibrary.com

മലങ്കരസഭ എന്ന് സാർവ്വത്രിക കൂട്ടായ്മയിൽ നിന്നകന്നുപോയോ അന്നു മുതൽ സഭാകൂട്ടായ്മ വീണ്ടെടുക്കുന്നതിനുള്ള പരിശ്രമങ്ങളും ആരംഭിച്ചിരിക്കുന്നുവെന്നതാണ് സത്യം. റീശ് പാത്രിയർക്കീസായ റോമാ മാർപ്പാപ്പായെ സാർവ്വത്രിക സഭയുടെ പൊതു മേലദ്ധ്യക്ഷനായി സ്വീകരിച്ചുകൊണ്ടും മലങ്കരസഭയുടെ സ്വയംഭരണാവകാശവും പൗരാണിക പാരമ്പര്യങ്ങളും നഷ്ടമാക്കാതെ സൂക്ഷിച്ചുമുള്ള ഒരു സഭാശ്ലേഷണത്തിനാണ് മലങ്കരസഭ എക്കാലവും ആഗ്രഹിച്ചിരുന്നത്, ഇന്നും ആഗ്രഹിക്കുന്നതും. ഇതേ ആഗ്രഹത്താൽ പ്രചോദിതരായി മലങ്കരസഭാചാര്യന്മാർ കത്തോലിക്കാസഭാ സംസർഗ്ഗം വീണ്ടെടുക്കുന്നതിനായി പലപ്രാവശ്യം ശ്രമിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ വേണം 1930-ൽ സമാരംഭിച്ച മലങ്കര സഭൈക്യ പ്രസ്ഥാനത്തെ നാം കാണുവാനും വിലയിരുത്തുവാനും. മലങ്കര ഓർത്തഡോക്സ് സഭയുടെ തന്നെ വീരപുത്രനായിരുന്ന ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ മലങ്കരസഭയ്ക്കുവേണ്ടി സഭയാൽ നിയോഗിതനായി തുടങ്ങിവച്ച സഭൈക്യചർച്ചകളുടെ പരിണിത ഫലമാണ് 1930 ലെ മലങ്കരസഭൈക്യപ്രസ്ഥാനം. (ചർച്ചകൾ പൂർത്തിയാകുന്നതിനു മുൻപ് മലങ്കര ഓർത്തഡോക്സ് സഭ സഭൈക്യ ശ്രമങ്ങളിൽനിന്ന് പിൻവാങ്ങിയിരുന്നു. മാർ ഈവാനിയോസ് ധീരമായി നിലപാട് പിൻതുടർന്നു.) മലങ്കര ഓർത്തഡോക്സ് സഭയെ, സഭയായി സാർവ്വത്രിക സഭാകൂട്ടായ്മയിൽ അംഗീകരിപ്പിച്ചുവെന്നതും "ശ്ലീഹന്മാർ ശിരസ്സാം ശെമഓൻെറ" പിൻഗാമിയായ റോമാ മാർപ്പാപ്പായെന്ന റീശ് പാത്രിയർക്കീസിനെ സാർവ്വത്രികസഭാകൂട്ടായ്മയുടെ നായകനായി മലങ്കരസഭയെകൊണ്ട് അംഗീകരിപ്പിച്ചുവെന്നതുമാണ് മാർ ഈവാനിയോസ് തിരുമേനിയുടെ ഏറ്റം വലിയ സഭാസേവനം. മലങ്കര സഭയെ മുഴുവനായി സാർവ്വത്രികസഭാകൂട്ടായ്മയിൽ ചേർക്കുവാൻ തിരുമേനി ശ്രമിച്ചെങ്കിലും അത് ഭാഗികമായേ നടന്നുവെന്നതാണ് യാഥാർത്ഥ്യം. ഈ യാഥാർത്ഥ്യബോധം ശരിയാംവിധം ഉൾക്കൊള്ളുവാൻ മലങ്കരകത്തോലിക്കാസഭാമക്കൾ തയ്യാറാവണം.

മാർ ഈവാനിയോസ് തിരുമേനി നേതൃത്വം കൊടുത്ത മലങ്കര സഭൈക്യപ്രസ്ഥാനത്തിൻെറയോ മലങ്കരകത്തോലിക്കാസഭയുടെയോ അടിസ്ഥാന സഭാദർശനങ്ങളെ മനസ്സിലാക്കുന്നതിൽ മലങ്കര ഓർത്തഡോക്സ് സഭയോ യാക്കോബായ സഭയോ ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ എന്ന കാര്യത്തിൽ സന്ദേഹമുണ്ട്. തങ്ങളുടെ കുറച്ചു വിശ്വാസികളെയും അപഹരിച്ചുകൊണ്ട് മാതൃസഭയെ വഞ്ചിച്ച് റോമാ

www.malankaralibrary.com

സഭയെ ആശ്ലേഷിച്ച വിദ്യാസമ്പന്നനെങ്കിലും സഭയോട് കൂറു പ്രകടിപ്പിക്കാത്ത ഒരു മകൻ എന്ന നിലയിലാണ് മാർ ഈവാനിയോസ് തിരുമേനിയെ ഇന്നും ബഹുഭൂരിപക്ഷം ഓർത്തഡോക്സ്, യാക്കോബായ വിശ്വാസികൾ കാണുന്നത്. സഭാജീവിതം പൂർണ്ണമാകണമെങ്കിൽ സാർവ്വത്രികസഭയുമായുള്ള കൂട്ടായ്മ വീണ്ടെടുക്കണമെന്ന വസ്തുത അംഗീകരിക്കുവാനുള്ള വൈമുഖ്യം ഇവിടെ നിഴലിക്കുന്നുണ്ട്. മലങ്കര ഓർത്തഡോക്സ്, യാക്കോബായ സഭകളിൽ നിന്ന് മാർത്തോമ്മാസഭയുണ്ടായി. അതിനുമുൻപ് എത്ര ആയിരങ്ങൾ സി.എസ്.ഐ സഭയിൽ അംഗങ്ങളായി? അതിലും ഉപരിയായി എത്ര ആയിരം മലങ്കരവിശ്വാസികൾ അപ്പസ്തോലിക സഭാനുഭവമില്ലാത്ത പെന്തക്കൊസ്തു വിഭാഗങ്ങളിൽ അംഗങ്ങളായി? ഇവരോടൊന്നുമില്ലാത്തവിധം അകൽച്ചയും വൈഷമ്യവും സാർവ്വത്രിക കൂട്ടായ്മയിലേക്ക് മലങ്കരസഭയെ ആനയിച്ച ഈ ചെറിയ മലങ്കരകത്തോലിക്കാ സമൂഹത്തോട് എന്തുകൊണ്ട് എന്ന ചോദ്യം തികഞ്ഞ ആത്മാർത്ഥതയോടും ആദരവോടുംകൂടി ചോദിക്കുവാൻ മലങ്കരകത്തോലിക്കാവിശ്വാസികൾ നിർബന്ധിക്കപ്പെടുകയാണ്. വിദൂരതയിലുള്ള പ്രാദേശിക സഭാസമൂഹങ്ങളുമായി എക്യുമെനിസം പ്രസംഗിക്കുന്നതിനെക്കാൾ സഹോദരങ്ങൾ തമ്മിൽ ആധികാരികമായ സഭാവിജ്ഞാനീയത്തിന്റെ അടിസ്ഥാനത്തിൽ സഭാസംസർഗ്ഗത്തിൽ ഒന്നിക്കുന്നതല്ലേ കൂടുതൽ അഭികാമ്യം എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. അതാണല്ലോ ശരിയും.

മലങ്കരകത്തോലിക്കാസഭയുടെ സഭൈക്യ ശുശ്രൂഷാദൗത്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഗൗരവപൂർണ്ണവും ദൈവനിയോഗിതവുമായ ഈ സുപ്രധാന ദൗത്യത്തെക്കുറിച്ച് മലങ്കരകത്തോലിക്കാസഭാമക്കൾ എത്രമാത്രം അവബോധമുള്ളവരാണ് എന്ന ഒരു ചോദ്യം ഉയരുന്നു, സഭാദാർശനികനായ മാർ ഈവാനിയോസ് തിരുമേനിയുടെ സഭാദർശനം 1930 സെപ്ററംബർ 20-ൽ നടന്ന അഞ്ചുപേരുടെ പുനരൈക്യവുമായി നിന്നാൽ മതിയോ? രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനത്തിന്റെയും മാർപ്പാപ്പാമാരുടെ പഠിപ്പിക്കലിന്റെയും വെളിച്ചത്തിലും സഭൈക്യശ്രമങ്ങളിലും കൈവരിച്ച നേട്ടങ്ങളുടെയും വളർച്ചയുടെയും പശ്ചാത്തലത്തിലും മാർ ഈവാനിയോസിന്റെ മലങ്കര സഭൈക്യ പ്രസ്ഥാനത്തിന് കാലോചിതമായ ഒരു പുതിയ ഭാഷ്യം നൽകുവാൻ, ദർശനമേകുവാൻ നാം ഇനിയും വൈകണോ? മാർ ഈവാനിയോസ് തിരുമേനിയുടെ സഭൈക്യദർശനം, മലങ്കരസഭയുടെ മുഴുവൻ കൂട്ടായ്മയായി

www.malankaralibrary.com

രുന്നുവെന്ന സത്യത്തിന് സാധിക്കുമെന്നാണെൻെറ പക്ഷം. മാർ ഈവാനിയോസിൻെറ ഉദാത്തമായ ഈ കാഴ്ചപ്പാടിനെ മലങ്കരയിലും സാർവ്വത്രിക സഭയിലും വെളിപ്പെടുത്തുവാൻ ഏറ്റവും വലിയ ഉത്തരവാദിത്വം നമുക്കല്ലാതെ മറ്റാർക്കാണ്? സഭാജീവിതത്തിൻെറ പൂർണ്ണതയ്ക്ക് സാർവ്വത്രിക സഭയോടുള്ള കൂട്ടായ്മ ആവശ്യമാണെന്ന് നാം പ്രസ്താവിക്കുമ്പോൾ മലങ്കരസഭയുടെ സ്വയംഭരണത്തിനും പൈതൃകസംരക്ഷണത്തിനും തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന വസ്തുത മലങ്കര ഓർത്തഡോക്സ്, യാക്കോബായ സഭകളെ ബോദ്ധ്യപ്പെടുത്തികൊടുക്കുവാനും നമുക്ക് കടമയുണ്ട്. കോടതിവിധികളും അടിസ്ഥാനസഭാതത്ത്വങ്ങളും ഉപേക്ഷിച്ചുകൊണ്ടുള്ള 'അഡ്ജസ്റ്റുമെൻറുകളും' സഭാകൂട്ടായ്മയെ ആത്യന്തികമായി വളർത്തുകയില്ലായെന്ന വസ്തുത തത്ത്വത്തിലും പ്രായോഗികതയിലും അനുഭവിച്ചറിഞ്ഞിട്ടുള്ള മലങ്കര ഓർത്തഡോക്സ് യാക്കോബായ സഭാമക്കൾ ഇന്നനുഭവിക്കുന്ന സഭാപ്രതിസന്ധിക്ക് ഒരു പരിഹാരം നിർദ്ദേശിക്കുവാൻ മലങ്കര കത്തോലിക്കാ സഭയ്ക്ക് ബാദ്ധ്യതയില്ലേ? കത്തോലിക്കാ, ഓർത്തഡോക്സ്, യാക്കോബായ സഭാസമൂഹങ്ങൾ തമ്മിലുള്ള ഐക്യചർച്ചയിൽ നിന്നുരുത്തിരിയുന്നതും സംയുക്ത പ്രസ്താവനകളിൽ നിഴലിച്ചുനില്ക്കുന്നതും പൊതുവായ സഭാക്രമീകരണങ്ങളിൽ (ഉദാ. വിവാഹത്തെക്കുറിച്ചുള്ള ക്രമീകരണം) അനുഭവപ്പെടുന്നതുമായ കൂട്ടായ്മയുടെ അരൂപി മലങ്കര കത്തോലിക്കാ സഭാമക്കളുടെ സഭാജീവിതത്തിൻെറ ഭാഗമായിത്തീരണം.

## 4. എക്യുമെനിസത്തിനിടയിൽ ....പുനരൈക്യം???

കത്തോലിക്കാസഭയിലെയും ഓർത്തഡോക്സ് സഭകളിലെയും പലരും ചോദിക്കുന്ന ഒരുചോദ്യമാണ് "എക്യുമെനിസത്തിൻെറ ഈ കാലഘട്ടത്തിൽ പുനരൈക്യത്തിന് എന്തെങ്കിലും പ്രസക്തിയുണ്ടോ?" എക്യുമെനിസത്തെയും പുനരൈക്യത്തെയുംകുറിച്ചുള്ള വ്യക്തമായ ധാരണയുടെ അഭാവം സഭൈക്യരംഗത്ത് ആശങ്കകളും ആകുലതകളും പരത്തിയിട്ടുണ്ട്. എക്യുമെനിസം എന്നത് സഭകൾ തമ്മിലുള്ള ഐക്യമാണെന്നും എന്നാൽ പുനരൈക്യം എന്നത് അതിനു വിരുദ്ധമാണെന്നുമുള്ള ഒരു ധാരണയാണ് മേൽപ്പറഞ്ഞ ആശങ്കകൾക്ക് നിദാനം. "സഭൈക്യപ്രസ്ഥാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സഭയുടെ വിവിധാവശ്യങ്ങളും കാലാനുസൃതമായ അവസരങ്ങളും മുൻനിർത്തി ക്രൈസ്തവൈക്യം വളർത്താനും ക്രമീകരിക്കുവാനും അവലംബിക്കുന്ന എല്ലാ പ്രവർത്തനങ്ങളും പരിശ്രമങ്ങളുമാണ്". രണ്ടാം വത്തിക്കാൻ കൗൺസിൽ സഭൈക്യത്തെ വരച്ചു

www.malankaralibrary.com

കാട്ടുന്നതിങ്ങനെയാണ് (രണ്ടാം വത്തിക്കാൻ കൗൺസിൽ, സഭൈക്യം.4). ക്രൈസ്തവൈക്യം വളർത്താനുദ്ദേശിക്കുന്ന എല്ലാ പ്രവർത്തനങ്ങളും സഭൈക്യപ്രസ്ഥാനത്തിൽ വരുന്നതാണ്. അപ്പോൾ പിന്നെ മലങ്കരയിലെ പുനരൈക്യശ്രമങ്ങൾ സഭൈക്യത്തിന് എതിരാകുന്നതെങ്ങിനെ? സഭൈക്യപ്രസ്ഥാനത്തിൽ സഭകൾ തമ്മിലുള്ള കൂട്ടായ്മ വർദ്ധിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടക്കുന്നതോടൊപ്പം വിശ്വാസികൾ തമ്മിലും ബന്ധം വർദ്ധിക്കുന്നു. ഈ ശ്രമങ്ങൾക്കിടയിൽ വ്യക്തികൾ കുടുംബങ്ങളായോ, സമൂഹമായോ കത്തോലിക്കാ കൂട്ടായ്മയിൽ പ്രവേശിക്കുവാനാഗ്രഹിച്ചാൽ, ആ ആഗ്രഹം സാധിതമാക്കിയാൽ അതെങ്ങനെ ക്രൈസ്തവൈക്യ ശ്രമങ്ങൾക്കെതിരാകും? കത്തോലിക്കാസഭയിൽ പൂർണ്ണൈക്യത്തിൽ ചേരാൻ ആഗ്രഹിക്കുന്ന വ്യക്തികളുടെ ഒരുക്കവും രമ്യപ്പെടലും എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ നിന്ന് സ്വഭാവത്താൽ വ്യത്യസ്തമാണെങ്കിലും അന്യോന്യം പൊരുത്തപ്പെടാത്തവയല്ല; കാരണം ദൈവത്തിന്റെ അത്ഭുതാവഹമായ പരിപാലനയിൽ നിന്നാണ് രണ്ടു പ്രവൃത്തികളും പുറപ്പെടുന്നതെന്ന് കൗൺസിൽ വ്യക്തമാക്കിയിട്ടുണ്ട് (സഭൈക്യം. 4)

## 5. മലങ്കരസഭയുടെ പ്രത്യേക പശ്ചാത്തലം

കൂനൻകുരിശു സത്യം നടന്ന 1653 മുതൽ മലങ്കരസഭയിൽ നടന്ന (പുത്തൻകൂർ സമുദായത്തിൽ) വ്യവഹാരങ്ങളുടെയും സഭാനേതൃത്വത്തെ ചൊല്ലിയുള്ള പോർവിളികളുടെയും വടംവലികളുടെയും നീണ്ട പട്ടികകൾ സഭാചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. സാർവ്വത്രികസഭാ കൂട്ടായ്മയിലേക്ക് കടന്നുവരാനുള്ള ശ്രമങ്ങൾ മലങ്കരസഭാനേതൃത്വത്തിൽ നിന്നും എന്നുമുണ്ടായിരുന്നു. എന്നാൽ തങ്ങളുടെ സഭാപരമായ വ്യക്തിത്വവും ഭരണസ്വാതന്ത്ര്യവും ആർക്കും അടിയറ വയ്ക്കുവാൻ മലങ്കരസഭാമക്കൾ തയ്യാറല്ലായിരുന്നു. ഈ ആവശ്യം അംഗീകരിക്കുവാൻ റോമാസിംഹാസനം കൂടുതൽ സമയമെടുത്തുവെന്നത് ഒരു സത്യമാണ്. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ 1930 ൽ നടന്ന സഭൈക്യശ്രമങ്ങൾ ഭാഗികമായ വിജയം വരിച്ചുവെന്നത് മലങ്കരസഭയുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. മലങ്കരസഭ, സാർവ്വത്രിക സഭാകൂട്ടായ്മയിൽ പ്രവേശിക്കണമെന്ന് ആദ്യമായി ആവശ്യപ്പെട്ടതും അതിനായി യത്നിച്ചതും മാർ ഈവാനിയോസ് തിരുമേനി അല്ലായെന്ന് പറഞ്ഞാൽ ആരെങ്കിലും മനസ്സിലാക്കുമോ ആവോ? ഒന്നാം മാർത്തോമ്മായുടെ കാലം മുതൽ തുടങ്ങിയ സാർവ്വത്രികസഭാപുനരൈക്യശ്രമങ്ങൾ ഒരു യാഥാർത്ഥ്യമാകുവാനും ഒരു പ്രസ്ഥാനം എന്ന നിലയിൽ വിജയം

www.malankaralibrary.com

വരിക്കുവാനും സാധിച്ചത് മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ നടന്ന 1930-ലെ പുനരൈക്യപ്രസ്ഥാനത്തിനാണ് എന്നത് ഒരു സത്യമാണ്.

മലങ്കരസഭയുടെ മുഴുവൻ ഐക്യത്തിനാണ് മാർ ഈവാനിയോസ് തിരുമേനി ആഗ്രഹിച്ചതും പ്രാർത്ഥിച്ചതും പ്രവർത്തിച്ചതും. എന്നാൽ ഭാഗികമായ വിജയമേ അതിനു ലഭിച്ചുള്ളുവെന്നത് യാഥാർത്ഥ്യം. ഭാഗികമായ വിജയമേ ലഭിച്ചുള്ളുവെന്ന കാരണത്താൽ മാർ ഈവാനിയോസ് തിരുമേനി മുൻപോട്ടുവച്ച ദർശനത്തിന് പ്രസക്തി നഷ്ടപ്പെടുന്നില്ല.

1930 മുതൽ വ്യക്തികളും കുടുംബങ്ങളും ഇടവകസമൂഹങ്ങളും മലങ്കരകത്തോലിക്കാസഭയിലൂടെ സാർവ്വത്രിക സഭാകൂട്ടായ്മയിൽ ഉൾച്ചേർന്നിട്ടുണ്ട്. ആഴമേറിയ പ്രാർത്ഥനയുടെയും പരിചിന്തനത്തിൻെറയും ഫലമായിട്ടാണ് ഈ സഭാശ്ലേഷണങ്ങൾ നടന്നിരിക്കുന്നത്. ഇന്നും നിരവധിയാളുകൾ പ്രത്യേകിച്ച് ഓർത്തഡോക്സ്, യാക്കോബായ സഭാംഗങ്ങൾ മലങ്കരകത്തോലിക്കാസഭയിലൂടെ സാർവ്വത്രികസഭാകൂട്ടായ്മയിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു. ആരാധനയ്ക്കായി ലക്ഷങ്ങൾ മുടക്കി പണിതുയർത്തിയിട്ടുള്ള മനോഹര ദൈവാലയങ്ങൾ വ്യവഹാരം മൂലം പൂട്ടിക്കിടക്കുന്ന അവസ്ഥ! അവയുടെ ഭരണം റിസീവർമാരെ ഏൽപ്പിച്ചിരിക്കുന്ന സംവിധാനങ്ങൾ! അധികാരത്തെ ചൊല്ലിയുള്ള സഭാകേസുകൾ! സഭാസംബന്ധമായ തീരുമാനങ്ങൾക്ക് അക്രൈസ്തവരായ നീതിപാലകരെ ആശ്രയിക്കേണ്ട ദുരവസ്ഥ! കോടിക്കണക്കിന് രൂപാ കേസുകൾക്ക് മുടക്കി അപ്പീലുകൾ നടത്തുന്ന നേതൃത്വങ്ങൾ! ഒരേ മാംസവും രക്തവുമെന്നഭിമാനിക്കുന്നവർ പരസ്പരം കടിച്ചുകീറുന്ന അവസ്ഥ! ഈ ദുരവസ്ഥയിൽനിന്ന് കരകയറുവാനും ഏകവും വിശുദ്ധവും സാർവ്വത്രികവും അപ്പസ്തോലികവുമായ സഭയിലേക്ക് പ്രവേശിക്കുവാനും ആരെങ്കിലും ആഗ്രഹിച്ചാൽ അത് കുറ്റകരമോ? ഈ ദുരവസ്ഥയ്ക്ക് കോടതിവിധി പരിഹാരം നൽകുമോ?

മറ്റു സഭകളെപ്പോലെ മലങ്കരകത്തോലിക്കാസഭയും സഭകളുടെ സമ്പൂർണ്ണ കൂട്ടായ്മ(Full Communion of Churches) യാണ് ഇന്നിൻെറ ആവശ്യമെന്ന പ്രമേയത്തിൽ ഉറച്ചുനിൽക്കുന്നു; അതിനായി പ്രവർത്തിക്കുന്നു. എന്നാൽ സാർവ്വത്രികസഭാ കൂട്ടായ്മയിലേക്ക്, മലങ്കരസഭാപാരമ്പര്യങ്ങൾ നഷ്ടപ്പെടുത്താതെ, കടന്നുവരണമെന്നാഗ്രഹിക്കുന്നവർക്കായി അതിൻെറ വാതായനങ്ങൾ തുറക്കപ്പെട്ടിരിക്കും!

www.malankaralibrary.com

# 4

# സുവിശേഷവല്ക്കരണം

മോസ്റ്റ് റവ. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്

ഏതൊരു ക്രൈസ്തവസമൂഹത്തിന്റെയും അടിസ്ഥാനപരമായ വിളിയും ദൗത്യവുമാണ് സുവിശേഷവല്ക്കരണം. സുവിശേഷം സദ്വാർത്ത യാണ്. ദൈവത്തെക്കുറിച്ചുള്ള നല്ല വാർത്ത. യേശുവിലൂടെ ലോകത്തിന് വെളിപ്പെടുത്തപ്പെട്ട ദൈവികരഹസ്യങ്ങളെ സകല ജനതകളുമായി പങ്കു വയ്ക്കുന്ന പ്രവർത്തനമാണ് നിയതാർത്ഥത്തിൽ 'സുവിശേഷവല്ക്ക രണം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ അർത്ഥത്തിൽ യേശുവി ലൂടെ മനുഷ്യരക്ഷയ്ക്കായി ദൈവം ഒരുക്കിയ പദ്ധതിയുടെ പൂർത്തീ കരണമാണ് സുവിശേഷവല്ക്കരണത്തിലൂടെ നടക്കുന്നത്. ഒരു മനു ഷ്യനും നശിക്കുവാൻ പാടില്ല. മനുഷ്യകുലം രക്ഷയുടെ പാതയിൽ ചരി ക്കണം. അതിനുള്ള ദൈവത്തിന്റെ വലിയ പദ്ധതിയാണ് യേശുവിലൂടെ നടപ്പിലാക്കിയത്. "തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു", എന്നതിൽ ഈ വലിയ പദ്ധതി യാണ് നാം മനസിലാക്കേണ്ടത്.

ആദിയിൽ ഉണ്ടായിരുന്ന വചനം തന്നെയാണ് മാംസമെടുത്ത് നമ്മുടെ ഇടയിൽ ജനിച്ചത്. ദൈവത്തോടു കൂടെയായിരുന്ന വചനം ദൈവിക ഔന്നത്യത്തിൽ നിന്നും താഴ്ന്നിറങ്ങി മനുഷ്യനായപ്പോൾ അതു മനുഷ്യന്റെ വിമോചനത്തിന്റെ, രക്ഷയുടെ മാർഗമായിതീർന്നു. ഇമ്മാ നുവേലായ ദൈവം നമ്മോടുകൂടെ വസിച്ച്, മനുഷ്യത്വത്തിന്റെ പൂർണ തയിൽ ജീവിച്ച് സ്വയം ശൂന്യവല്ക്കരണത്തിലൂടെ ക്രൂശിന്റെ മാർഗം ഏറ്റെടുത്ത് മനുഷ്യനെ രക്ഷിച്ചു. ഈ രക്ഷയുടെ അച്ചാരമായി ലഭിച്ച യേശുവിന്റെ ഉയർപ്പ് വിശ്വാസപ്രഘോഷണത്തിന്റെ അടിസ്ഥാന കാരണമായി ഭവിച്ചു. സുവിശേഷപ്രഘോഷണം എന്നത് യേശുവിന്റെ ഉയർപ്പിലുള്ള പ്രഘോഷണം എന്ന നിലയിൽ യേശുവിന്റെ ജീവിതത്തെ

www.malankaralibrary.com

മുഴുവനും ഉൾക്കൊള്ളുന്ന പ്രവർത്തനമായി മാറുന്നു. ഈ അർത്ഥത്തി ലാണ് വി.പൗലോസ് ശ്ലീഹാ പറയുന്നത് "യേശു ഉയർത്തിട്ടില്ലായെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്" എന്ന്.

ക്രിസ്തീയതയിലെ ഈ വിശ്വാസം ഏറ്റുപറഞ്ഞ ജനതതിയുടെ സമൂഹമായുള്ള കൂടിവരവിലൂടെ രൂപീകൃതമായ വിശ്വാസികളുടെ കൂട്ടായ്മയാണ് ക്രൈസ്തവസഭ. പെന്തിക്കോസ്തി നാളിലെ കൂടിവരവിൻെറ വരദാനമായി ലഭിച്ച പരിശുദ്ധാത്മാവ് തീനാവുകളുടെ രൂപത്തിൽ വന്ന് അപ്പസ്തോലന്മാരിലും അവരോടൊപ്പം ഉണ്ടായിരുന്ന മാതാവിലും ആവസിച്ചു. ഇത് സഭയുടെ ഉദ്ഘാടനത്തിൻെറ മുഹൂർത്തമായിരുന്നു. ഈ സഭയിലൂടെയാണ് ഇന്ന് മനുഷ്യൻ ദൈവവുമായുള്ള ബന്ധത്തെ ഉറപ്പിക്കുന്നത്. ദൈവത്തെ അറിയുവാനും സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനുമുള്ള വേദികൂടിയാണ് സഭ. അങ്ങനെ ഈ ലോകത്തിലും പരലോകത്തിലും ദൈവിക അനുഭവത്തിൽ ജീവിക്കുവാൻ ദൈവം മനുഷ്യന് അവസരം നല്കുന്നു.

"മിശിഹാ തന്നോടു സംസാ-
രിക്കേണ്ടുന്നവരെല്ലാം
സഭയുൾ പൂകട്ടെയിതാ
താനതിൽ മേവീടുന്നു"

ഇതിലൂടെ ദൈവം വസിക്കുന്നിടം എന്ന അർത്ഥത്തിൽ സഭയെ മനസ്സിലാക്കാം. ഏതൊരു വ്യക്തിയുടെയും സമൂഹത്തിൻെറയും ലോകത്തിൻെറയും സമഗ്രമായ രക്ഷയ്ക്കുവേണ്ടിയാണ് സഭ സ്ഥാപിതമായിരിക്കുന്നതും, സഭ എക്കാലവും പ്രവർത്തിക്കുന്നതും.

പെന്തിക്കോസ്തിനാളിൽ ലഭിച്ച ആത്മനല്വരങ്ങൾ യേശുവിൻെറ സന്ദേശവാഹകരായ ശിഷ്യന്മാരെ കർമ്മനിരതരാക്കി. സഭയുടെ കെട്ടുപണിക്കാരായി ലോകത്തിൻെറ നാനാഭാഗത്തും ശിഷ്യന്മാർ സുവിശേഷം പ്രസംഗിച്ചു.

സഭാസമൂഹം കൂട്ടായ്മയുടെ സമൂഹമാണ്. പ.ത്രിത്വത്തിൻെറ വലിയ മാതൃകയിലാണ് കൂട്ടായ്മയുടെ ഈ സമൂഹം രൂപീകൃതമായിരിക്കുന്നത്. ഈ രീതിയിൽ സഭ പങ്കുവയ്ക്കുന്ന ഒരു സമൂഹമാണ്. വി.കുർബാനയുടെ അർപ്പണത്തിനായി ഒരുമിച്ചുകൂടുന്ന സഭാസമൂഹത്തിലാണ് യഥാർത്ഥ പങ്കുവയ്ക്കൽ നടക്കുക. ഈ സഭാസമൂഹത്തിന് മാനവസമൂഹത്തോട് ഉണ്ടായിരിക്കേണ്ട ദൈവിക പ്രതിബദ്ധതയാണ് സുവിശേഷവല്ക്കരണം.

www.malankaralibrary.com

ആദിമ ക്രൈസ്തവസമൂഹം തങ്ങളുടെ ക്രിസ്ത്വാനുഭവം പ്രായോഗികമാക്കിയതിലൂടെയുള്ള സാക്ഷ്യം എക്കാലത്തും സഭയുടെ സുവിശേഷവല്ക്കരണത്തിന് മാതൃകയാണ്. അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന തുടങ്ങിയ ഘടകങ്ങളിൽ സദാ ജാഗരൂകത പാലിച്ച ഒരു സമൂഹമായിരുന്നു ആദിമ ക്രൈസ്തവസഭ. ഈ വലിയ മാതൃക പിൻപറ്റി സഭയുടെ ദൗത്യത്തെക്കുറിച്ച് പുതിയ അവബോധം വിശ്വാസികൾക്കുണ്ടാകണം. ആരാധനക്രമത്തിലുള്ള സജീവ പങ്കാളിത്വത്തിലൂടെയും സുവിശേഷാനുസരണമുള്ള ജീവിതത്തിലൂടെയും നാം സുവിശേഷത്തിന് സാക്ഷികളാകണം.

അന്ത്യോക്യൻ ആരാധനക്രമത്തിൻേറയും വി.തോമ്മാശ്ലീഹായുടെ പ്രേഷിത പാരമ്പര്യവും പിൻപറ്റുന്ന ഒരു സമൂഹമാണ് മലങ്കര കത്തോലിക്കാസഭ. A.D. 52 മുതലുള്ള പൂർവ്വിക പാരമ്പര്യത്തിൽ നിലകൊള്ളുന്ന സഭാവിശ്വാസതീക്ഷ്ണതയും അന്ത്യോക്യൻ ആരാധനക്രമത്തിലൂടെ പ്രകടമാകുന്ന വിശ്വാസപ്രഘോഷണവുമാണ് നമുക്ക് സ്വന്തമായുള്ള മലങ്കരപാരമ്പര്യം. ഇപ്രകാരമുള്ള ഒരു സഭ അതിൻെറ പ്രേഷിതാഭിമുഖ്യം ഉത്തരോത്തരം വളർത്തി സുവിശേഷവല്ക്കരണത്തിൻെറ പാത പിൻഞ്ചൊല്ലേണ്ടത് ഏറ്റം ആവശ്യമാണ്. ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ പുനരൈക്യത്തിനും പ്രേഷിതപ്രവർത്തനത്തിനും ഒരേസമയം പ്രാധാന്യം നല്കി. തെക്കും വടക്കുമുള്ള കേന്ദ്രങ്ങൾ അതിന് സാക്ഷ്യമാണ്.

മലങ്കര കത്തോലിക്കാസഭയുടെ സഭാജീവിതത്തിൻെറ ഏറ്റം അടിസ്ഥാനപരമായ ദൗത്യം സുവിശേഷവല്ക്കരണം തന്നെയാണ്. വിശ്വാസത്തിന് സാക്ഷ്യം വഹിച്ചുകൊണ്ടുള്ള ജീവിതത്തിലൂടെ സമൂഹത്തേയും സമൂഹമനസ്സാക്ഷിയേയും സ്വാധീനിക്കുന്ന ഒരു ഘടകമായി സഭ മാറണം. സമൂഹജീവിതത്തെ ഗൗരവമായി കണക്കിലെടുക്കുന്ന സഭയ്ക്ക് മാത്രമേ വിവിധ സാമൂഹിക പ്രവർത്തനങ്ങളിലൂടെ സമൂഹത്തിലേക്ക് ഇറങ്ങി ചെല്ലാൻ സാധിക്കൂ. ആതുരശുശ്രൂഷ, വിദ്യാഭ്യാസപ്രവർത്തനങ്ങൾ, സാമൂഹികസേവനങ്ങൾ എന്നിവയെല്ലാം സഭയുടെ ദൗത്യം പ്രാവർത്തികമാക്കുന്നതിനുള്ള വേദികളാണ്. സകല സൃഷ്ടവസ്തുക്കളോടും സുവിശേഷം അറിയിക്കുവിൻ എന്ന് കർത്താവ് ആവശ്യപ്പെടുന്ന ദൗത്യം തന്നെയാണ് സമൂഹ നിർമ്മാണ പ്രവർത്തനങ്ങളിലൂടെ സഭ ലക്ഷ്യം വയ്ക്കുന്നത്.

www.malankaralibrary.com

സഭയിലെ സംഘടനകളെല്ലാം ഈ ദൗത്യനിർവ്വഹണത്തിനായി രൂപീകൃതമായിട്ടുള്ളവയാണ്. വിശ്വാസ പരിശീലന പദ്ധതികൾ, യുവജന പ്രസ്ഥാനങ്ങൾ, അത്മായസംഘടനകൾ എന്നിവയെല്ലാം അവയുടെ പ്രവർത്തനങ്ങളിലൂടെ പങ്കാളികളാകുന്നത് സഭയുടെ സുവിശേഷവല്ക്കരണപ്രവർത്തനങ്ങളിലാണ്. അതുകൊണ്ട് ഓരോ സംഘടനയിലേയും അംഗങ്ങൾ തങ്ങളുടെ പ്രേഷിതദൗത്യം എന്തെന്ന് മനസിലാക്കേണ്ടിയിരിക്കുന്നു.

വിശ്വാസം, ശരണം, സ്നേഹം എന്നീ പുണ്യങ്ങളിൽ സംയോജിച്ച് ഒരു സമൂഹമായി നിലനിന്നുകൊണ്ട് പരിശുദ്ധ ത്രിത്വത്തിന്റെ ജീവനിലേക്ക് ലോകത്തെ മുഴുവൻ ആനയിക്കുകയാണ് സഭയുടെ ധർമ്മം. ഇത് സാക്ഷാത്കരിക്കുവാൻ സഭാസമൂഹത്തിൽ ത്രിത്വാത്മക സ്നേഹം നിറഞ്ഞ് തുളുമ്പണം. ചലനാത്മകവും സർഗാത്മകവുമായ ഒരു ശക്തിവിശേഷണമാണ് സ്നേഹം. അതിന് നിശ്ചലമായി സ്ഥിതിചെയ്യുവാൻ സാധിക്കില്ല. വളരുവാനും വികസിക്കുവാനും മറ്റുള്ളവരുടെ ജീവിതത്തിൽ പങ്കുചേരുവാനും നീതിനിഷ്ഠമായ ഒരു നവീന സമൂഹത്തിനു രൂപം നല്കുവാനും ഇത് നമ്മെ പ്രാപ്തരാക്കും. സ്നേഹത്തിൽ ഉരുവാക്കപ്പെടുന്ന സഭ, സമൂഹത്തെ സമൂലം രൂപാന്തരപ്പെടുത്തുന്ന ഒരു ശക്തിയാണ്. തന്മൂലം സഭ സ്വാഭാവികമായിതന്നെ പ്രേഷിതയാണ്.

www.malankaralibrary.com

# 5

# സഭാത്മകജീവിതവും വിശ്വാസപരിശീലനവും

മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്

സന്മാർഗ്ഗത്തിനും മൂല്യങ്ങൾക്കും യാതൊരു വിലയും കല്പിക്കാതെ മുന്നോട്ടുപോകുന്ന ഇന്നത്തെ ലോകത്തിൽ മതബോധനത്തിൻെറ പ്രാധാന്യം മറ്റ് കാലങ്ങളെ അപേക്ഷിച്ച് വളരെ പ്രധാനപ്പെട്ടതാണ്. ക്രിസ്തുവിനെ നാഥനും രക്ഷകനുമായി വിശ്വാസത്തിലൂടെ ഏറ്റുപറഞ്ഞ്, അറിഞ്ഞ്, അനുഭവിച്ച് ദൈവരാജ്യപ്രവേശനത്തിനൊരുങ്ങുക എന്നതാണ് മതബോധനത്തിൻെറ ആത്യന്തിക ലക്ഷ്യം. മാനസികമായ പുരോഗതി, സന്മാർഗ്ഗത്തിലുള്ള വളർച്ച, മാതൃകാജീവിതം തുടങ്ങിയവയെല്ലാം മതബോധനത്തിൻെറ ലക്ഷ്യങ്ങളിൽപ്പെടുന്നവയാണ്. ജ്ഞാനസ്നാനം വഴി ക്രിസ്തുവിനെ നാഥനും രക്ഷകനുമായി ഏറ്റുപറയുന്ന ഓരോ വ്യക്തിയും സാക്ഷാത്തായ ക്രിസ്തീയ ജീവിതത്തിലേക്ക് വളരേണ്ടതുണ്ട്. അതിനുള്ള അഭ്യസനമാണ് മതബോധനത്തിൽ നടക്കുന്നത്.

ഓരോ വ്യക്തിയെയും വിശ്വാസത്തിൽ വളർത്തുക എന്നതാണ് മതബോധനത്തിൻെറ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. വിശ്വാസം എന്നത് ദൈവം ഉണ്ടെന്ന് സമ്മതിക്കുന്നതോ, അവനിലൂടെ രക്ഷ കൈവന്നു എന്ന് അറിയുന്നതോ മാത്രമല്ല. സാത്താൻപോലും ഇക്കാര്യങ്ങൾ സമ്മതിക്കുന്നുണ്ട്. വിശ്വാസമെന്നത് സമർപ്പണമാണ്. ഈ സമർപ്പണമാണ് നമ്മുടെ ജീവിതത്തിന് അർത്ഥം നല്കുന്നത്. ജീവിതത്തെ സ്പർശിക്കാതെ പുറത്ത് നില്ക്കുന്ന ഒന്നല്ല ശരിയായ വിശ്വാസം. ജീവിതത്തിൽ അനുനിമിഷം സംഭവിക്കുന്ന സകലതും വിശ്വാസത്തിൻെറ കണ്ണുകളിലൂടെ നോക്കി കാണാനായാൽ മാത്രമേ ശരിയായ ആത്മീയ വളർച്ച കൈവരൂ. ഇങ്ങനെ വിശ്വാസംവഴി ജീവിതത്തെ ദൈവത്തിന് പൂർണ്ണമായി വിട്ടുകൊടുക്കു

www.malankaralibrary.com

മ്പോൾ ജീവിതലക്ഷ്യമാണ് പൂർത്തീകരിക്കപ്പെടുക. ഈ ലക്ഷ്യപൂർത്തീകരണത്തിന് അനുദിനജീവിതത്തിൽ നടക്കുന്ന ദൈവികവെളിപ്പാടുകൾ നാം മനസിലാക്കേണ്ടതുണ്ട്. ദൈവവചനത്തിലൂടെയാണ് ഈ ദൈവികവെളിപാടുകൾ മനസിലാക്കാൻ സാധിക്കുക. ദൈവവചനത്തിൻെറ അന്തസത്ത മനസിലാക്കുന്നതുവഴി ദൈവികരഹസ്യങ്ങളെ നമ്മുടെ ആദ്ധ്യാത്മികവളർച്ചയ്ക്ക് ശരിയായി ഉപയോഗിക്കാൻ സാധിക്കും..5

അനുദിനജീവിതത്തിൽ തുടർച്ചയായി നടക്കുന്ന ദൈവിക വെളിപാടുകളെ ദൈവവചനാധിഷ്ഠിതമായി മനസിലാക്കുന്ന പ്രക്രിയ എല്ലാ തലമുറകളിലും നടന്നിരുന്നു. എല്ലാ പ്രായത്തിലും നടക്കേണ്ട സംഗതി കൂടിയാണിത്. ചുരുക്കത്തിൽ ദൈവവചനം തന്നെയായ യേശുനാഥനെ നമ്മുടെ ജീവിതത്തിൻെറ ഓരോ നിമിഷങ്ങളിലും താങ്ങും തണലും തുഷാരവുമായി മനസിലാക്കാൻ സഹായിക്കുന്ന പ്രക്രിയയാണ് മതബോധനം.

ക്രിസ്തുനാഥൻ തൻെറ ശിഷ്യർക്ക് തന്നെത്തന്നെ പൂർണ്ണമായി വെളിപ്പെടുത്തി. ക്രിസ്തുവിൽ നിന്ന് ലഭിച്ച ഈ വെളിപാട് അവർ പൂർണ്ണമായും മറ്റുള്ളവർക്ക് പകർന്നു നല്കി. പാരമ്പര്യമായി പകർന്നുകിട്ടിയിരിക്കുന്ന ഈ വെളിപാട് ഇന്നത്തെ സാഹചര്യത്തിൽ മനസ്സിലാക്കുകയും മറ്റുള്ളവരെ ഇതിലേക്ക് നയിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ പ്രധാനമായ കടമ.

യേശു ലോകത്തിനു നല്കിയ സാക്ഷ്യത്തെക്കുറിച്ച് പറഞ്ഞുതരുന്ന സുവിശേഷത്തെ ഒരു ചരിത്രഗ്രന്ഥമായിട്ടല്ല അത് എഴുതിയവർ മനസിലാക്കിയത്. ഇത് വായിക്കുന്നവർ ക്രിസ്തുവിനെ കർത്താവും നാഥനുമായി അംഗീകരിക്കണം എന്ന ലക്ഷ്യമാണവർക്കുണ്ടായിരുന്നത്. ആദിമസഭയും, യേശുവിനെ വെറുമൊരു അത്ഭുതപ്രവർത്തകനോ, വാഗ്മിയോ ആയിട്ടല്ല കണ്ടത്. അവർ ക്രിസ്തുവിനെ കർത്താവും നാഥനുമായി സ്വജീവിതത്തിലൂടെ ഏറ്റുപറഞ്ഞു. യേശുനാഥൻെറ പുനരുത്ഥാനവും പരിശുദ്ധാത്മ അഭിഷേകവുമായിരുന്നു ഇതിന് അടിത്തറ പാകിയത്. അതുകൊണ്ടുതന്നെ നമ്മുടെ ജീവിതം വഴി ക്രിസ്തുവിന് സാക്ഷികളാകാൻ പരിശുദ്ധാത്മ അഭിഷേകം ആവശ്യമാണ്. ഈ അഭിഷേകം ലഭിച്ച പത്രോസ് ക്രിസ്തുവിൻെറ പീഡാസഹനത്തെയും ഉയിർപ്പിനെയും കുറിച്ച് പ്രസംഗിച്ചപ്പോൾ,'ക്രിസ്തുവിനെ സ്വീകരിക്കാൻ തങ്ങൾ എന്തുചെയ്യണം' എന്ന ജനക്കൂട്ടത്തിൻെറ ചോദ്യത്തിന് മറുപടിയായി പത്രോസ് പറയു

www.malankaralibrary.com

ന്നത് ശ്രദ്ധാർഹമാണ്: “നിങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയാൻ, അനുതാപത്തോടെ വിശ്വസിച്ച് സ്നാനമേല്ക്കുക”. മതബോധനം വഴി നടക്കേണ്ടതും ഇതുതന്നെയാണ്. ക്രിസ്തുവിൽ വിശ്വസിച്ച് സ്നാനമേറ്റവരുടെ അഭ്യസനമാണിത്. തന്നെപ്പറ്റിയും ലോകത്തെക്കുറിച്ചും ക്രിസ്തുബന്ധിയായി ഒരുവൻ പുതിയ ബോധ്യങ്ങൾ ഇതിലൂടെ നേടിയെടുക്കുന്നു.

വിശ്വാസ അഭ്യസനം നടക്കുന്ന പ്രധാനവേദികളിലൊന്ന് ആരാധനയാണ്. ആരാധന ഭക്താഭ്യാസത്തെക്കാളുപരി അനുഭവിക്കാനുള്ളതാണ്. സഭയുടെ പ്രത്യേകമായ ആരാധനയിലൂടെ മതബോധനമാണ് നടക്കുന്നത്. ആരാധനക്രമത്തെക്കുറിച്ചുള്ള പഠനവും മതബോധനത്തിലൂടെ നടക്കുന്നു. മതബോധനം നമ്മെ കൂദാശകൾ സ്വീകരിക്കാൻ ഒരുക്കുമ്പോൾ, കൂദാശകളുടെ അനുഷ്ഠാനം മതബോധനത്തിന് സഹായിക്കുന്നു. അതുകൊണ്ടുതന്നെ നമ്മുടെ ആരാധനാഘോഷങ്ങൾ തനിമയിലും പൂർണ്ണതയിലും നടത്തുന്നതിന് മതബോധനം ആവശ്യമാണ്. മതബോധനവും ആരാധനയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ പറയുന്നു:“കൂദാശകളുടെ അർത്ഥത്തെക്കുറിച്ചുള്ള കാര്യമായ അറിവിൽ അധിഷ്ഠിതമല്ലെങ്കിൽ കൗദാശികജീവിതം ശുഷ്കമാവുകയും അതുപോലെതന്നെ കൗദാശികജീവിതത്തിൽ സജീവമായി തീരുന്നില്ലെങ്കിൽ മതബോധനം വെറും ബൗദ്ധികാഭ്യാസമായി മാറുകയും ചെയ്യും.” (മതബോധനം ഇന്ന്- 23).

മതബോധനം ആരാധനക്രമബന്ധിയെന്നപോലെ തന്നെ സഭാത്മകവുമായിരിക്കണം. വിശ്വാസികളെ സഭയുടെ ഒരുമയിലേക്കും, വ്യക്തിഗതസഭയുടെ തനിമയിലേക്കും നയിക്കുന്നതാകണം മതബോധനം. പിതാക്കന്മാരിലൂടെ കൈമാറപ്പെട്ട സഭയുടെ വിശ്വാസമായിരിക്കണം മതബോധനത്തിലൂടെ സ്വായത്തമാക്കേണ്ടത്. ഈ വിശ്വാസത്തെ ഇന്നത്തെ ചരിത്രവസ്തുതകളുടെ വെളിച്ചത്തിൽ വ്യാഖ്യാനിച്ച് ദൈവവിജ്ഞാനീയ പഠനത്തിലേക്ക് നയിക്കണം. അങ്ങനെ സ്വന്തസഭയുടെ കെട്ടുപണി നടക്കുന്നതോടൊപ്പം മറ്റു സമൂഹങ്ങളെക്കുറിച്ച് ബുദ്ധിക്കു നിരക്കുന്ന രീതിയിൽ മനസിലാക്കാനും കഴിയണം.

www.malankaralibrary.com

# 6

# ആരാധനക്രമാധിഷ്ഠിത ജീവിതം

റവ. ഡോ. ഗീവർഗീസ് പണിക്കർ

യേശുക്രിസ്തു സ്ഥാപിച്ച സഭ വഴിയാണ് ഒരു വ്യക്തി ക്രിസ്ത്യാനിയാകുന്നത്. ഏകവും വിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭ നിലനിൽക്കുന്നത് വിവിധ വ്യക്തിഗത സഭകളുടെ കൂട്ടായ്മയായിട്ടാണ്. ക്രിസ്തീയ ജീവിതം സഭാത്മകമായ ജീവിതമാണ്. ജീവിതം സഭാത്മകമാകുന്നത് വ്യക്തിഗത സഭയിലൂടെയാണ്. വ്യക്തിഗതസഭ സഭയാകുന്നതും സഭയായി പ്രകടമാകുന്നതും അതിന്റെ ആരാധനക്രമാഘോഷം വഴിയാകുന്നു. അതുകൊണ്ട് ഒരു വ്യക്തിയുടെ ജീവിതം ക്രിസ്തീയമാകുന്നത് ഒരു പ്രത്യേക വ്യക്തിഗതസഭയുടെ ആരാധനക്രമാഘോഷം വഴിയാണ്. ക്രിസ്തീയ ജീവിതം ആരാധന ക്രമാധിഷ്ഠിതമാണ്. മലങ്കര കത്തോലിക്കാസഭ ഒരു വ്യക്തിഗത സഭയാണ്. മലങ്കര കത്തോലിക്കാ സഭാംഗങ്ങളുടെ ആധ്യാത്മികജീവിതം അല്ലെങ്കിൽ ക്രിസ്തീയ ജീവിതം ആരാധനക്രമത്തിൽ അധിഷ്ഠിതമായിരിക്കണം. സഭാമക്കൾ ത്രിത്വൈക ദൈവത്തെയും ആ ദൈവം നല്കുന്ന ജീവനെ സ്വീകരിക്കുന്നതും ആരാധനക്രമാഘോഷം വഴിയാണ്.

ആരാധനക്രമം (ലിറ്റർജി), ദൈവശാസ്ത്രം, ആധ്യാത്മികത, ശിക്ഷണക്രമം എന്നീ നാലു മേഖലകളിലൂടെയാണ് വ്യക്തിഗതസഭകൾ അവയുടെ പിതൃസ്വത്തിനെ അവതരിപ്പിക്കുന്നത്. ജീവിതം മുഴുവൻ വ്യാപിക്കുകയും പരിശുദ്ധത്രിത്വത്തിന്റെ സ്തുതിപ്പിൽ പാരമ്യത്തിലെത്തുകയും ചെയ്യുന്ന ദൈവികവെളിപാടിന്റെ സാർവ്വത്രിക വീക്ഷണത്തിനുള്ളിൽ നിന്നുകൊണ്ട് ഈ മേഖലകൾ പരസ്പരം ഉൾചേരുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. മലങ്കരസഭാമക്കളുടെ ക്രിസ്തീയജീവിതം ഉളവാകുന്നതും പ്രകടമാകുന്നതും ഈ നാലു മേഖലകളിലൂടെയാണ്. ഓരോ മേഖലയും മറ്റ് മേഖലകളുമായി അവിഭാജ്യമായി ബന്ധപ്പെട്ടിരി

www.malankaralibrary.com

ക്കുന്നു. ഈ മേഖലകളിൽ വിഘടനമുണ്ടായാൽ ക്രിസ്തീയ ജീവിതത്തിൽ വിഘടനവും വൈരുദ്ധ്യവും ഉണ്ടാകും. ആരാധനക്രമമാണ് ഈ മേഖലകളെ അവയുടെ തനിമയിൽ നിലനിർത്തുന്നത്. ആരാധനക്രമത്തിന്റെ തനിമ നിലനില്ക്കുന്നത് മറ്റ് മേഖലകളുമായിട്ടുള്ള അഭേദ്യമായ ബന്ധം വഴിയാണ്. ആരാധനക്രമാധിഷ്ഠിതമായ ജീവിതം നയിക്കുന്നതിന് ഓരോ മേഖലയ്ക്കും അനിവാര്യമായ പങ്കുണ്ട്. മലങ്കര കത്തോലിക്കാ സഭയിലെ ആധ്യാത്മികജീവിതത്തിന്റെ ഇന്നത്തെ സ്ഥിതി മനസിലാക്കുവാൻ മേൽപറഞ്ഞ വസ്തുതകൾ അറിഞ്ഞിരിക്കേണ്ടതുണ്ട്.

## മലങ്കര കത്തോലിക്കാ സഭ

1930-ൽ സ്ഥാപിതമായ മലങ്കരകത്തോലിക്കാ സഭയുടെ സഭാപൈതൃകം പുരാതനമായ അന്ത്യോക്യൻ യറുശലേം ആരാധനക്രമ പൈതൃകമാണ്. അല്ലെങ്കിൽ പാശ്ചാത്യ സുറിയാനി പൈതൃകമാണ്. മലങ്കരയിലെ യാക്കോബായ ഓർത്തഡോക്സ് സഭകളിൽ നിലവിലിരിക്കുന്നതും ഈ പൈതൃകം തന്നെയാണ്. ഇത് ക്രിസ്തീയ സഭയുടെ പാരമ്പര്യത്തിൽ ഒന്നാമത്തേതായ സെമിറ്റിക് (സുറിയാനി) പാരമ്പര്യത്തിൽ ഉൾപ്പെടുന്നു. നാലാം നൂറ്റാണ്ടുമുതൽ പത്താം നൂറ്റാണ്ടുവരെ ഈ ആരാധനക്രമം വളർന്നു വികസിച്ച് ഇന്നത്തെ രൂപത്തിലായി. എന്നാൽ, അതിന്റെ പുരാതനമായ സ്വഭാവത്തിനും ഉള്ളടക്കത്തിനും കാര്യമായ വ്യത്യാസമൊന്നും ഉണ്ടായിട്ടില്ല. സെമിറ്റിക് പാരമ്പര്യത്തിന്റെ പൗരാണികതയിലും മൗലികത്വത്തിലും ഉറച്ച് വേരൂന്നിയിട്ടുള്ളതായി അത് നിലകൊണ്ടു. വി.ഗ്രന്ഥത്തിന്റെ ലോകം തന്നെയാണ് ഈ ആരാധനക്രമത്തിന്റെയും ലോകം. വി.ഗ്രന്ഥത്തിന്റെ ഭാഷാശൈലിയിൽ നിന്നും രൂപം പ്രാപിച്ചതാണ് ഇതിന്റെ ശൈലിയും പ്രതീകാത്മകതയും. ദൈവികവെളിപാടിന്റെ ആർദ്രമായ ആസ്വാദനം നഷ്ടപ്പെടാതെ ഈ ആരാധനക്രമം കാത്തുസൂക്ഷിച്ചിട്ടുണ്ട്.

## ആരാധനക്രമത്തിന്റെ ഘടന

സുപ്രസിദ്ധ ആരാധനക്രമപണ്ഡിതനും സഭാചരിത്രകാരനുമായ ഏഡ്രിയൻ ഫോർടെ സ്ക്യൂ ഇപ്രകാരം പറയുന്നു: "ആരാധനക്രമങ്ങളിൽ വച്ച് ഏറ്റവും സന്താനപുഷ്ടിയുള്ളതും അതിന്റെ പുത്രിമാരായി ഒരു വലിയ കുടുംബവും ഉള്ള ആരാധനക്രമമാണ് അന്ത്യോക്യൻ സുറിയാനി

www.malankaralibrary.com

ആരാധനക്രമം...ക്രിസ്തീയ ലോകത്തെ ഏറ്റവും മനോഹരമായ ആരാധനക്രമങ്ങളിൽ ഒന്നാണിത്. ചെറിയതും ഒട്ടും പ്രാധാന്യമില്ലാത്തതുമായ ക്രിസ്തീയ സമൂഹമാണ്, (ഇത് അന്നത്തെ യാക്കോബായ സമൂഹത്തെ സൂചിപ്പിക്കുന്നു) ഈ ആരാധനക്രമത്തിൻെറ ഉടമയെന്നുള്ളത് വിചിത്രമായിരിക്കുന്നു" (The Letter of Eastern Churches, p.310). വി.ഡ്രൂസ് എന്ന പണ്ഡിതൻ 1902-ൽ പ്രസിദ്ധപ്പെടുത്തിയ പുസ്തകത്തിൽ യാക്കോബിൻെറ ആരാധനക്രമം കുർബാനയുടെ പുരാതനവും ശുദ്ധവുമായ രൂപമാണെന്ന് അഭിപ്രായപ്പെടുന്നു. റോമൻ ആരാധനക്രമംപോലും ഈ ആരാധനക്രമത്തിൽനിന്ന് പരിണാമം പ്രാപിച്ചതാണെന്ന് സമർത്ഥിക്കുവാൻ അദ്ദേഹം പരിശ്രമിക്കുന്നുണ്ട്. ആരാധനക്രമപണ്ഡിതനായ ബിഷപ്പ് വാൾട്ടർ ഹൗന്മാർഡ് ഫ്രേർ 'അനാഫൊറ'എന്ന ഗ്രന്ഥത്തിൽ യാക്കോബിൻെറ ആരാധനക്രമം മാതൃകാരൂപത്തിലുള്ളതാണെന്നും ആദ്യകാല ആരാധനക്രമ സാരാംശത്തെ വളരെ വിദഗ്ദ്ധവും സമതുലിതവുമായ വിധത്തിൽ വികസിപ്പിച്ചെടുത്തിട്ടുള്ളതാണെന്നും സമർത്ഥിക്കുന്നു. ഈ ആരാധനക്രമത്തിൻെറ അനുസ്യൂതത്വവും യുക്തിക്കനുസൃതവുമായ ഏകീകരണവും ത്രിത്വഘടനയും തെളിയിക്കുന്നത് ഇതിൻെറ രൂപ കല്പനയുടെ അപ്പോസ്തോലിക പൗരാണികത്വമാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ ലൂയി ബോയിയെ 'പരിശുദ്ധ കുർബാന' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "അക്ഷയമായ യുക്ത്യാനുസൃത ഏകീകരണവും, അതിൻെറ വികാസത്തിൻെറ അനുസ്യൂതത്വവും കുറ്റമറ്റ ത്രിത്വ രേഖാരൂപവും ഈ ആരാധനക്രമത്തിൻെറ സുചിന്തിതമായ ഘടനയുടെ അനിഷേധ്യമായ അടയാളങ്ങളാണ്" (The Eucharist, p.246). ആരാധനക്രമഗ്രന്ഥങ്ങളിലെ ഏറ്റവും തികഞ്ഞ രചനാസ്മാരകമായി യാക്കോബിൻെറ ആരാധനക്രമം നിലകൊള്ളുന്നുവെന്ന് അദ്ദേഹം തറപ്പിച്ചു പറഞ്ഞിട്ടുണ്ട്. ഈ ആരാധനക്രമത്തിൽ വിസ്മയകരമായി കൗദാശികത്വമാണ് പ്രകാശിപ്പിച്ചിട്ടുള്ളത്. കർത്താവിൻെറ രക്ഷാകരവ്യാപാരം, മാതാവിനോടുള്ള മാലാഖയുടെ വചനിപ്പ്, കർത്താവിൻെറ ശാരീരികമായ ജനനം, മാമോദീസാ, പീഡാനുഭവം, കുരിശിൽ തറയ്ക്കൽ, ജീവദായകമായ മരണം, ശ്രേഷ്ഠമായ കബറടക്കം, തേജസ്കരമായ ഉത്ഥാനം, സ്വർഗ്ഗാരോഹണം, പിതാവിൻെറ വലത്തുഭാഗത്തുള്ള വാസം, രണ്ടാമത്തെ വരവ് എന്നിവയിലൂടെ മിശിഹായുടെ ജീവിതം മുഴുവൻ അനുസ്മരിക്കപ്പെടുന്നതാണ് ഈ ആരാധനക്രമം. വി.കുർബാന ബലിയായ അനുസ്മരണമായിട്ടാണ് വീക്ഷിക്കപ്പെടുന്നത്; അല്ലാതെ ഒരു അനുസ്മരണയും ബലിയായിട്ടുമല്ല.

www.malankaralibrary.com

മലങ്കര ആരാധനക്രമം ജനം മുഴുവൻെറയും ആഘോഷമാണ്. ജനങ്ങൾ പള്ളിയിൽ വരുന്നത് പട്ടക്കാരനും ശുശ്രൂഷകനും ഗാന സംഘവും മാത്രം പാടുന്നതും ചെയ്യുന്നതും കാണാനോ, കേൾക്കാനോ അല്ല; പ്രത്യുത എല്ലാവരും ഒന്നുചേർന്ന് പാടി പ്രാർത്ഥിച്ച് ആരാധിക്കാനാണ്. വി.കുർബാനയുടെ പ്രാർത്ഥനകളിലും ഗാനങ്ങളിലും മൂന്നിലൊരു ഭാഗം പട്ടക്കാരനും മൂന്നിലൊരുഭാഗം ശുശ്രൂഷക്കാരനും മൂന്നിലൊരു ഭാഗം ജനങ്ങളും ചേർന്നു പാടി പ്രാർത്ഥിച്ചാണ് വി.കുർബാന ആഘോഷിക്കുന്നത് (ഗാനസംഘം ആളുകൾക്ക് പകരം എല്ലാ പാട്ടുകളും പ്രാർത്ഥനകളും പാടുകയും ചൊല്ലുകയും ചെയ്യുന്ന നടപടി ആരാധനക്രമഘടനയുടെ വികലനമാണ്). വി.കുർബാന വിശ്വാസികളുടെ സമൂഹത്തിൻെറ കൂട്ടായ ആഘോഷമാണ്(concelebration). സുറിയാനി ആരാധനയിൽ പ്രബലമായി ഉളവാക്കാൻ ശ്രമിക്കുന്നത്, ദൈവമഹിമയുടെ മുമ്പാകെയുള്ള ഭയഭക്തിബോധവും വിസ്മയാനുഭവവും, പരിശുദ്ധിയെകുറിച്ചുള്ള ബോധവും, ആ ബോധത്തിൻെറ ഫലമായുണ്ടാകുന്ന പാപബോധവുമാണ്. ആരാധന യിലെ മാതൃകയും ദൃഷ്ടാന്തവും ഏശായപ്രവാചകൻെറ ദൈവദർശനമാകുന്നു (ഏശയാ ആറാം അദ്ധ്യായം).

## ത്രിത്വകേന്ദ്രീകരണം

ത്രിത്വത്തെ മനസിൽ ശക്തമായ വിധത്തിൽ പതിപ്പിക്കുന്നതിനുവേണ്ടി ത്രിത്വസ്തുതി ആരാധനക്രമത്തിൽ ആവർത്തിച്ചു പ്രഖ്യാപിക്കുന്നുണ്ട്. "ത്രിത്വമായി ആരാധിക്കപ്പെടുകയും പരിശുദ്ധനായി സ്തുതിക്കപ്പെടുകയും ഏകനായി വിശ്വസിക്കപ്പെടുകയും ചെയ്യുന്ന സർവ്വാരാധ്യനായ കർത്താവിനോടാണ്"(cf. മാർ ഓസ്താത്തിയോസിൻെറ അനാഫൂറാ) "ദിവ്യരഹസ്യങ്ങൾ" വഴി കൂട്ടായ്മ പുലർത്തുന്നത്. കുർബാനയിലെ മൂന്ന് ആശീർവാദങ്ങളും വൈദികൻെറ യാത്രാപറച്ചിൽ ആശീർവാദവും ഇത് സ്പഷ്ടമായി തെളിയിക്കുന്നു. വി.കുർബാന സ്വീകരിക്കുന്നത് പിതാവും പുത്രനും പരിശുദ്ധറൂഹായും ഓരോ വ്യക്തിയിലും കടന്നുവരാനുള്ള പ്രവൃത്തിയാണെന്ന് വൈദികൻ പ്രാർത്ഥനയിൽ പ്രഖ്യാപിക്കുന്നു. ധൂപകുറ്റി വാഴ്വ് ശുശ്രൂഷ ത്രിത്വ അനുസ്മരണയുടെയും ആശീർവാദത്തിൻെറയും ശുശ്രൂഷയാകുന്നു. വി.കുർബാന മുഴുവനും പരിശുദ്ധാത്മാവിൽ കേന്ദ്രീകൃതമാണ്. മാതാവിനോടും വിശുദ്ധന്മാരോടുമുള്ള ഭക്തി ത്രിത്വകൂട്ടായ്മയുടെ അനുഭവത്തിൻെറ ഭാഗമായിട്ടാണ് ആരാധനക്രമത്തിൽ (വി.കുർബാനയിൽ) ആവിഷ്കരിച്ചിട്ടുള്ളത്. മലങ്കര സഭാമക്കളുടെ ആധ്യാത്മിക ജീവിതം പിതാവിനോടും പുത്രനോടും പരി

www.malankaralibrary.com

ശുദ്ധാത്മാവിനോടുമുള്ള കൂട്ടായ്മയുടെ ജീവിതമാണ്. ആരാധനക്രമാഘോഷത്തിന്റെ ശൈലിയും അതുവഴി ഉണ്ടാകുന്ന ത്രിത്വാനുഭവവും (അതിൽ 'ആബ്ബാ'നുഭവവും, മിശിഹാനുഭവവും പരിശുദ്ധാത്മാനുഭവവും സമീകൃതമായി സമന്വയിക്കപ്പെട്ടിരിക്കും) സഭാത്മകാനുഭവവുമാണ് മലങ്കര കത്തോലിക്കാ സഭാംഗങ്ങളുടെ തനിമയുടെ അടിസ്ഥാനം. ഈ അനുഭവങ്ങൾ വഴിയാണ് സഭ ക്രിസ്തീയത പ്രകടമാക്കുന്നത്.

## ഭക്താഭ്യാസങ്ങൾ

കത്തോലിക്കാസഭയുമായി മലങ്കരസഭ പുനരൈക്യപ്പെട്ടപ്പോൾ, കത്തോലിക്കാസഭയിലെ പ്രബല സഭയായ ലത്തീൻ സഭയുടെ സ്വാധീനത്താൽ മലങ്കരസഭയ്ക്ക് അനുയോജ്യമല്ലാത്ത ചില ആരാധനരീതികളും ഭക്താഭ്യാസങ്ങളും ആധ്യാത്മികജീവിതശൈലിയും മലങ്കരകത്തോലിക്കരുടെ ജീവിതത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇക്കാരണത്താൽ, മലങ്കരസഭയുടെ ദൈവവിജ്ഞാനീയവും ആധ്യാത്മികതയും അതിൻേറതായ തനിമയിൽ കാണുന്നതിനോ, അറിയുന്നതിനോ സാധിക്കാതെ വന്നിട്ടുണ്ട്. "റീത്ത് ഏതായാലെന്താ, കത്തോലിക്കനായാൽ പോരെ?","കത്തോലിക്കാ സഭയ്ക്ക് സാർവ്വത്രികസഭയുടെ ദൈവവിജ്ഞാനീയം പോരെ?" എന്നീ ചോദ്യങ്ങൾ ഇന്ന് പലരും ഉന്നയിക്കുന്നവയാണ്. ഇപ്രകാരമുള്ള മാനസികാവസ്ഥ തികച്ചും സഭാത്മകമല്ലാത്തതും സഭയുടെ (ഒരു വ്യക്തിഗത സഭയുടെ)തനിമയെ ശോഷിപ്പിക്കുന്നതോ ഇല്ലാതാക്കുന്നതോ ആയിരിക്കും. ഇത്തരത്തിലുള്ള ശോഷണം മലങ്കര കത്തോലിക്കാസഭയിൽ - പ്രത്യേകിച്ച് ദൈവവിജ്ഞാനീയരംഗത്തും ആധ്യാത്മിക ജീവിതത്തിലും- ഉണ്ടായിട്ടുണ്ട് എന്നതിൽ സംശയമില്ല. മലങ്കരസഭയുടെ പൈതൃകം (ആരാധനക്രമം, ആധ്യാത്മികത, ദൈവവിജ്ഞാനീയം, ശിക്ഷണം) വീണ്ടെടുക്കുകയും അതനുസരിച്ച് വ്യക്തിപരമായും സഭയായും ജീവിക്കുന്നതിലൂടെ ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ സാധിക്കും.

## ആരാധനക്രമാധിഷ്ഠിതമായ ജീവിതം

ക്രിസ്തീയ ജീവിതം ആരാധനക്രമാധിഷ്ഠിതമായിരിക്കണം. ക്രിസ്ത്യാനിയുടെ ജീവിത ശുദ്ധീകരണവും ആയുസ്സിലെ എല്ലാ ദിവസങ്ങളുടെ ശുദ്ധീകരണവും നടക്കുന്നത് പ്രധാനമായും കൂദാശകൾ, ആണ്ടുവട്ടത്തിലുള്ള പെരുന്നാൾ ആഘോഷങ്ങൾ, യാമപ്രാർത്ഥനകൾ എന്നിവയിലൂടെയാണ്. വ്യക്തിഗതസഭകളുടെ സവിശേഷതകളും പാരമ്പര്യങ്ങളും ദൈവവിജ്ഞാനീയ ആഭിമുഖ്യങ്ങളും അനുസരിച്ചാണ് ഇവയുടെ ആഘോഷങ്ങൾ നടക്കുന്നത്.

www.malankaralibrary.com

മലങ്കര കത്തോലിക്കാസഭയിൽ ജീവിതത്തെ വീക്ഷിക്കുന്നത് കൗദാശികമായിട്ടാണ്. മനുഷ്യനെ പാപത്തിൽ നിന്ന് രക്ഷിക്കുന്നതും മിശിഹായിലും പരിശുദ്ധാത്മാവിലുമുള്ള ജീവിതത്തിൽ പ്രവേശിപ്പിക്കുന്നതും വളർത്തുന്നതും ത്രിത്വകൂട്ടായ്മയിൽ ഒന്നിപ്പിക്കുന്നതും കൂദാശകളാണ്. ക്രിസ്തുരഹസ്യങ്ങൾ സംവിധാനം ചെയ്തിരിക്കുന്നത് ഓരോ സഭയുടേയും സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ടാണ്. അതിനാൽ കൂദാശാനുഷ്ഠാനത്തിന്റെ ലക്ഷ്യവും അർത്ഥവും മനസ്സിലാക്കേണ്ടത് കൂദാശാനുഷ്ഠാനത്തിന് ഉപയോഗിക്കുന്ന പ്രാർത്ഥനകൾ, കർമ്മവിധികൾ, പ്രതീകങ്ങൾ എന്നിവയിലൂടെയാകണം. ഇവയെക്കുറിച്ചുള്ള ബോധനം കൊണ്ടു മാത്രമേ കൂദാശകൾ ശരിയായ രീതിയിൽ സ്വീകരിക്കുവാനും അനുഗ്രഹം പ്രാപിച്ച് ക്രിസ്തീയ ജീവിതം നയിക്കാനും സാധിക്കൂ. ഒന്നിച്ച് സ്വീകരിക്കുന്ന മാമോദീസാ, മൂറോനഭിഷേകം, കൂദാശകളുടെ കൂദാശയായ വി.കുർബാന ഇവയെപറ്റി ശരിയായ ബോധനം ഓരോ വിശ്വാസിക്കും ലഭ്യമാകുന്നതിലൂടെ മാത്രമേ സഭാത്മകമായ ആധ്യാത്മികജീവിതം നയിക്കാൻ സാധിക്കുകയുള്ളൂ. ഇന്ന് മലങ്കര കത്തോലിക്കാസഭയിലെ വിശ്വാസികൾക്ക് ഇപ്രകാരമുള്ള അറിവു ലഭ്യമാക്കാനുള്ള ബോധനമാർഗ്ഗങ്ങൾ ഇല്ലാതാണിരിക്കുന്നത്. ശരിയായ അറിവില്ലാതെ നടത്തുന്ന കുർബാന സ്വീകരണം കേവലം ബാഹ്യമായ ചടങ്ങോ ആചാരമോ ആയിത്തീരുന്നു. മാമോദീസായിൽ വിശ്വാസി ധരിക്കുന്ന മിശിഹായുടെയും, അവന് നല്കപ്പെടുന്ന പരിശുദ്ധാത്മാവിന്റെയും "ജീവൻ" ജീവിക്കുന്നതാണ് ക്രിസ്തീ യ ജീവിതം. വി.കുർബാനയിലൂടെയാണ് ഈ ജീവൻ പൂർണ്ണമാകുന്നതും ത്രിത്വകൂട്ടായ്മയിൽ ഒരു സമൂഹമായി - ഒരു സഭയായി വളരുന്നതും വികസിക്കുന്നതും. ഇപ്രകാരം ഓരോ കൂദാശയ്ക്കും അതിന്റേതായ ലക്ഷ്യവും രീതികളും ഉണ്ട്. ഈ വസ്തുതകൾ സഭാമക്കൾ മനസിലാക്കി സഭാനുഭവത്തിൽ വളരുകയും വേണം.

മനുഷ്യായുസിലെ വത്സരങ്ങളെയും ദിവസങ്ങളെയും മണിക്കൂറുകളെയും ശുദ്ധീകരിച്ച് മിശിഹായോട് യോജിച്ചായിരിക്കണം ജീവിതം നയിക്കേണ്ടത്. ഞായറാഴ്ചകളിൽ യേശുവിന്റെ പെസഹാ രഹസ്യങ്ങളെ, പ്രത്യേകിച്ച് ഉത്ഥാനത്തെ വിശ്വാസികൾ ആഘോഷിച്ച് ത്രിത്വൈക ദൈവത്തിന്റെ ജീവനുമായി യോജിക്കുന്നു. പെരുനാളുകളിലും വിശേഷപ്പെട്ട ദിവസങ്ങളിലും മിശിഹായുടെ രക്ഷാകര പ്രവർത്തനത്തിലെ മറ്റ് ദിവ്യരഹസ്യങ്ങളെ ഓർക്കുകയും അവയിൽ പങ്ക് ചേരുകയും ചെയ്യുന്നു. രക്ഷാകര പ്രവർത്തിയുടെ ഗതി അനുസരിച്ച് വത്സരത്തെ ഏഴായി തിരിച്ച് മിശിഹാ രഹസ്യങ്ങൾ സഭ ആഘോഷിക്കുന്നു. ദിവസയാമങ്ങളെ യേശു

www.malankaralibrary.com

വിൻെറ പീഡാനുഭവത്തോടും ഉത്ഥാനത്തോടും ബന്ധപ്പെടുത്തിയും അവയിൽ പങ്കുചേരുന്നതിനുള്ള ഒരുക്കവും കണക്കിലെടുത്താണ് വിശ്വാസി കാണേണ്ടത്. സഭയിലെ ആരാധനക്രമങ്ങളും ശുശ്രൂഷകളും അനുസരിച്ച് ജീവിക്കുമ്പോഴാണ് ക്രിസ്തീയജീവിതം ധന്യമാകുന്നത്. അതുകൊണ്ട്, മലങ്കര കത്തോലിക്കാസഭയിലെ അംഗങ്ങൾ ആരാധനക്രമാനുഷ്ഠാനങ്ങൾ അനുസരിച്ച് ജീവിക്കുകയാണു വേണ്ടത്. എങ്കിൽ മാത്രമേ ആധ്യാത്മിക ജീവിതം, അത് എന്തായിരിക്കുന്നുവോ അതായിരിക്കുകയുള്ളൂ.

മലങ്കര ആരാധനക്രമവത്സരത്തിൻെറ കേന്ദ്രബിന്ദു മിശിഹായുടെ ഉത്ഥാനമാണ്. എന്താണ് ഉത്ഥാനം? സമയവും മരണവും ആധിപത്യം പുലർത്തുന്ന ഈ ലോകത്തിൽ ഒരിക്കലും അവസാനിക്കാത്ത ജീവൻെറ ആവിർഭാവമാണ് ഉത്ഥാനം. മരിച്ചവരിൽ നിന്ന് ഉത്ഥിതനായ ആൾ പിന്നീട് ഒരിക്കലും മരിക്കുകയില്ല. കാലത്തിൻെറ പൂർണ്ണതയിൽ മരണാതീതനായ ഒരാൾ പ്രത്യക്ഷപ്പെട്ടു. ആ ആളിൻെറ (മിശിഹായുടെ) ഉത്ഥാനത്തിൻെറ ശക്തി അറിയുകയും അനുഭവിക്കുകയുമാണ് ക്രിസ്തുമതത്തിലെ മുഖ്യ പ്രമേയം. ഈ പ്രമേയം പൂർണ്ണമായി സാക്ഷാത്കരിക്കപ്പെടുന്നത് ആരാധനക്രമത്തിലാണ്. മിശിഹായുടെ ഉത്ഥാനമാണ് ക്രിസ്തുമതത്തിലെ അടിസ്ഥാന വിശ്വാസം. വി.കുർബാന മിശിഹായുടെ ഉത്ഥാനത്തിൻെറ അല്ലെങ്കിൽ ഉത്ഥിതനായ ക്രിസ്തുവിനെ ആഘോഷിക്കലാണ്. സഭ ആണ്ടുവട്ടത്തിൽ എല്ലാ ഞായറാഴ്ചയും ആഘോഷിക്കുന്നത് ഉത്ഥാനമാണ്. അതുകൊണ്ടാണ് ഞായറാഴ്ചയെ "ക്യംതാ" (ഉത്ഥാന ദിവസം) ആയി പരിഗണിക്കുന്നത്.

ക്രിസ്ത്യാനിയുടെ ജീവിതത്തിലെ ഓരോ ദിവസവും യേശുവിൻെറ ആദ്യ വരവിൻെറ ഫലമായ നവജീവൻ ഉൾക്കൊള്ളുവാനും ആ ജീവചൈതന്യത്തിൽ ജീവിക്കാനും ഉള്ളതാണ്. ഓരോ ദിവസമാകുന്ന "ഇന്നിൽ" നമ്മിൽ സന്നിഹിതനാകുന്ന ഉത്ഥിതനാകുന്ന ക്രിസ്തുവിലാണ് നാം ജീവിക്കുന്നത്. ഈ ഇന്ന് യേശുവിൻെറ രണ്ടാമത്തെ വരവിൻെറ മുൻകൂറുള്ള അനുഭവവും ആ വരവിനുള്ള ഒരുക്കവുമാണ്. ഇക്കാരണങ്ങളാൽ ക്രിസ്ത്യാനിയുടെ ജീവിതം ഓർമ്മയുടെയും (ക്രിസ്തുരഹസ്യങ്ങളുടെ) സാന്നിദ്ധ്യത്തിൻെറയും (ക്രിസ്തുസാന്നിദ്ധ്യം) പ്രതീക്ഷയുടെയും (ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിനായുള്ള പ്രതീക്ഷ) ജീവിതമാണ്. മലങ്കര ആരാധനക്രമങ്ങളിലെ കൂദാശാനുഷ്ഠാനങ്ങളും പെരുനാളാഘോഷങ്ങളും യാമപ്രാർത്ഥനകളും ഇത് തെളിവായി പ്രകാശിപ്പിക്കുന്നുണ്ട്.

www.malankaralibrary.com

മലങ്കര കത്തോലിക്കാസഭയുടെ തനിമ പ്രകടമാക്കേണ്ട ആധ്യാത്മികതയും ദൈവവിജ്ഞാനീയവും ശിക്ഷണവും അനുഭവവേദ്യമാക്കേണ്ടത് മനോഹരമായ ആരാധനക്രമാഘോഷത്തിലൂടെയാണ്. ആരാധനക്രമാഘോഷം ശക്തിപ്പെട്ട് അതിൻെറ വികാസാനുഭവം ആരാധകരിൽ ഉളവാകുമ്പോഴാണ് ആധ്യാത്മികതയും ദൈവവിജ്ഞാനീയവും ശിക്ഷണവും ആരാധനക്രമവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് മനസിലാക്കാൻ സാധിക്കുക.

## മലങ്കര ആരാധനക്രമത്തിൻെറ സവിശേഷതകൾ

ആരാധനക്രമോന്മുഖമായ ആധ്യാത്മികതയ്ക്കും ദൈവവിജ്ഞാനീയത്തിനും ആരാധനക്രമത്തിൻെറ പ്രത്യേകതകൾ ഉണ്ടായിരിക്കും. ഓരോ സഭയും ഊന്നൽ കൊടുക്കുന്ന വിശ്വാസസത്യങ്ങൾ അനുസരിച്ച് അടയാളങ്ങളുടെയും കർമ്മാനുഷ്ഠാനങ്ങളുടെയും വ്യത്യാസങ്ങൾ ആരാധനക്രമത്തിൽ ഉണ്ടാകും. ഈ വ്യത്യാസങ്ങൾ ആധ്യാത്മികതയിലും ദൈവവിജ്ഞാനീയത്തിലും സ്വാധീനം ചെലുത്തും. മലങ്കര കത്തോലിക്കാസഭയുടെ ആരാധനക്രമ സവിശേഷതകൾ ഈ പശ്ചാത്തലത്തിലാണ് മനസിലാക്കേണ്ടത്.

1. സമൂഹാത്മകത: മറ്റു പല ആരാധനക്രമങ്ങളെ അപേക്ഷിച്ച് മലങ്കര ആരാധനക്രമം ശക്തമായി പ്രകടമാക്കുന്ന സവിശേഷതയാണിത്. പ്രാർത്ഥനകളും ഗീതങ്ങളും ഇത് പ്രകടമാക്കുന്നു. പുരോഹിതൻ- ശുശ്രൂഷകൻ- ജനം എന്ന ത്രയഘടനയാണ് ആരാധനക്രമത്തിനുള്ളത്. സഭയായിട്ടാണ് ജനം ആരാധനയിൽ പങ്കുകാരാവുന്നത്.

2. ആവർത്തനം: പ്രാർത്ഥനയ്ക്കും ധ്യാനത്തിനും ആവശ്യമായ വസ്തുതയാണ് ആവർത്തനം. വാക്കുകളുടെയും ആശയത്തിൻെറയും ആവർത്തനം ധാരാളമായി ആരാധനക്രമത്തിലുണ്ട്.

3. വേദപുസ്തകാധിഷ്ഠിതം: വേദവാക്യ മാറ്റൊലികളും പ്രതീകങ്ങളും നിറഞ്ഞതാണ് ആരാധനക്രമം.

4. നിഗൂഢാത്മകത്വം: ഉദാത്തമായ ഭയവും ആകർഷണം ഉൾക്കൊള്ളുന്ന അകൽച്ചയും പരിശുദ്ധിയുടെ ലക്ഷണമാണ്. ഈ ലക്ഷണം പ്രാർത്ഥനകളിലും അടയാളങ്ങളിലും അംഗവിക്ഷേപങ്ങളിലും പ്രകടമാണ്.

5. ഉത്ഥാനത്തിന് കേന്ദ്രസ്ഥാനം: പെസഹാ രഹസ്യങ്ങളിൽ ഉത്ഥാനത്തിനാണ് ആരാധനക്രമം മുൻഗണന നല്കുന്നത്.

www.malankaralibrary.com

6. ഓർമ്മയായ ബലി: വി.കുർബാനയെ വീക്ഷിക്കുന്നത് ഓർമ്മയും ബലിയും ആയല്ല; ഓർമ്മയായ ബലിയായിട്ടാണ്.

7. മാതാവിനോടും വിശുദ്ധരോടും ഉള്ള ഭക്തി: മാതാവിനോടും വിശുദ്ധരോടും ഉള്ള ഭക്തി ത്രിത്വകൂട്ടായ്മയുമായി ഉദ്ഗ്രഥനം ചെയ്താണ് ആരാധനക്രമത്തിൽ പ്രകടമാക്കിയിട്ടുള്ളത്.

8. വെളിപാടിന്റെ ആദ്യകാലാസ്വാദനങ്ങൾ: ക്രിസ്തീയ വെളിപാടിനെക്കുറിച്ച് ക്രിസ്തുമതത്തിന്റെ പ്രാരംഭകാലത്തുണ്ടായിരുന്ന സ്വാദനങ്ങൾ (flavour), പിതാക്കന്മാരുടെ ഉപദേശങ്ങളിൽ നിന്നുള്ള സൂചനകൾ തുടങ്ങിയവ ആരാധനക്രമത്തിൽ പ്രകടമാണ്.

9. വിശ്വാസ സത്യങ്ങളുടെ അല്ലെങ്കിൽ ദൈവവിജ്ഞാനീയത്തിന്റെ ആനുപാതികമായ ആവിഷ്കരണം ആരാധനക്രമത്തിന്റെ സവിശേഷതയാണ്.

10. ആരാധനവത്സരത്തിന്റെ താളവും ക്രമവും വളരെ ആകർഷണീയമാണ്. അവയനുസരിച്ചാണ് ആധ്യാത്മികജീവിതം രൂപപ്പെടുത്തുന്നത്. യാമനമസ്കാരങ്ങളുടെ ക്രമീകരണവും ഓരോ ദിവസത്തെകുറിച്ചുള്ള പ്രത്യേക കാഴ്ചപ്പാടുകളും പെരുനാൾ ദിവസത്തെ പ്രത്യേക ശുശ്രൂഷകളും മിശിഹാസംഭവം ഉളവാക്കാനും അനുഭവിക്കാനും ഉതകുന്നതാണ്. വലിയ ആഴ്ചയിലെ ശുശ്രൂഷകളിൽ ഈ ശൈലി ഹൃദയസ്പൃക്കായ വിധത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്.

11. വി.കുർബാനയുടെ അനാഫുറകളുടെ ഘടന ഏറ്റവും ആകർഷണീയവും വിവിധ ഭാഗങ്ങൾ സമീകൃതമായ അനുഭവം നല്കുന്നവയുമാണ്.

ഈ സവിശേഷതകൾ വിശദമായി വിശകലനം ചെയ്ത് ആരാധനക്രമം പഠിക്കുമ്പോഴാണ് പ്രാർത്ഥനകളുടെയും കർമ്മങ്ങളുടെയും അർത്ഥം ഗ്രഹിക്കുവാൻ സാധിക്കുക. അതുപോലെ ഗാനങ്ങളുടെ രീതികൾ വളരെയധികം വൈവിധ്യമുള്ളവയും അതേസമയം എല്ലാവർക്കും ഒരുമിച്ച് പാടാവുന്ന വിധത്തിലുള്ളവയുമാണ്. കാലത്തിന്റെ പോക്കിൽ ആരാധനക്രമത്തിലും അനുഷ്ഠാനത്തിലും ഉണ്ടായ ചുരുക്കം ചില അസംഗതങ്ങളായ കാര്യങ്ങളും അനൗചത്യങ്ങളും ആരാധനക്രമത്തിന്റെ തന്നെ വെളിച്ചത്തിൽ മാറ്റികളയാൻ സാധിക്കുന്നതാണ്. ഇപ്രകാരമുള്ള പഠനവും ബോധനവും മലങ്കരകത്തോലിക്കാ സഭയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

www.malankaralibrary.com

# 7

# പ്രേഷിതദൗത്യം

റവ. ഡോ. തോമസ് കുളങ്ങര

"എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽ നിന്നും ജാതനായി" (ഗലാ.4:4). മാനവകുലം മൂന്നാം സഹസ്രാബ്ദത്തിലേക്ക് പദമൂന്നുമ്പോൾ രക്ഷയുടെ ഈ സുവിശേഷത്തിന് സാക്ഷ്യം വഹിക്കാനും സ്ഥലകാലസാഹചര്യങ്ങൾക്കനുസൃതമായി അത് പ്രഘോഷിക്കുവാനും മലങ്കരകത്തോലിക്കാസഭ സന്നദ്ധമാകേണ്ടതുണ്ട്. ദൈവപിതാവിൽനിന്നും താൻ ഏറ്റുവാങ്ങിയ സ്നേഹത്തിന്റെയും രക്ഷയുടേയും പ്രേഷിതദൗത്യം (mission) യേശു സഭയിലൂടെ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. സാർവ്വത്രികസഭയിലൂടെ ദൈവം നിറവേറ്റികൊണ്ടിരിക്കുന്ന രക്ഷാകരപദ്ധതിയിൽ പങ്കുചേരുകയാണ് വ്യക്തിഗത,പ്രാദേശിക സഭകൾ. ലോകത്തെ മുഴുവൻ സുവിശേഷവത്ക്കരിക്കാനുള്ള പ്രേഷിത ദൗത്യമാണ് ഒരു വ്യക്തിഗതസഭയെന്ന നിലയിൽ, സ്വന്തം അസ്തിത്വസാഹചര്യത്തിൽ നിന്നുകൊണ്ട് മലങ്കരസഭ ഏറ്റെടുക്കേണ്ടത്. ഇതിന്റെ പശ്ചാത്തലത്തിൽ മലങ്കരസഭയുടെ പ്രേഷിതദൗത്യത്തിന്റെ ഉള്ളടക്കമെന്തെന്നും, ഈ ദൗത്യനിർവ്വഹണത്തിന്റെ വിവിധതലങ്ങൾ ഏവയെന്നും പ്രായോഗിക പ്രതിബദ്ധതയോടുകൂടി സഭയുടെ ഔദ്യോഗിക പഠിപ്പിക്കലുകളുടെ അടിസ്ഥാനത്തിൽ, ചിന്തിക്കുകയാണ് ഈ ലഘുപ്രബന്ധത്തിന്റെ ഉദ്ദേശ്യം.

## പ്രേഷിതദൗത്യത്തിന്റെ ഉള്ളടക്കം

പിതാവായ ദൈവം കാലസമ്പൂർണ്ണതയിൽ തന്റെ ഏകജാതനിലൂടെ മാനവകുലത്തിന് നല്കിയ രക്ഷയുടെ സുവിശേഷമാണ് സഭയുടെപ്രേഷിതദൗത്യത്തിന്റെ ഉള്ളടക്കം. യേശുക്രിസ്തു തന്റെ രക്ഷണീയ വ്യാപാരത്തിലൂടെ മനുഷ്യകുലത്തിന് സംലഭ്യമാക്കിയ രക്ഷയെ

www.malankaralibrary.com

അതിൻെറ സമഗ്രതയിൽ എല്ലാ മനുഷ്യരോടും അവരുടെ ജീവിതസാഹ ചര്യത്തിൽ പ്രഘോഷിക്കുക, എത്തിച്ചുകൊടുക്കുക: ഈ രക്ഷ സ്വീക രിക്കുവാനായി, യേശു നല്കുന്ന ജീവൻെറ സമൃദ്ധിയിൽ ജീവിക്കുവാ നായി,എല്ലാ മനുഷ്യരേയും അവരുടെ സ്വാതന്ത്ര്യത്തെ മാനിച്ചുകൊണ്ട് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുക. ഇതാണ് സഭയുടെ പ്രേഷിതദൗത്യം (RM, 31). ദൈവരാജ്യമെന്ന പ്രതീകം പ്രേഷിതദൗത്യത്തിൻെറ ഉള്ളട ക്കത്തെ സുവ്യക്തമാക്കുന്നതാണ്. യേശുവിലൂടെ സാധിതമാകുന്ന സമ ഗ്രമായ രക്ഷയെയാണ് ദൈവരാജ്യമെന്ന പദപ്രയോഗം വിശേഷിപ്പിക്കു ന്നത്. “ദൈവരാജ്യം സമീപിച്ചിരിക്കുന്നു; അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ”(മർക്കോ.1:15) എന്നു പ്രഘോഷിച്ചുകൊണ്ടാണ് യേശു തൻെറ പരസ്യജീവിതം ആരംഭിച്ചത്. ദൈവമക്കൾ എന്ന നിലയിൽ മനു ഷ്യർ തമ്മിലുള്ള ബന്ധത്തിൽ ഉളവാകേണ്ട പരിവർത്തനമാണ് ദൈവ രാജ്യം ലക്ഷ്യമാക്കുന്നത്. പരസ്പരം സ്നേഹിക്കുന്നതിലൂടെയും ക്ഷമി ക്കുന്നതിലൂടെയും ശുശ്രൂഷ ചെയ്യുന്നതിലൂടെയുമാണ് ഈ പരിവർത്തനം സാദ്ധ്യമാകുക. ഭൗതികവും അതിഭൗതികവുമായ വശങ്ങൾ ഉൾക്കൊ ള്ളുന്നതാണ് ദൈവരാജ്യം. സാമൂഹികസുസ്ഥിതി ദൈവരാജ്യത്തിൻെറ വെളിച്ചത്തിൽ ദൈവമനുഷ്യബന്ധത്തിൻെറ പൂർണ്ണതയിലാണ് കൈവരു ന്നത്. ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെയുണ്ട്(ലൂക്കാ 17:21) എന്നും “എൻെറ രാജ്യം ഐഹികമല്ല”(യോഹ.18:36) എന്നും യേശുതന്നെ വ്യക്തമാക്കിയിട്ടുണ്ട്. രക്ഷയുടെ ഈ സുവിശേഷമാണ് ദൈവരാജ്യമെന്ന സമഗ്രമായ പ്രതീകത്തിലൂടെ യേശു പ്രഘോഷിച്ചത്. യഥാർത്ഥത്തിൽ യേശു പ്രഘോഷിച്ച ദൈവരാജ്യവും യേശുവിൻെറ വ്യക്തിത്വവും ഒന്നു തന്നെയായിരിക്കുന്നു. ദൈവരാജ്യം വിഭാവനം ചെയ്യുന്ന ദൈവമനുഷ്യ ബന്ധവും മനുഷ്യർ തമ്മിലുള്ള ബന്ധവും യേശുവിൻെറ വ്യക്തിത്വത്തിൽ യാഥാർത്ഥ്യവല്കരിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ക്രിസ്തു ദൈവ രാജ്യം പ്രഘോഷിച്ചതും, ആദിമസഭ ഉത്ഥാനം ചെയ്ത യേശുക്രിസ്തു വിനെ പ്രഘോഷിച്ചതും ഒന്നുതന്നെയാണെന്ന് പറയാവുന്നത്. യേശു വിൻെറ പെസഹാരഹസ്യത്തിൽ നിന്ന് ( യേശുവിൻെറ ജീവിതം, സഹനം, മരണം, ഉയിർപ്പ്) വ്യത്യസ്തമായിട്ടുള്ളതോ അതിന് സമാന്തരമായിട്ടു ള്ളതോ ആയ ഒരു ദൈവരാജ്യസുവിശേഷമില്ല.

ഇതരമതങ്ങളിലെന്നപോലെ മനുഷ്യൻെറ ദൈവാന്വേഷണഫല മായി എത്തിച്ചേരുന്ന സായൂജ്യാനുഭവമോ, ഇത്തരം അനുഭവങ്ങളെക്കു റിച്ചും അതിനനുസരിച്ചുള്ള ധാർമ്മിക ജീവിതത്തെക്കുറിച്ചും ഉള്ള പ്രബോ

www.malankaralibrary.com

ധനങ്ങളോ അല്ല ക്രിസ്തീയ സുവിശേഷം. 'വചനം മാംസം ധരിച്ചു' എന്ന സത്യത്തിലാണ് ക്രിസ്തുസഭയും ഇതരമതങ്ങളും തമ്മിലുള്ള അടിസ്ഥാനവ്യത്യാസം നിലകൊള്ളുന്നത്. മനുഷ്യാവതാര രഹസ്യമാണ് ക്രിസ്തീയ വിശ്വാസത്തിൻെറ അടിത്തറ. ദൈവത്തെ അന്വേഷിക്കുന്ന മനുഷ്യനെയല്ല, മനുഷ്യനുവേണ്ടി അവതരിക്കുന്ന ദൈവത്തെയാണ് ഇവിടെ കാണുവാൻ സാധിക്കുന്നത്. ദൈവപുത്രനായ യേശുവിലൂടെയാണ് പിതാവായ ദൈവം മനുഷ്യകുലത്തോടു സംസാരിച്ചത്.

'മിഷൻ' എന്ന ആശയം വ്യക്തമായി കാണാൻ സാധിക്കുന്നത് വി.യോഹന്നാൻെറ സുവിശേഷത്തിലാണ്. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു"(യോഹ.20:21). പിതാവിൽനിന്ന് യേശു സ്വീകരിച്ച പ്രേഷിതദൗത്യം തന്നെയാണ് അവിടുന്ന് ശിഷ്യന്മാർക്ക് നല്കിയത്. സുവിശേഷപ്രഘോഷണം ലക്ഷ്യമാക്കുന്നത് വ്യക്തിയുടെയും സമൂഹത്തിൻെറയും, സമഗ്രപരിവർത്തനവും വികസനവുമാണ്. എല്ലാവിധ അടിമത്തത്തിൽനിന്നും ചൂഷണത്തിൽനിന്നും വ്യക്തികളെയും സമൂഹത്തെയും വിമോചിപ്പിക്കുക എന്നത് സുവിശേഷധർമ്മമാണ്. ഇതിനുവേണ്ടിയാണ് യേശു പിതാവായ ദൈവത്താൽ അയയ്ക്കപ്പെട്ടത് (ലൂക്ക 4:18). മനുഷ്യൻെറ അന്തസും സമഗ്രതയും വീണ്ടെടുക്കുവാനുള്ള ആഹ്വാനമാണ് സുവിശേഷം. സുവിശേഷം അതു സ്വീകരിക്കുന്നവരുടെ ഹൃദയങ്ങളിൽ സമഗ്രപുരോഗതിക്കായുള്ള ഒരു തീവ്രാഭിലാഷം ജനിപ്പിക്കുന്നു. ഇക്കാരണത്താലാണ് മിഷനറിമാർ എല്ലായിടത്തും സമൂഹപുരോഗതിയുടെ, സമഗ്രവികസനത്തിൻെറ പ്രേരകശക്തികളായിത്തീരുന്നത്.

സുവിശേഷവത്കരണത്തിൻെറ അന്തിമമായ ലക്ഷ്യം പ.ത്രിത്വത്തിൻെറ സ്നേഹരഹസ്യത്തിൽ, ആ ദൈവികജീവനിൽ, ഐക്യത്തിൽ എല്ലാ മനുഷ്യരേയും പങ്കുകാരാക്കുക എന്നതാണ്. നാം പ്രേഷിതരായിരിക്കേണ്ടത് നമ്മുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും എന്നതിലുപരി, സ്നേഹത്തിലും ഐക്യത്തിലും അടിയുറച്ച നമ്മുടെ ജീവിതം വഴിയാണ്. ഉത്ഥാനം ചെയ്ത യേശുവിൻെറ ശക്തിയിലും പരിശുദ്ധാത്മനിറവിലും സഭാമക്കളുടെ ജീവിതം പക്വതയാർജ്ജിക്കുമ്പോൾ യേശുവിൻെറ പ്രേഷിതദൗത്യത്തിൽ ഓരോ വ്യക്തിയും കാര്യക്ഷമമായി പങ്കുചേർന്നുകൊണ്ടിരിക്കും.

www.malankaralibrary.com

## പ്രേഷിതദൗത്യത്തിൻെറ വിവിധ തലങ്ങൾ

പ്രേഷിത പ്രവർത്തനത്തിൻെറ മേഖല ലോകം മുഴുവനുമാണ്. "നിങ്ങൾ ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ"(മത്താ.16:15). എങ്കിലും, മാമോദീസാ സ്വീകരിച്ച് സഭാതനയരായിട്ടുള്ളവരോടുള്ള സുവിശേഷപ്രഘോഷണവും യേശുവിനെയും അവൻെറ സുവിശേഷത്തെയും അറിഞ്ഞിട്ടില്ലാത്തവരോടുള്ള സുവിശേഷപ്രഘോഷണവും രണ്ട് വ്യത്യസ്തതലങ്ങളിലുള്ള പ്രേഷിതവേലയായി ചൂണ്ടിക്കാട്ടാറുണ്ട്. ആദ്യത്തേത് സഭയ്ക്കുള്ളിൽ ഉള്ളവരോടും (ad intra) രണ്ടാമത്തേത് സഭയിൽ ഇനിയും പ്രവേശിച്ചിട്ടില്ലാത്തവരോടുമുള്ള സുവിശേഷ പ്രവർത്തനമാണ് (ad extra or ad gentes).

സഭയ്ക്കുള്ളിൽ തന്നെയുള്ള പ്രേഷിതപ്രവർത്തനത്തിന് വിവിധ തലങ്ങളുണ്ട്. സുവിശേഷം സ്വീകരിച്ച് ക്രൈസ്തവകൂട്ടായ്മകളായി രൂപപ്പെടുകയും സഭാസംവിധാനങ്ങളോടെ പ്രാദേശികസഭകളായി വളരുകയും ചെയ്ത വിശ്വാസികളുടെ ഇടയിൽ നടക്കേണ്ട പ്രേഷിതവേലയെ അജപാലനശുശ്രൂഷ (pastoral care) എന്നാണ് വിളിക്കുക. ക്രൈസ്തവ പാരമ്പര്യമുള്ള ചില രാജ്യങ്ങളിൽ വിവിധ കാരണങ്ങളാൽ ധാരാളമാളുകൾ ക്രൈസ്തവവിശ്വാസം നഷ്ടപ്പെട്ട്, സുവിശേഷചൈതന്യത്തിൽനിന്നും ഏറെ അകന്ന് ജീവിക്കുന്നുണ്ട്. ഇവരുടെയിടയിൽ നടക്കേണ്ട പ്രേഷിതവേലയെ പുനർസുവിശേഷവൽക്കരണം( New evangalization) എന്നാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ വിശേഷിപ്പിക്കുന്നത്(RM 33). ഈ രണ്ടു തലങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു തലമാണ് സുവിശേഷ വെളിച്ചം ഇനിയും എത്തിചേർന്നിട്ടില്ലാത്തവരുടെ ഇടയിൽ ഉള്ള പ്രേഷിത വേല.

മലങ്കര സഭാസാഹചര്യത്തിൽ സഭാമക്കളുടെ ക്രിസ്തീയജീവിത നവീകരണമാണ് സംഗതമായ പ്രേഷിതദൗത്യം. അതുപോലെ വിജാതിയരുടെ സുവിശേഷവൽക്കരണവും അടുത്തകാലത്ത് സഭയിലേക്ക് നയിക്കപ്പെട്ടവർക്കുവേണ്ടിയുള്ള അജപാലനശുശ്രൂഷയും മലങ്കരസഭയുടെ സാഹചര്യത്തിൽ ക്ലിപ്തമായി വേർതിരിക്കാനാവാത്ത തലങ്ങളാണ്. അജപാലനശുശ്രൂഷയും സുവിശേഷവൽക്കരണവും ഒന്നിച്ചുകൊണ്ടുപോകേണ്ട അവസ്ഥയാണ് മലങ്കരസഭയിലുള്ളത്. സഭകളുടെ ഐക്യത്തിനായി പരിശ്രമിക്കുകയാണ് മലങ്കരസഭയുടെ പ്രത്യേകമായ ദൗത്യം. അതോടൊപ്പം ഭാരതത്തിലെ ഇതരമതങ്ങളും നാനാ സംസ്കാരങ്ങളുമായി

www.malankaralibrary.com

നിരന്തരം സൗഹാർദത്തിലേർപ്പെടാനും പരസ്പരം ധന്യമാക്കാനുമുള്ള ദൗത്യവും മലങ്കരസഭയ്ക്കുണ്ട്. ഈ വിവിധ തലത്തിലുള്ള മലങ്കരസഭയുടെ പ്രേഷിതദൗത്യത്തെക്കുറിച്ചു ചില വിചിന്തനങ്ങൾ സമർപ്പിക്കട്ടെ.

## മലങ്കരസഭയുടെ പുനർ സുവിശേഷവല്ക്കരണം

2000-ാം വർഷത്തിലാഘോഷിക്കപ്പെടുന്ന മഹാജൂബിലിയെ ആഗോളസഭയുടെ ക്രിസ്തീയജീവിത നവീകരണത്തിനുള്ള അവസരമായിട്ടാണ് പരി.ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ കാണുന്നത്. രണ്ടായിരം വാർഷികം ചരിത്രത്തിൽ ഒരിക്കൽ നിറവേറിയ രക്ഷാകരകർമ്മത്തിൻെറ ഓർമ്മ പുതുക്കൽ എന്നതിലുപരിയായി കൂദാശാപരമായ ആഘോഷങ്ങളിലൂടെ രക്ഷാകരസംഭവങ്ങളേയും അവയുടെ ഫലങ്ങളേയും ഇന്നത്തെ സമൂഹങ്ങളെ പരിവർത്തനപ്പെടുത്താനുതകുംവിധം കാര്യക്ഷമമായി സന്നിഹിതമാക്കാനുള്ള അവസരമാകണം(TMA 31). ക്രിസ്ത്രീയ ജീവിത നവീകരണത്തിന് ഏറ്റവും അത്യാവശ്യമായിരിക്കുന്നത് പ്രായശ്ചിത്തവും അനുരഞ്ജനവുമാണ്. ഇരുപതാം നൂറ്റാണ്ട് അവസാനിക്കുന്ന ഈ വേളയിൽ സഭാതനയർ വ്യക്തിപരമായും സമൂഹപരമായും ഗൗരവതരമായ ആത്മപരിശോധനയ്ക്ക് വിധേയരാകേണ്ടതുണ്ട്. സുവിശേഷചൈതന്യത്തിൽനിന്നും നാമെത്രമാത്രം അകന്നുപോയിട്ടുണ്ടെന്ന് മനസിലാക്കണം. യേശുവിന് എതിർസാക്ഷ്യം നല്കുന്ന വിധത്തിൽ, മനുഷ്യർക്ക് ഉതപ്പുണ്ടാക്കുന്ന തരത്തിൽ നാം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തതിനെക്കുറിച്ച് സഭാമക്കൾ ബോധവാന്മാരാകണം. ഈ തെറ്റുകൾ തിരുത്തുന്നതുവഴി വിശുദ്ധീകരണത്തിനും നവീകരണത്തിനും സഭ തയ്യാറാകണം(TMA 33).

ക്രിസ്ത്യാനികളുടെ അനൈക്യം സർവ്വമനുഷ്യർക്കും വലിയൊരു ഉതപ്പിനു കാരണമായിട്ടുണ്ട്. പുനരൈക്യപ്രസ്ഥാനത്തിൻെറ അനുയായികളായ മലങ്കരസഭാമക്കൾ സഭയ്ക്കുള്ളിലും പുറത്തുമുള്ള വിഭാഗീയ ചിന്തകളെക്കുറിച്ച് സദാ ജാഗരൂകരായിരിക്കുകയും എവിടെയും ഐക്യത്തിൻെറ ശുശ്രൂഷകരായിരിക്കുകയും വേണം. ഇതരസഭകളോടും മതങ്ങളോടും നാം കാണിച്ചിട്ടുള്ള അസഹിഷ്ണതാഭാവവും, അഭിപ്രായങ്ങൾ- സത്യപ്രബോധനങ്ങൾ തന്നെയാകട്ടെ- അക്രമപരമായ മാർഗ്ഗത്തിലൂടെ അടിച്ചേല്പിക്കുവാനുള്ള പ്രവണതയും ആത്മശോധനയും പ്രായശ്ചിത്തവും ആവശ്യപ്പെടുന്ന മേഖലകളാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസ് മതസ്വാതന്ത്ര്യം എന്ന ഡിക്രിയിൽ പഠിപ്പിക്കുന്നത് ഇക്കാര്യത്തിൽ

www.malankaralibrary.com

നമുക്ക് മാർഗ്ഗനിർദ്ദേശം നല്കണം. "സൗമ്യമായും അതേസമയം ശക്തമായും മനസിലേക്ക് സംവഹിക്കപ്പെടുന്ന സത്യം അതിൻെറതന്നെ ബലത്താലല്ലാതെ മറ്റൊരു വിധത്തിലും കെട്ടിയേൽപ്പിക്കപ്പെടാവുന്നതല്ല" (DH,1).

സഭയുടെ ആരാധനാജീവിതം നമ്മുടെ സമൂഹത്തിൻെറ അസ്തിത്വപരമായ സാഹചര്യങ്ങളുമായി എത്രമാത്രം ബന്ധപ്പെട്ടു നിൽക്കുന്നുവെന്ന് നാം ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. ഇന്നിൻെറ ജീവിതതുടിപ്പുകൾ, സാമൂഹ്യപ്രശ്നങ്ങൾ, എത്രമാത്രം നമ്മുടെ സമൂഹത്തിൻെറ പരസ്യാരാധനയിൽ പ്രതിഫലിക്കുന്നുണ്ട്? ഈ പ്രശ്നങ്ങളോട് സുവിശേഷവെളിച്ചത്തിൽ പ്രതികരിക്കാനും അങ്ങനെ നമ്മുടെ പ്രാദേശികവും ദേശിയവും ലോകവ്യാപകവുമായ സമൂഹത്തിൽ ദൈവരാജ്യം സ്ഥാപിക്കുവാൻ കാര്യക്ഷമതയുള്ള പണിക്കാരാകാനും,നമ്മുടെ പൊതുവായ ആരാധന എത്രമാത്രം നമ്മെ പ്രതിബദ്ധരാക്കുന്നുവെന്നും ആത്മാർത്ഥമായി പരിശോധിക്കേണ്ടതുണ്ട്.

സുവിശേഷമൂല്യങ്ങളനുസരിച്ച് സഭാജീവിതത്തെ മുഴുവൻ- സഭയുടെ വ്യവസ്ഥാപിതാസ്തിത്വത്തിൻെറ വിശദാംശങ്ങളുൾപ്പെടെ, അതുപോലെ സാമൂഹ്യജീവിതത്തെയും പരിവർത്തനപ്പെടുത്താനുള്ള തീവ്രമായ പരിശ്രമമാണ് മലങ്കര സഭയുടെ പുനർസുവിശേഷവത്കരണം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ബഥനി പ്രസ്ഥാനത്തിലൂടെ മാർ ഈവാനിയോസ് പിതാവ് ഇത്തരം ഒരു സഭാനവീകരണത്തിനാണ് പരിശ്രമിച്ചത്. വെറും സാമുദായിക പ്രതിബദ്ധതയിൽ നിന്നും ദൈവത്തോടും മനുഷ്യസമൂഹത്തോടുമുള്ള വിശാലമായ ഒരു പ്രതിബദ്ധതയിലേക്ക് ആ പിതാവിൻെറ മനസ് വളർന്നിരുന്നു. നിരണത്തുവച്ച് മെത്രാഭിഷേകത്തിനു ശേഷം അദ്ദേഹം നടത്തിയ പ്രസംഗത്തിൽ നിന്നുമിത് വ്യക്തമാണ്. "സന്ന്യാസ ജീവിതത്തിൽ എനിക്ക് ബാല്യം മുതലേ ഉണ്ടായിരുന്ന അഭിരുചിയും ആകാംക്ഷയും കരുണാനിധിയായ ദൈവത്തിൻെറ കൃപയാൽ പ്രബലപ്പെടുകയും ഞാൻ സാമുദായികശ്രമങ്ങളെ ഉപേക്ഷിച്ച് ബഥനി ആശ്രമം മുഖേന ഭക്തിപരമായ കാര്യങ്ങളിൽ ഏകാഗ്രതയോടെ പരിശ്രമിക്കുകയും ചെയ്വാൻ ദൈവം സംഗതിയാക്കി". നമ്മുടെയിടയിൽ സർവപ്രധാനമായ കുറവു ദൈവഭക്തിയുടെ അഭാവമാണെന്ന് ഞാൻ വിശ്വസിക്കുന്നു... നമ്മുടെ സമുദായത്തിൻെറ ജീവിതോദ്ദേശം സർവോപരി ദൈവത്തെ സ്നേഹിക്കുകയും ചുറ്റുമുള്ള സമുദായങ്ങളെയും ആളുകളെയും കർത്താവായ യേശുമിശിഹായെ പ്രതി ശുശ്രൂഷിക്കുകയും സഹായിക്കുകയും ചെയ്യുക എന്നുള്ളതായിരിക്കണം"(Cited in MI, 178 & 181).

www.malankaralibrary.com

രണ്ടായിരം വർഷത്തെ ക്രിസ്തീയ പാരമ്പര്യം അവകാശപ്പെടുന്ന നമ്മുടെ സഭാവിശ്വാസം പ്രബോധനപരമായും (doctrinal), ആരാധനാപരമായും (liturgical) ക്രൈസ്തവ പാരമ്പര്യങ്ങളോട് വിശ്വസ്തത പുലർത്തിയിട്ടുണ്ട്. എന്നാൽ നമ്മുടെ സമൂഹജീവിതഘടനയെ, ആചാരങ്ങളെ, പ്രായോഗിക വിശ്വാസങ്ങളെ, സാമൂഹിക ബന്ധങ്ങളെ, സാമൂഹ്യവ്യവസ്ഥിതികളെ സുവിശേഷവത്കരിക്കുന്നതിന് നാം എത്രമാത്രം പരിശ്രമിച്ചിട്ടുണ്ട്, വിജയിച്ചിട്ടുണ്ട് എന്ന് ബോധപൂർവം പരിശോധിക്കേണ്ടിയിരിക്കുന്നു. ഹൈന്ദവമതത്തിന്റെ കർമ്മനിയമത്തിലധിഷ്ഠിതമായ (ജാതിവ്യവസ്ഥയിലുറച്ച) സാമൂഹിക ദർശനവുമല്ലേ നാമിന്നും പുലർത്തുന്നത്? അടിയന്തിരമായ പുനർസുവിശേഷവത്കരണത്തിനുള്ള മലങ്കരസഭയിലെ ചില തലങ്ങളാണിവ.

## പുനരൈക്യവും എക്യുമെനിസവും

മൂന്നാം സഹസ്രാബ്ദത്തിലേക്ക് പദമൂന്നുന്ന മലങ്കരസഭയുടെ അതിപ്രധാനമായ പ്രേഷിതദൗത്യമാണ് സഭൈക്യത്തിന്റെ ശുശ്രൂഷിയാകുക എന്നത്. സുവിശേഷവൽക്കരണത്തിന്റെ പ്രഥമലക്ഷ്യം ഒരു ഹൃദയവും ഒരാത്മാവുമായിരിക്കുന്ന വിശ്വാസികളുടെ സമൂഹം സൃഷ്ടിക്കുകയെന്നതാണ്(അപ്പ.പ്ര. 4:32). ക്രിസ്ത്യാനികളുടെ ഐക്യം യേശുവിന്റെ അന്ത്യാഭിലാഷമാണ്. "പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിന്" യേശു പ്രാർത്ഥിച്ചു (യോഹ.17:21). എല്ലാറ്റിലുമുപരി പ.ത്രിത്വം മഹത്ത്വപ്പെടേണ്ടതിനുവേണ്ടിയാണ്, പ.ത്രിത്വാത്മക ഐക്യം വിശ്വാസികളുടെ സമൂഹത്തിലേക്കും ഒഴുകിയെത്തണമെന്ന് യേശു ആഗ്രഹിക്കുന്നത്. "നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കേണ്ടതിന് അങ്ങ് എനിക്കു തന്ന മഹത്ത്വം ഞാൻ അവർക്കു നല്കി"(യോഹ.17:22). സഭയിലെ അനൈക്യം യേശുവിന്റെ തിരുഹിതത്തിന് ഘടകവിരുദ്ധമാണ്; അനൈക്യം ലോകത്തിൽ വലിയൊരു ഉതപ്പായി നിലകൊള്ളുന്നു (UUS.6).

അനൈക്യത്തിന്റെ ഉത്തരവാദിത്വം ഏതെങ്കിലുമൊരു സഭാവിഭാഗത്തിന്റേതു മാത്രമായി കാണാനാവില്ല. കത്തോലിക്കാ സഭാതനയരും അവരുടെതായ രീതിയിൽ വിഭജനത്തിനും അനൈക്യത്തിനും കാരണക്കാരായിത്തീർന്നിട്ടുണ്ടെന്ന് പ.ജോൺ പോൾ II-ാം മാർപ്പാപ്പാ അംഗീകരിക്കുന്നു. "കത്തോലിക്കാസഭ അവളുടെ അംഗങ്ങളുടെ ബലഹീനതകളെ അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു. അവരുടെ പാപങ്ങൾ

www.malankaralibrary.com

വഴി രക്ഷകന്റെ പദ്ധതിയുടെ പൂർത്തീകരണത്തിന് ധാരാളമായ തടസങ്ങൾ സൃഷ്ടിക്കുകയും ചെയ്തതിനെക്കുറിച്ച് സഭ ബോധവതിയാണ്(UUS.3). ഇതുകൊണ്ടാണ് ക്രിസ്ത്യാനികളുടെ സഭകളുടെ ഐക്യത്തിനുള്ള മാർഗ്ഗം ഹൃദയപരിവർത്തനവും പ്രാർത്ഥനയുമാണെന്നു പ.മാർപ്പാപ്പാ പഠിപ്പിക്കുന്നത്.

സുവിശേഷത്തിന്റെ ചൈതന്യത്താൽ നിരന്തരമായ അനുതാപവും പ്രായശ്ചിത്തവും വഴി നവീകരിക്കപ്പെടാൻ വ്യക്തികളും സഭകളും തയ്യാറാകണം. മാനസാന്തരമാണ് ഐക്യത്തിനുവേണ്ടി പരിശ്രമിക്കുന്നതിനുള്ള ഉപാധി. മറ്റുള്ളവരെ ഐക്യത്തിലുറപ്പിക്കുന്നതിനുപാധിയായി യേശു പത്രോസിനോട് മാനസാന്തരം ആവശ്യപ്പെടുന്നത് ശ്രദ്ധേയമാണ്. "നീ തിരിച്ചുവന്ന് നിന്റെ സഹോദരരെ ശക്തിപ്പെടുത്തണം" (ലൂക്കാ 22:32). പൂർവ്വകാലത്തെ അനൈക്യത്തിന്റെ ചരിത്രം വ്യക്തികളിലും സഭകളുടെ പൊതുവായ അവബോധത്തിലും ഏല്പിച്ചിട്ടുള്ള മുറിവുകളെ സുഖപ്പെടുത്താനും, വിദ്വേഷത്തിൽനിന്നും മുൻവിധിയിൽനിന്നും മനസുകളെ ശുദ്ധീകരിക്കാനും ഹൃദയപരിവർത്തനത്തിനും പ്രാർത്ഥനക്കുമേ സാധിക്കൂ -(UUS.2). മുൻവിധിയിൽനിന്നും വിദ്വേഷത്തിൽനിന്നും മനസ് വിമുക്തമാകുമ്പോൾ ഇതരസഭകളെ കൂടുതൽ വസ്തുനിഷ്ഠമായി മനസിലാക്കാനും, അവയിലുള്ള നല്ല മൂല്യങ്ങളെ വിലമതിക്കാനും ആദരിക്കാനും സാധിക്കുന്നു. ഓരോ സഭയും തനതായ രീതിയിൽ വികസിപ്പിച്ചെടുത്തിട്ടുള്ള സുവിശേഷമൂല്യങ്ങളും നല്ല പാരമ്പര്യങ്ങളും സഭകളുടെ ഐക്യത്തിലൂടെ മാത്രമേ പൂർണ്ണതയിലെത്തൂ എന്ന സത്യം നാം മറക്കരുത്(See UUS. 13,14). എന്നാൽ ഇപ്പോൾതന്നെ ഈ മൂല്യങ്ങൾ ഐക്യത്തിന്റെ അടയാളവും, സമ്പൂർണ്ണ കൂട്ടായ്മയിലേക്കുള്ള ആഹ്വാനവുമാണ്. വാസ്തവത്തിൽ യേശുക്രിസ്തുവിൽ സ്നാനപ്പെട്ടിട്ടുള്ള എല്ലാവരും തമ്മിൽ അപൂർണ്ണമെങ്കിലും, അടിസ്ഥാനപരമായ ഒരു ഐക്യം എപ്പോഴും നിലനില്ക്കുന്നുണ്ട് (UR,3 & RM,15). 23-ാം യോഹന്നാൻ മാർപ്പാപ്പയുടെ വാക്കുകളിൽ "നമ്മെ ഐക്യപ്പെടുത്തുന്ന ഘടകങ്ങൾ ഭിന്നിപ്പിക്കുന്ന കാര്യങ്ങളെക്കാൾ വളരെയധികമാണ്" (Cited in UUS, 20).

ഐക്യത്തിനുള്ള അടിസ്ഥാനവും മാർഗ്ഗവുമായി ക്രിസ്ത്യാനികളെല്ലാവരും ഒരുമിച്ച് കുരിശിന്റെ സത്യം സമ്മതിച്ചേറ്റുപറയണമെന്ന് പരി. ജോൺ പോൾ രണ്ടാമൻ നിർദ്ദേശിക്കുന്നു(UUS.1). ക്രിസ്തുവിലുള്ള മാനസാന്തരത്തിന്റെയും പുതിയ ജീവിതത്തിന്റെയും സ്രോതസ് കുരിശിന്റെ സത്യമാണ്. സഹനവും കുരിശും ഏറ്റെടുക്കാനും, അധീശത്വവും

www.malankaralibrary.com

അധികാരവും സ്വാധീനവും ശക്തിയും ഉപേക്ഷിക്കുവാനുമുള്ള വിമുഖത യാണ് അന്നും ഇന്നും അനാരോഗ്യകരമായ മത്സരത്തിനും അനൈക്യ പ്രവണതകൾക്കും പിറകിലുള്ളത്.

ഐക്യത്തിന്റെ പ്രേരകശക്തി സ്നേഹമാണ്. വ്യക്തികൾ തമ്മിലും സഭാസമൂഹങ്ങൾ തമ്മിലും ഐക്യം സൃഷ്ടിക്കുന്നത് പരസ്പര സ്നേഹമാണ്. അനൈക്യത്തെക്കുറിച്ചുള്ള വേദനയും ഐക്യത്തിനു വേണ്ടിയുള്ള അഭിവാഞ്ഛയും ഹൃദയങ്ങളിൽ അങ്കുരിപ്പിക്കുന്നതും സ്നേഹമാണ്. സ്നേഹം കൂട്ടായ പ്രാർത്ഥനയിലേക്ക് വിശ്വാസികളെ നയിക്കുന്നു. സഭൈക്യ പ്രസ്ഥാനത്തിന്റെ ആത്മാവാണ് കൂട്ടായ പ്രാർ ത്ഥന. പ്രാർത്ഥനാകൂട്ടായ്മകളിൽ ക്രിസ്തു യഥാർത്ഥമായും സന്നിഹി തനാണ്. അവൻ നമ്മിലൂടെയും നമ്മോടുകൂടെയും നമുക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു(UUS.22). കൂട്ടായ പ്രാർത്ഥനയിലൂടെ ക്രിസ്ത്യാനികൾ ഐക്യത്തിൽ വളരുമ്പോൾ തങ്ങളെ വേർതിരിക്കുന്ന ഘടകങ്ങൾ എത്രയോ കുറവാണെന്നവർ മനസിലാക്കും(UUS.29). എക്യുമെനിക്കൽ പ്രാർത്ഥനാ കൂട്ടായ്മകൾ ക്രിസ്തീയ സാക്ഷ്യത്തെയും പ്രേഷിത പ്രവർ ത്തനങ്ങളെയും കൂടുതൽ വിശ്വസനീയമാക്കുന്നു. വിഭ ജനവും വ്യത്യാ സങ്ങളും അംഗീകരിച്ചുകൊണ്ടുതന്നെ വിവിധ സഭാവിഭാഗങ്ങളിൽ പെട്ട വർ യേശുവിൽ പ്രാർത്ഥിക്കാനായി ഒന്നിച്ചു കൂടുമ്പോൾ സമ്പൂർണ്ണ ഐക്യത്തിലേക്കുള്ള അഭിവാഞ്ഛ വർദ്ധിക്കുന്നു. പൂർണ്ണ കൂട്ടായ്മയി ലേക്ക് വളരാനുള്ള അവരുടെ ആഗ്രഹവും പരിശ്രമവുമെല്ലാം യേശുവിൽ സമർപ്പിച്ചുകൊണ്ട് മുന്നേറാനാവും (UUS. 25).

ഇത്തരം പ്രാർത്ഥനയാണ് സഭൈക്യത്തിനുവേണ്ടിയുള്ള സംവാ ദങ്ങൾക്ക് ശക്തിയും ചൈതന്യവും പകരേണ്ടത്. സംവാദം വെറും ആശയ തലത്തിലൊതുങ്ങി നിൽക്കാതെ, ദൈവം ഓരോ സഭാവിഭാഗത്തിനും നൽ കിയ ദാനങ്ങളെ പരസ്പരം ധന്യമാക്കാനുമുള്ള വേദിയായിത്തീരണം.

കൂട്ടായ പ്രാർത്ഥനയുടെ ആഴം വർദ്ധിക്കുന്നതനുസരിച്ച് ഡയലോഗ് കൂടുതൽ ആത്മാർത്ഥവും ഫലപ്രദവുമാകും(UUS.33). വാസ്തവത്തിൽ കൂട്ടായ പ്രാർത്ഥനയിലധിഷ്ഠിതമായ ഒരു ആധ്യാത്മിക എക്യുമെനിസം (Spiritual ecumenism) ഇന്നേറ്റം ആവശ്യമായിരിക്കുന്നു. ഇതിന്റെ അടി സ്ഥാനത്തിലാണ് സഭകൾ തമ്മിൽ വിവിധ പ്രായോഗിക തലങ്ങളിൽ സഹകരണവും കൂട്ടായ പ്രവർത്തനങ്ങളും ഉണ്ടാകേണ്ടത്(UUS.40).

സഭകളുടെ ഐക്യത്തിലേക്കുള്ള പ്രയാണം സുവിശേഷവത്കരണ ഉദ്യമങ്ങളുടെ ഫലപ്രാപ്തിക്ക് അത്യന്താപേക്ഷിതമാണ്. സഭകളിൽ

www.malankaralibrary.com

നിലനില്ക്കുന്ന അനൈക്യം നാം പ്രഘോഷിക്കുന്ന സത്യത്തിൻെറ വിശ്വസനീയതയ്ക്ക് മങ്ങലേല്പിക്കുന്നു; ക്രിസ്തീയ സാക്ഷ്യത്തെ ബലഹീനമാക്കുന്നു. ഇതുകൊണ്ടാണ്, സുവിശേഷപ്രഘോഷണത്തോടുള്ള സഭയുടെ പ്രതിബദ്ധത സഭൈക്യത്തിനുവേണ്ടി പരിശ്രമിക്കാൻ സഭയെ നിർബന്ധിക്കുന്നത്. "അവരും നമ്മിൽ ഒന്നായിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു"(യോഹ.17:21). പോൾ ആറാമൻ മാർപ്പാപ്പായുടെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്. "സുവിശേഷപ്രഘോഷണത്തിൻെറ ഭാഗധേയം സഭ കാഴ്ചവയ്ക്കുന്ന ഐക്യത്തിൻെറ സാക്ഷ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. എല്ലാ ക്രിസ്ത്യാനികളും തമ്മിലുള്ള ഐക്യത്തിൻെറ അടയാളം സുവിശേഷവൽക്കരണത്തിൻെറ വഴിയും ഉപകരണവുമാണെന്ന് ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ക്രിസ്തുവിൻെറ പ്രവർത്തനത്തെ തടസപ്പെടുത്തുന്ന ഗൗരവതരമായ ഒരു യാഥാർത്ഥ്യമാണ് ക്രിസ്ത്യാനികളുടെയിടയിലുള്ള അനൈക്യം" (EN. 77).

സഭൈക്യപ്രസ്ഥാനത്തോടുള്ള പ്രതിബദ്ധതയും കത്തോലിക്കാസഭയുമായുള്ള വ്യക്തികളുടെയോ സമൂഹങ്ങളുടെയോ പുനരൈക്യവും എങ്ങനെ യോജിച്ചുപോകുമെന്ന ചോദ്യം മലങ്കര കത്തോലിക്കാസഭയെ സംബന്ധിച്ച് വളരെ പ്രസക്തമാണ്. വ്യക്തികളുടെയോ സമൂഹങ്ങളുടെയോ പുനരൈക്യം സഭകൾ തമ്മിലുള്ള സൗഹൃദത്തെയും സഹവർത്തിത്വത്തെയും തകർക്കില്ലേ? ഈ പ്രശ്നം ചർച്ച ചെയ്യുമ്പോൾ രണ്ടു കാര്യങ്ങൾ നാം വ്യക്തമാക്കേണ്ടിയിരിക്കുന്നു. ഒന്ന്: സഭയുടെ ചില അടിസ്ഥാനവിശ്വാസസത്യങ്ങളെ ബലികഴിച്ചുകൊണ്ടോ, ഒത്തുതീർപ്പാക്കികൊണ്ടോ ഉള്ള എക്യുമെനിക്കൽ ഡയലോഗല്ല നാം ലക്ഷ്യമാക്കുന്നത്. ക്രിസ്തു സ്ഥാപിച്ച സഭ ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമാണ്. "ഇഹത്തിൽ സ്ഥാപിച്ചു നിയന്ത്രിക്കപ്പെടുന്ന ഒരു സമൂഹമെന്ന നിലയിൽ കത്തോലിക്കാസഭയിലാണ് ക്രിസ്തുവിൻെറ മേല് പറഞ്ഞ സഭ ദൃശ്യമാവുക"(LG.8). സത്യത്തിൻെറയും പ്രസാദവരത്തിൻെറയും പൂർണ്ണത കത്തോലിക്കാസഭയിലാണ് നിക്ഷിപ്തമായിരിക്കുന്നത് (UR.3). അതുപോലെതന്നെ എല്ലാ സഭാവിഭാഗങ്ങളും റോമിലെ സഭയുമായി, മാർപ്പാപ്പായുമായി കൂട്ടായ്മയിലാവുക ഐക്യത്തിൻെറ അത്യാവശ്യ ഉപാധിയാണെന്നും നാം വിശ്വസിക്കുന്നു. മാർപ്പാപ്പായുടെ പരമോന്നത അധികാരം ഐക്യത്തിനുള്ള ശുശ്രൂഷയായിട്ടാണ് സഭ മനസ്സിലാക്കുന്നത്. ഈ അധികാരം എങ്ങനെ പ്രയോഗിക്കണമെന്ന കാര്യം

www.malankaralibrary.com

സംവാദവിഷയമായേക്കാം(UUS.95). എങ്കിലും മേല്പറഞ്ഞ അടിസ്ഥാന വിശ്വാസങ്ങൾ സംരക്ഷിച്ചുകൊണ്ട് മാത്രമേ ഫലപ്രദമായ, ആത്മാർത്ഥ മായ എക്യുമെനിക്കൽ സംവാദം സാദ്ധ്യമാകൂ. അങ്ങനെയെങ്കിൽ"കത്തോ ലിക്കാസഭയിൽ പൂർണ്ണൈക്യത്തിൽ ചേരാൻ ആഗ്രഹിക്കുന്ന വ്യക്തിക ളുടെ ഒരുക്കവും രമ്യപ്പെടലും സംബന്ധിച്ച യത്നങ്ങളിൽ നിന്നും എക്യു മെനിക്കൽ പ്രസ്ഥാനം സ്വഭാവത്താലെ തന്നെ വ്യത്യസ്തമാണ്. എന്നാൽ അവ അന്യോന്യം പൊരുത്തപ്പെടാത്തവയല്ല. കാരണം, രണ്ടും ദൈവ ത്തിൻെറ അത്ഭുതാവഹമായ പരിപാലനയിൽ നിന്നാണ് പുറപ്പെടുന്നത്" (UR. 4).

രണ്ടാമതായി വ്യക്തികളുടെ മതസ്വാതന്ത്ര്യത്തെ അവഗണിച്ചു കൊണ്ട് യാതൊരു ഐക്യസംവാദവും സാദ്ധ്യമല്ല. പഠനത്തിൻെറയും അനുഭവത്തിൻെറയും പശ്ചാത്തലത്തിൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടാൻ തീരുമാനിക്കുന്നവരെ ആർക്ക് തടയാനാവും! പുന രൈക്യം വ്യക്തികളുടെ ബോദ്ധ്യത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും അടിസ്ഥാനത്തിലാണെങ്കിൽ എക്യുമെനിക്കൽ പരിശ്രമങ്ങളെയത് തടസ്സ പ്പെടുത്തുകയില്ല.

'എല്ലാവരും ഒന്നാകുവാൻ' എന്ന പേരിൽ പ.ജോൺ പോൾ II പുറ പ്പെടുവിച്ച ചാക്രികലേഖനം സഭകളുടെ ഐക്യത്തിനുവേണ്ടിയുള്ള ഹൃദയസ്പൃക്കായ ആഹ്വാനമാണ്. ഈ ചാക്രികലേഖനത്തിൻെറ സമാ പനവാക്യം ഇവിടെ ഉദ്ധരിക്കുന്നത് പ്രസക്തമായതാണ്. "എക്യുമെനിസം ക്രിസ്തീയ സഭകളുടെ ഒരാഭ്യന്തര കാര്യം മാത്രമല്ല: മാനവകുലത്തിന് മുഴുവനുമായി ദൈവം യേശുക്രിസ്തുവിൽ വെച്ചു നീട്ടുന്ന സ്നേഹ ത്തിൻെറ കാര്യമാണത്. ഈ സ്നേഹത്തിനു തടസമായി നില്ക്കുന്നത് ദൈവത്തിനും ക്രിസ്തുവിൽ എല്ലാ ജനങ്ങളെയും കൂട്ടിച്ചേർക്കുവാനുള്ള അവൻെറ പദ്ധതിക്കുമെതിരായ അപരാധമാണ്"(UUS.99).

## ജനതകളോടുള്ള സുവിശേഷപ്രഘോഷണം

"ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തു വിൻ. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമ ത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ"(മത്താ.28:19-20) എന്ന കർത്തൃകല്പനയെ അവഗണിക്കാൻ ക്രിസ്തീയ സഭയ്ക്ക് ഒരിക്കലുമാ വില്ല. ഇതുകൊണ്ടാണ് സഭ മുഴുവനും പ്രേഷിതയാണെന്ന സത്യം വീണ്ടും വീണ്ടും മാർപ്പാപ്പമാർ നമ്മെ അനുസ്മരിപ്പിക്കുന്നത്. ജനതകളോടുള്ള

www.malankaralibrary.com

സുവിശേഷപ്രഘോഷണത്തിന്റെ കാര്യത്തിൽ ചില ഇടങ്ങളിലും ആളുകളിലും പ്രകടമാകുന്ന ഉത്സാഹക്കുറവിനെ അപലപിച്ചുകൊണ്ട് ജോൺ പോൾ II എഴുതുന്നു: "സുവിശേഷവത്കരണത്തിനുള്ള ഉത്സാഹം സഭയുടെ ഊർജ്ജസ്വലതയുടെ അടയാളമാണ്: ഇക്കാര്യത്തിലുള്ള മന്ദത വിശ്വാസജീവിതത്തിലുള്ള പ്രതിസന്ധിയെയാണ് സൂചിപ്പിക്കുന്നത്" (RM.2). മൂന്നാം സഹസ്രാബ്ദത്തിലേക്ക് പ്രവേശിക്കുന്ന ഈ വേളയിൽ ജനതകളോടുള്ള സുവിശേഷപ്രഘോഷണത്തിന് അടിയന്തിരമായ സാംഗത്യവും പ്രാധാന്യവുമുണ്ട്. 2-ാം വത്തിക്കാൻ സൂനഹദോസ് സമാപിച്ച് 25 വർഷങ്ങൾ കഴിഞ്ഞപ്പോഴേക്കും ലോകത്തിൽ യേശുക്രിസ്തുവിനെ അറിയാത്തവരുടെ എണ്ണം ഇരട്ടിയായിരിക്കുന്നു. ഇന്ന് ലോകജനസംഖ്യയിൽ പകുതിയിലധികം പേർക്ക് യേശുവിലുള്ള രക്ഷയുടെ സുവിശേഷത്തിന്റെ പ്രാരംഭപ്രഘോഷണം പോലും ലഭിച്ചിട്ടില്ല. ഭൂഗോളത്തിന്റെ തെക്കും കിഴക്കുമുള്ള അക്രൈസ്തവ രാജ്യങ്ങളിലെ ജനസംഖ്യാവർദ്ധനവ് പരിഗണിക്കുമ്പോൾ ക്രിസ്തുവിനെ അറിയാത്തവരുടെ എണ്ണം അതിവേഗം വർദ്ധിക്കുന്നതായി കാണാം(RM. 40). അക്രൈസ്തവരുടെ മാനസാന്തരത്തിനുവേണ്ടിയുള്ള സുവിശേഷപ്രഘോഷണം ഇന്നത്തെ സാഹചര്യത്തിൽ ആവശ്യമുണ്ടോ എന്നു സന്ദേഹിക്കുന്നവരുണ്ട്. എല്ലാ മതത്തിലൂടെയും നിത്യരക്ഷ സാദ്ധ്യമാണെന്ന് സഭ അംഗീകരിക്കുന്നുവെങ്കിൽ എന്തുകൊണ്ട് അക്രൈസ്തവരെ സഭയിലേക്കാനയിക്കണം? മനുഷ്യരുടെ നന്മയ്ക്കായി മാത്രം അവരുടെ വിദ്യാഭ്യാസപരമായ, ആരോഗ്യപരമായ, സാംസ്കാരികമായ പുരോഗതിക്കുവേണ്ടി പ്രവർത്തിച്ചാൽ പോരേ? നീതിക്കുവേണ്ടി, സമാധാനത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി യത്നിക്കുന്ന മനുഷ്യസമൂഹങ്ങളെ കെട്ടിപ്പടുത്തിയാൽ പോരേ? ഓരോരുത്തരും അവരവരുടെ വിശ്വാസത്തിലും മതാചാരങ്ങളിലും നിലനില്ക്കുവാനും വളരുവാനും അനുവദിക്കുകയല്ലേ നല്ലത്? മതപരിവർത്തനം ആവശ്യമാണോ?

സുവിശേഷം പ്രഘോഷിക്കുന്നതിന് സഭയെ നിർബന്ധിതയാക്കുന്ന സത്യമിതാണ്. ദൈവം എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കുവേണ്ടി യേശുവിൽ നിർണ്ണായകമാം വിധത്തിൽ സ്വയം വെളിപ്പെടുത്തിയിരിക്കുന്നു. വഴിയും സത്യവും ജീവനുമായ യേശുവിലൂടെയാണ് മനുഷ്യർക്ക് ദൈവ ഐക്യത്തിലെത്തുവാൻ കഴിയുക. രക്ഷാകരസത്യത്തെ പലവിധത്തിലും അളവിലും മറ്റ് മതങ്ങളിലൂടെയും സംസ്കാരങ്ങളിലൂടെയും ദൈവം വെളിപ്പെടുത്തിയിട്ടുണ്ടെന്ന യാഥാർത്ഥ്യം സഭ നിഷേധിക്കുന്നില്ല. എന്നാൽ ഇവ

www.malankaralibrary.com

യെല്ലാം ഭാഗികമാണെന്നും, അവയുടെ പൂർണ്ണ അർത്ഥവും മൂല്യവും കണ്ടെത്തുക യേശുവിൽ മാത്രമാണെന്നും സഭ വിശ്വസിക്കുന്നു. യേശുവിൻെറ സാർവത്രിക മദ്ധ്യസ്ഥതയിൽ (Universal meditaion of Christ) അവയെല്ലാം ഉൾക്കൊണ്ടിരിക്കുന്നു(RM.5).

"എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നുമാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. എന്നാൽ ദൈവത്തിനും മനുഷ്യർക്കുമിടയിൽ മദ്ധ്യസ്ഥനായി ഒരുവനേയുള്ളു: മനുഷ്യനായ യേശുക്രിസ്തു" (1തിമോ.2:4-5). യേശുവിലൂടെ, എല്ലാവർക്കുമായി ദൈവം നൽകുന്ന രക്ഷയുടെ സാർവത്രിക കൂദാശയാണ് സഭ. ക്രിസ്തുവിലുള്ള രക്ഷ സാർവത്രികമായതുകൊണ്ട് എല്ലാ മനുഷ്യർക്കും, അവർ സഭയുടെ അംഗങ്ങളാണെങ്കിലും അല്ലെങ്കിലും ശരി, യഥാർത്ഥമായി അനുഭവവേദ്യമായി സംലഭ്യമാകേണ്ടതുണ്ട്. ക്രിസ്തുവിനെ അറിയുവാനും സുവിശേഷം സ്വീകരിച്ച് സഭാംഗമാകാനും സാഹചര്യം ലഭിക്കാത്തവരും നിഗൂഢമായി ഒരു വിധത്തിൽ യേശുവിൻെറ രക്ഷയിൽ പങ്കാളികളാവുകയും യേശുവിലൂടെ രക്ഷ പ്രാപിക്കുകയും ചെയ്യുന്നുവെന്ന് സഭ അംഗീകരിക്കുന്നു (RM.10). അവരുടെ മതാനുസരണമുള്ള ആദ്ധ്യാത്മിക ജീവിതത്തിലൂടെയാകാം അവർക്കീ രക്ഷാദാനം ലഭിക്കുക. എന്നാൽ ഈ കൃപ ക്രിസ്തുവിൽ നിന്നും വരുന്നതാണ്. ക്രിസ്തുവിൻെറ പെസഹാരഹസ്യത്തിൽ പങ്കുപറ്റി രക്ഷനേടാനുള്ള കൃപ പരിശുദ്ധാത്മാവ് എല്ലാ മനുഷ്യർക്കും അവരവരുടെ ജീവിത സാഹചര്യമനുസരിച്ച്, വ്യത്യസ്ത രീതികളിൽ നൽകുന്നു (RM. 6).

രണ്ടു കാര്യങ്ങളാണ് സഭയിവിടെ ഊന്നി പറയുന്നത്. ഒന്ന്: എല്ലാ മനുഷ്യർക്കും, ഏതു മതത്തിൽപ്പെട്ടവരായാലും യേശുവിൽ രക്ഷനേടുവാനുള്ള സാദ്ധ്യതയുണ്ട്. രണ്ട്: അതേസമയം യേശുവിൻെറ സുവിശേഷം ബോധപൂർവ്വം സ്വീകരിക്കുകയും, രക്ഷയുടെ കൂദാശയായ സഭാകൂട്ടായ്മയിലുൾപ്പെടുകയും ചെയ്യുക ആവശ്യമാണ്. മറ്റുവിധത്തിൽ പറഞ്ഞാൽ, രണ്ടാമത്തെ കാര്യം സാധ്യമല്ലാത്ത സാഹചര്യത്തിൽ ദൈവം ക്രിസ്തുവിലൂടെ നിഗൂഢമായ രീതിയിൽ രക്ഷയുടെ ദാനം നൽകുന്നു. സഭയാകട്ടെ, എപ്പോഴും, എല്ലായിടത്തും സുവിശേഷം പ്രഘോഷിക്കാനും, വിശ്വസിക്കുന്നവരെ സഭാകൂട്ടായ്മയിലേയ്ക്കാനയിക്കാനും സദാ ബാദ്ധ്യസ്ഥയാണ് (RM.9). എന്നാൽ സഭ തൻെറ സുവിശേഷപ്രഘോഷണ ദൗത്യം നിർവഹിക്കേണ്ടത് മറ്റു മതങ്ങളെ ആദരിച്ചുകൊണ്ടും മനുഷ്യരുടെ മന:സാക്ഷിയെയും സ്വാതന്ത്ര്യത്തെയും വിലമതിച്ചുകൊണ്ടുമായിരി

www.malankaralibrary.com

ക്കണം. ആരുടെയും മതവികാരങ്ങളെ മുറിപ്പെടുത്തുവാനോ വിശ്വാസങ്ങളെ ഒരു വിധത്തിലും ബഹുമാനിക്കാതിരിക്കാനോ ഇടയാകരുത്. മാനസാന്തരം ദൈവത്തിൻെറ ഒരു ദാനമാണ്. യേശുവിനായി മനുഷ്യഹൃദയങ്ങളെ തുറക്കുന്നത് പരിശുദ്ധാത്മാവാണ്. പരിശുദ്ധ ത്രിത്വത്തിൻെറ പ്രവർത്തനമാണ് അവിടെ നടക്കുന്നത്(RM.46).

മനുഷ്യരക്ഷയിൽ യേശുക്രിസ്തുവിനുള്ള അതുല്യസ്ഥാനത്തെ സുവ്യക്തമാക്കാത്ത രീതിയിലുള്ള ചില ദൈവശാസ്ത്ര പ്രവണതകളെക്കുറിച്ച് ജോൺപോൾ II-ാം മാർപ്പാപ്പാ മുന്നറിയിപ്പു നൽകുന്നുണ്ട്. വചനത്തെ (Logos) അമൂർത്തമായ ഒരു യാഥാർത്ഥ്യമായി പ്രതിഷ്ഠിച്ചുകൊണ്ട് അതിനെ ചരിത്രത്തിൽ ക്ലിപ്തരൂപമെടുത്ത യേശുക്രിസ്തുവിൽനിന്നും വേർതിരിച്ചു കാട്ടുന്ന പ്രവണതയാണൊന്ന്. വാസ്തവത്തിൽ വചനമായ ദൈവം (Logos) തന്നെയാണ് മാംസം ധരിച്ചതെന്നും യേശുവിൻെറ അവിഭക്ത വ്യക്തിത്വത്തിൽ വചനം അവതരിച്ചിരിക്കുന്നുവെന്നുമുള്ള അടിസ്ഥാന വിശ്വാസത്തിന് മങ്ങലേല്പിച്ചിരിക്കുന്ന പ്രവണതയാണീ ദൈവശാസ്ത്ര ചിന്തയിലുള്ളത്. അതുപോലെ ചില ദൈവശാസ്ത്രജ്ഞന്മാർ വിശ്വാസത്തിൻെറ കേന്ദ്രമായ ക്രിസ്തുവും (Christ of Faith) ചരിത്രപുരുഷനായയേശു(Historical Jesus)വും തമ്മിൽ വേർതിരിച്ചു കാണാൻ ശ്രമിക്കുന്നു. വാസ്തവത്തിൽ ചരിത്രപുരുഷനായ യേശുതന്നെയാണ് വിശ്വാസികളുടെ ക്രിസ്തു. ഈ താദാത്മ്യത്തിന് (Identity) ഭംഗം വരുത്തുന്ന ചിന്താഗതികൾ മനുഷ്യാവതാര രഹസ്യത്തെ (Mystery of Incarnation)വേണ്ടത്ര ഉൾക്കൊള്ളുന്നവയല്ല(RM. 6).

യേശുക്രിസ്തുവിലൂടെ കൈവന്ന രക്ഷയുടെ അനുഭവമായിരിക്കണം ഒരു ക്രിസ്ത്യാനിയെ 'മിഷനറി' ആക്കേണ്ടത്. ഈ അനുഭവം സ്വന്തം ജീവിതത്തിലൂടെ ഒരു സാക്ഷ്യമായി അവതരിക്കണം. ഇങ്ങനെയാണ് യേശു ദൈവസ്നേഹത്തിൻെറ 'വിശ്വസ്തസാക്ഷി'(വെളി. 1:5) ആയത്. 'വിശ്വസ്തവും സത്യവാനുമായ സാക്ഷി' (വെളി.3:14) എന്ന നിലയിൽ യേശു താൻ പ്രഘോഷിച്ച സുവിശേഷവുമായി, ദൈവരാജ്യവുമായി, പൂർണ്ണ താദാത്മ്യം പ്രാപിച്ചിരുന്നു. തൻെറ ജീവിതത്തിലൂടെ പ്രത്യേകിച്ച് പാപികളോടും ദുരിതമനുഭവിക്കുന്നവരോടുമുള്ള തൻെറ കരുണാർദ്രമായ മനോഭാവത്തിലൂടെയും, അവരെ പാപത്തിൽനിന്നും സർവവിധ ദുരിതങ്ങളിൽ നിന്നും വിമോചിപ്പിക്കുവാനുള്ള ശുശ്രൂഷയിലൂടെയും യേശു സുവിശേഷം പ്രഘോഷിച്ചു. പാപമോചനത്തിലൂടെയും രോഗശാന്തിയിലൂടെയും ദൈവരാജ്യത്തിൻെറ അനുഭവം യേശുവിലൂടെ ജനങ്ങൾക്കു

www.malankaralibrary.com

ലഭിച്ചു. ഇപ്രകാരമുള്ള ജീവിതസാക്ഷ്യത്തിലൂടെയാണ് ക്രിസ്ത്യാനികളും മിഷനറിമാരാകേണ്ടത്.

ക്രിസ്ത്യാനികൾ ജീവിതത്തിൻെറ വിവിധ മേഖലകളിൽ പ്രവർത്തിച്ചുകൊണ്ടാണ് പ്രേഷിതവേല നടത്തേണ്ടത്. സ്വന്തം രാജ്യത്തോടും സംസ്കാരത്തോടും ഭക്തിയും കൂറും പുലർത്തിക്കൊണ്ട്, പൗരധർമ്മം നിർവഹിച്ചുകൊണ്ട് രാജ്യത്തിലെ ജനങ്ങളുടെ പുരോഗതിക്കായി പ്രവർത്തിക്കുന്നത് ദൈവരാജ്യ നിർമ്മിതിക്കായുള്ള പ്രേഷിതവേലയുടെ ഒരു രൂപമാണ്(RM. 43). അതുപോലെതന്നെ രാഷ്ട്രീയ സാമ്പത്തിക മേഖലകളിൽ നടമാടുന്ന അഴിമതിക്കെതിരായി പ്രവാചക ദൗത്യമേറ്റെടുത്ത് പോരാടുന്നത് പ്രേഷിതപ്രവർത്തനമാണ്. എത്ര വലിയ എതിർപ്പിനു മുന്നിലും പരിശുദ്ധാത്മാവിൻെറ നിറവിൽ ധൈര്യത്തോടുകൂടി തുറന്നു സംസാരിക്കാൻ പ്രേഷിതൻ തയ്യാറാകണം (Parrhesia - to speak frankly with courage. 1 Thess. 2.2).

മിഷൻപ്രവർത്തനം സഭയുടെ മുഴുവൻ പ്രവർത്തനമായിരിക്കണം. ക്രിസ്തീയ സമൂഹത്തിൻെറ മുഴുവൻ പ്രതിബദ്ധതയും ഉത്തരവാദിത്വവുമാണത്. അന്ത്യോക്യയിലെ സഭ മുഴുവനും കൂടിയാണ് പൗലോസിനെയും ബർണ്ണബാസിനെയും കൈവയ്പു നടത്തി പ്രാർത്ഥിച്ചു വിജാതിയരുടെയിടയിൽ മിഷൻ പ്രവർത്തനത്തിനായി അയച്ചത്(Acts 13:1-4 & RM. 27). സഭാജീവിതത്തിൻെറ സജീവത്വം പ്രകടമാകുന്നത് മിഷൻ പ്രവർത്തനത്തിലൂടെയാണ്. സഭയുടെ ഊർജ്ജസ്വലതയുടെ സൂചികയായി മിഷൻ പ്രവർത്തനത്തെ കാണാം. പൗലോസ് IV-ാം മാർപ്പാപ്പായുടെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്. “ലോകത്തിൻെറ അതിർത്തികൾവരെയും സുവിശേഷം പ്രഘോഷിക്കുവാനുള്ള പ്രേഷിതവേലയിൽ സഹകരിക്കുന്നതിലൂടെയാണ് തങ്ങളുടെ പ്രാദേശിക സഭകളുടെ രക്ഷ സാദ്ധ്യമാകുന്നത് എന്ന ഉറച്ച ബോദ്ധ്യത്തിനു മുമ്പിൽ, ചില പ്രാദേശിക സഭകളെയും, സ്ഥാപനങ്ങളെയും ബലഹീനമാക്കുകയും ഭിന്നിപ്പിക്കുകയും ചെയ്യുന്ന എത്രയോ ആഭ്യന്തര പ്രശ്നങ്ങൾ അപ്രത്യക്ഷമാകും” (Message on Mission Sunday, 1972). മിഷൻ പ്രവർത്തനത്തിൽ വ്യാപൃതമാകുന്നതിലൂടെയാണ് സഭയുടെ ആന്തരിക ഭിന്നതകളെ അതിജീവിക്കാനും ഐക്യത്തിൽ വളരാനും കഴിയുക(RM. 49).

സുവിശേഷ പ്രഘോഷണത്തിലൂടെ പുതിയ ക്രിസ്തീയ സമൂഹങ്ങൾക്ക് ജന്മം നൽകാനുള്ള ഉത്തരവാദിത്വം എല്ലാ സഭാസമൂഹങ്ങളും

www.malankaralibrary.com

ഏറ്റെടുക്കണം. അടുത്തകാലത്ത് സഭാംഗങ്ങളായവർപോലും ഈ ഉത്തരവാദിത്വത്തിൽ നിന്നു മാറിനിൽക്കാൻ പാടില്ല(RM. 49).

മിഷൻപ്രവർത്തനം സഭയുടെ മുഴുവൻ പ്രതിബദ്ധതയാണെങ്കിലും അല്മായരെയും സന്ന്യസ്തരേയും വൈദികരെയും പ്രത്യേകമായി സുവിശേഷവത്കരണ ജോലിക്കൊരുക്കേണ്ടതുണ്ട്. പ്രാദേശിക വിഭാഗീയ താല്പര്യങ്ങൾക്കതീതമായി ലോകം മുഴുവൻ സുവിശേഷം പ്രഘോഷിക്കാൻ വിളിക്കപ്പെട്ടവരാണ് തങ്ങൾ എന്ന ബോദ്ധ്യം വൈദികർക്കുണ്ടാകണം. "വൈദിക വിദ്യാർത്ഥികൾ ശരിയായ കത്തോലിക്കാ ചൈതന്യത്തിൽ നിമഗ്നരാകുകയും വേണം. തത്ഫലമായി സ്വന്തരൂപതയുടെയും രാജ്യത്തിൻെറയും റീത്തിൻെറയും അതിർത്തിക്കുള്ളിൽ ഒതുങ്ങി നില്ക്കാതെ സാർവത്രിക സഭയുടെ ആവശ്യങ്ങളിൽ താത്പര്യം കാണിക്കാനും ലോകമെങ്ങും സുവിശേഷം പ്രസംഗിക്കാനുമുള്ള സന്നദ്ധത പ്രകടിപ്പിക്കാനും അവൻ പ്രാപ്തനായിത്തീരും."(OT.20:RM.72).

സുവിശേഷവത്കരണ പ്രവർത്തനത്തിനുള്ള പുതിയ മാർഗ്ഗങ്ങളും രീതികളും ആരാഞ്ഞുകൊണ്ടിരിക്കണം. അടിസ്ഥാന ക്രിസ്തീയ സമൂഹങ്ങൾ (Basic Christian Communitis) ക്രിസ്തീയ സാക്ഷ്യത്തിൻെറ നല്ല മാതൃകകളാണ്.

## വിവിധ സംസ്കാരങ്ങളോടും ഇതര മതങ്ങളോടുമുള്ള സംവാദം

സുവിശേഷവത്ക്കരണം വാസ്തവത്തിൽ മനുഷ്യാവതാര സത്യത്തിൻെറ തുടർന്നുള്ള ആവിഷ്കരണമാണ്. വചനം മാംസം ധരിച്ചു എന്നതിൻെറ അർത്ഥം ഈ പ്രപഞ്ചത്തെ മുഴുവൻ ദൈവം ക്രിസ്തുവിലൂടെ രക്ഷാകരമായ അവസ്ഥയിലേക്കാവഹിച്ചിരിക്കുന്നുവെന്നാണ്. രക്ഷിക്കുന്ന വചനവും രക്ഷിക്കപ്പെടേണ്ട മാംസവും തമ്മിലുള്ള രക്ഷാകരമായ സംവാദത്തിൻെറ തുടക്കമാണ് മനുഷ്യാവതാരം. രക്ഷാകരമായ വചനത്തെ, സുവിശേഷത്തെ എല്ലാ മനുഷ്യരിലും, സംസ്കാരങ്ങളിലും അവതീർണ്ണമാക്കുന്ന പ്രക്രിയയാണ് സുവിശേഷവത്കരണം. ലോകത്തിലെ വിവിധ സംസ്കാരങ്ങളുമായി സംവാദത്തിലേർപ്പെടുവാൻ വചനത്തെ അനുവദിക്കുമ്പോൾ ഈ സംസ്കാരങ്ങളിലൂടെയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ദൈവാരൂപിയുടെ പ്രവർത്തനങ്ങളെ തിരിച്ചറിഞ്ഞ് അംഗീകരിക്കാനും, അതുപോലെതന്നെ വചനവുമായുള്ള ബന്ധത്തിൻെറ ഫലമായി

www.malankaralibrary.com

ഈ സംസ്കാരങ്ങൾ തന്നെ ശുദ്ധീകരിക്കപ്പെടാനും സമ്പുഷ്ടമാകാനും ഇടയാകും. സാർവത്രിക സഭയ്ക്കുതന്നെ കൂടുതൽ സാംസ്കാരിക വൈവിധ്യങ്ങളെയുൾക്കൊണ്ടുകൊണ്ട് ധന്യമാകാനും മനുഷ്യാവതാര രഹസ്യത്തോട് കൂടുതൽ വിശ്വസ്തയാകാനുമുള്ള വേദിയാണത്. സുവിശേഷം വിവിധ സാംസ്കാരിക മൂല്യങ്ങളോട് എങ്ങനെ സംവാദത്തിലേർപ്പെടണമെന്നുള്ളതിന് വ്യക്തമായ മാതൃക പൗലോസ് ശ്ലീഹാ നൽകുന്നു. (അപ്പ.പ്ര. 14:15-17; 17:22-31). ലിസ്ത്രയിലെ ആളുകൾ ഒരുതരം പ്രാപഞ്ചിക ആരാധന നടത്തിവന്നിരുന്നു. അവരെ വ്യർത്ഥമായ ഈ രീതികളിൽനിന്ന് ജീവിക്കുന്ന ദൈവത്തിങ്കലേക്ക് തിരിപ്പിക്കുവാനായി പ്രാപഞ്ചിക ആരാധനയുടെ നല്ല വശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു മതാനുഭവത്തിലേക്ക് പൗലോസ് അവരെ ആഹ്വാനം ചെയ്തു. "ജീവിക്കുന്ന ദൈവത്തിലേക്ക് നിങ്ങൾ തിരിയണം... അവിടുന്നാണ് ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സമസ്തവും സൃഷ്ടിച്ചത്... ആകാശത്തുനിന്നു മഴയും ഫലപുഷ്ടമായ കാലാവസ്ഥയും നിങ്ങൾക്കു പ്രദാനം ചെയ്യുന്ന ദൈവത്തെ ആരാധിക്കുവിൻ" (അപ്പ.പ്ര. 14:15-17 ). ആഥൻസിലെ ജനങ്ങളോട് പൗലോസ് സംസാരിക്കുന്നത് അവരുടെതന്നെ സംസ്കാരത്തിന്റെ ചുവടുപിടിച്ചാണ്. ഗ്രീക്ക് തത്ത്വശാസ്ത്രവും കവിതകളും ഉൾക്കൊള്ളുന്ന മൂല്യങ്ങൾ ഉയർത്തിക്കാട്ടിക്കൊണ്ട് പൗലോസ് അവരോട് സുവിശേഷം ഘോഷിക്കുന്നു (അപ്പ.പ്ര. 17:22-31). എല്ലാ ജനതകളും എല്ലാ സംസ്കാരങ്ങളും പാരമ്പര്യങ്ങളും പരിശുദ്ധാത്മാവിന്റെ പ്രവർത്തനവേദികളാണെന്നും അവ ഉൾക്കൊള്ളുന്ന യഥാർത്ഥ മൂല്യങ്ങളൊന്നും സുവിശേഷത്തിന് അന്യമല്ലെന്നും നാം അംഗീകരിക്കണം. അതേസമയം വിവിധ സംസ്കാരങ്ങളിൽ സുവിശേഷത്തിന് വിരുദ്ധമായ പല ഘടകങ്ങളും ഉണ്ടെന്ന സത്യവും നാം വിസ്മരിക്കരുത്. അങ്ങനെയെങ്കിൽ വിവിധ സംസ്കാരങ്ങളും സുവിശേഷവും തമ്മിലുള്ള സംവാദത്തിൽ രണ്ടു കാര്യങ്ങളാണ് സംഭവിക്കേണ്ടത്. ഒന്ന്: ജനതകളുടെ സാംസ്കാരികവും ദേശീയവുമായ പാരമ്പര്യങ്ങളിൽ മറഞ്ഞുകിടക്കുന്ന ദൈവവചനത്തിന്റെ വിത്തുകൾ സന്തോഷത്തോടും ആദരവോടും കൂടി അന്വേഷിക്കുകയും തിരിച്ചറിയുകയും ചെയ്യുക (AG.11). രണ്ട്: ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട രക്ഷാകര സത്യത്തിന് വിരുദ്ധമായ എന്തെങ്കിലും ഘടകങ്ങൾ ഈ പാരമ്പര്യങ്ങളിൽ ഉണ്ടെങ്കിൽ അവയെ ശുദ്ധീകരിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുക. ഉദാഹരണമായി ഹൈന്ദവസംസ്കാരം ഉൾക്കൊള്ളുന്ന വിശിഷ്ട അംശങ്ങളെ ആദരിക്കുകയും സ്വായത്തമാക്കുകയും ചെയ്യുന്നതോടൊപ്പം അവയിലെ സുവിശേഷവിരുദ്ധമായ ഘടക

www.malankaralibrary.com

ങ്ങളെ തിരിച്ചറിയാനും ശുദ്ധീകരിക്കാനും കഴിയണം. ജാതി വ്യവസ്ഥിതിയും പല അന്ധവിശ്വാസങ്ങളും ഇന്ത്യയിൽ സുവിശേഷം നേരിടുന്ന വെല്ലുവിളികളാണ്. സഭയുടെ പ്രവർത്തനങ്ങൾ എല്ലാ ജനതകളിലേക്കും സംസ്കാരങ്ങളിലേക്കും വ്യാപിക്കണം. സുവിശേഷമൂല്യങ്ങളെ തിരിച്ചറിയാനും പ്രോജ്ജ്വലമാക്കാനും സഭയ്ക്ക് കഴിയണം. സുവിശേഷത്തെ എല്ലാ സംസ്കാരങ്ങളിലും അവതരിക്കാനിടയാക്കുകയാണ് സഭയുടെ ഇന്നത്തെ ഒരു പ്രത്യേക ദൗത്യം. മിഷനറിമാർ അവർ ഏതു സ്ഥലത്തു പ്രവർത്തിക്കുന്നുവോ അവിടുത്തെ സംസ്കാരവും ഭാഷയുമായി ഇഴുകിച്ചേരാൻ യത്നിക്കണം. സംസ്കാരാനുരൂപണം (Inculturation) ദൈവജനത്തെ മുഴുവൻ ഉൾക്കൊള്ളുന്ന ഒരു പ്രക്രിയയാകണം (RM. 55).

മതങ്ങൾ തമ്മിലുള്ള സംവാദം ഈ സന്ദർഭത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നു. എല്ലാ മനുഷ്യരിലും ദൈവം സന്നിഹിതനായി പ്രവർത്തിക്കുന്നുണ്ടെന്ന് സഭ വിശ്വസിക്കുന്നു. വിവിധ മതങ്ങളും ആധ്യാത്മിക പാരമ്പര്യങ്ങളും ദൈവാത്മാവിൻെറ നിഗൂഢമായ പ്രവർത്തനമേഖലകളാണ്. അപൂർണ്ണതകളും തെറ്റുകളുമുൾക്കൊള്ളുന്നുവെങ്കിലും ഈ മത പാരമ്പര്യങ്ങളെ സദാ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. സംവാദത്തിലൂടെ പരസ്പരം മനസിലാക്കാനും ധന്യമാക്കാനും വിവിധ മതങ്ങൾക്ക് സാധിക്കും. മനുഷ്യസ്വാതന്ത്ര്യത്തിൻെറ മന:സാക്ഷിയുടെ പ്രകടനം കൂടിയാണീ മതപാരമ്പര്യങ്ങൾ. സഭയതിനെ സർവോപരി ആദരിക്കുന്നു. മതങ്ങൾ തമ്മിലുള്ള സംവാദം സുവിശേഷവത്കരണത്തിൻെറ ഒരു രൂപമായിട്ടാണ് സഭ മനസിലാക്കുന്നത്(DP.82). ഇതും, മാനസാന്തരത്തെ ലക്ഷ്യം വച്ചുകൊണ്ടുള്ള സുവിശേഷ പ്രഘോഷണവും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ല. സുവിശേഷവത്കരണത്തിൻെറ പരസ്പരം ബന്ധപ്പെട്ട രണ്ട് വ്യത്യസ്ത മാർഗ്ഗങ്ങളാണവ. അവയിലൊന്ന് മറ്റതിന് പകരമാകുന്നില്ല. രണ്ടും ഒന്നുപോലെ പ്രോത്സാഹിപ്പിക്കേണ്ടതാണ്(RM. 55). ദൈവാത്മാവ് മനുഷ്യചരിത്രത്തിൽ വ്യത്യസ്ത-നിഗൂഢ-വിധങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെന്ന സത്യമാണ് വിവിധ മതങ്ങളെ ആദരിക്കാനും അവയുമായി സംവാദത്തിലേർപ്പെടാനും സഭയെ പ്രേരിപ്പിക്കുന്നത്. മുൻവിധികളും തെറ്റിദ്ധാരണകളും അസഹിഷ്ണുതയും മാറ്റിയെടുക്കാൻ തുറന്ന ഹൃദയത്തോടുകൂടിയുള്ള സംവാദം ഏറെ സഹായിക്കും. പല തലങ്ങളിൽ പണ്ഡിതന്മാർ തമ്മിൽ, മതപ്രതിനിധികൾ തമ്മിൽ, സാധാരണ വിശ്വാസികൾ തമ്മിൽ ഇത്തരം സംവാദങ്ങൾ നടക്കണം. സാധാരണ ജീവിത വ്യാപാരങ്ങളിൽ പരസ്പരം ബന്ധപ്പെട്ടു

www.malankaralibrary.com

കൊണ്ടു വിവിധ മതാനുയായികൾ അവരുടെ ആധ്യാത്മികാനുഭവങ്ങൾ പങ്കുവയ്ക്കുന്നത് ഏറ്റവും ആരോഗ്യകരമാണ്.

സഭ സംവാദത്തിലേർപ്പെടുന്നത് ദൈവം തനിക്ക് നൽകിയ അതുല്യമായ വെളിപാടിനെയും എല്ലാ ജനതകൾക്കും രക്ഷയുടെ കൂദാശയായിരിക്കാനുള്ള തന്റെ ദൈവവിളിയെയും മറന്നുകൊണ്ടാകരുത്. ക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനം ചരിത്രത്തിൽ തുടർന്നുകൊണ്ടുപോകാൻ എല്ലാവിധത്തിലും തന്നെത്തന്നെ ശിരസ്സായ ക്രിസ്തുവിന് അനുസരണപ്പെടുത്തുകയാണ് സഭ ചെയ്യേണ്ടത്. ഭൂമിയുടെ മുഖം നിരന്തരമായി പുതുതാക്കിക്കൊണ്ടിരിക്കുന്ന ആത്മാവിന്റെ പ്രവർത്തനങ്ങൾക്ക് സ്വയം കയ്യാളിക്കുക മാത്രമാണ് സഭയുടെ ധർമ്മം.

## ഉപസംഹാരം

ദൈവപിതാവിൽ നിന്നും യേശുവിലൂടെ സാർവത്രികസഭ സ്വീകരിച്ച പ്രേഷിത ദൗത്യം തന്നെയാണ് മലങ്കരസഭയും ഏറ്റെടുത്തിരിക്കുന്നത്. വിവിധ സാംസ്കാരിക പശ്ചാത്തലങ്ങളിൽ ജീവിക്കുന്ന മലങ്കരസഭാതനയരുടെ അസ്തിത്വ സാഹചര്യങ്ങളിൽ ഈ ദൗത്യം നിറവേറ്റുവാൻ മലങ്കരസഭയ്ക്ക് കഴിയണം. ദൈവരാജ്യ നിർമ്മിതിയാണ് സഭയുടെ പരമോന്നതലക്ഷ്യം. എല്ലാം നിരന്തരമായി നവീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രചോദനമനുസരിച്ച് തന്റെ പ്രേഷിതദൗത്യത്തിന്റെ വിവിധ തലങ്ങളിലുള്ള നിഷ്കൃഷ്ട രൂപങ്ങൾ മലങ്കരസഭയ്ക്ക് തിരിച്ചറിയാനാവണം. “തന്റെ നിക്ഷേപങ്ങളിൽ നിന്നും പഴയതും പുതിയതും പുറത്തെടുക്കുന്ന”( മത്താ. 13:52) വീട്ടുടമസ്ഥനെപ്പോലെ തുറന്ന ഹൃദയത്തോടും യാഥാർത്ഥ്യബോധത്തോടുംകൂടി മൂന്നാം സഹസ്രാബ്ദത്തിന്റെ വെല്ലുവിളികളെ നേരിടാൻ മലങ്കരസഭയ്ക്ക് സാധിക്കട്ടെ!

www.malankaralibrary.com

## ഗ്രന്ഥ സൂചി

01. AG = Ad gentes.രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ പ്രേഷിത പ്രവർത്തനം എന്ന ഡിക്രി

02. DH = Dignitatis Humanae. രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ 'മതസ്വാതന്ത്ര്യം' എന്ന ഡിക്രി.

03. DP = Dialogue and Proclamation. മതസംവാദത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലും, ജനതകളുടെ സുവിശേഷ വത്കരണത്തിനുവേണ്ടിയുള്ള തിരുസംഘവും ചേർന്നു പുറപ്പെടുവിച്ച മാർഗ്ഗരേഖ (1975).

04. EN = Evangelii Nuntiandi പോൾ IV മാർപ്പാപ്പായുടെ 'സുവിശേഷ പ്രഘോഷണം ആധുനികലോകത്തിൽ' എന്ന ചാക്രിക ലേഖനം (1975).

05. GS = Gaudium et Spes. രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ 'സഭ ആധുനിക ലോകത്തിൽ' എന്ന പ്രമാണരേഖ.

06. LG = Lumen Gentium. രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ 'തിരുസഭ' എന്ന പ്രമാണരേഖ.

07. MI = "ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്" ഫാ. തോമസ് ഇഞ്ചിക്കലോടി എഴുതിയ ജീവചരിത്രം (1957).

08. OT = Optatam Totius. രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ "വൈദിക പരിശീലനം" എന്ന ഡിക്രി.

09. RM = Redemtoris Missio. -ജോൺ പോൾ II മാർപ്പാപ്പായുടെ"രക്ഷകൻെറ ദൗത്യം" എന്ന ചാക്രികലേഖനം / 1990.

10. TMA =Tertio Millennio Adveniente. ജോൺ പോൾ II മാർപ്പാപ്പായുടെ "മൂന്നാം സഹസ്രാബ്ദത്തിലേക്ക്" എന്ന അപ്പസ്തോലിക ലേഖനം (1994).

11. UR = Unitatis Redintegratio രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ "എക്യുമെനിസം" എന്ന ഡിക്രി.

12. UUS = Ut Unum Sint. ജോൺ പോൾ II മാർപ്പാപ്പായുടെ "എല്ലാവരും ഒന്നാകുവാൻ" എന്ന ചാക്രികലേഖനം (1995).

www.malankaralibrary.com

# 8

# സാമൂഹ്യപ്രതിബദ്ധതയും സുവിശേഷവൽക്കരണവും

റവ.ഡോ. ജോൺ പടിപ്പുരയ്ക്കൽ

സുവിശേഷവുമായി ജനതകളുടെ മദ്ധ്യത്തിലേക്കു പോയ പ്രേഷിതരും സുവിശേഷാനുസൃതം ജീവിച്ച ക്രിസ്തീയ കൂട്ടായ്മകളും എക്കാലവും സാമൂഹ്യജീവിതത്തിലെ വിവിധ മേഖലകളിൽ ശുശ്രൂഷ നല്കിയിരുന്നു. വിദ്യാഭ്യാസം, തൊഴിൽപരിശീലനം, രോഗീപരിചരണം, ആതുരശുശ്രൂഷ തുടങ്ങിയ മേഖലകളിൽ ക്രൈസ്തവർ നിസ്തുലമായ സേവനം അനുഷ്ഠിച്ചിരുന്നു. ആധുനിക കാലത്ത് സാമൂഹിക ശുശ്രൂഷയുടെ മേഖലകൾക്ക് ഏറെ വൈപുല്യം കൈവന്നു. മാത്രമല്ല, സാമൂഹിക സാമ്പത്തിക സാംസ്കാരിക മേഖലകളിലെ സഭയുടെ ശുശ്രൂഷ ഏറെ താല്പര്യത്തോടെ എല്ലാവരും വീക്ഷിക്കുന്നുമുണ്ട്. ഇത്തരുണത്തിൽ'സുവിശേഷം നല്കുക' എന്ന സഭയുടെ ദൗത്യവുമായി സാമൂഹിക ശുശ്രൂഷ എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു എന്നത് സവിശേഷമായ ശ്രദ്ധ അർഹിക്കുന്ന വിഷയമാണ്. വിശ്വാസവും സാമൂഹിക ശുശ്രൂഷയും തമ്മിൽ എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് വ്യക്തികളും ഇതോടു ചേർന്ന് പരിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു.

രാഷ്ട്രീയ സാമൂഹികവ്യവസ്ഥിതിയിൽ വന്ന മാറ്റങ്ങൾ ജീവിതക്രമങ്ങൾക്കും മാറ്റം വരുത്തിയിട്ടുണ്ട്. സാമൂഹിക സാമ്പത്തിക മേഖലകളിലെ സംവിധാനം നിർവ്വഹിക്കുന്നത് രാഷ്ട്രീയ സാമ്പത്തിക മേഖലകളിലെ വിദഗ്ധരാണ്. സാമൂഹിക സാമ്പത്തിക കാര്യങ്ങൾക്ക് സാങ്കേതികമായ ഉത്തരം നല്കേണ്ടത് അതാതു മേഖലകളിലെ വിദഗ്ധരാണ്. ഈ സാഹചര്യത്തിൽ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മേഖലകളിൽ സഭ നിർബന്ധമായും ശുശ്രൂഷ നൽകേണ്ടതുണ്ടോ? സഭയുടെ ശുശ്രൂഷയുടെ

www.malankaralibrary.com

ഉപഭോക്താക്കൾ ഏറെയും ദാരിദ്ര്യത്താൽ ക്ലേശം അനുഭവിക്കുന്നവരാണ്. ഇവർക്ക് സുവിശേഷം നല്കുന്നതിൽ ഉപരിയായി എന്തെങ്കിലും നൽകാൻ ക്രിസ്തീയ വിശ്വാസികൾക്കും സഭാകൂട്ടായ്മക്കും കടപ്പാടുണ്ടോ?

മഹാജൂബിലിയുടെ പശ്ചാത്തലത്തിൽ നവസുവിശേഷവൽക്കരണത്തിന് പ്രതിജ്ഞാബദ്ധരായിരിക്കുന്ന മലങ്കരസഭയ്ക്ക് സാമൂഹിക ശുശ്രൂഷ പ്രാധാന്യമർഹിക്കുന്ന രംഗമാണ്. സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായി അവികസിതാവസ്ഥയിൽ കഴിയുന്ന നല്ലൊരു വിഭാഗം മലങ്കരസഭാകൂട്ടായ്മയിലുണ്ട്. ഇവരോടും വിശിഷ്യാ ദളിതരും; ഇതര പിന്നോക്ക വിഭാഗത്തിൽ പെടുന്നവരുമായ ആളുകളോടുമുള്ള സഭയുടെ പരിഗണന ഏതുവിധത്തിലുള്ളതായിരുന്നു? നാളിതുവരെയുള്ള സഭാശുശ്രൂഷ സഭയിലെ, സമൂഹത്തിലെ ഏറ്റം ദുർബലമായ വിഭാഗങ്ങൾക്കാണോ ലഭ്യമായിട്ടുള്ളത്?

താഴെപ്പറയുന്ന ഭാഗങ്ങളിലായി ഈ ചോദ്യങ്ങൾ ചർച്ച ചെയ്യാനാണ് ശ്രമിക്കുന്നത്.

I. ഉടമ്പടിയും പാവങ്ങളോടുള്ള പരിഗണനയും

II. സുവിശേഷവും ദരിദ്രരും

III. വിശ്വാസവും സാമൂഹികശുശ്രൂഷയും സഭാചരിത്രത്തിൽ

IV. സുവിശേഷപ്രഘോഷണവും സാമൂഹികശുശ്രൂഷയും സഭാപ്രബോധനത്തിൽ

V. ആരാധനക്രമവും സാമൂഹികാവബോധവും

VI. നിഗമനങ്ങൾ

VII. മലങ്കരസഭയുടെ ശുശ്രൂഷാമേഖലകൾ

VIII. ഇടവക/ രൂപതാ/ സഭാകൂട്ടായ്മയും സാമൂഹികശുശ്രൂഷയും

## 1. ഉടമ്പടിയും പാവങ്ങളോടുള്ള പരിഗണനയും

പഴയനിയമം അനുസരിച്ച് ദരിദ്രർ ദൈവത്തിന്റെ പ്രത്യേക പരിഗണനയ്ക്ക് പാത്രീഭൂതരും തെരഞ്ഞെടുക്കപ്പെട്ടവരുമാണ്. പഴയനിയമം വിശകലനം ചെയ്യാനുള്ള അടിസ്ഥാനസൂചിക പുറപ്പാടിന്റെ പുസ്തകത്തിലെ അടിച്ചമർത്തപ്പെട്ടവരോടുള്ള ദൈവത്തിന്റെ വെളിപാടാണ്. (പുറ. 3:1-17). യഹോവയായ ദൈവം വിമോചകനും രക്ഷകനുമായി മർദ്ദിതരായ ഇസ്രായേൽക്കാർക്കു വെളിപ്പെടുത്തുന്നു. ദൈവം ഇസ്രായേലു

www.malankaralibrary.com

മായി ഉണ്ടാക്കിയ ഉടമ്പടി സ്വാതന്ത്ര്യത്തിൻെറ ഉടമ്പടിയത്രേ. പാവങ്ങളോടും ബലഹീനരോടും ഇസ്രായേൽ പ്രകടിപ്പിക്കേണ്ടിയിരുന്ന പ്രതിബദ്ധതനിറഞ്ഞ പരിഗണനന ഉടമ്പടിയുടെ പാലനത്തിൻെറ അടയാളമായിരുന്നു(പുറ.20:2-7). അടിമകളുടെ വിമോചനവും സാബത്തുവർഷത്തിൽ വയലിൽനിന്നും മുന്തിരിതോട്ടത്തിൽനിന്നും ഒലിവുതോട്ടത്തിൽ നിന്നും ഭക്ഷ്യവിഭവങ്ങൾ ശേഖരിക്കാൻ ദരിദ്രരെ അനുവദിക്കുന്നതും ഉടമ്പടിയിലെ വ്യവസ്ഥപ്രകാരമായിരുന്നു(പുറ. 23:10-11; ലേവ്യ.25:2-7; നിയ.15:11). ദരിദ്രനെ അടിച്ചമർത്താനും അവനെതിരായി വരത്തക്കവിധം നീതിയെ വളച്ചൊടിക്കാനും യാതൊരു നിയമനിർമ്മാണവും പാടില്ല എന്നു യഹോവയായ ദൈവം കല്പിച്ചിരുന്നു. ഭൂമി എന്നന്നേക്കുമായി വില്ക്കാനും പാടില്ലായിരുന്നു(ലേവ്യ. 25:23). വില നല്കി തിരികെ എടുക്കാൻ സാധിക്കുന്നില്ലെങ്കിൽ ജൂബിലിവർഷത്തിൽ ഭൂമി നിരുപാധികം ഉടമസ്ഥന് വിട്ടുകൊടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു (ലേവ്യ. 25:28).

രാജാധിപത്യത്തിൻെറ കാലമായപ്പോഴേക്കും ഇസ്രായേലിൽ ഉച്ചനീചത്വങ്ങൾ രൂപം കൊണ്ടു. സാമ്പത്തിക സാമൂഹിക അസമത്വങ്ങൾ ആളുകളുടെ ഇടയിൽ വർദ്ധിച്ചു. നീതിരഹിതമായ പെരുമാറ്റത്താൽ ഗ്രാമങ്ങളിലും നഗരങ്ങളിലും ദാരിദ്ര്യം വളരെ രൂക്ഷമായി (ആമോസ് 2:7, 4:1). അസഹനീയമായ അനീതികൾക്കു മദ്ധ്യേ ദൈവത്തെ വിളിച്ചു കേഴുന്ന ദരിദ്രൻെറ ചിത്രം സങ്കീർത്തനത്തിൽ നാം കൂടെക്കൂടെ കാണുന്നുണ്ട് (സങ്കീ. 7,9,10,11,17). അവൻെറ ഏക പ്രത്യാശ ദൈവമാണ്. ഈ പശ്ചാത്തലത്തിലാണ് ഉടമ്പടിയിലേക്ക് മടങ്ങാനും സാമൂഹിക പരിവർത്തനം സാധ്യമാക്കാനുമുള്ള നിയമാവർത്തനപുസ്തകത്തിൻെറ ആഹ്വാനം പ്രസക്തമാകുക (നിയ. 15:4). പ്രവാചകർ ശബ്ദം ഉയർത്തിയത് ദാരിദ്ര്യം സൃഷ്ടിക്കുന്ന അനീതിക്കെതിരെയാണ്. രാഷ്ട്രീയ അസ്വസ്ഥതക ളുടെ നടുവിൽ അനീതിയും അഴിമതിയും ചൂഷണവും കൊഴുത്തുവളർന്നപ്പോൾ പ്രവാചകർ ശബ്ദമുയർത്തി (ആമോസ് 8:4-11).

> ദരിദ്രരെ ചവിട്ടിമെതിക്കുകയും പാവപ്പെട്ടവരെ നശിപ്പിക്കുകയും ചെയ്യുന്നവരേ, കേൾക്കുവിൻ. ധാന്യങ്ങൾ വിറ്റഴിക്കേണ്ടതിന് അമാവാസി കഴിയുന്നതെപ്പോൾ, ഗോതമ്പു വില്ക്കേണ്ടതിനും ഏഫാ ചെറുതാക്കുന്നതിനും ഷെക്കൽ വലുതാക്കുന്നതിനും കള്ളത്തുലാസുകൊണ്ടു കച്ചവടം ചെയ്യുന്നതിനും ദരിദ്രരെ വെള്ളിക്കും നിരാലംബരെ ഒരു ജോടി ചെരിപ്പിനും വിലയ്ക്കു വാങ്ങേണ്ടതിനും പതിരു വിറ്റഴിക്കേണ്ടതിനും സാബത്തു കഴിയുന്നതെപ്പോൾ എന്നു നിങ്ങൾ ചോദിക്കുന്നു... കർത്താവ് ശപഥം ചെയ്യുന്നു: അവരുടെ

www.malankaralibrary.com

പ്രവൃത്തികൾ ഞാൻ ഒരുനാളും മറക്കുകയില്ല...ദേശത്ത് ഞാൻ ക്ഷാമം അയയ്ക്കുന്ന നാളുകൾ വരുന്നു. ഭക്ഷണക്ഷാമമോ ദാഹജലത്തിനുള്ള വറുതിയോ അല്ല, കർത്താവിൻെറ വചനം ലഭിക്കാത്തതുകൊണ്ടുള്ള ക്ഷാമമായിരിക്കും അത് (ആമോ. 8:4-11).

ദരിദ്രനെയും നിരാലംബനെയും ഞെരുക്കുന്നവന് ജീവദായകമായ വചനം ലഭിക്കില്ല എന്ന ആമോസിൻെറ പ്രവചനം ജെറമിയായിലും നാം കാണുന്നുണ്ട്. പാവപ്പെട്ടവനെ ചവിട്ടിമെതിക്കുന്നവൻെറ ആരാധന സ്വീകരിക്കപ്പെടുകയില്ല എന്നും ജെറമിയാ വഴി ദൈവം കല്പിക്കുന്നു:

നിങ്ങളുടെ മാർഗങ്ങളും പ്രവൃത്തികളും നേരെയാക്കുവിൻ...കർത്താവിൻെറ ആലയം, കർത്താവിൻെറ ആലയം, കർത്താവിൻെറ ആലയം എന്ന പൊള്ളവാക്കുകളിൽ ആശ്രയിക്കരുത്. നിങ്ങളുടെ മാർഗങ്ങളും പ്രവൃത്തികളും തിരുത്തിയാൽ, അയല്ക്കാരനോടു യഥാർത്ഥമായ നീതി പുലർത്തിയാൽ, പരദേശിയെയും അനാഥനെയും വിധവയെയും ചൂഷണം ചെയ്യാതെയും ഇവിടെ നിഷ്കളങ്കരക്തം ചിന്താതെയുമിരുന്നാൽ, നിങ്ങളുടെതന്നെ നാശത്തിന് അന്യദേവന്മാരുടെ പിറകെ പോകാതിരുന്നാൽ, ഇവിടെ, നിങ്ങളുടെ പിതാക്കന്മാർക്കു ഞാൻ നല്കിയ ഈ ദേശത്ത്, എന്നേക്കും വസിക്കാൻ ഞാൻ നിങ്ങളെ അനുവദിക്കും (ജെറ. 7:3-7).

കർത്താവിനെ അന്വേഷിക്കുക; നീതി അന്വേഷിക്കുക എന്ന ആഹ്വാനം പ്രവചനങ്ങളിൽ നാം കൂടെക്കൂടെ കാണുന്നുണ്ട്. (ആമോ. 5:7; 10-15; 21-27). പ്രവാചകർ ദൈവവചനം അറിയിച്ചത് പാവപ്പെട്ടവരുടെ, ദരിദ്രരുടെ സംരക്ഷകനായ ദൈവത്തിൻെറ വീക്ഷണത്തിലൂടെയായിരുന്നു(ഏശ. 10:1-4). "ദരിദ്രരോടു ദയ കാണിക്കുന്നവൻ കർത്താവിനാണ് കടംകൊടുക്കുന്നത്; അവിടുന്ന് ആ കടം വീട്ടും."(സുഭാ. 19:17) എന്ന തിരുവചനം ദരിദ്രനു നൽകുന്ന പരിഗണനയെ വിശ്വാസജീവിതത്തിൻെറ അവിഭാജ്യഘടകമായി ഉയർത്തിക്കാട്ടുന്നു.

## II. സുവിശേഷവും ദരിദ്രരും

യേശുവിൻെറ മാനിഫെസ്റ്റോ എന്നറിയപ്പെടുന്ന നസ്രത്തിലെ പ്രസംഗം അവിടുന്ന് പാവപ്പെട്ടവരോടു പ്രകടിപ്പിച്ച വ്യവസ്ഥാതീതമായ രക്ഷാകരസ്നേഹത്തിൻെറ രൂപരേഖയായിരുന്നു:

"കർത്താവിൻെറ ആത്മാവ് എൻെറമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരി

www.malankaralibrary.com

ക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ച മർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ. 4:18-19).

സമ്പത്തിനും ദാരിദ്ര്യത്തിനും മദ്ധ്യേ യേശു തെരെഞ്ഞെടുത്തത് ദാരിദ്ര്യമായിരുന്നു. യേശുവിൻെറ പ്രഘോഷണത്തിലൂടെയും അടയാള ങ്ങളിലൂടെയും ദൈവരാജ്യത്തിൻെറ സാന്നിദ്ധ്യം ഏവർക്കും അനുഭവ വേദ്യമായിത്തീർന്നു. ദൈവരാജ്യത്തിൻെറ സുവിശേഷം തിരിച്ചറിഞ്ഞ് സ്വീകരിച്ചത് ലോകത്തിലെ ഏറ്റം നിർഭാഗ്യവാന്മാരായിരുന്നു. പ്രഘോ ഷണത്തിലും പ്രവൃത്തിയിലും യേശു സമൂഹഗാത്രത്തിൻെറ അതിർ വരമ്പുകളിലേക്ക് തള്ളപ്പെട്ട 'ചുങ്കക്കാരും പാപികളും വേശ്യകളു'മൊക്കെ യായി താദാത്മ്യപ്പെട്ടു; സമകാലീന സമൂഹം പരിഗണിക്കാതിരുന്ന സ്ത്രീ കളും കുട്ടികളും യേശുവിൻെറ പരസ്യജീവിതത്തിൽ സവിശേഷ ശ്രദ്ധ ലഭിച്ചവരാണ്(ലൂക്കാ 5:27-32; 7:36-50; 19:1-10; 18:15-17). ദരിദ്രർക്ക് അവി ടുന്ന് സ്വർഗരാജ്യം വാഗ്ദാനം ചെയ്തു(ലൂക്കാ 6:20). അവർ അനുഗ്രഹി ക്കപ്പെടുന്നത് പ്രഥമമായി അവരുടെ ആന്തരിക മനോഭാവം പരിഗണിക്ക പ്പെട്ടല്ല; അവരുടെ പ്രത്യേകാവകാശം ദൈവത്തിൻെറ നീതിയിലത്രേ അധിഷ്ഠിതമായിരിക്കുന്നത്. കാരണം ദൈവം അനീതിയുടെ നീതിയി ലത്രേ അധിഷ്ഠിതമായിരിക്കുന്നത്. ദൈവം അനീതിയുടെ മദ്ധ്യേ നിഷ് ക്രിയനോ നിർമ്മമതനോ അല്ല. ദൈവരാജ്യം സ്ഥാപിക്കാൻ അവിടുന്ന് തെരഞ്ഞെടുക്കുക ദരിദ്രരെയാണ്. യേശുവിലൂടെ ഉദയം ചെയ്യുകയും യുഗാന്ത്യത്തിൽ സാകല്യം കാണുകയും ചെയ്യുന്ന മെസിയാനിക ഭരണം ഈ ലോകത്തിലെ അപ്രധാനരോടും പാവപ്പെട്ടവരോടും അടിച്ചമർത്ത പ്പെട്ടവരോടും ബന്ധപ്പെട്ടതത്രേ(മത്താ. 22:1-14). 'ദൈവത്തെ സ്നേഹി ക്കുക', 'അയൽക്കാരനെ സ്നേഹിക്കുക' എന്നിങ്ങനെ കല്പനകളെ രണ്ടായി യേശു സംഗ്രഹിക്കുന്നുണ്ട്(മത്താ. 10:34-40; മർക്കോ. 12:28-32). എന്നാൽ അന്ത്യവിധിയുടെ മാനദണ്ഡത്തെക്കുറിച്ച് പഠിപ്പിക്കുമ്പോൾ കല്പനകളെ ഒന്നായി യേശു സംഗ്രഹിക്കുന്നു. സഹോദരനെ സ്നേഹി ക്കുന്നവൻ, ശുശ്രൂഷിക്കുന്നവൻ ദൈവത്തെതന്നെയാണ് സ്നേഹി ക്കുന്നതും ശുശ്രൂഷിക്കുന്നതും എന്ന് അവിടുന്നു പഠിപ്പിച്ചു (മത്താ. 25:31-46).

"അവരുടെയിടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരും ഉണ്ടായി രുന്നില്ല" എന്ന അസാധാരണമായ അവസ്ഥ സംജാതമാകത്തക്കവിധം

www.malankaralibrary.com

സമ്പാദ്യങ്ങളെല്ലാം ആദിമസഭാംഗങ്ങൾക്ക് പൊതുവായിരുന്നു(അപ്പ.4: 32-37). ജറുസലേമിലെ ദരിദ്രർക്കുവേണ്ടി വിവിധസഭകളിൽ ധനശേഖരണം നടത്തുന്ന പൗലോസ്, ആദിമസഭ പാവങ്ങളോട് പുലർത്തിയിരുന്ന സ്നേഹത്തിൻെറയും കാരുണ്യത്തിൻെറയും ഉദാഹരണമായിരുന്നു. കാരുണ്യപ്രവർത്തനങ്ങളിലുള്ള കോറിന്ത്യാക്കാരുടെ താല്പര്യം അവരുടെ സ്നേഹത്തിൻെറ വാസ്തവികത വെളിവാക്കുന്ന അളവുകോലാണെന്ന് വി.പൗലോസ് എഴുതുന്നുണ്ട് (കോറി. 8:8). സ്നേഹവിരുന്നിൽ സാമൂഹിക സാമ്പത്തിക വ്യത്യാസങ്ങൾക്ക് അതീതമായി സമത്വം പാലിക്കണമെന്നും പരസ്പരം പരിഗണന കാണിക്കണമെന്നും വി.പൗലോസ് അനുശാസിക്കുന്നുണ്ട് (കോറി. 11:17-34).

വി.യാക്കോബിൻെറ ഉപദേശത്തിൽ ദരിദ്രർ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരാണ്. ദരിദ്രനെ അവഗണിക്കുകയും; ബലഹീനന് നീതി നിഷേധിക്കുകയും ചെയ്യുന്ന ധനികന് കടുത്ത ശിക്ഷയാണ് വി.യാക്കോബ് കല്പിക്കുന്നത്(യാക്കോ. 2:1-13; 5:1-6). സ്നേഹവും കരുണയും നിറഞ്ഞ പ്രവർത്തികളാണ് വിശ്വാസത്തിൻെറ പൂർണ്ണമായ തെളിവ് (യാക്കോ.2:14-18) എന്നും വി.യാക്കോബ് പഠിപ്പിക്കുന്നു.

## III. വിശ്വാസവും സാമൂഹികശുശ്രൂഷയും സഭാചരിത്രത്തിൽ

ദരിദ്രർക്കും നിരാലംബർക്കും സംരക്ഷണം നൽകുക സുവിശേഷാധിഷ്ഠിതമായ കടപ്പാടാണെന്ന ബോധ്യം സഭയിൽ എക്കാലത്തും ഉണ്ടായിരുന്നു. വിശ്വാസികൾ പ്രാർത്ഥനാകൂട്ടായ്മകളിൽ പാവപ്പെട്ടവർക്കുവേണ്ടി സംഭാവന നല്കിയിരുന്നു. അത്തരം സംഭാവനകളെ "ഭക്തിനിക്ഷേപങ്ങൾ" എന്നാണ് തെർത്തുല്യൻ വിശേഷിപ്പിക്കുന്നത്. പാവങ്ങളെ തീറ്റിപ്പോറ്റാനും മരിച്ചരെ സംസ്കരിക്കാനും മാതാപിതാക്കന്മാരില്ലാതെയും ഉപജീവനമാർഗമില്ലാതെയും ഉഴലുന്ന യുവതീയുവാക്കന്മാരെ സംരക്ഷിക്കാനും വൃദ്ധരെ പരിപാലിക്കാനും കപ്പൽനാശത്തിൽപ്പെട്ടവരെ സഹായിക്കാനുമാണ് ആ സംഭാവനകൾ ഉപയോഗിച്ചിരുന്നത്(Apologia secunda XXXIX). പഴയനിയമപ്രവാചകരെ അനുസ്മരിക്കുന്ന തീവ്രതയോടെ പാവങ്ങളുടെ പക്ഷം ചേർന്ന സഭാപിതാവാണ് വി.ജോൺ ക്രിസോസ്റ്റോം. അക്കാരണത്താൽ തന്നെ പീഡനമേല്ക്കുവാനും നാടുകടത്തപ്പെടാനും അദ്ദേഹത്തിന ഇടയായി (A.Gille, The Church and the Poor,pp.12-15). അനേകം സന്ന്യാസസഭകൾ ആരംഭിച്ചത് പാവങ്ങളെയും നിരാലംബരെയും രോഗികളെയും സംരക്ഷിക്കാനാണ്. വിദ്യാഭ്യാസം, രോഗീശുശ്രൂഷ, തൊഴിൽപരിശീലനം എന്നീ മേഖലകളിൽ സന്ന്യാസസഭകൾ നല്കിയിട്ടുള്ള സംഭാവനകൾ നിസ്തുലങ്ങളാണ്.

www.malankaralibrary.com

സമ്പത്തിൻെറ സാമൂഹികവശം ചൂണ്ടിക്കാണിച്ചുകൊണ്ട് 'ഉള്ളവർ ഇല്ലാത്തവനുമായി സമ്പത്തു പങ്കുവയ്ക്കണമെന്നും അപ്രകാരം മാന്യമായ ജീവിതത്തിന് എല്ലാവർക്കും അവസരമുണ്ടാകണമെന്നും' വി.തോമസ് അക്വിനാസ് സമർത്ഥിക്കുന്നുണ്ട്. (Summa Th.2a 2ae Q.Ixv-Ixvi, art 2 2a; 2ae Q. xxxii, art.6).

## IV. സുവിശേഷപ്രഘോഷണവും സാമൂഹിക ശുശ്രൂഷയും ആധുനിക സഭാപ്രബോധനത്തിൽ

സ്രോതസ്സുകളിലേക്കു മടങ്ങുന്ന സഭയെ ഇരുപതാം നൂറ്റാണ്ടിൽ നാം കാണുന്നു. സുവിശേഷപ്രഘോഷണം സംബന്ധിച്ച വീക്ഷണത്തിൽ വി.ഗ്രന്ഥത്തിൻെറ അരൂപിയിലേക്കും പിതാക്കന്മാരുടെ പ്രബോധനങ്ങളിലേക്കും സഭ താല്പര്യത്തോടെ മടങ്ങുന്നതായി കാണാം.

സുവിശേഷപ്രഘോഷണത്തിൻെറ ഭാഗമായിത്തന്നെ സാമൂഹികവും സാമ്പത്തികവുമായ സംവിധാനങ്ങളുടെ ഉന്നതിക്കായി സഭാസന്താനങ്ങൾ പ്രവർത്തിക്കണമെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് നിർദ്ദേശിക്കുന്നു. മനുഷ്യോചിതമായി ജീവിത വ്യവസ്ഥിതി കെട്ടിപടുക്കുന്നതിനും വിശപ്പിനും അജ്ഞതയ്ക്കും രോഗത്തിനുമെതിരായി പൊരുതുന്നതിനും മനുഷ്യൻെറ വ്യക്തി മാഹാത്മ്യം ഉയർത്തിപ്പിടിക്കുന്നതിനും ക്രൈസ്തവർ എല്ലാവരോടുമൊപ്പം അദ്ധ്വാനിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് രണ്ടാംവത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുകയുണ്ടായി. ഇതെല്ലാം മനുഷ്യസമൂഹത്തിൽ ക്രൈസ്തവരുടെ സ്നേഹത്താൽ പൂരിതമായ സുവിശേഷ സാന്നിദ്ധ്യമായാണ് സൂനഹദോസ് കാണുന്നത് (പ്രേഷിതപ്രവർത്തനം,ഖണ്ഡിക 12).

സുവിശേഷം മനുഷ്യൻെറ വ്യക്തിപരവും സാമൂഹികവുമായ ജീവിതം സമൂലം രൂപാന്തരപ്പെടുത്തുന്ന മൂല്യം ഉൾക്കൊള്ളുന്നുവെന്ന് പോൾ ആറാമൻ മാർപ്പാപ്പായുടെ സുവിശേഷപ്രഘോഷണം (Evangelii Nuntiandi) എന്ന സിനഡാനന്തര അപ്പസ്തോലിക പ്രബോധനം വ്യക്തമാക്കുന്നു. മനുഷ്യൻെറ സർവ്വതോന്മുഖമായ പുരോഗതിയും സുവിശേഷവത്ക്കരണവും തമ്മിൽ ഗാഢമായ ബന്ധമുണ്ട്. സുവിശേഷം സ്വീകരിക്കുന്ന മനുഷ്യൻ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ വിവിധ ബന്ധങ്ങൾക്ക് അധീനനായ വ്യക്തിയാണ്. മനുഷ്യൻെറ ആത്മീയ മേഖലയെ വിസ്മരിക്കാതെ എല്ലാത്തരത്തിലുമുള്ള വിമോചനമാണ് സുവിശേഷപ്രഘോഷണം ലക്ഷ്യമാക്കേണ്ടത് (സുവിശേഷപ്രഘോഷണം, ഖണ്ഡികകൾ29,31). സുവിശേഷാധിഷ്ഠിതമായ മനുഷ്യ

www.malankaralibrary.com

ദർശനം; സുവിശേഷവത്ക്കരണത്തിൻെറ അടിസ്ഥാനമായിരിക്കണം എന്ന് സുവിശേഷ പ്രഘോഷണത്തിൻെറ പ്രബോധനം (ഖണ്ഡിക 35), രക്ഷകൻെറ മിഷൻ (Redemptoris Misso) എന്ന ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ ചാക്രികലേഖനം കൂടുതൽ വ്യക്തമായി അവതരിപ്പിക്കുന്നു.മനുഷ്യനാണ് എല്ലാ പുരോഗതിയുടെയും കർത്താവും കാരണക്കാരനും. അംഗീകരിക്കപ്പെട്ട ഈ യാഥാർത്ഥ്യത്തിന് ഊന്നൽ നല്കി രക്ഷകൻെറ മിഷൻ ഇപ്രകാരം പഠിപ്പിക്കുന്നു:

> "നമ്മുടെ സഹോദരനുവേണ്ടി നമുക്കു ചെയ്യാവുന്ന ഏറ്റവും നല്ല സേവനം സുവിശേഷം അറിയിക്കുകയാണ്. ദൈവപുത്രനായി ജീവിക്കാനും പ്രവർത്തിക്കാനും അത് അവനെ പഠിപ്പിക്കും: അനീതികളിൽ നിന്നു സ്വതന്ത്രനാക്കും; അവൻെറ സമഗ്രവികസനത്തിന് സഹായിക്കും. സാമ്പത്തികവും സാങ്കേതികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ നേരിട്ടിറങ്ങി പ്രവർത്തിക്കുക സഭയുടെ ദൗത്യമല്ല. വികസനത്തിനുവേണ്ടി ഭൗതികമായ സഹായങ്ങൾ ചെയ്യാനും സഭയ്ക്കാവില്ല. എന്നാൽ "കൂടുതൽ ഉണ്ടായിരിക്കുക" എന്നതിലല്ല, "കൂടുതൽ ആയിത്തീരുക" (Note "to have more", but "to be more") എന്നതിന് ജനങ്ങൾക്ക് അവസരം നല്കുക എന്നതാണ് ഈ കാര്യത്തിൽ സഭയുടെ പ്രധാന മിഷൻ. ഇത് സുവിശേഷത്തിലൂടെ മാനവ മനസ്സാക്ഷിയെ തട്ടിയുണർത്തി സാധിക്കേണ്ട കാര്യമാണ്. "സമ്യക്കായ മാനവ വികസനം സുവിശേഷവൽക്കരണത്തിൽ അഗാധമായി വേരൂന്നിയിരിക്കുകയാണ്".

സഭയും സഭയിലെ മിഷനറിമാരും വിദ്യാലയങ്ങൾ, ആശുപത്രികൾ, അച്ചടിശാലകൾ, സർവ്വകലാശാലകൾ, പരീക്ഷണശാലകൾ മുതലായവ നടത്തി വികസനം ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ബഹുജനവികസന പ്രക്രിയ പണത്തിൽ നിന്നോ ഭൗതിക സഹായങ്ങളിൽ നിന്നോ സാങ്കേതികോപാധികളിൽ നിന്നോ ഉരുത്തിരിയുന്നതല്ല. പിന്നെയോ, മനസ്സാക്ഷി രൂപീകരണത്തിൽ നിന്നും ചിന്താരീതികളുടെയും പെരുമാറ്റശൈലികളുടെയും അനുക്രമമായ പരിപാകത്തിൽ നിന്നുമാണ് അതുണ്ടാകുന്നത്. വികസനത്തിൻെറ മുഖ്യകാര്യക്കാരൻ മനുഷ്യൻ തന്നെയാണ്. പണമോ സാങ്കേതികതയോ അല്ല. സഭ മാനവ മനസ്സാക്ഷിയെ മെനെഞ്ഞെടുക്കുന്ന കർമ്മത്തിലാണ് മുഴുകുന്നത്. മനുഷ്യൻ അന്വേഷിച്ചിട്ടും കണ്ടെത്താത്ത ദൈവത്തെ സഭ കാണിച്ചുകൊടുക്കുന്നു. ദൈവത്തിൻെറ ഛായയിൽ സൃഷ്ടിച്ച, ദൈവം സ്നേഹിക്കുന്ന മനു

www.malankaralibrary.com

ഷ്യൻെറ ശ്രേയസ്സ്, ദൈവത്തിൻെറ മക്കളെന്ന നിലയിലുള്ള സ്ത്രീ പുരുഷന്മാരുടെ സമത്വം, ദൈവം മനുഷ്യനുവേണ്ടി സൃഷ്ടിച്ച പ്രകൃതിയിന്മേലുള്ള അവൻെറ ആധിപത്യം, പൂർണ്ണ വ്യക്തിയുടെയും സമസ്ത മാനവരാശിയുടെയും വികസനത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള കടമ ആദിയായവയെല്ലാം സഭ മുമ്പോട്ടു വയ്ക്കുന്ന മാർഗരേഖകളാണ് (രക്ഷകൻെറ മിഷൻ, ഖണ്ഡിക 58).

സുവിശേഷ പ്രഘോഷണവും മാനവപുരോഗതിയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. കാരണം, രണ്ടും ദൈവരാജ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. മാത്രമല്ല, ദൈവത്തിൽനിന്ന് ആരംഭിച്ച് ദൈവത്തിൽ തിരികെ എത്തുന്ന മനുഷ്യദർശനവും വികസനവുമാണ് ക്രിസ്തീയ വിശ്വാസം ലക്ഷ്യമാക്കുക(രക്ഷകൻെറ മിഷൻ ഖണ്ഡിക 59)..

1971-ൽ നടന്ന മെത്രാന്മാരുടെ സൂനഹദോസ് നീതിയുടെ സുവിശേഷാധിഷ്ഠിതമായ മാനം വ്യക്തമാക്കുകയും നീതിക്കുവേണ്ടിയുള്ള പ്രവർത്തനം എങ്ങനെ സുവിശേഷവത്ക്കരണത്തിൻെറ ഭാഗമാകുന്നുവെന്ന് പഠിപ്പിക്കുകയും ചെയ്തു: "നീതിക്കുവേണ്ടിയുള്ള പ്രവർത്തനവും ലോകത്തിൻെറ പരിവർത്തനത്തിനുവേണ്ടിയുള്ള പങ്കാളിത്തവും പൂർണമായും സുവിശേഷപ്രഘോഷണത്തിൻെറ അവിഭാജ്യഘടകമായി ഞങ്ങൾക്കു തോന്നുന്നു: അഥവാ, മറ്റുവാക്കുകളിൽ പറഞ്ഞാൽ, മനുഷ്യവംശത്തിൻെറ വീണ്ടെടുപ്പിനും (രക്ഷയ്ക്കും) എല്ലാത്തരം പാരതന്ത്ര്യത്തിൻെറ (അടിച്ചമർത്തലിൻെറ) സാഹചര്യത്തിൽ നിന്നുള്ള അതിൻെറ വിമോചനത്തിനുമുള്ള സഭയുടെ ദൗത്യമാണ്" ("Justice in the world" in Austin Flannery (Ed.), Vatican Council II: More Post Conciliar Documents, P.696). പാവങ്ങളോടുള്ള പ്രതിബദ്ധതയും നീതിനിഷ്ഠമായ സമൂഹനിർമ്മിതിക്കുവേണ്ടിയുള്ള പ്രവർത്തനവുമില്ലാതെ സുവിശേഷ വത്ക്കരണം പൂർണ്ണമാകുന്നില്ല എന്ന് സഭയുടെ പ്രബോധനം വ്യക്തമാക്കുന്നു.

കഴിഞ്ഞ ഒരു നൂറ്റാണ്ടായി സാമൂഹികപ്രബോധനത്തിലൂടെ (Social Doctrine: Social Teaching) സഭ സാമൂഹിക കാര്യത്തിലുള്ള സഭയുടെ താല്പര്യവും ദൗത്യവും പ്രകടിപ്പിക്കുന്നുണ്ട്. ലെയോ പതിമൂന്നാമൻ മാർപ്പാപ്പയുടെ റേരും നൊവാരും (Rerum Novarum) സാമൂഹിക പ്രബോധനത്തിന് പുതിയൊരു പാത തുറന്നു. തൊഴിലാളികളോടു കാട്ടുന്ന അനീതിയാണ് റേരും നൊവാരുമിൻെറ പശ്ചാത്തലം. അനിയന്ത്രിതമായ സാമ്പത്തിക വ്യവസ്ഥിതിയും കമ്പോളവ്യവസ്ഥയും അസ്വീകാര്യമാണ്. ജീവന

www.malankaralibrary.com

ക്കൂലിയെയും നീതിയുക്തമായ കൂലിയെയും സംബന്ധിച്ച റേരും നൊവാരുമിൻെറ നിർദ്ദേശങ്ങൾ മർദ്ദിതരോടുള്ള സഭയുടെ പ്രതിബദ്ധതയുടെ തെളിവാണ് (ഖണ്ഡികകൾ 2, 17, 34).

ക്വാദ്രാജെസിമോ അന്നോയിൽ (Quardragesimo Anno)നീതിനിഷ്ഠമായ വേതനത്തെക്കുറിച്ചും തൊഴിലാളിയുടെ സമസ്തമായ ക്ഷേമത്തെക്കുറിച്ചും നിർദ്ദേശങ്ങളുണ്ട്(ഖണ്ഡിക. 63, 70). സാമൂഹിക നീതിയെക്കുറിച്ച് പരാമർശിക്കുന്ന ആദ്യത്തെ സഭാപ്രാബോധനവുമാണ് ക്വാദ്രാജെസിമോ അന്നോ (ഖണ്ഡികകൾ 71,88, 101).

രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ 'സഭ ആധുനികലോകത്തിൽ' (The Church in the Modern World)എന്ന പ്രമാണരേഖ പാരമ്പര്യത്തിലൂന്നി വ്യക്തിപരമായും സഭാകൂട്ടായ്മയായും ക്രൈസ്തവർ ചെയ്യേണ്ട സാമൂഹികശുശ്രൂഷയെ വ്യക്തമാക്കുന്നുണ്ട്. സ്വകാര്യസ്വത്തിനുള്ള വ്യക്തിയുടെ അവകാശം ഉറപ്പിച്ച് പറയുമ്പോഴും സ്വകാര്യസ്വത്തിൻെറയും സമ്പത്തിൻെറയും സാമൂഹികവശം പ്രമാണരേഖ വ്യക്തമാക്കുന്നുണ്ട്. വി.ബേസിൽ, വി.തോമസ് അക്വിനാസ് ഇവരെ ഉദ്ധരിച്ചുകൊണ്ട് അപരനോടുള്ള പരിഗണന നീതിയുടെ ഭാഗമാണെന്ന് സൂനഹദോസ് പഠിപ്പിക്കുന്നു: "സാധുക്കളെ സഹായിക്കാൻ മനുഷ്യർക്കു കടമയുണ്ട്. മിച്ചമുള്ളവയിൽനിന്നും ദാനം ചെയ്യുന്നതുകൊണ്ടുമാത്രം മതിയാകുകയില്ല. അങ്ങേയറ്റം ആവശ്യസ്ഥിതിയിലാകുന്നവന് മറ്റുള്ളവരുടെ സ്വത്തിൽനിന്ന് തനിക്കാവശ്യമുള്ളത് എടുക്കാൻ അവകാശമുണ്ട്. ദാരിദ്ര്യത്തിൻെറ കൊടുംയാതനകൾ സഹിക്കുന്ന അനേകംപേർ ഇന്ന് ലോകത്തിലുണ്ട്. അതുകൊണ്ട് പരിശുദ്ധ സൂനഹദോസ് വ്യക്തികളോടും ഭരണാധികാരികളോടും ആവശ്യപ്പെടുകയാണ് സഭാപിതാക്കന്മാരുടെ ഈ പ്രസ്താവനയെ അനുസ്മരിക്കാൻ. വിശന്നുമരിക്കാറായ മനുഷ്യനു നീ ഭക്ഷണം കൊടുക്കുക. അങ്ങനെ ചെയ്യാതിരുന്നാൽ നീ അവനെ കൊല്ലുകയാണ് ചെയ്യുന്നത്. എല്ലാ വ്യക്തികളും ഗവൺമെൻറുകളും അവരവരുടെ കഴിവനുസരിച്ച് തങ്ങൾക്കുള്ളവ മറ്റുള്ളവർക്കു കൊടുക്കട്ടെ. പ്രത്യേകിച്ച്, ദരിദ്രരായ വ്യക്തികളെയും രാഷ്ട്രങ്ങളെയും സ്വന്തം കാലിൽ നിൽക്കാനും അഭിവൃദ്ധിപ്പെടാനും പര്യാപ്തമായവിധം സഹായിക്കേണ്ട താണ്" (സഭ ആധുനികലോകത്തിൽ, ഖണ്ഡിക 69). വിവിധ മേഖലകളിൽ ആധുനിക മനുഷ്യൻ നേടിയെടുത്ത പുരോഗതിയെ സൂനഹദോസ് പ്രശംസിക്കുന്നു. പക്ഷേ, ഇത് സമ്പന്നതയുടെ മദ്ധ്യത്തിൽ ദാരിദ്ര്യം ഉളവാക്കുകകയും ദാരിദ്ര്യത്തിൻെറ നടുക്കടലിൽ കുറച്ചേർക്കു

www.malankaralibrary.com

മാത്രം സമൃദ്ധി ഉണ്ടാക്കുകയും ചെയ്യുന്നതായി സൂനഹദോസ് ചൂണ്ടിക്കാട്ടുന്നു. രാജ്യങ്ങൾ തമ്മിൽ മാത്രമല്ല, രാജ്യങ്ങൾക്കുള്ളിൽ തന്നെ കടുത്ത അസ്മത്വവും അസന്തുലിതാവസ്ഥയും നിലനിൽക്കുന്നതായി സൂനഹദോസ് പ്രസ്താവിക്കുന്നു. (സഭ ആധുനികലോകത്തിൽ, ഖണ്ഡിക 63). പരസ്പര പരിഗണനയെന്ന സുവിശേഷമാർഗ്ഗമാണ് സൂനഹദോസ് ദാരിദ്ര്യത്തിനും അസമത്വത്തിനും അനീതിക്കും പ്രതിവിധിയായി നിർദ്ദേശിക്കുന്നത്.

ഉപവിയോടൊപ്പമോ അതിലുപരിയോ ആയി നീതിയെപ്പറ്റിയും വിമോചനത്തെപ്പറ്റിയുമുള്ള പ്രതിപാദനമാണ് രണ്ടാംവത്തിക്കാൻ സൂനഹദോസിന് ശേഷമുള്ള സഭാപ്രബോധനത്തിൽ ദൃശ്യമാവുക. നീതിയുടെ വ്യക്തിപരവും ദേശീയവും അന്തർദേശീയവുമായ മാനങ്ങളെ ഉയർത്തിക്കാട്ടുന്നതിൽ മാർപ്പാപ്പാമാർ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. അസമത്വത്തിന്റെ നിർമാർജ്ജനത്തിലും ജനതകളുടെ യഥാർത്ഥ വികസനത്തിലുമേ സമാധാനം നിലനിർത്താനാവൂ എന്ന് പോൾ ആറാമൻ മാർപ്പാപ്പ ഉദ്ബോധിപ്പിക്കുന്നു. നീതിയുടെ പൂർണ്ണതയിലേ ദൈവനിശ്ചിതമായ ക്രമം രൂപപ്പെടൂ എന്ന് അദ്ദേഹം പഠിപ്പിച്ചിട്ടുണ്ട് (ജനതകളുടെ പുരോഗതി, ഖണ്ഡിക 76).

നീതിക്കുവേണ്ടി നിലകൊള്ളാനുള്ള സഭയുടെ കടപ്പാട് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ ചാക്രികലേഖനങ്ങളിലും വ്യക്തമായി കാണാം. ഈ ബോധ്യമാണ് പാവങ്ങളോടുള്ള പക്ഷംചേരൽ (Option for the poor)അഥവാ അവരോടുള്ള മുൻഗണനാപരമായ സ്നേഹത്തെപറ്റി (Love of preference) ആവർത്തിച്ചു പഠിപ്പിക്കുവാൻ മാർപ്പാപ്പായെ നിർബന്ധിതനാക്കിയത്. ദേശീയവും അന്തർദേശീയവുമായ അനേകം പ്രശ്നങ്ങൾ മുന്നിൽ കണ്ടുകൊണ്ട് മാർപ്പാപ്പാ ഉദ്ബോധിപ്പിക്കുന്നു: 'ഇതൊരു പക്ഷംചേരലാണ്', അഥവാ ക്രൈസ്തവ പരസ്നേഹത്തിന്റെ പ്രയോഗത്തിലുള്ള (അനുഷ്ഠാനത്തിലുള്ള) പ്രാമുഖ്യത്തിന്റെ പ്രത്യേക രൂപമാണ്(സാമൂഹികൗത്സുക്യം, ഖണ്ഡിക 42:1; ചെന്തേസീമുസ് അന്നൂസ്, ഖണ്ഡിക 11).

മനുഷ്യന്റെ പട്ടിണിയും അവികസിതാവസ്ഥയും ഘടനാപരമായ അനീതികൊണ്ടാണ് തുടരുന്നതെന്ന് സഭ മനസിലാക്കുന്നുണ്ട്. മനുഷ്യോചിതമായ ജീവിതസാഹചാര്യങ്ങൾ സൃഷ്ടിക്കണമെങ്കിൽ സാമൂഹിക ഘടനകൾക്ക് പരിവർത്തനം ഉണ്ടാകേണ്ടിയിരിക്കുന്നു. നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളെ മുഖ്യപ്രമേയമാക്കിയ വിമോചന ദൈവശാസ്ത്രങ്ങളെ സഭ അംഗീകരിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. വിമോചനം

www.malankaralibrary.com

താത്ത്വികമായും പ്രായോഗികമായും വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമാണെന്നും, മതബോധനത്തിലും ആരാധനയിലും അജപാലനത്തിലും ശുശ്രൂഷയിലും നീതിയും വിമോചനവും സജീവ വിഷയങ്ങളാകണമെന്നും സഭാപ്രബോധനങ്ങൾ ഉദ്ബോധിപ്പിക്കുന്നു (SCDF, Instruction on certain Aspects of the Theology of Liberation, 1984 & SCDF, Instruction on Christian Freedom & Liberation, 1986).

## V. ആരാധനക്രമവും സാമൂഹികാവബോധവും

മനുഷ്യരക്ഷയ്ക്കുവേണ്ടി ത്രിത്വൈക ദൈവിക വ്യാപാരത്തിലൂടെ ആവിഷ്കൃതമായ ദൈവികബലിയുടെ (Cfr. ത്രിശുദ്ധ കീർത്തനത്തിൻെറ രഹസ്യപ്രാർത്ഥന. യോഹന്നാൻ ഏവൻഗേലിസ്തയുടെ അനാഫുറ) അനുഷ്ഠാനം വഴിയാണ് സഭ പൂർണ്ണവും വിശുദ്ധവുമായ ഒരു ജനമായി ഉയർത്തപ്പെടുന്നത് (4th Premion; Holy Qurbono). ഈ ബലി വഴി അതിരില്ലാത്ത ആത്മദാനമായ, Trinitarian Perichoresis ൻെറ സാദൃശ്യത്തിലേക്ക് മനുഷ്യവ്യക്തികളും ബന്ധങ്ങളും രൂപാന്തരപ്പെടണം. പക്ഷേ നമ്മുടെ സാമൂഹ്യ ജീവിതത്തിലെ പാപകരമായ ഘടനകൾ നമ്മിൽ ചെലുത്തുന്ന സ്വാധീനവും നമ്മുടെ പാപകർമ്മങ്ങളും ആരാധനയുടെ ഈ നവീകരണ ശക്തി ഉൾക്കൊള്ളുന്നതിൽ നിന്നും വ്യക്തികളെ തടയുന്നു. അതേ സമയം തുറന്ന ഹൃദയത്തോടെ, മനസ്താപത്തോടെ ബലിവേദിയെ സമീപിക്കുന്നയാൾ "സൽക്കർമ്മങ്ങളാകുന്ന ഫലങ്ങൾ വഹിക്കുന്ന ദൈവപുത്രരായിത്തീരുന്നു" ഇങ്ങനെ ആരാധനയിലുള്ള യഥാർത്ഥ ഭാഗഭാഗിത്വം ഉത്തമ സാമൂഹ്യക്രമത്തിൻെറ ഉറവയായി മാറുന്നു.

ചരിത്രപരവും സാമൂഹികവും സാംസ്കാരികവുമായ പരിധികൾക്കുള്ളിൽ ആരാധനയെന്ന ദൈവികരഹസ്യത്തെയും ആരാധനയർപ്പിക്കുന്ന സഭയെന്ന ദൈവികയാഥാർത്ഥ്യത്തെയും അടയാളപരമായി (കൗദാശികമായി) ആവിഷ്കരിക്കുകയാണ് ഓരോ ഭൗമിക കൂട്ടായ്മയും. ഈ കാഴ്ചപ്പാടിൽ നിന്നും നോക്കുമ്പോൾ സഭയുടെ ആരാധനാക്രമത്തിൽ ആവിഷ്കൃതമാവുന്ന സ്വയാവബോധം പ്രാഥമികമായി, കൗദാശിക അടയാളമായ ആരാധന കൂട്ടായ്മ (Assembly)എന്ന നിലയ്ക്കുള്ളതല്ല. പ്രത്യുത, ഈ അടയാളം എന്തിനെ സൂചിപ്പിക്കുന്നുവോ ആ ദൈവിക കൂട്ടായ്മ (Church) എന്ന നിലയ്ക്കുള്ളതാണ്. അതുകൊണ്ട് ആരാധനക്രമത്തിലാവിഷ്കൃതമായിരിക്കുന്ന സാമൂഹ്യാവബോധം മാനുഷികവും ആനുകാലികവുമായിരിക്കുന്നതിനു പകരം ദൈവശാസ്ത്രപരവും യുഗാന്ത്യോന്മുഖവും ആയിരിക്കും. നാമിപ്പോൾ എന്താണ് (temporal present)

www.malankaralibrary.com

എന്നതിനെക്കാൾ നാമെന്തായിരിക്കണം (in the eschatological PRESENT) എന്നാവും ആരാധനക്രമം ധ്യാനിക്കുക.

ഇപ്രകാരമുള്ള ആദർശ സമൂഹത്തിൻെറ ചിത്രം നമുക്കു ലഭിക്കുന്നത് അർത്ഥനാ രൂപങ്ങളിൽ നിന്നാണ്-സമീപ ഭാവിയിൽ ദൈവത്തിൽ നിന്നു ലഭിക്കേണ്ട ദാനങ്ങൾ എന്ന നിലയിൽ. പക്ഷേ രക്ഷയും അതിനോടു ചേർന്ന സകല ദാനങ്ങളും ദൈവം എന്നേക്കുമായി യേശു സംഭവത്തിലൂടെ നമുക്കു നല്കി എന്ന് ലിറ്റർജി നിരന്തരം നമ്മെ ഓർമ്മിപ്പിക്കുന്നു. അതിനർത്ഥം ഈ അനുഗ്രഹങ്ങൾ സ്വാംശീകരിക്കാനും ആവിഷ്കരിക്കാനും നാം തയ്യാറായാൽ മാത്രം മതി എന്നാണ്. അങ്ങനെ ആരാധനക്രമത്തിൽ നാം നടത്തുന്ന അർത്ഥനകൾ സമൂഹജീവിതത്തിലെ കടമകൾ ഏറ്റെടുക്കുവാൻ നാം തയ്യാറാണെന്നുള്ള ഏറ്റുപറച്ചിൽ കൂടിയാകുന്നു.

എങ്ങനെയാണ് ആരാധനക്രമം ഈ ആദർശ സമൂഹത്തെ ചിത്രീകരിക്കുന്നത്? സാമൂഹിക സംവിധാനമെന്ന നിലയിൽ സഭാജിവിതത്തിൻെറ വിവധ തുറകളിലുള്ളവർ സ്വീകരിക്കേണ്ട ജീവിതശൈലി പ്രാർത്ഥനകളിൽ സുചിന്തമായിട്ടുണ്ട്. 'ഇടയന്മാർക്ക് വിജ്ഞാനവും, പട്ടക്കാർക്ക് പാകതയും ദയാറാകൾക്ക് സമാധാനവും വ്രതസ്ഥർക്ക് സഹിഷ്ണുതയും വിവാഹിതർക്ക് വിശുദ്ധിയും' നൽകുവാനായിട്ടുള്ള പ്രാർത്ഥ നകൾ ഉദാഹരണങ്ങളാണ്. (പെങ്കിസാ രണ്ടാംഭാഗം P. 5, 42. 47).

ലൗകിക സമൂഹത്തിൽ എല്ലാവർക്കും സമാധാനവും സന്തോഷവും അഭിവൃദ്ധിയും ഉണ്ടാകുവാനായിട്ടാണ് നാം പ്രാർത്ഥിക്കുന്നത്. ലൗകിക അനുഗ്രഹങ്ങളുടെ സാമൂഹ്യമാനങ്ങൾ വ്യക്തമാക്കപ്പെടുന്നു. പ്രകൃതിയെ ഫലഭൂയിഷ്ഠമാക്കേണമേ എന്ന പ്രാർത്ഥനയുടെ ഉപസംഹാരം "സാധുക്കൾ ഭക്ഷിച്ച് തൃപ്തരായി സ്തുതിക്കട്ടെ; വിധവകളും അനാഥരും സംതൃപ്തരാകേണമേ" എന്നാകുമ്പോൾ, പ്രകൃതിയിൽ ദൈവം നിറച്ച അനുഗ്രഹങ്ങൾ എല്ലാ മനുഷ്യർക്കും വേണ്ടിയാണെന്ന സത്യം ഓർമ്മപ്പെടുത്തുകയാണ് ആരാധനക്രമം. സ്വകാര്യസമ്പത്തിനെപ്പറ്റിയുള്ള വീക്ഷണം "ധനവാന്മാർക്കു ഭൂതദയയും ദരിദ്രർക്കു ക്ഷമയും നൽകേണമേ" എന്ന പ്രാർത്ഥനയിൽ സമാഹരിക്കാം.

വിവിധ ജീവിത മേഖലകളുടെ സമഗ്രമായ സന്തുലനമാണ് സമാധാനം. പാപശക്തികളിൽ നിന്നുള്ള വിടുതൽ (Cf. 16 th Sedro for the Holy Qurbono), ശിക്ഷകളിൽ നിന്നുള്ള വിടുതൽ. ഉദാ: സത്യവനായ ദൈവമേ എന്നുള്ള പ്രാർത്ഥന). ലൗകിക അനുഗ്രഹങ്ങളുടെ നിറവ്

www.malankaralibrary.com

(വേനൽ വർഷവുമനുകാലം വന്നീടണമേ..). ദൂരസ്ഥരുടെയും ഭിന്നിച്ചിരിക്കുന്നവരുടെയും ഐക്യം( "അകന്നിരിക്കുന്നവരെ അടുപ്പിക്കേണമേ; അടുത്തിരിക്കുന്നവരെ നയിക്കേണമേ"). രാജാക്കന്മാരുടെയും ഭരണാധികാരികളുടെയും ക്രിയാത്മകമായ നേതൃത്വം (വി.കുർബാന തക്സാ P.52), പൈതങ്ങൾ, യുവാക്കൾ, വൃദ്ധർ, ഉദ്യോഗസ്ഥർ, സൈനികർ, പരദേശവാസികൾ, അടിച്ചമർത്തപ്പെട്ടവർ, അനാഥർ, വിധവകൾ, വഴിയാത്രക്കാർ തുടങ്ങി ജീവിതത്തിന്റെ വിവിധ തുറകളിൽ ഉള്ളവരുടെ യഥായോഗ്യമായ സംരക്ഷണം എന്നിങ്ങനെയുള്ള ഘടകങ്ങളായി ഈ സുവ്യവസ്ഥിതിയെ ആരാധനക്രമം ചിത്രീകരിക്കുന്നു.[ജോസഫ് വള്ളിയാട്ട്, സാമൂഹികവബോധം ആരാധനക്രമത്തിൽ].

## VI. നിഗമനങ്ങൾ

മുകളിൽ പ്രതിപാദിച്ച കാര്യങ്ങളിൽ നിന്ന് ഏതാനും നിഗമനങ്ങൾ രൂപീകരിക്കാവുന്നതാണ്.

1. ഉപവിയുടെയും കരുണയുടെയും പ്രവർത്തനങ്ങൾ വിശ്വാസ പ്രഘോഷണത്തിന്റെ ഭാഗാമണെന്ന് പഴയ, പുതിയ നിയമങ്ങളിൽ നിന്ന് വ്യക്തമാണ്.

2. താത്ത്വികമായും പ്രായോഗികമായും സാമൂഹികശുശ്രൂഷയിൽ പ്രകടമായ താല്പര്യം സഭയിൽ എന്നും നിലനിന്നിരുന്നു.

3. സാമൂഹികശുശ്രൂഷയും സുവിശേഷപ്രഘോഷണവും തമ്മിലുള്ള ബന്ധം വ്യക്തമായി നിർവചിക്കപ്പെട്ടു. ഉപവിയോടൊപ്പം നീതിയെപ്പറ്റിയും വ്യക്തമായ പ്രബോധനം ആധുനിക സഭാരേഖകളിൽ കാണാം.

4. മനുഷ്യനെക്കുറിച്ചുള്ള സുവിശേഷാധിഷ്ഠിതമായ ദർശനം സുവിശേഷ പ്രഘോഷണത്തിന്റെ കേന്ദ്രമാകണം. അത് സാമൂഹികശുശ്രൂഷയ്ക്ക് പുതിയ അർത്ഥവും മാനവും നല്കും.

5. ആരാധനക്രമത്തിൽ സാമൂഹിക ശുശ്രൂഷയ്ക്കുള്ള വിശ്വാസിയുടെ ഉത്തരവാദിത്തം വ്യക്തമാക്കുന്ന ഘടകങ്ങളുണ്ട്. അവ കൂടുതൽ വിശകലന വിധേയമാക്കേണ്ടിയിരിക്കുന്നു.

## VII. മലങ്കര സഭയുടെ ശുശ്രൂഷാമേഖലകൾ

നീതിനിഷേധത്തിന്റെയും പാരതന്ത്ര്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും നിരവധി സാഹചര്യങ്ങൾ നമ്മുടെ നാട്ടിൽ നാം കാണുന്നുണ്ട്. ഇന്ത്യൻ ഭരണഘടന നൽകുന്ന എല്ലാ വാഗ്ദാനങ്ങളെയും കാറ്റിൽ

www.malankaralibrary.com

പറത്തിക്കൊണ്ട് ജാതി, മതം,വർണ്ണം ഇവയുടെയൊക്കെ പേരിലുള്ള അനീതിയും അസമത്വവും അനേകരുടെ ജീവിതത്തെ ഗ്രസിച്ചിരിക്കുന്നു. അനീതിയെ പുലർത്തുന്ന, ഊട്ടിവളർത്തുന്ന മനോഭാവങ്ങൾ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക ഘടനകളിൽ ഉൾച്ചേർന്നിരിക്കുന്നു. അമ്പതു ശതമാനത്തോളം ആളുകൾ ഇന്നും നിരക്ഷരരാണ്. ഗവൺമെൻറ് തന്നെ നിശ്ചയിച്ച ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് അമ്പതുശതമാനത്തോളം പൗരന്മാർ. സംസ്ഥാനങ്ങൾ തമ്മിൽ സാമ്പത്തികമായ അസന്തുലിതാവസ്ഥ നിലനിൽക്കുന്നു. ജീവിതനിലവാരത്തിലും അടിസ്ഥാന ജീവിതാവശ്യങ്ങളുടെ ലഭ്യതയിലും - ആഹാരം, വസ്ത്രം, പാർപ്പിടം, ആരോഗ്യസംരക്ഷണം- സംസ്ഥാനങ്ങൾ തമ്മിൽ അന്തരമുണ്ട്. സംസ്ഥാനങ്ങൾക്കുള്ളിൽ തന്നെ പൗരന്മാർ തമ്മിലുള്ള സാമ്പത്തികമായ അസമത്വങ്ങൾ വളരെ വലുതാണ്. ഓരോ സംസ്ഥാനത്തിനുള്ളിൽ തന്നെ ചില വിഭാഗങ്ങൾ - ആദിവാസികൾ, ദളിതർ തുടങ്ങിയ പിന്നോക്കവിഭാഗങ്ങൾ വളരെയേറെ ദാരിദ്ര്യവും പീഡാനവും അനുഭവിക്കുന്നുണ്ട്. സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ പോലും സ്ത്രീകൾ അനുഭവിക്കുന്ന വിവേചനവും പാരതന്ത്ര്യവും കടുത്തതാണ്. തുല്യ ജോലിക്കു തുല്യ വേതനം ഏറെ രംഗങ്ങളിൽ ഇന്നും നടപ്പിലായിട്ടില്ല; ലൈംഗിക പീഡനവും സ്ത്രീധനമർദ്ദനവും കൊലപാതകവും സ്ത്രീചൂഷണവുമൊക്കെ വിവരിക്കുന്ന സംഭവങ്ങൾ (കുറവില്ലാതെ) മാധ്യമങ്ങളുടെ മുൻപന്തിയിൽ നിൽക്കുന്നു. സമ്പത്തുകൊണ്ട് സ്വാധീനം ചെലുത്തി അധികാരം കൈവശമാക്കി അനീതി നിറഞ്ഞ ഘടനകളെ പോറ്റിപ്പുലർത്തുന്ന ന്യൂനപക്ഷം ഒരുവശത്ത്; ദാരിദ്ര്യംകൊണ്ട് നിരന്തരം ചൂഷണത്തിനു വിധേയരായി പ്രതികരണശേഷി നഷ്ടപ്പെട്ട ദശലക്ഷങ്ങൾ മറുവശത്ത്. നാം നേടിയെടുത്തു എന്ന് അവകാശപ്പെടുന്ന രാഷ്ട്രീയ സ്വാതന്ത്ര്യം അരനൂറ്റാണ്ടിനുശേഷവും നിരർത്ഥകമായ സങ്കല്പമാക്കി മാറ്റുന്ന സാഹചര്യമത്രേ ഇന്ത്യയിൽ നാം കാണുക. ഈ സാഹചര്യത്തിലേക്കാണ് സുവിശേഷപ്രഘോഷണ ദൗത്യവുമായി നാം ഇറങ്ങുക. സാമൂഹിക ശുശ്രൂഷ ഇവിടെ ഒഴിവാക്കാനാവാത്ത സുവിശേഷാധിഷ്ഠിതമായ ദൗത്യമാണ്.

ഇന്ത്യയുടെ പ്രശ്നങ്ങളുടെ ഒരു ലഘുരൂപം ( a miniature form) മലങ്കര സഭയുടെ ഉള്ളിൽ തന്നെ നാം കാണുന്നില്ലേ? പുനരൈക്യപ്രസ്ഥാനത്തിൻെറ ആദ്യനാളുകളിലെക്കാൾ എല്ലാതരത്തിലുമുള്ള സാമൂഹികമുന്നേറ്റം വ്യക്തികളായും സമൂഹമായും സഭ നേടിയിട്ടുണ്ട്. കുറെയേറെ അംഗങ്ങൾ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക സുരക്ഷിതത്വമുള്ളവരാണ്. സഭയുടെ വിദ്യാഭ്യാസ വികസനപ്രവർത്തനങ്ങൾ ഇവരി

www.malankaralibrary.com

ലേക്കും സഭയുടെ അംഗസംഖ്യയെക്കാൾ വളരെ വിപുലമായ കൂട്ടത്തിലേക്കും എത്തിയിട്ടുണ്ട്. എന്നാൽ സത്വരമായ ശ്രദ്ധ അർഹിക്കുന്ന ആളുകൾ സഭയിലുണ്ട്; ആളുകളും മേഖലകളും സഭാശുശ്രൂഷയുടെ പരിധിയിലുണ്ട്. സഭയുടെ പ്രവർത്തനമേഖലകളിലുള്ള പിന്നോക്കവിഭാഗങ്ങൾ, സഭയ്ക്കുള്ളിൽ തന്നെയുള്ള ദളിത്, ഇതര പിന്നോക്കവിഭാഗങ്ങൾ എന്നിവ എടുത്തു പറയേണ്ടവയാണ്. നാളിതുവരെയുള്ള സഭയുടെ സാമൂഹികശുശ്രൂഷ ഇവരിലേക്ക് വേണ്ടവിധത്തിൽ എത്തിയിട്ടില്ല എന്ന് കരുതേണ്ടിയിരിക്കുന്നു. സമയ ബന്ധിതമായ പദ്ധതികളിലൂടെ ഇവരുടെ വികസന-വിമോചന പ്രക്രിയയ്ക്ക് സഭ മാർഗ്ഗനിർദ്ദേശം നല്കേണ്ടിയിരിക്കുന്നു.

ഇപ്രകാരമൊരു പ്രതിബദ്ധതയ്ക്ക് പ്രത്യേകമായി താഴെ വിവരിക്കുന്ന ഘടകങ്ങളിലേക്ക് സഭ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു:

A. മനുഷ്യൻെറ സമഗ്രമായ വികസന-വിമോചനമായിരിക്കണം സഭയുടെ പ്രതിബദ്ധതയുടെ ലക്ഷ്യം. മനുഷ്യൻെറ സാമ്പത്തിക, സാമൂഹിക, മതപരമായ-ചുരുക്കത്തിൽ സർവ്വസ്പർശിയായ ഉത്ക്കർഷമായിരിക്കണം പ്രവർത്തനത്തിന് ആധാരമാകേണ്ടത്.

B.സമഗ്രവികസനത്തിന് പര്യാപ്തമായ സമഗ്രപദ്ധതിക്ക് സഭാകൂട്ടായ്മ മാർഗ്ഗ നിർദ്ദേശം നല്കണം. ദുരിതാശ്വാസ പ്രവർത്തനങ്ങളിലേക്കോ താല്ക്കാലിക പ്രശ്നപരിഹാരങ്ങളിലേക്കോ സഭ തൻെറ ശ്രദ്ധ പരിമിതപ്പെടുത്തരുത്. സമകാലീന സമൂഹത്തിൻെറ സങ്കീർണ്ണത മനസിലാക്കി വികസന പ്രക്രിയയ്ക്ക് രൂപരേഖ തയ്യാറാക്കാൻ ഉദ്യമിക്കണം.

C. സമകാലീന ജീവിതം മനസിലാക്കാൻ പര്യാപ്തമായ സാമൂഹിക വിശകലന (SOCIAL ANALYSIS)ത്തിന് സഭ നേതൃത്വം നല്കേണ്ടിയിരിക്കുന്നു. എങ്കിലെ സാമൂഹിക വിശകലനത്തിലെ സാമൂഹികഘടനയുടെ സങ്കീർണ്ണ തയും പ്രശ്നങ്ങളുടെ ഗൗരവവും മനസ്സിലാക്കാനാവൂ. ഉത്തമമായ പ്രവർ ത്തന സരണി ഉരുത്തിരിയുക; സാമൂഹികഘടനയുടെ ചോദന മനസിലാക്കുമ്പോഴാണ്.

D. വ്യക്തികളും സമൂഹവും സ്വയം കൈവരിക്കേണ്ട പ്രക്രിയയും അവസ്ഥയുമാണ് വികസനവും വിമോചനവും. വ്യക്തികൾക്കും സമൂഹത്തിനും, പുറമേനിന്ന് ആരും പ്രാപ്യമാക്കിക്കൊടുക്കുന്നതല്ല വികസന വിമോചന പ്രക്രിയ. ബാഹ്യഘടകങ്ങൾക്ക് അതിനെ സഹായിക്കാനും ത്വരിതപ്പെടുത്താനുമേ സാധിക്കൂ. വികസനവും വിമോചനവും ഉപഭോ

www.malankaralibrary.com

ക്താവിൻെറ പങ്കാളിത്തത്തിലൂടെ മാത്രമേ സഫലീകരിക്കാനാവൂ. പങ്കാളിത്തത്തിലൂടെ നേടുന്ന വികസനം (Participatory Development)മാത്രമേ സ്ഥിരവും സ്ഥായിയുമായ ഫലങ്ങൾ പുറപ്പെടുവിക്കൂ.

E. വികസന- വിമോചന പ്രക്രിയ എല്ലാവരും എല്ലാവരേയും പരിഗണിക്കുന്ന സാമൂഹികനീതിയുടെ മാർഗ്ഗമാണ്. സ്വാഭാവികമായും സമൂഹത്തിലെ ഏറ്റം ദുർബലർ ഇതരരുടെ സവിശേഷ ശ്രദ്ധയ്ക്ക് പാത്രമാകും. സഭാസമൂഹത്തിൻെറ ഒഴിച്ചുകൂടാനാവാത്ത കടമയാണ് വികസനത്തിനും വിമോചനത്തിനും സാമൂഹ്യകശുശ്രൂഷയ്ക്കും വേണ്ടിയുള്ള സമർപ്പണം. വിശ്വാസം പ്രാവർത്തികരൂപം കൈവരിക്കുന്നത് പാവപ്പെട്ടവരോടും എളിയവരോടും ഉള്ള പ്രതിബദ്ധതയിൽ നിന്നാണ്.

## ഇടവക/ രൂപതാ/ സഭാകൂട്ടായ്മയും സാമൂഹിക ശുശ്രൂഷയും

എന്താണ് ഇടവക/ രൂപതാ/ സഭാകൂട്ടായ്മകൾ അടിയന്തരമായി അനുവർത്തിക്കേണ്ടത്? ബോധ്യങ്ങളുടെ വെളിച്ചത്തിൽ നാം ഓരോരുത്തരും ജീവിക്കുന്ന ഗ്രാമങ്ങളിലേക്കോ നഗരങ്ങളിലേക്കോ ഇറങ്ങി ചെല്ലുക. അനീതിയുടെയും അസമത്വത്തിൻെറയും പാരതന്ത്ര്യത്തിൻെറയും അനേക സാഹചര്യങ്ങൾ നാം വ്യക്തമായി കാണുന്നില്ലേ? ഇവയോടുള്ള നമ്മുടെ പ്രതികരണം എന്താണ്? നമ്മെ വ്യക്തിപരമായി സ്പർശിക്കാത്തിടത്തോളം അവയുടെ മുമ്പിൽ നാം നിഷ്ക്രിയരാണ്. അതുകൊണ്ടുതന്നെ വ്യക്തിപരമായ അനുഭവത്തിൽ എത്തുമ്പോൾ നാം നിസ്സഹായരായി ഒറ്റപ്പെടും. നമ്മുടെ ജീവിതസാഹചര്യങ്ങളിൽ മാത്രമല്ല, ഈ ലോകത്തിൻെറ ഏതു കോണിലും ആകട്ടെ ആരുടെയെങ്കിലും അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ , ആരെങ്കിലും രോഗത്തിനും ദാരിദ്ര്യത്തിനും അധീനരാണെന്നു കണ്ടാൽ നാം പ്രതികരിക്കണം. ക്രിയാത്മകമായ പ്രവർത്തനത്തിലൂടെ അപരനെ വിമോചിപ്പിക്കണം. ഇപ്രകാരമത്രെ നാം സുവിശേഷവത്കരണം പൂർത്തിയാക്കുക.

ഇടവക കൂട്ടായ്മ ഒരു ഗ്രാമത്തിലെ, നഗരത്തിലെ ക്രിസ്തുസാന്നിദ്ധ്യത്തിൻെറ ജീവിക്കുന്ന സാക്ഷ്യമാണ്. രൂപത കുറേക്കൂടി വിശാലമായ മേഖലയിലും സഭാകൂട്ടായ്മ ലോകം മുഴുവനിലും ക്രിസ്തുസാന്നിദ്ധ്യം പ്രഘോഷിക്കുന്നു. കാലികമായ സകലവ്യത്യാസങ്ങൾക്കും ഉപരിയായി ദൈവമക്കൾ ഈ കൂട്ടായ്മയിൽ ഒരേ അപ്പത്തിൽ നിന്നും പങ്കിട്ട് അനു

www.malankaralibrary.com

ഭവിക്കുന്നു. ജാതി, വർണ്ണ, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വ്യത്യാസങ്ങൾക്ക് ക്രിസ്തീയ വിശ്വാസത്തിൽ സ്ഥാനമില്ല. അപ്പസ്തോലൻ പൗലോസ് ഇത് വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. "യേശുക്രിസ്തുവിലുള്ള വിശ്വാസംവഴി നിങ്ങളെല്ലാവരും ദൈവപുത്രന്മാരാണ്. ക്രിസ്തുവിനോട് ഐക്യപ്പെടാൻ വേണ്ടി സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. യഹൂദനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല, നിങ്ങളെല്ലാവരും യേശുക്രിസ്തുവിൽ ഒന്നാണ്" (ഗലാ. 3:26-28). അനീതിക്കും അസമത്വത്തിനും പാരതന്ത്ര്യത്തിനും നടുവിൽ ഇടവക/ രൂപതാ/ സഭാകൂട്ടായ്മ സജീവമായ വെല്ലുവിളിയായിത്തീരണം. ചൈതന്യവത്തായ സാക്ഷ്യത്തിന് കരുത്തുപകരുന്ന അത്മീയശക്തി ദൈവവചനത്തിലും കൂദാശകളിലുംനിന്ന് ക്രൈസ്തവന് ലഭ്യമാണ്. അനീ തിക്കെതിരേയുള്ള നിലപാടും പ്രവർത്തനവും ക്രൈസ്തവൻെറ വിശ്വാസ സാക്ഷ്യത്തിൻെറ ഒഴിച്ചുകൂടാനാവാത്ത ഘടകമാണെന്ന ബോധ്യം വചനപ്രഘോഷണത്തിലൂടെയും കൂദാശകളുടെ അർത്ഥവത്തായ അനുഷ്ഠാനത്തിലൂടെയും വിശ്വാസികൾക്ക് ലഭ്യമാകണം. പരമ്പരാഗതമായി വ്യാഖ്യാനിക്കപ്പെടുന്ന നീതിയെക്കാൾ ഒരു പടി കടന്ന് നീതിയെക്കുറിച്ചുള്ള പ്രബോധനം ആരാധനയിലെ മുഖ്യ പ്രമേയമാകണം.

വിശ്വാസത്തിന് തെളിവുനൽകുന്ന സാമൂഹിക ശുശ്രൂഷയിൽ ഇടവക/ രൂപതാ/ സഭാകൂട്ടായ്മ ഒന്നാകെ വ്യാപൃതമാകണം. ഇടവകകൂട്ടായ്മയിൽ തന്നെ വ്യക്തികൾ തമ്മിലും ഭവനങ്ങൾ തമ്മിലും നിലനിൽക്കുന്ന അസമത്വം ഇല്ലാതാക്കാൻ ഇടവകയൊന്നാകെ അദ്ധ്വാനിക്കണം. ഇടവക കമ്മിറ്റിയും ഭക്തസംഘടനകളും സമൂഹത്തിൻെറ വിദ്യാഭ്യാസ,ആരോഗ്യ,ക്ഷേമപ്രവർത്തനങ്ങളും മനുഷ്യർ തമ്മിലുള്ള വ്യത്യാസങ്ങൾ ഇല്ലാതാക്കാനും നീതിനിഷ്ഠമായ ഒരു സമൂഹം സൃഷ്ടിക്കാനുമുള്ള സുവിശേഷവത്കരണ പ്രക്രിയയ്ക്ക് നേതൃത്വം നൽകണം. ഇത്തരമൊരു പ്രവർത്തനത്തിലൂടെയത്രേ "അവരുടെ ഇടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല" എന്ന് സാക്ഷ്യപ്പെടുത്താവുന്ന സമൂഹം രൂപം കൊള്ളുക.

www.malankaralibrary.com

# 9

# വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

റവ. ഡോ. ജോസഫ് കോന്നാത്ത്

വളർത്തുക അഥവാ വികസിപ്പിക്കുക എന്നർത്ഥമുള്ള 'എഡ്യൂക്കറേ' എന്ന ലത്തീൻപദത്തിൽ നിന്നാണ് എഡ്യൂക്കേഷൻ- വിദ്യാഭ്യാസം എന്ന പദം ഉണ്ടായത്. അറിവ് സമ്പാദിക്കുകയും പരിശീലനം നേടുകയും ചെയ്യുന്നതോടൊപ്പം സ്വഭാവരീതികൾ, മനോഭാവം, പ്രവർത്തന സ്വാതന്ത്ര്യം എന്നിവ മെച്ചപ്പെടുത്തി ഉദാത്തമായ ജീവിതം നയിക്കാൻ മനുഷ്യനെ സജ്ജമാക്കുക എന്നുകൂടി ഈ വാക്കിന് അർത്ഥമുണ്ട്. ശരീരത്തിലും ആത്മാവിലുമുള്ള ശ്രേഷ്ഠമായ അംശങ്ങളെ വളർത്തുകയും വികസിപ്പിക്കുകയുമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വിദ്യ എന്ന വാക്കിന് ജ്ഞാനം എന്ന അർത്ഥം ഉണ്ട്. ജ്ഞാനം പകർന്ന് മനസിനെയും ഹൃദയത്തെയും ശുദ്ധിചെയ്ത് അച്ചടക്കം നല്കുന്ന പ്രക്രിയയായി വിദ്യാഭ്യാസത്തെ വിവക്ഷിക്കാറുണ്ട്.

'പൈദിയോൻ' എന്ന ഗ്രീക്കുപദത്തിന് 'കുട്ടി' അഥവാ 'വിദ്യാർത്ഥി' എന്നും 'ആഗോ' എന്നതിന് 'നയിക്കുക' എന്നും മുന്നർത്ഥം. അതായത്, "കുട്ടിയെ നയിക്കുക" എന്നർത്ഥമാണ് വിദ്യാഭ്യാസത്തിന് "പെഡഗോഗി" എന്ന വാക്കിലൂടെ നല്കിയിട്ടുള്ളത്. വിദ്യാഭ്യാസത്തിന് (അദ്ധ്യാപനം) ഉപയോഗിക്കുന്ന ശാസ്ത്രമാണ് പെഡഗോഗി. അദ്ധ്യാപകനെ പെഡഗോഗ് എന്നു വിളിക്കുന്നു. ചുരുക്കത്തിൽ എഡ്യൂക്കേഷൻ അഥവാ പെഡഗോഗി എന്നീ പദങ്ങളുടെ ശബ്ദാർത്ഥത്തിൽ നിന്ന് വ്യക്തമാകുന്നത് വിജ്ഞാനം സമ്പാദിക്കുക, മനോനിയന്ത്രണം അഭ്യസിക്കുക, തൊഴിൽ പരിശീലനം നേടുക, കുട്ടികളെ നയിക്കുക എന്നിവയെല്ലാം വിദ്യാഭ്യാസത്തിന്റെ പരിധിയിൽപെടുന്നു എന്നാണ്.

www.malankaralibrary.com

## സഭയും വിദ്യാഭ്യാസവും

സഭ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നത് വ്യക്തമായ കാഴ്ചപ്പാടോടെയാണ്. അറിവിലൂടെ വികസനം; അറിവിലൂടെ സുവിശേഷം എന്നതാണ് സഭയുടെ മുദ്രാവാക്യം. സുവിശേഷപ്രവർത്തനത്തോട് ഏറ്റവും അടുത്ത ശുശ്രൂഷയായിട്ടാണ് വിദ്യാഭ്യാസത്തെ സഭ വീക്ഷിക്കുന്നത്. കേവലം ഭൗതിക നേട്ടങ്ങളെക്കാൾ ഉപരി സമൂഹത്തിൽ ക്രിസ്തീയ മൂല്യങ്ങളും മാനവികതയും വളർത്തിയെടുക്കാനുള്ള വേദിയാണത്. പാശ്ചാത്യ മിഷനറിമാർ ഇവിടെ ആരംഭിച്ച "പള്ളിയോടൊപ്പം പള്ളിക്കൂടം" എന്ന ആശയം ഈ ദർശനത്തിന്റെ ആവിഷ്കാരമായിരുന്നു. വിദ്യാഭ്യാസ പ്രക്രിയയിലൂടെയാണ് പടിഞ്ഞാറൻ നാടുകളിൽ ക്രൈസ്തവ മാനവികതയും മൂല്യങ്ങളും സ്വാധീനം ചെലുത്തിയത്.

ക്രിസ്ത്യൻ ഹ്യൂമനിസത്തിന്റെ ശ്രദ്ധേയമായ ഭാഗം എല്ലാ മനുഷ്യരും ഒരു പിതാവിന്റെ മക്കളാണെന്നും സഹോദരന്മാരാണെന്നും സമന്മാരാണെന്നുമുള്ള പ്രഖ്യാപനമാണ്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, മനുഷ്യാവകാശം, സ്ത്രീസമത്വം എന്നീ മൂല്യങ്ങൾ ഈ ദർശനത്തിന്റെ സംഭാവനയാണ്. സമഗ്രാധിപത്യത്തിൽനിന്ന് സ്നേഹാധിപത്യത്തിലേക്കുള്ള പരിണാമമാണ് ക്രിസ്ത്യൻ മാനവികതയുടെ കാതൽ. അഞ്ചും ആറും നൂറ്റാണ്ടുകളിൽ യൂറോപ്പിലെ ആളുകൾ ബാർബേറിയൻസായിരുന്നു. അക്ഷരാഭ്യാസമില്ലാത്ത ആ ജനതയെ കത്തോലിക്കാസഭ വിദ്യാഭ്യാസത്തിലൂടെ സംസ്കാരസമ്പന്നമായ ജനസമൂഹമാക്കി. അതുപോലെ തന്നെ ജനാധിപത്യക്രമം, നവോത്ഥാന ചിന്തകൾ, റഫർമേഷൻ തുടങ്ങിയ ആശയങ്ങളും ആദ്യമായി രൂപംകൊണ്ടതും ക്രിസ്ത്യൻ ഫിലോസഫിയിൽ നിന്നാണ്. ഇപ്രകാരം മഹത്തായ ഒരു ഫിലോസഫിയുമായാണ് സഭാഗാത്രം വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി മുന്നിട്ടിറങ്ങിയിരിക്കുന്നത്.

## രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വിദ്യാഭ്യാസ പ്രബോധനങ്ങൾ

രണ്ടാം വത്തിക്കാൻ കൗൺസിൽ വിദ്യാഭ്യാസത്തെപറ്റി പുറപ്പെടുവിച്ചിട്ടുള്ള പ്രഖ്യാപനത്തിൽ ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ-ലക്ഷ്യങ്ങൾ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഈ പ്രഖ്യാപനം, മനുഷ്യന്റെ ആധുനിക പരിത:സ്ഥിതികളെ കണക്കിലെടുത്തുകൊണ്ട് മനുഷ്യജീവി

www.malankaralibrary.com

ത്തിൽ വിദ്യാഭ്യാസത്തിനുള്ള ഗൗരവാവഹമായ പ്രാധാന്യവും അത് സാമൂഹിക പുരോഗതിയിൽ ചെലുത്തികൊണ്ടിരിക്കുന്ന സ്വാധീനവും വിലയിരുത്തുന്നു. വിദ്യാഭ്യാസത്തിനുള്ള മനുഷ്യൻെറ അവകാശത്തെയും വിദ്യാഭ്യാസത്തിലൂടെ സംവേദനം ചെയ്യപ്പെടേണ്ട സനാതന മൂല്യങ്ങളെയും അവയിൽനിന്ന് ഉരുത്തിരിയുന്ന സ്വാഭാവികമൂല്യങ്ങളെയും സൂനഹദോസ് വ്യക്തമാക്കുന്നു. എല്ലാവർക്കും വിദ്യാഭ്യാസസൗകര്യം പ്രദാനം ചെയ്യാൻ സഭ ഗണപരമായും ഗുണപരമായും വിദ്യാഭ്യാസകാര്യങ്ങളിൽ നേതൃത്വം കൊടുക്കുകയും, മനുഷ്യനിൽ സത്യവും സ്നേഹവും വളർത്തുന്ന പരിശീലനം നല്കുകയും വേണമെന്ന് സൂനഹദോസ് നിഷ്കർഷിക്കുന്നു.

വിഭിന്ന സംസ്കാരങ്ങളുടെയും വൈവിധ്യമാർന്ന സാമൂഹികാചാരങ്ങളുടെയും വ്യത്യസ്തമതങ്ങളുടെയും സംഗമഭൂമിയാണ് ലോകം. കുലത്തിലും ഭാഷയിലും ആചാരത്തിലും വിശ്വാസത്തിലും വൈവിധ്യം വച്ചു പുലർത്തുന്ന ജനസമൂഹത്തിന് അവരുടെ പ്രത്യേകതകൾ അടങ്ങുന്ന വിദ്യാഭ്യാസം നല്കുമ്പോഴും മനുഷ്യൻെറ പരമൗന്നത്യം മുന്നിൽകണ്ടുകൊണ്ട് വ്യക്തിത്വത്തിന് രൂപംകൊടുക്കുകയാണ് ശരിയായ വിദ്യാഭ്യാസമെന്ന് സൂനഹദോസ് പ്രഖ്യാപിക്കുന്നു. ധാർമ്മികമൂല്യങ്ങളെ വ്യക്തിപരമായി ആശ്ലേഷിക്കാനും, ദൈവത്തെ ശരിയായി അറിഞ്ഞ് സ്നേഹിക്കാനും പ്രചോദനം നല്കുന്ന പരിശീലനം ലഭിക്കാൻ വിദ്യാർത്ഥികൾക്ക് അവകാശമുണ്ടെന്ന് സൂനഹദോസ് പ്രഖ്യാപിക്കുന്നു. എല്ലാ ക്രിസ്ത്യാനികളും മാമോദീസായിലൂടെ ഒരു പുതിയ സൃഷ്ടിയായിത്തീർന്ന് ദൈവമക്കളുടെ പദവിയിലേക്ക് ഉയർത്തപ്പെടുന്നതുകൊണ്ട്, അവരുടെ വിശ്വാസം കാത്തുസൂക്ഷിച്ച് വളർത്താൻ സഹായിക്കുന്ന തരത്തിലുള്ള ക്രിസ്തീയ വിദ്യാഭ്യാസം ലഭിക്കുവാൻ എല്ലാ ക്രിസ്ത്യാനികൾക്കും അവകാശമുണ്ട്. മനുഷ്യവ്യക്തിത്വത്തിൻെറ പക്വത കൈവരിക്കുവാൻ ശ്രമിക്കുക മാത്രമല്ല, ക്രിസ്തീയ വിദ്യാഭ്യാസംകൊണ്ട് ഉദ്ദേശിക്കുന്നത് പ്രത്യുത, മാമോദീസാ സ്വീകരിച്ചവരെ സാവധാനം രക്ഷാകര രഹസ്യത്തിലേക്കു നയിക്കുക, അതോടൊപ്പം സ്വീകരിച്ച വിശ്വാസത്തിൻെറ ദാനത്തെപ്പറ്റി അനുദിനം ബോധവാന്മാരാക്കുക; പിതാവായ ദൈവത്തെ സത്യത്തിലും അരൂപിയിലും പ്രത്യേകിച്ച് ആരാധനക്രമാധിഷ്ഠിതമായി ആരാധിക്കാൻ(യോഹ. 4:23) പഠിപ്പിക്കുക; നീതിയിലും യഥാർത്ഥ പരിശുദ്ധിയിലും സൃഷ്ടിക്കപ്പെട്ട നൂതനമനുഷ്യൻെറ മാതൃകയിൽ (എഫേ. 4:22-24) ജീവിതം നയിക്കാൻ പരിശീലിപ്പിക്കുക; ക്രിസ്തുവിൻെറ പൂർണ്ണതയ്ക്ക്

www.malankaralibrary.com

യോജിച്ച വിധത്തിൽ (എഫേ. 4:13) പരിപൂർണ്ണമായ മനുഷ്യവ്യക്തിത്വം പ്രാപിക്കുക; മൗതിക ശരീരത്തിൻെറ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുക എന്നീ കാര്യങ്ങളും ക്രൈസ്തവ വിദ്യാഭ്യാസം ലക്ഷ്യം വയ്ക്കുന്നു. തങ്ങളുടെ ദൈവവിളികളെപ്പറ്റി ക്രിസ്ത്യാനികളെ ബോധവാന്മാരാക്കുക, തങ്ങളിൽ കുടികൊള്ളുന്ന പ്രത്യാശയ്ക്ക് സാക്ഷ്യം വഹിക്കുക (1 പത്രോ. 3:15), ലോകത്തെ ക്രിസ്തീയ രീതിയിൽ പരിവർത്തനം ചെയ്യുന്നതിൽ സഹായിക്കുക, ക്രിസ്തു സമുദ്ധരിച്ച മനുഷ്യത്വം പൂർണ്ണമായി വികസിപ്പിച്ച് മനുഷ്യരാശി മുഴുവൻേറയും നന്മയ്ക്കായി വിനിയോഗിക്കുക തുടങ്ങിയ ലക്ഷ്യങ്ങളും ക്രിസ്തീയ വിദ്യാഭ്യാസ പരിശീലനത്തിൻെറ ഭാഗങ്ങളാണ്.

## മലങ്കര കത്തോലിക്കാസഭയും വിദ്യാഭ്യാസവും

ഭാരതത്തിലെ വിദ്യാഭ്യാസമേഖലയ്ക്ക് ക്രൈസ്തവസഭ, വിശിഷ്യാ കത്തോലിക്കാസഭ മഹത്തായ സംഭാവനകൾ നല്കിയിട്ടുണ്ട്. 1930 സെപ്തംബർ 20-ാം തീയതി സാർവ്വത്രിക കൂട്ടായ്മ വീണ്ടെടുത്ത മലങ്കര കത്തോലിക്കാസഭ വിദ്യാഭ്യാസരംഗത്ത് സജീവമായി പ്രവർത്തിക്കുന്നു. ഇക്കഴിഞ്ഞ ഏഴു പതിറ്റാണ്ട് വിദ്യാഭ്യാസ ശുശ്രൂഷയിലൂടെ മലങ്കരസഭ പകർന്നുകൊടുക്കാൻ ശ്രമിച്ചത് ആഗോളസഭയുടെ വിദ്യാഭ്യാസ ദർശനങ്ങളും രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ കാഴ്ചപ്പാടുകളും പുനരൈക്യപ്രസ്ഥാനത്തിൻെറ പൊരുളുകളുമാണ്. കേവലം എഴുപത് വർഷത്തെ സേവനംകൊണ്ട് ഭാരതത്തിലെ പ്രത്യേകിച്ച് കേരളത്തിലെയും തമിഴ് നാട്ടിലെയും കർണ്ണാടകത്തിലേയും വിദ്യാഭ്യാസമേഖലയ്ക്ക് ഗണ്യമായ സംഭാവനകൾ നല്കാൻ കഴിഞ്ഞിട്ടുള്ള വ്യക്തിഗതസഭയാണ് മലങ്കര കത്തോലിക്കാസഭ.

സഭയുടെ ചുമതലയിൽ നടത്തപ്പെടുന്ന 444-ൽ പരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭാരതത്തിൻെറ വിവിധഭാഗങ്ങളിലും പ്രത്യേകിച്ച് ദക്ഷിണ ഭാരതത്തിലും പ്രവർത്തിക്കുന്നു. അവയിൽ 46 ഹൈസ്കൂളും 50 അപ്പർ പ്രൈമറിസ്കൂളും 239 ലോവർ പ്രൈമറിസ്കൂളും ഉൾപ്പെടുന്നു. കൂടാതെ മൂന്ന് ഹയർസെക്കൻഡറിയും രണ്ട് വൊക്കേഷണൽ ഹയർ സെക്കൻഡറിയും ആറ് സെൻട്രൽ സ്കൂളുകളും പന്ത്രണ്ട് ഐ.റ്റി.സിയും രണ്ട് ടീച്ചർ ട്രെയിനിംഗ് സ്കൂളും മൂന്ന് ടെക്നിക്കൽ ഇൻസ്റ്റിട്യൂട്ടും രണ്ട് ടീച്ചർ എഡ്യൂക്കേഷൻ കോളേജും ഏഴ് ആർട്സ് ആൻറ് സയൻസ് കോളേജും രണ്ട് നേഴ്സിങ്ങ് സ്കൂളും 28 സ്പെഷ്യൽ സ്കൂളും ഇരുപത് ബോർഡിംഗും ഇരുപത്തിരണ്ട് ഹോസ്റ്റലുകളും ഉൾപ്പെടുന്നു.

www.malankaralibrary.com

മലങ്കര കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ വഴി വലിയൊരു പരിധിവരെ സഭയുടെ വിദ്യാഭ്യാസദർശനത്തെ പൊതുവായും, മലങ്കരസഭയുടെ കാഴ്ചപ്പാടുകളെ പ്രത്യേകമായ വിധത്തിലും ജനഹൃദയങ്ങളിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ മാനവികതയുടെ വികസ്വരമേഖലകളിലേക്ക് കടന്ന് അടിച്ചമർത്തപ്പെട്ടവരും ദുർബലരും ആയിരുന്ന ജനതയ്ക്ക് മോചനത്തിൻെറ സദ്വാർത്തയായി അറിവു പകർന്നുകൊടുക്കാനും സഭയ്ക്ക് വിദ്യാഭ്യാസ പ്രവർത്തനത്തിലൂടെ സാധിച്ചു. സഭയുടെ വിദ്യാഭ്യാസ പ്രവർത്തനം വഴി സമൂഹത്തിൻെറ അടിത്തട്ടിൽ കിടന്ന ജനവിഭാഗങ്ങളിൽ അവകാശബോധവും ലോകത്തെകുറിച്ചുള്ള വിമർശനാത്മകമായ ധാരണയും സൃഷ്ടിക്കപ്പെട്ടു. അതുവഴിയായി സത്യം ഗ്രഹിക്കുവാനും സാമൂഹിക ബന്ധവും ലോകബന്ധവും ശക്തമാക്കുവാനും അവർക്കു കഴിഞ്ഞു. അറിവ്, അദ്ധ്വാനത്തിലൂടെ ലോകത്തെ മാറ്റിതീർക്കാമെന്ന വിശ്വാസം അവരിൽ കരുപിടിപ്പിച്ചു. തത്ഫലമായി വിപ്ലവകരമായ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മാറ്റത്തിന് നാന്ദി കുറിക്കപ്പെട്ടു. ജീവിതത്തിൻെറ കാതലായ ഭൗതിക-ആധ്യാത്മിക പ്രശ്നങ്ങളെപ്പറ്റി ചിന്തിക്കാനും അതിന് പ്രതിവിധി കണ്ടെത്താനുമുള്ള ശ്രമം ദുർബല വിഭാഗങ്ങളിൽ ശക്തിപ്പെട്ടു. അറിവ് ഭക്ഷണമായും, ആത്മാവിൻെറ പോഷണമായും തീർന്ന അവസ്ഥ സമൂഹത്തിലുണ്ടായതോടെ ചേരികളിലെ തിന്മകൾ, മദ്യാസക്തി, കുറ്റകൃത്യങ്ങൾ, ശിശുമരണം, പോഷകാഹാരക്കുറവ്, പകർച്ചവ്യാധികൾ, അന്ധവിശ്വാസങ്ങൾ, നിരക്ഷരത തുടങ്ങിയവയിലൂടെ പ്രത്യക്ഷപ്പെട്ടിരുന്ന അധമ പ്രവർത്തനങ്ങൾ തിരുത്തപ്പെട്ട് അസ്തിത്വം ഒരു പൂർണ്ണതയായി രൂപാന്തരപ്പെട്ടു. അങ്ങനെ മലങ്കര കത്തോലിക്കാസഭയുടെ വിദ്യാഭ്യാസ ശുശ്രൂഷ വഴി പ്രത്യേകിച്ച് കേരളത്തിലെയും തമിഴ്നാട്ടിലെയും കർണ്ണാടകത്തിലെയും ദുർബലരുടെയും ആദിവാസികളുടേയും ഇടയിൽ വലിയ മാറ്റങ്ങൾ ഉണ്ടായി.

## a. സാമൂഹികമാറ്റം

മലങ്കര കത്തോലിക്കാസഭയുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ വഴിയായി സമൂഹത്തിലെ വലിയൊരു വിഭാഗം ജനങ്ങളുടെ ഇടയിലും സഭാമക്കളിലും വ്യക്തമായ സാമൂഹിക വ്യതിയാനം ഉണ്ടായി. സഭ പകർന്നുകൊടുത്ത അറിവും കാരുണ്യവും ശുശ്രൂഷയുമാണ് ഈ മുന്നേറ്റത്തിന് നാന്ദി കുറിച്ചത്. വിദ്യാഭ്യാസത്തിലൂടെ പ്രത്യക്ഷമായും പരോക്ഷമായും കടന്നുവന്ന മൂല്യബോധം, അന്ധവിശ്വാസങ്ങളും അബദ്ധ ധാരണകളും

www.malankaralibrary.com

അശാസ്ത്രീയ സമീപനങ്ങളും ദൂരീകരിക്കുന്നതിനിടയാക്കി. 1930-കളിൽ കേരളത്തിലെ വിദ്യാഭ്യാസം സമൂഹത്തിലെ ഉന്നതർക്കും മേൽജാതിക്കാർക്കും ആഡംബരത്തിനും വിനോദത്തിനും ഉള്ള ഒരു വസ്തുവായിരുന്നു. സഭയുടെ പ്രവർത്തനംവഴി ഈ കാഴ്ചപ്പാടിന് മാറ്റം വന്നു. വിദ്യാഭ്യാസം ജനകീയവൽകരിക്കപ്പെട്ട് സമൂഹത്തിലെ താഴെത്തട്ടിലുള്ളവരുടെ ശക്തിയും നിക്ഷേപവുമായി രൂപാന്തരപ്പെട്ടു. ഇതിലൂടെ ഭൗതിക വിഭവങ്ങൾ ശാസ്ത്രീയമായി ചൂഷണം ചെയ്യുന്നതിനും ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനും സ്വാശ്രയശീലം വളർത്തുന്നതിനും സാധിച്ചു. സ്വന്തം മനുഷ്യത്വത്തെകുറിച്ചുള്ള അവബോധം, മറ്റുള്ളവരോടുള്ള പരിഗണന, മതസൗഹാർദ്ദം, സാമൂഹ്യനീതി, സമത്വം, സ്വാതന്ത്ര്യം എന്നിവയിലടിയുറച്ച വീക്ഷണം, ജനാധിപത്യഭരണക്രമം, പൗരബോധം, ദേശസ്നേഹം എന്നിവയെല്ലാം സൃഷ്ടിച്ചെടുക്കാൻ അറിവ് സഹായിച്ചു. സ്നേഹത്തിലും ത്യാഗത്തിലും പദമൂന്നിയ വിമോചന-പ്രവർത്തനത്തിന് നാന്ദികുറിക്കാൻ വിദ്യാഭ്യാസപ്രവർത്തനങ്ങളിലൂടെ സാധിച്ചു. നല്ല ഭാവിയ്ക്കായുള്ള പോരാട്ടവും ചെറുത്തുനില്പും സ്നേഹത്തെ ആധാരമാക്കിയുള്ളതാകണം എന്ന സന്ദേശവും നല്കപ്പെട്ടു. അതായത് വിമോചനാത്മകമായ ജ്ഞാനരൂപത്തിന് സുവിശേഷാധിഷ്ഠിതമായ സ്നേഹരൂപവും ത്യാഗഭാവവും സഭ വിദ്യാഭ്യാസത്തിലൂടെ സംക്രമിപ്പിച്ചു. അങ്ങനെ സുവിശേഷ ദൗത്യത്തിന് ഏറ്റവും അടുത്ത ശുശ്രൂഷയാണ് വിദ്യാഭ്യാസമെന്ന സഭയുടെ കാഴ്ചപ്പാട് ഉയർത്തിപിടിക്കുവാൻ മലങ്കര കത്തോലിക്കാസഭ ബോധപൂർവ്വം ശ്രദ്ധിച്ചിട്ടുണ്ട്.

ദളിതരുടെയും ദുർബലവിഭാഗങ്ങളുടെയും ദരിദ്രരുടെയും വിമോചനത്തിനുള്ള വജ്ജ്രായുധമാണ് വിജ്ഞാനം. അറിവ് എന്നത് വാക്കുകൾ, വർണ്ണങ്ങൾ, അക്കങ്ങൾ എന്നിവ നിരക്ഷരിൽ നിക്ഷേപിക്കപ്പെടുന്ന യാന്ത്രിക പ്രവർത്തനമായി തരംതാഴാതിരിക്കാൻ സഭ പ്രത്യേകം ശ്രദ്ധിച്ചു. നിരക്ഷരൻ അടിമയാണെന്നും അവനെ മോചിപ്പിക്കാനുള്ള ഉത്തമ ഉപകരണം വിദ്യ ആണെന്നും സഭ പഠിപ്പിച്ചു. ഇതിലൂടെ സമൂഹത്തിലെ അടിത്തട്ടിൽ കിടന്നിരുന്ന വലിയൊരു വിഭാഗം ജനങ്ങൾ സാമൂഹിക ഉന്നതി നേടി.

## b. സാമ്പത്തിക പുരോഗതി

ഒരു ജനതയുടെ സാമ്പത്തിക പുരോഗതിയുടെ താക്കോൽ വിദ്യാഭ്യാസമാണ്. ഗുണമേന്മയുള്ള വിജ്ഞാനം ഉല്പാദനോപകരണങ്ങളുമായി ബന്ധിക്കപ്പെടുമ്പോൾ മനുഷ്യൻെറ അദ്ധ്വാനശേഷിയിലൂടെ ലോകത്തെ ഭൗതിക പുരോഗതിയിലേക്കു നയിക്കാൻ സാധിക്കും.

www.malankaralibrary.com

ക്രിസ്ത്യൻ ഹ്യൂമനിസം മൗലികമായി വികസനാത്മകമാണ്. ഭൗതികലോകത്തിൽ നിന്ന് മാറിനിന്നല്ല, മറിച്ച് ഭൗതികലോകത്തെ രൂപാന്തരപ്പെടുത്തി മനുഷ്യനെ രക്ഷിക്കുന്ന പ്രക്രിയയാണ് ക്രിസ്ത്യൻ ഹ്യൂമനിസം. സഭ ഈ ദർശനം പ്രാവർത്തികമാക്കാൻ വിദ്യാഭ്യാസ പ്രവർത്തനത്തിലൂടെ ശ്രമിച്ചിട്ടുണ്ട്. സാധാരണക്കാരുടെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുമ്പോഴും,അവരുടെ കഴിവിനും അഭിരുചിക്കും അനുസൃതമായി ശാസ്ത്ര സാങ്കേതിക കാര്യങ്ങൾ പഠിക്കാൻ അവസരം കിട്ടുമ്പോഴും കുടുംബത്തിൻെറയും സമൂഹത്തിൻെറയും രാഷ്ട്രത്തിൻെറയും സാമ്പത്തിക വികസനം ശക്തിപ്പെടുന്നുവെന്ന് സാമ്പത്തികശാസ്ത്രജ്ഞനായ ആൽഫ്രഡ് മൂർഷൻ പറഞ്ഞുവച്ചിട്ടുണ്ട്. മലങ്കര കത്തോലിക്കാസഭ ഈ സത്യം ആരംഭത്തിലേ നന്നായി ഗ്രഹിച്ച് അനേകം വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് തുടക്കം കുറിച്ചു. തത്ഫലമായി കേവലം ഒരു മിഡിൽക്ളാസ് സമൂഹമായിരുന്ന മലങ്കര കത്തോലിക്കാസഭ ഇന്ന് സാമ്പത്തികമായി ഉന്നതി പ്രാപിച്ചുകൊണ്ടിരിക്കുന്ന, കെട്ടുറപ്പുള്ള ഒരു സഭാസമൂഹമായി വളർന്നുകൊണ്ടിരിക്കുകയാണ്.

സഭയുടെയും രാഷ്ട്രത്തിൻെറയും പുരോഗതി വിദ്യാഭ്യാസവുമായി അഭേദ്യം ബന്ധപ്പെട്ടുകിടക്കുന്നു. അതുകൊണ്ട് സഭയ്ക്ക് വിദ്യാഭ്യാസ ആസൂത്രണം അത്യന്താപേക്ഷിതമാണ്. ഒരു വ്യക്തിഗത സഭയെന്നുള്ള നിലയിൽ മലങ്കര കത്തോലിക്കാസഭയ്ക്ക് പ്രീപ്രൈമറി, പ്രൈമറി, സെക്കൻഡറി, കോളജ്, പ്രൊഫഷണൽ എന്നീ തലങ്ങളിൽ വിദ്യാഭ്യാസ കമ്മീഷനുകളും ആസൂത്രിതമായ സമഗ്രവിദ്യാഭ്യാസനയവും രൂപപ്പെടുത്തേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. വ്യക്തമായ വിദ്യാഭ്യാസ നയവും ആസൂത്രിതമായ പ്രവർത്തനപദ്ധതികളും ഉണ്ടെങ്കിൽ മാത്രമേ സഭയ്ക്ക് വിദ്യാഭ്യാസത്തിലൂടെ ഇനി പുരോഗതി കൈവരിക്കാൻ പറ്റൂ. സാമ്പത്തിക വികാസവും വിദ്യാഭ്യാസപുരോഗതിയും സമാന്തരമായി മുന്നേറിക്കൊണ്ടിരിക്കുന്ന രണ്ട് പ്രതിഭാസങ്ങളാണ്. സമ്പദ് വ്യവസ്ഥ മെച്ചപ്പെടുമ്പോൾ വിദ്യാഭ്യാസം സിദ്ധിച്ചവരും പരിശീലനം നേടിയവരുമായ ആളുകളുടെ ആവശ്യം ജോമട്രിക്കൽ(Geometrical) പ്രൊപ്പോഷനിൽ വർദ്ധിക്കാറുണ്ട്. മലങ്കര കത്തോലിക്കാസഭയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗണപരമായി വർദ്ധിക്കുന്നുണ്ട് എങ്കിലും, ഗുണപരമായി അവയ്ക്കു മേന്മ വർദ്ധിപ്പിക്കുവാൻ വൈദഗ്ദ്ധ്യം നേടിയവരുടെ സംഖ്യ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഓരോ രംഗത്തും പ്രത്യേകം വൈദഗ്ദ്ധ്യം നേടിയവരുടെ സേവനം സഭയ്ക്കും സമൂഹത്തിനും മെച്ചപ്പെട്ട ഫലങ്ങൾ ഉണ്ടാക്കുന്നതുകൊണ്ട് അതിനായി ചെലവഴിക്കുന്ന പണത്തിന് ശരി

www.malankaralibrary.com

യായ പ്രതിഫലം (return) ഭാവിയിൽ ലഭ്യമാകും എന്ന വിശ്വാസവും നാം വളർത്തിയെടുക്കേണ്ടതാണ്. പല രംഗത്തും മുതൽ മുടക്കുന്നതിൻെറ ഫലം ഉടനെ അറിയാമെങ്കിലും വിദ്യാഭ്യാസത്തിന് മുടക്കുന്നതിൻെറ ഫലം സാവകാശമേ ലഭ്യമാകുകയുള്ളു എന്നു ഗ്രഹിച്ച്, ഭാവിയിലെ ഉല്പാദനവും സമ്പദ്‌വ്യവസ്ഥയും കരുപ്പിടിപ്പിക്കുന്ന" "മുതൽ ശേഖരണ പ്രക്രിയയായി" വിദ്യാഭ്യാസത്തെ കണക്കാക്കി തീരുമാനങ്ങൾ എടുക്കേണ്ടതുണ്ട്. ക്രമപ്രവൃദ്ധമായ സാമ്പത്തിക പുരോഗതിയാണ് വിദ്യാഭ്യാസത്തിലൂടെ നേടുന്നതെന്ന് ഷുൽട്ട്സും (Sschultz and Davison) ഡേവിസനും നടത്തിയ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. റഷ്യയിൽ സ്ററൂമെലിൻ (strumelin)നടത്തിയ പഠനത്തിൽ വിദ്യാഭ്യാസത്തിനുവേണ്ടി സമൂഹം ചിലവഴിക്കുന്നതിനെക്കാൾ കൂടുതൽ തുക ദേശീയ വരുമാന വർദ്ധനവിലൂടെ രാഷ്ട്രത്തിന് നേടാൻ സാധിക്കുന്നുവെന്ന് സമർത്ഥിച്ചിട്ടുണ്ട്. ഈ ഗവേഷണ പഠനങ്ങൾ തെളിയിക്കുന്നത് സാമ്പത്തിക ആസൂത്രണം ഒരു വിദ്യാഭ്യാസ പ്രക്രിയകൂടി ആണെന്നാണ്. അതുകൊണ്ട് ലക്ഷ്യബോധത്തോടുകൂടിയ ഒരു വിദ്യാഭ്യാസ നയം രൂപീകരിക്കാൻ സഭയ്ക്കു സാധിച്ചാൽ ഓരോ കുടുംബത്തിനും, അതുവഴി സമൂഹത്തിനും രാജ്യത്തിനും വലിയ സാമ്പത്തിക പുരോഗതി നേടിക്കൊടുക്കാൻ പറ്റും. വിദ്യാഭ്യാസപുരോഗതിയോട് അഭേദ്യമായി ബന്ധപ്പെട്ടുകൊണ്ടാണ് സാമ്പത്തികപുരോഗതി എല്ലാക്കാലത്തും ഉണ്ടായിട്ടുള്ളത്. മലങ്കര കത്തോലിക്കാസമൂഹത്തിൻെറ കഴിഞ്ഞകാലത്തെ ചരിത്രം പരിശോധിച്ചാലും ഈ സത്യം വ്യക്തമാകും.

## C. വിദ്യാഭ്യാസവും സാംസ്കാരികമാറ്റവും

'സംസ്കാരം' എന്ന പദംകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് മതം, ഭാഷ, വേഷവിധാനം, ഭക്ഷണരീതി, കല, സാഹിത്യം എന്നീ രംഗങ്ങൾ മാത്രമല്ല, മറിച്ച് അസംസ്കൃതമായത് എന്തോ അതിനെ ജ്ഞാനം കൊണ്ട് ശുദ്ധി ചെയ്തെടുക്കുന്ന പ്രക്രിയയാണ്. സംസ്കാരസമ്പന്നരും സൽസ്വഭാവികളുമായ പുത്തൻതലമുറയെ വാർത്തെടുക്കുവാൻ മലങ്കരസഭയുടെ വിദ്യാഭ്യാസസേവനങ്ങൾ മികച്ച സംഭാവന നല്കിയിട്ടുണ്ട്. പ്രത്യക്ഷമായും പരോക്ഷമായും വിദ്യാഭ്യാസത്തിൻെറ ഫലമായുണ്ടാകുന്ന പൊതുപെരുമാറ്റ രീതിയാണ് സംസ്കാരമായി മാറുന്നത്. വിദ്യാഭ്യാസത്തിലൂടെ നേടുന്ന വിജ്ഞാനവും പെരുമാറ്റരീതികളും ആദർശങ്ങളും സംസ്കാരമായി രൂപംകൊള്ളുന്നു. ഓരോ സമൂഹത്തിൻെറയും പാരമ്പര്യം ഉൾക്കൊണ്ട് അതിനെ കാലികമായി രൂപാന്തരപ്പെടുത്തി അടുത്ത തലമുറയിലേക്കു പകരുന്നത് വിദ്യാഭ്യാസമാണ്. നൂതന വ്യവസ്ഥിതിയുമായി നേരിടുമ്പോൾ നിൽക്കക്കള്ളിയില്ലാതെ പല സംസ്കാരങ്ങളും ഇല്ലാതായിത്തീ

www.malankaralibrary.com

രുന്നു. എന്നാൽ മറ്റു ചില സംസ്കാരങ്ങൾ ഈ പ്രക്രിയയിൽ സമകാലീന സംസ്കാരമാവുകയും, പുതിയ സംസ്കാരങ്ങൾ രൂപപ്പെടുത്താനുള്ള കഴിവ് ആർജ്ജിക്കുകയും ചെയ്യുന്നു. സാംസ്കാരിക വ്യതിയാനത്തിൽ കാര്യമായ സ്വാധീനം ചെലുത്തുന്ന ഘടകമാണ് മതം. സത്യവും അഹിംസയും കാക്കുവാനുള്ള ഏതു വിദ്യാഭ്യാസവും മതപരമായ വിദ്യാഭ്യാസമായി ഗാന്ധിജി കണ്ടിരുന്നു. മതബോധം കുട്ടികളിൽ വളർത്തി സാംസ്കാരികമാറ്റം വരുത്തുക വിദ്യാഭ്യാസത്തിൻെറ ലക്ഷ്യമായി ഒരുകാലത്ത് കരുതിയിരുന്നു.

ഒരു തലമുറയ്ക്ക് മുൻതലമുറകൾ പിതൃസ്വത്തായി കൈമാറുന്ന ചില അനുഭവസമ്പത്തുണ്ട്. അതിനെയും നാം സംസ്കാരം എന്നാണു വിളിക്കുന്നത്. ഈ അനുഭവസമ്പത്തിൻെറ മുഖ്യഘടകം മൂല്യങ്ങളാണ്. തത്ഫലമായി മൂല്യങ്ങൾ സംസ്കാരത്തിൻെറ അഭിവാജ്യഘടകമായി മാറുന്നു. അമ്മയും അച്ചനും അദ്ധ്യാപകനും സഭയും സമൂഹവും രാഷ്ട്രവുമെല്ലാം സംസ്കാരത്തിൻെറ സംവാഹകരും സംപ്രേക്ഷകരും ആകുന്നു. ദീർഘനാളത്തെ അനുഭവത്തിൽ നിന്ന് ജീവിതത്തെ അർത്ഥസമ്പുഷ്ടവും മഹത്തരവും ആക്കുന്ന കാര്യങ്ങളെന്ന് സമൂഹം കരുതുന്നവയാണ് നാം സാംസ്കാരിക മൂല്യങ്ങളായി ഗണിക്കപ്പെടുന്നത്. മനുഷ്യജീവിതത്തിന് വിലപ്പെട്ടതായി കരുതുന്നതെന്തും സാംസ്കാരിക ഘടകങ്ങളാണ്. ഒരു ജനസമൂഹത്തിൻെറ സംസ്കാരത്തോടും മൂല്യദർശനത്തോടും പ്രതിബദ്ധതയില്ലാത്ത വിദ്യാഭ്യാസം അപകടകരമാണ്. അത് അസുരന്മാരെയും രാക്ഷസന്മാരെയും സൃഷ്ടിക്കുകയും മനുഷ്യസമൂഹത്തിൻെറ അസ്ഥിവാരങ്ങൾ തകർക്കുകയും ചെയ്യും. ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൽ ശ്രദ്ധിച്ചിട്ടുള്ള സഭ സാംസ്കാരിക മാറ്റവും മൂല്യബോധവും വളർത്തിയെടുക്കാനും പരിശ്രമിച്ചിട്ടുണ്ട്. ഈ രംഗത്ത് നാം പൂർണ്ണമായി വിജയിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തപ്പെടേണ്ടതാണ്.

## d. വിദ്യാഭ്യാസവും സ്വഭാവരൂപീകരണവും

വിദ്യാഭ്യാസത്തിൽ ഏറ്റവും അധികം ശ്രദ്ധിക്കപ്പെടേണ്ട ഘടകമാണ് സ്വഭാവരൂപീകരണം. ജീവിതവിജയത്തിന് ഒരു വ്യക്തി സ്വന്തമാക്കിയ അറിവിൻെറ 15 ശതമാനം മതിയെന്നും 85 ശതമാനവും സ്വഭാവഗുണമാണ് വേണ്ടതെന്നും ആധുനികമനഃശാസ്ത്രപഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. തൊഴിൽ വൈദഗ്ദ്ധ്യത്തിന് 15 ശതമാനം പങ്കേയുള്ളു. 85 ശതമാനവും

www.malankaralibrary.com

സ്വഭാവമേന്മയാണു വേണ്ടത്. എന്നാൽ ഈ 15 ശതമാനത്തിലാണ് നമ്മുടെ പാഠ്യവിഷയത്തിന്റെ ശ്രദ്ധ മുഴുവൻ. 85 ശതമാനം വരുന്ന സ്വഭാവഗുണത്തെ ഇന്ന് നാം പരിപോഷിപ്പിക്കേണ്ടത് പാഠ്യേതരവിഷയത്തിലൂടെ ആയിരിക്കണം എന്നു സാരം. സഭ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നതുവഴിയായി പാഠ്യേതര വിഷയങ്ങളിലൂടെയുള്ള സ്വഭാവസംസ്കരണം ശക്തിപ്രാപിച്ചു. ഈ മേഖലയ്ക്ക് ഒരു ആധ്യാത്മിക-ധാർമ്മിക പരിവേഷം കൈവന്നു. ഡോ.എസ്സ്. രാധാകൃഷ്ണന്റെ അഭിപ്രായത്തിൽ വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യം സ്വഭാവരൂപീകരണമാണ്. സ്വഭാവസംസ്കരണമില്ലാത്ത വിദ്യാഭ്യാസം ഉപയോഗശൂന്യവും ആപൽക്കരവും ആണ്. ഒരാൾ ആർജ്ജിക്കുന്ന അറിവിന്റെ പ്രായോഗികത അയാളുടെ ഹൃദയത്തിന്റെ ചായ്‌വിനെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. തലയെ തിരിച്ചുവിടുന്നതും തലയ്ക്കു നിർദ്ദേശം നല്കുന്നതും ഹൃദയമാണ്. അതിനാൽ ഹൃദയത്തെ സംസ്കരിക്കുന്ന പ്രക്രിയയിലൂടെ മാത്രമേ സ്വഭാവരൂപീകരണം നേടിയെടുക്കാൻ പറ്റൂ.

നല്ല സ്വഭാവഗുണമുള്ള തലമുറയെ വാർത്തെടുക്കുന്നതിലും മലങ്കര കത്തോലിക്കാസഭയുടെ വിദ്യാഭ്യാസ ശുശ്രൂഷ സഹായിച്ചിട്ടുണ്ട്.എന്നാൽ ഇന്ന് ഈ ദർശനം പല സ്ഥാപനങ്ങൾക്കും കൈമോശം വന്നുകൊണ്ടിരിക്കയല്ലേ എന്ന് ശങ്കിക്കേണ്ടിയിരിക്കുന്നു. ആധ്യാത്മിക-ധാർമ്മിക മൂല്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കണമെങ്കിൽ തങ്ങളുടെ സ്ഥാപനം എന്തിനുവേണ്ടി നിലകൊള്ളുന്നു എന്ന കാര്യം അവിടെ പ്രവർത്തിക്കുന്നവർ വ്യക്തമായി അറിഞ്ഞിരിക്കണം. അതോടൊപ്പം മാനേജ്മെൻറ് അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നിവർ കൂട്ടായി ചിന്തിക്കുകയും അനുകൂലമായ കലാലയ അന്തരീക്ഷം സൃഷ്ടിക്കുകയും വേണം. ഉദ്യോഗം നൽകാനോ അഡ്മിഷൻ കൊടുക്കാനോ ഉള്ള സ്ഥാപനങ്ങളായി മാത്രം കലാലയങ്ങൾ മാറരുത്. വരും തലമുറയുടെ സ്വഭാവരൂപീകരണത്തിനുള്ള ത്യാഗപൂർണ്ണമായ സേവനം ആയിരിക്കണം അവയുടെ ലക്ഷ്യം. കലാലയത്തിൽ പ്രവർത്തിക്കുന്നവരെ ഉദ്യോഗസ്ഥരായി മാത്രം കാണാതെ പ്രേഷിതരായിക്കണ്ട് പ്രോത്സാഹിപ്പിക്കേണ്ട കടമ സഭയ്ക്കുണ്ട്. എന്നാൽ ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന വൈദികരെയും സന്ന്യസ്തരെയുംപോലും വെറും ഉദ്യോഗസ്ഥരായി കാണുന്ന പ്രവണത പലയിടത്തും ഉണ്ട്.

സഭയുടെ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സംശുദ്ധവും നീതിപൂർവ്വകവും ആയിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ക്രിസ്ത്യൻ ചിന്തകൾക്ക്

www.malankaralibrary.com

അനുസ്യൂതമായി അത് ചെയ്യുമ്പോൾ വ്യക്തിതാല്പര്യങ്ങളും സ്വാർത്ഥ ചിന്തയും സ്വാധീനിക്കാൻ ഇടയാകരുത്. മാനേജുമെൻറിൻെറ അവ കാശങ്ങൾ വിനിയോഗിക്കുമ്പോൾ പൊതുവായ ക്രൈസ്തവദർശനം ഉൾ ക്കൊള്ളുന്ന മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കപ്പെടണം. വിദ്യാർത്ഥി കൾക്ക് നല്ല സാക്ഷ്യം കൊടുക്കാൻ കഴിവുള്ള അദ്ധ്യാപകർ ഉണ്ടാ വണം.ക്രൈസ്തവമാനവികതയും മൂല്യബോധവും സഭാസ്നേഹവും കൈമോശം വന്ന വ്യക്തികളും അദ്ധ്യാപകരുമാണ് കലാലയത്തിലെ ആധ്യാ ത്മിക-ധാർമ്മിക അന്തരീക്ഷത്തെ വികലമാക്കുന്നതും സ്വഭാവരൂ പീകര ണത്തെ തടസ്സപ്പെടുത്തുന്നതും. വിദ്യാർത്ഥികളുടെ സ്വഭാവരൂപീ കരണ മായിരിക്കണം സഭയുടെ കലാലയങ്ങളുടെ പ്രഥമവും പ്രധാനവു മായ ലക്ഷ്യം. ഈ ലക്ഷ്യം നേടിയെടുക്കാൻ വൈദികരുടെയും സമർപ്പി തരുടെയും സേവനം ഭാവിയിലും വേണ്ടത്ര പ്രയോജനപ്പെടുത്തണം. ഇക്കൂ ട്ടർ സഭയുടെ വിദ്യാഭ്യാസ മണ്ഡലത്തിൽ പ്രവർത്തിക്കുന്നത് അജപാലന ദൗത്യത്തിൻെറ ഭാഗമാണെന്ന ബോധം അവരിലും, അധികാരികളിലും വളർന്നുവരണം. വിദ്യാഭ്യാസ പ്രവർത്തനത്തിൻെറ മൗലികമായ ലക്ഷ്യം മറന്ന് പ്രവർത്തിക്കുന്ന സഭാസ്ഥാപനങ്ങൾ ഉണ്ടാകാം. അവ സമൂ ഹത്തിന് വിരുദ്ധ സാക്ഷ്യങ്ങൾ നല്കും. ക്രൈസ്തവകാഴ്ചപ്പാടുകളിൽ നിന്ന് വ്യതിചലിച്ച് 'ധന' സമ്പാദനത്തിനുള്ള മാർഗ്ഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റിയാൽ അതിനെ ഒരിക്കലും ന്യായീകരിക്കാനാവില്ല. അഡ്മിഷൻെറ പേരിലോ നിയമനത്തിൻെറ പേരിലോ പണം വാങ്ങരു തെന്നാണ് സഭയുടെ പ്രബോധനം. പക്ഷേ, ഈ നിർദ്ദേശം പൂർണ്ണമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. സഭാസ്ഥാ പനങ്ങളിലെ നിയമനങ്ങളും പ്രവേശനങ്ങളും വിറ്റ് 'കാശാക്കുക' എന്നു പറഞ്ഞാൽ ക്രിസ്തീയദർശനത്തിന് തികച്ചും വിരുദ്ധമാണത്. ക്രിസ്തു വുമായി ആഴമായ ബന്ധം കാത്തുസൂക്ഷിക്കാത്തതിൻെറ ഫലമായിട്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. അത്തരം സ്ഥാപനങ്ങൾക്ക് സ്വഭാവരൂപീ കരണപ്രക്രിയയിൽ കാര്യമായ പങ്കൊന്നും വഹിക്കാൻ പറ്റില്ല.

ചുരുക്കത്തിൽ, മലങ്കര കത്തോലിക്കാസഭ പകർന്നുകൊടുത്ത വിജ്ഞാനം ക്രിസ്ത്യൻ മാനവികതയ്ക്കും ദാരിദ്ര്യ നിർമ്മാർജ്ജന ത്തിനും ഉച്ചനീചത്വങ്ങളുടെ തച്ചുടയ്ക്കലിനും സാമൂഹികപരിവർത്തന ത്തിനും സാമ്പത്തികവികസനത്തിനും സാംസ്കാരികമുന്നേറ്റത്തിനും സ്വഭാവസംസ്കരണത്തിനും മൂല്യബോധത്തിനും ശാസ്ത്രചിന്തയ്ക്കും ആത്മിയ-ധാർമ്മിക പ്രബോധനത്തിനും സാമൂഹികനീതിയ്ക്കും രാജ്യ

www.malankaralibrary.com

സ്നേഹത്തിനുമെല്ലാം ആരംഭം കുറിച്ചു. കൂടാതെ മലങ്കരകത്തോലിക്കാ സഭാവിശ്വാസികളിൽ അത് ഒരു "ബൗദ്ധിക സംസ്കാരം" വളർത്തിയെടുക്കുന്നതിനും, അതുവഴി സഭാസ്നേഹം, സാമൂഹിക പ്രതിബദ്ധത, സാമ്പത്തിക ഉന്നതി, സാംസ്കാരിക വളർച്ച തുടങ്ങിയ മൂല്യങ്ങൾ കരുപ്പിടിപ്പിക്കുന്നതിനും സഹായിച്ചു. മലങ്കരകത്തോലിക്കാസഭയുടെ ദൗത്യവും വിദ്യാഭ്യാസദർശനവും നന്നായി ഗ്രഹിച്ച്, അതനുസരിച്ച് ത്യാഗപൂർവ്വം പ്രവർത്തിക്കാൻ മനസ്സായ ഒരുപറ്റം സഭാസ്നേഹികളിലൂടെയാണ് ഈ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചത്. ഇക്കഴിഞ്ഞ എഴുപതു വർഷത്തെ മലങ്കര കത്തോലിക്കാസഭയുടെ ചരിത്രം നാം അപഗ്രഥിക്കുമ്പോൾ ഇപ്രകാരമുള്ള നിരവധി ധന്യവിചാരങ്ങൾക്ക് നമ്മൾ അവകാശികളാകുന്നു. ഈ അവകാശബോധവും ആത്മസംതൃപ്തിയും ദിശതെറ്റാതെ 21-ാം നൂറ്റാണ്ടിലേക്കു പ്രവേശിക്കുവാനും, ക്രാന്തദർശിത്വത്തോടെ സഭയ്ക്കു ഭാവി വളർച്ച വിദ്യാഭ്യാസ പ്രവർത്തനത്തിലൂടെ കരുപ്പിടിപ്പിക്കുവാനും, ആനുകാലികസമൂഹത്തിൽ സഭയുടെ വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ഔന്നത്യം ഉയർത്തിപ്പിടിക്കുവാനും നമ്മെ കർമ്മനിരതരാക്കണം.

## 21-ാം നൂറ്റാണ്ടിലെ മലങ്കരസഭയും വിദ്യാഭ്യാസവും

അറിവിന്റെ വിസ്ഫോടനാത്മകമായ വികാസം അനുദിനം നടന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാമിന്നു ജീവിക്കുന്നത്. ഒപ്പം ആഗോളവത്ക്കരണത്തിന്റെ സ്വാധീനവും വിദ്യാഭ്യാസരംഗത്ത് ശക്തമാണ്. തത്ഫലമായി സാങ്കേതികവും തൊഴിൽപരമായി മേന്മയുള്ളതുമായ വിദ്യാഭ്യാസത്തിനാണ് എവിടെയും ഇന്ന് മുൻതൂക്കം ലഭിച്ചുകൊണ്ടിരിക്കുന്നത്. കൂടാതെ ഭാരതത്തിലെയും കേരളത്തിലെയും വിദ്യാഭ്യാസത്തിന്റെ കാഴ്ചപ്പാടിലും ഉള്ളടക്കത്തിലും ഘടനയിലും അടിസ്ഥാനപരമായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയുമാണ്. സൈദ്ധാന്തികവും ഘടനാപരവുമായി വന്നുകൊണ്ടിരിക്കുന്ന ഈ മാറ്റങ്ങൾ ഫലപ്രദമായി ഉൾക്കൊള്ളുവാൻ നമുക്ക് സാധിച്ചെങ്കിൽ മാത്രമേ 21-ാം നൂറ്റാണ്ടിൽ വിദ്യാഭ്യാസ ശുശ്രൂഷാരംഗത്ത് നമ്മുടെ വിദ്യാഭ്യാസദർശനങ്ങൾ സാക്ഷാത്കരിക്കാൻ കഴിയുകയുള്ളൂ.

സഭയുടെ വിദ്യാഭ്യാസ പ്രവർത്തന പരിപാടിയുടെ സമഗ്രമായ പുനർവിചിന്തനവും പുന:സംഘടനയും അനിവാര്യമാക്കുന്ന നിരവധി ഘടകങ്ങൾ ഇന്ന് ഉയർന്നുവന്നിരിക്കുന്നു. അവയെ ദീർഘവീക്ഷണത്തോടെ ഉൾക്കൊള്ളണമെങ്കിൽ വിദ്യാഭ്യാസ ആസൂത്രണം അനിവാര്യമാണ്.

www.malankaralibrary.com

## വിദ്യാഭ്യാസം ആസൂത്രണം ചെയ്യൽ

ആധുനിക മനുഷ്യൻെറ വിദ്യാഭ്യാസം അത്യന്തം വിഷമം പിടിച്ച ഒരു പ്രശ്നമാണെന്ന് ഒട്ടുവളരെ സമൂഹങ്ങൾ കരുതുന്നു. എങ്കിലും അത് ഏറ്റവും പ്രധാന്യം അർഹിക്കുന്ന ഒരു മേഖലയാണെന്നും എല്ലാ സമൂഹങ്ങൾക്കും ഉറപ്പുണ്ട്. ഇന്നത്തേതിൽ നിന്നും മെച്ചപ്പെട്ട ഒരു ലോകവും രാജ്യവും സമൂഹവും സഭയും കുടുംബവും കെട്ടിപ്പടുക്കാൻ ആഗ്രഹിക്കുന്ന എല്ലാവരും വിദ്യാഭ്യാസത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയായിക്കണ്ട് പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ആസൂത്രണ പ്രക്രിയയ്ക്കുമുമ്പ് 21-ാം നൂറ്റാണ്ടിലെ വിദ്യാഭ്യാസലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് പ്രഖ്യാപിക്കപ്പെടണം. ഇതിൽ ലോകത്തിൻെറയും രാജ്യത്തിൻെറയും സഭയുടെയും ലക്ഷ്യങ്ങൾ ഉൾച്ചേരണം. പാരമ്പര്യാധിഷ്ഠിത വിദ്യാഭ്യാസവും വിദേശമാതൃകകൾ പകർത്തികൊണ്ടുള്ള വിദ്യാഭ്യാസവും ഇന്ന് കാലഹരണപ്പെട്ടുകഴിഞ്ഞു. എല്ലാവർക്കും തുല്യ അവസരം നല്കുന്ന വിദ്യാഭ്യാസം,സാമൂഹിക പരിവർത്തനം ഉണ്ടാക്കുന്ന വിദ്യാഭ്യാസം, സാമ്പത്തികപുരോഗതി നേടിത്തരുന്ന വിദ്യാഭ്യാസം, ദേശീയവികസനത്തിന് മനുഷ്യവിഭവശേഷി പ്രദാനം ചെയ്യുന്ന വിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെല്ലാം ഇന്ന് വീക്ഷണ വ്യതിയാനം കടന്നുവന്നുകഴിഞ്ഞു. ആഗോളവത്ക്കരണ(globalization) ത്തിൻെറയും കമ്പോളവത്ക്കരണ (commercialization)ത്തിൻെറയും പശ്ചാത്തലത്തിലാണ് വിദ്യാഭ്യാസവും വിദ്യാഭ്യാസസ്ഥാപനങ്ങളും ഇന്ന് വിലയിരുത്തപ്പെടുന്നത്. അതുകൊണ്ട് അടിസ്ഥാനമൂല്യങ്ങളിലും ദർശനങ്ങളിലുംനിന്ന് വ്യതിചലിക്കാതെ തന്നെ മാത്സര്യബുദ്ധിയോടെ (competitive spirit) ഗുണമേന്മയുള്ള വിദ്യാഭ്യാസം നല്കുവാൻ സഭ ശ്രദ്ധ വയ്ക്കേണ്ടതാണ്. പുരോഗതി കാംക്ഷിക്കുന്ന ഏതൊരു സമൂഹവും നൂറു കണക്കിന് രംഗങ്ങളിൽ പുരോഗതി പ്രാപിക്കേണ്ടതുണ്ട്. നിരക്ഷരർക്ക് അറിവുപകർന്നു കൊടുക്കുക, എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം നല്കുവാൻ സഹായിക്കുക, സെക്കൻഡറി ഘട്ടം മെച്ചപ്പെടുത്തുക, കോളേജ് വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുക തുടങ്ങിയ രംഗങ്ങളിൽ മലങ്കര കത്തോലിക്കാസഭ കഴിഞ്ഞ നൂറ്റാണ്ടിൽ സവിശേഷമായ ശ്രദ്ധ ചെലുത്തി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്കു പ്രവേശിക്കുന്ന സഭ ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രത്യേകമായി കർമ്മനിരതമാകേണ്ടതുണ്ട്. വികസിത രാഷ്ട്രങ്ങളായ അമേരിക്ക, ജപ്പാൻ, ജർമ്മനി, ബ്രിട്ടൺ, ഫ്രാൻസ് തുടങ്ങിയ രാഷ്ട്രങ്ങൾ "സമൃദ്ധിക്കു"വേണ്ടിയുള്ള വിദ്യാഭ്യാസം

www.malankaralibrary.com

എന്ന മുദ്രാവാക്യമാണ് സ്വീകരിച്ചിരിക്കുന്നത്. ആഗോളസമൃദ്ധിയുടെ ഉറവിടങ്ങളായി 'സാങ്കേതിക വിദ്യ' (Technology)ഉൾക്കൊള്ളുന്ന ഒരു പാഠപദ്ധതി (curriculum)യാണ് സെക്കൻടറി തലം മുതൽ ഈ രാജ്യങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രമിക്കുന്നത്. വിവര സാങ്കേതികവിദ്യ (Information Technology)ഇന്ന് ജീവിതത്തിൻെറ എല്ലാ രംഗത്തും വിപ്ലവകരമായ വ്യതിയാനം വരുത്തിക്കൊണ്ടിരിക്കുന്ന ഒരു കാലയളവാണിത്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്കു പ്രവേശിക്കുന്ന മലങ്കര കത്തോലിക്കാസഭ, ഇന്ന് സഭയുടെ ചുമതലയിൽ നടത്തപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുരോഗതിക്ക് ഊന്നൽ കൊടുക്കുന്നതോടൊപ്പം; "ശാസ്ത്ര-സാങ്കേതിക- പ്രൊഫഷണൽ" വിദ്യാഭ്യാസത്തിന് ഇനി മുന്തിയ പരിഗണന നല്കുന്ന ഒരു വിദ്യാഭ്യാസപദ്ധതി നടപ്പിലാക്കേണ്ടതാണ്. ഈ ലക്ഷ്യപ്രാപ്തിയ്ക്കായി സഭയ്ക്ക് താഴെപ്പറയുന്ന മേഖലകളുടെ സാദ്ധ്യതകൾ ആരായാവുന്നതാണ്.

1. മെഡിക്കൽ വിദ്യാഭ്യാസം (Medical Education)
2. എഞ്ചിനിയറിംഗ് (Engineering)
3. കാർഷിക സാങ്കേതിക വിദ്യാലയങ്ങൾ (Agricultural Technology Education)
4. ഇൻഡസ്ട്രിയൽ എഞ്ചിനിയറിംഗ് മേഖലകൾ (Industrial Engineering Sector)
5. മാനേജ്മെൻറ് സയൻസ്(Management science)
6. കമ്പ്യൂട്ടർ എഞ്ചിനിയറിംഗ് ആൻറ് എഡ്യൂക്കേഷൻ (Computer Enginering and Education)
7. വെറ്റിനറി കോളേജുകൾ (Vetinery colleges)
8. ഹോമിയോ വിദ്യാഭ്യാസം(Homeo Education)
9. ആയുർവേദിക്ക് എഡ്യൂക്കേഷൻ (Ayurvedic Education)
10. ബയോ-ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്സ് (Bio-Technology Institute)
11. ട്യൂറിസം ഇൻഡസ്ട്രിയൽ ട്രെയിനിംഗ് (Tourism Industrial Training)

www.malankaralibrary.com

12. കമ്മ്യൂണിക്കേഷൻ സ്കിൽ ഡെവലപ്പ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് (Communication skill development institute)

13. സെൻറർ ഫോർ യോഗാ സ്റ്റഡീസ് (Centre for Yoga Studies)

14. സ്പോർട്ട്സ് ആൻറ് ഗയിംസ് ഇൻസ്റ്റിറ്റ്യൂട്ട് (Sports and Games Institute)

15. അഡ്വാൻസ് സെൻറർ ഫോർ കൾചറൽ പ്രോഗ്രാം(Advance centre for cultural programme) (a)ട്രഡീഷനൽആർട്ട്സ്(Traditional Arts) (b)ഡാൻസ്സസ്(Dances) (c)ഡ്രാമാ(Drama) (d)മ്യൂസിക് (music) (e)ഡ്രോയിംഗ്(Drawing) (f)പെയിൻറിങ്ങ് (Painting) (g) മാർഷൽ ആർട്ട്സ് (Marshal arts) etc. അഭ്യസിപ്പിക്കുന്ന സ്ഥാപനങ്ങൾ.

16. ആർക്കിയോളജി, ജോഗ്രഫി, ജേർണലിസം, ഫോട്ടോഗ്രഫി(Archeology, Geography, Journalism, Photography)

17. എൻവയൺമെൻറൽ സ്റ്റഡീസ് (Environmental studies)

18. പാരാ മെഡിക്കൽ സ്റ്റഡീസ്(Para- Medical Studies)

19. ഇൻഫർമേഷൻ ടെക്നോളജി (Information Technology)

20. മറൈൻ എഞ്ചിനിയറിംഗ് ആൻറ് ഫിഷറീസ്(Marine Engineering and Fisheries)

ഇന്ന് ശാസ്ത്രം സാങ്കേതിക വിദ്യയും ഏതൊരു വിദ്യാഭ്യാസത്തിൻെറയും മൗലികവും സ്ഥിരവുമായ ഘടകമായിത്തീർന്നിരിക്കുന്നു. കാരണം അത് സംഘടിത വിജ്ഞാനത്തെ പ്രായോഗികവും മൂർത്തവുമായ കാര്യങ്ങൾക്കു വിനിയോഗിച്ച് തൻെറ ചുറ്റും നടക്കുന്ന പ്രക്രിയകളെ കൂടുതൽ നന്നായി മനസ്സിലാക്കുകയും, തൻെറ പ്രവർത്തനങ്ങൾക്ക് കൂടുതൽ കാര്യക്ഷമതയും സ്വീകാര്യതയും കൈവരുത്തുവാൻ ഓരോ വ്യക്തിയെയും സഹായിക്കുകയും ചെയ്യുന്നു. തത്ഫലമായി വിദ്യാഭ്യാസത്തെപ്പറ്റിയുള്ള സങ്കല്പങ്ങൾക്കും പുതിയ രൂപഭാവങ്ങൾ ഉണ്ടാകുന്നു. ഇന്ന്“വിദ്യാഭ്യാസ സമൂഹം” എന്ന ആശയംവരെ പ്രബലപ്പെട്ടുകഴിഞ്ഞു. നാം ഇന്ന് അനുവർത്തിക്കുന്ന വിദ്യാഭ്യാസരീതിയിൽ അടിസ്ഥാനപരമായ പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ടു മാത്രമേ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ സ്തുത്യർഹമായ വിദ്യാഭ്യാസശുശ്രൂഷ നിർവ്വഹിക്കുവാൻ സാധിക്കുകയുള്ളൂ. വിദ്യാഭ്യാസത്തിൻെറ പൊതുവായ ലക്ഷ്യങ്ങളും

www.malankaralibrary.com

സഭയുടെ പ്രത്യേക കാഴ്ചപ്പാടുകളും കണക്കിലെടുത്തുകൊണ്ട് കഴിഞ്ഞ 70 വർഷക്കാലത്തെ വിദ്യാഭ്യാസ പ്രവർത്തനത്തെപ്പറ്റി വിലയിരുത്തലുകൾ നടത്തുകയും, പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടുവാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എത്രമാത്രം സഹായിച്ചുവെന്ന് പഠനം നടത്തുകയും വേണം. പുതിയ നൂറ്റാണ്ടിലെ ലക്ഷ്യങ്ങൾ മുൻഗണനാക്രമത്തിൽ നിർവ്വചിക്കുകയും ആ ലക്ഷ്യപ്രാപ്തിക്കായി വിവിധ സമീപനങ്ങൾ സ്വീകരിക്കുകയും ചെയ്യണം. സഭയുടെ മനുഷ്യവിഭവശേഷിയും ലഭ്യമായ സാമ്പത്തിക ശേഷിയും കണക്കിലെടുത്ത് മുൻഗണനാക്രമത്തിൽ ഏതു പരിധിവരെ ഉന്നതവിദ്യാഭ്യാസരംഗത്ത് (പ്രത്യേകിച്ച് സാങ്കേതിക-പ്രൊഫഷണൽ രംഗത്ത്) ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുമെന്നു പഠിക്കുക; ഈ രംഗത്ത് പ്രവർത്തിക്കുവാൻ ആവശ്യമായി വന്നേക്കാവുന്ന മനുഷ്യവിഭവശേഷി, സാമ്പത്തിക പിൻബലം, ഇതരവിഭവങ്ങൾ എന്നിവ ലഭിക്കുവാനുള്ള സാദ്ധ്യത ആരായുക; പുതിയ സംരംഭങ്ങൾക്കായി പരിശീലനം കിട്ടിയ ആൾക്കാരെ കണ്ടെത്തുക; പുതിയ ഗണത്തെ പരിശീലിപ്പിക്കുക; ചെലവഴിക്കുന്ന പണത്തിനും വിഭവങ്ങൾക്കും കിട്ടാവുന്ന 'റിട്ടേൺ' (പ്രതിഫലം) കണക്കാക്കുക; ദൂരക്കാഴ്ചയോടെ പരിപാടികൾ ആവിഷ്കരിക്കുക എന്നിവയെല്ലാം സഭയുടെ വിദ്യാഭ്യാസ ആസൂത്രണത്തിൻെറ ഭാഗമായിത്തീരണം. അങ്ങനെ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കുന്ന മലങ്കര കത്തോലിക്കാസഭ ഉന്നതവിദ്യാഭ്യാസരംഗത്ത് ഒരു "കുതിച്ചുചാട്ടത്തിനു ശക്തിയാർജ്ജിച്ച്" മുന്നേറട്ടെയെന്ന് പ്രത്യാശിക്കുന്നു.

## ഉപസംഹാരം

വിദ്യാഭ്യാസത്തിലെ ഒരു സുപ്രധാന കാലയളവിലാണ് നാം ഇന്ന് ജീവിക്കുന്നത്. വിദ്യാഭ്യാസം ഭാരതത്തിൽ, പ്രത്യേകിച്ച് കേരളത്തിൽ ഒരു തീക്ഷണവിവാദ വിഷയമായിരിക്കുകയാണ്. ഒപ്പം വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം, പഠന-ബോധന പ്രക്രിയ, ഉള്ളടക്കം, ഘടന, സ്പെഷ്യലൈസേഷൻ, ഗവേഷണ നിരീക്ഷണങ്ങൾ, കാഴ്ചപ്പാട് എന്നിവയിലെല്ലാം കാതലായ മാറ്റവും വന്നുകഴിഞ്ഞു. മനുഷ്യനെ അവൻെറ അപൂർണ്ണതയിൽനിന്ന് പൂർണ്ണതയിലേക്കു നയിക്കുന്ന വിദ്യാഭ്യാസത്തിൻെറ കേന്ദ്രം വിമോചിത മാനവരാശിയെക്കുറിച്ചുള്ള ഒരു ദാർശനിക വീക്ഷണമായിരുന്നു. മനുഷ്യരെ അടിമപ്പെടുത്തുന്ന എല്ലാ വ്യവസ്ഥിതികളിൽനിന്നും

www.malankaralibrary.com

അവനെ മോചിപ്പിക്കുന്ന ആയുധമായി വിദ്യാഭ്യാസത്തെ കണ്ടിരുന്ന ഒരു നൂറ്റാണ്ട് അവസാനിക്കുകയാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ വിദ്യാഭ്യാസം, വിമോചിത മാനവരാശിയെ “മത്സരിച്ചു വിജയിക്കാൻ” ശക്തമാക്കുന്ന ഒരായുധം അണിയിക്കുന്ന പ്രക്രിയായി രൂപാന്തരപ്പെടുകയാണ്. വിവിധ സാങ്കേതിക വിദ്യയും (Information Technology) പ്രൊഫഷണലിസവും (Professinalism)ഈ രംഗത്ത് ശക്തമായ സ്വാധീനം സ്ഥാപിച്ചു കഴിഞ്ഞു. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ, ഭാരതത്തിലെ പ്രത്യേകിച്ച് ദക്ഷിണഭാരതത്തിലെ സെക്കൻഡറി വിദ്യാഭ്യാസരംഗത്തും കോളേജ് വിദ്യാഭ്യാസതലത്തിലും ഗണനീയമായ സേവനം കാഴ്ചവച്ച മലങ്കര കത്തോലിക്കാസഭ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സമൂഹം ആവശ്യപ്പെടുന്ന “ഉന്നത വിദ്യാഭ്യാസരംഗത്ത്” മഹത്തായ സംഭാവനകൾ നല്കുവാൻ കഴിയുന്ന ഒരു വ്യക്തിഗത സഭാസമൂഹമായി വളരുവാൻ ഇടയാകട്ടെയെന്ന് പ്രത്യാശിക്കുന്നു.

www.malankaralibrary.com

# 10

# സഭയിലെ അല്മായ പങ്കാളിത്തം

ശ്രീ. ജോസ് പറക്കുംന്താനം

ഇരുപതാം നൂറ്റാണ്ട് കത്തോലിക്കാസഭയിൽ അല്മായ പ്രബുദ്ധതയുടെ കാലഘട്ടമായിരുന്നു. ഈ പ്രബുദ്ധതയെ സഭ ഔദ്യോഗികമായി അംഗീകരിച്ചതിന്റെ ബഹിർസ്ഫുരണമാണ്, രണ്ടാം വത്തിക്കാൻ കൗൺസിലിലെ "അല്മായപ്രേഷിതത്വം" എന്ന പ്രമാണരേഖ. ദൈവജന സമൂഹത്തിലെ അവിഭാജ്യഘടകമാണ് രാജകീയ പുരോഹിത ഗണമായ അല്മായരെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ചൂണ്ടിക്കാണിച്ചു. ഈ പ്രബോധനത്തിലൂടെ അല്മായർ സഭയിലെ സജീവാംഗങ്ങളായി. ആദിമസഭയുടെ ആത്മചൈതന്യത്തിന്റെ പുനരാവിഷ്കരണമാണ് ഇവിടെ കാണുക. സാർവ്വത്രിക സഭയിലെ ഒരു വ്യക്തിഗതസഭയായ മലങ്കര കത്തോലിക്കാസഭയും അല്മായ പ്രബുദ്ധതയെ ശക്തമായി പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന കാലയളവാണിത്. സഭയുടെ അല്മായ ദർശനം, ,മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേക അന്തരീക്ഷത്തിൽ അത്മായർക്കുള്ള ദൗത്യം എന്നിവയിലേക്ക് വെളിച്ചം വീശാനുള്ള ശ്രമമാണ് ഈ ലേഖനം.

## അല്മായർ ആരാണ്?

അല്മായർ എന്ന പദം ഗ്രീക്കുമൂലാർത്ഥമനുസരിച്ച് ജനങ്ങൾ എന്ന അർത്ഥമുള്ള 'Laos' എന്ന വാക്കിൽ നിന്നാണ് രൂപം പ്രാപിച്ചിരിക്കുന്നത്. ജനനേതാക്കൾ, ഭരണകർത്താക്കൾ തുടങ്ങിയ ഉന്നതന്മാരിൽ നിന്നും വേറിട്ടു നില്ക്കുന്ന സാമാന്യജനങ്ങളെ സൂചിപ്പിക്കുന്ന പദമാണിത്. സഭയിൽ പുരോഹിതന്മാരോ സന്ന്യസ്തരോ അല്ലാത്ത ദൈവജനത്തെ ഉദ്ദേശിച്ചാണ് അത്മായർ എന്ന പദം ഉപയോഗിക്കുന്നത്.

www.malankaralibrary.com

ആദിമകാലം മുതൽക്കേ അല്മായർ സഭയുടെ സജീവഘടകങ്ങളായി കരുതപ്പെട്ടിരുന്നു. എന്നാൽ, സഭാചരിത്രത്തിന്റെ ഗതിവിഗതികൾക്കിടയിൽ ഈ പരമ്പരാഗത വീക്ഷണത്തിന് മാറ്റം വന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ അല്മായരെ വീണ്ടും സജീവ പങ്കാളികളാക്കി. രണ്ടാം വത്തിക്കാൻ കൗൺസിൽ തിരുസഭയെപ്പറ്റിയുള്ള കോൺസ്റ്റിറ്റ്യൂഷനിൽ (Lumen Gentium) 'അത്മായ വിശ്വാസികൾ' എന്ന പദത്തെ നിർവചിക്കുന്നത് ശ്രദ്ധേയമാണ്. "തിരുപ്പട്ടം സ്വീകരിക്കാത്തവരോ, സഭ അംഗീകരിച്ചിട്ടുള്ള സന്ന്യാസസഭകളിൽ പെടാത്തവരോ ആയ എല്ലാ വിശ്വാസികളെയുമാണ് അല്മായർ എന്ന നാമത്താൽ വിവക്ഷിക്കുന്നത്. മാമ്മോദീസാവഴി അവർ ക്രിസ്തുവിനോടു ചേർന്ന് ഒരു ശരീരമായിത്തീരുന്നു; ദൈവത്തിന്റെ ജനമായി രൂപംകൊള്ളുന്നു; ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും സ്വകീയമായ രീതിയിൽ അവർ പങ്കുകാരാകുന്നു; ക്രിസ്തീയജനം മുഴുവന്റേയും സഭയിലും ലോകത്തിലുമുള്ള ദൗത്യം തങ്ങളാലാവുന്നതുപോലെ അവരും നിർവ്വഹിക്കുന്നു" (തിരുസഭ 31). ഈ പ്രഖ്യാപനം സഭയിൽ അല്മായരുടെ പദവിയും ദൗത്യവും എടുത്തുകാട്ടുന്ന ഒന്നുകൂടിയാണ്.

ലോകത്തോട് ബന്ധപ്പെട്ടു ജീവിക്കുക എന്നതാണ് അല്മായരുടെ പ്രത്യേകത. ഭൗതികകാര്യങ്ങളെ നിയന്ത്രിച്ചും ദൈവഹിതാനുസാരം അവ ക്രമീകരിച്ചും സ്വന്തം വിളിക്കനുസൃതമായി ദൈവരാജ്യമന്വേഷിച്ചും ലോകത്തിൽ ജീവിക്കുക എന്നതാണ് അല്മായരുടെ കടമ. സുവിശേഷ ചൈതന്യത്താൽ പ്രേരിതരായി സ്വകർത്തവ്യങ്ങൾ നിർവ്വഹിച്ചുകൊണ്ട് ലോകവിശുദ്ധീകരണാർത്ഥം അതിലെ പുളിമാവായി വർത്തിക്കാനാണ് അല്മായരെ ദൈവം വിളിച്ചിരിക്കുന്നത്.

## അല്മായ പൗരോഹിത്യം

ക്രിസ്തുവിന്റെ മൗതികശരീരമായ സഭയുടെ അടിസ്ഥാനവും കെട്ടുപണിക്കാരുമാണ് മെത്രാന്മാരും വൈദികരുമടങ്ങുന്ന സമൂഹം. ദൈവജനമാകുന്ന സഭയ്ക്കുവേണ്ടി ശുശ്രൂഷ ചെയ്യുന്നതിലാണ് ഈ സമൂഹത്തിന്റെ പൗരോഹിത്യം അടങ്ങിയിരിക്കുന്നത്. ദൈവജന സേവനത്തിനായി തിരുപ്പട്ടംവഴി നിയോഗിക്കപ്പെടുന്നവരാണ് ശുശ്രൂഷാ പുരോഹിതർ. എന്നാൽ അല്മായർ യേശുക്രിസ്തുവിൽ രാജകീയ പൗരോഹിത്യത്തിലാണ് പങ്കാളികളായിരിക്കുന്നത്.

www.malankaralibrary.com

നിത്യപുരോഹിതനായ ക്രിസ്തു അവിടുത്തെ ദൗത്യവും ശുശ്രൂഷയും അല്മായർവഴി തുടർന്നുകൊണ്ടുപോകുന്നതിന് അവരെ സ്വന്തം അരൂപിയാൽ ജീവിപ്പിക്കുകയും, എല്ലാത്തരം പ്രവർത്തനങ്ങൾക്കുമവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അവരുടെ സകല ജോലികളും പ്രാർത്ഥനയും വിവാഹജീവിതവും കുടുംബകാര്യങ്ങളും സഹിക്കുന്ന ജീവിതക്ലേശങ്ങളും പരിശുദ്ധാരൂപിയിൽ നിർവ്വഹിക്കപ്പെടുമ്പോൾ അവ ക്രിസ്തുവിലൂടെ ദൈവത്തിന് സ്വീകാര്യമായ ആധ്യാത്മിക ബലിയായിത്തീരുന്നു (1 പത്രോ. 2:5). അല്മായരുടെ പൗരോഹിത്യം പ്രധാനമായും സ്വജീവിത നവീകരണത്തിനും ആത്മസമർപ്പണത്തിനുംവേണ്ടിയാണ്. ചുരുക്കത്തിൽ, അല്മായർ, തങ്ങളുടെ വിശ്വാസജീവിതം വഴിയാണ് ക്രിസ്തുവിൽ, രാജകീയ പൗരോഹിത്യത്തിൽ പങ്കാളികളാകുന്നത്. അല്മായരുടെ പൗരോഹിത്യവും തിരുപ്പട്ടമെന്ന കൂദാശ സ്വീകരിച്ചവരുടെ പൗരോഹിത്യവും തമ്മിൽ വ്യത്യാസമുണ്ടെങ്കിലും അവയ്ക്കു തമ്മിൽ അഗാധമായ ബന്ധമാണുള്ളത്.

## സഭയിൽ അല്മായരുടെ ദൗത്യം

ക്രിസ്തുവിൻെറ രക്ഷാകരപദ്ധതി തുടരുകയാണ് സഭയുടെ ദൗത്യം. അവിടുത്തെ മൗതികശരീരത്തിലെ അവയവങ്ങളായ അല്മായരും ഇതേ ദൗത്യം നിർവ്വഹിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. സഭയുടെ ജീവനും വളർച്ചയും ഓരോ അംഗത്തേയും ആശ്രയിച്ചിരിക്കുന്നു. പത്രോസ്ശ്ലീഹായുടെ ഒന്നാം ലേഖനം, രണ്ടാമദ്ധ്യായത്തിൽ വ്യക്തമാക്കുന്നതുപോലെ, എല്ലാ പ്രവൃത്തികളും വഴി ആത്മീയ ബലികളർപ്പിക്കുവാനും ലോകമെങ്ങും ക്രിസ്തുവിന് സാക്ഷ്യം വഹിക്കാനും വേണ്ടി അവർ രാജകീയ പൗരോഹിത്യത്തിലേക്കും വിശുദ്ധജനമെന്ന പദവിയിലേക്കും അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു. സഭയിലെ സ്ഥാനത്തിൽ എല്ലാവരും തുല്യ മാഹാത്മ്യമുള്ളവരാണ്. അതുപോലെതന്നെ, ക്രിസ്തുവിൻെറ ശരീരത്തെ കരുപ്പിടിപ്പിക്കുക എന്ന ചുമതലയിലും എല്ലാ വിശ്വാസികളും സമന്മാരാണ് (തിരുസഭ.32).

സഭ ലോകത്തിലായിരിക്കുന്നത് ലോകത്തിനുവേണ്ടിയാണ്. "ഭൗതികകാര്യങ്ങളെ നിയന്ത്രിച്ചും ദൈവഹിതാനുസരണം അവ ക്രമീകരിച്ചും സ്വന്തം ദൈവവിളിക്കനുസൃതമായി ദൈവരാജ്യമന്വേഷിച്ചും ലോകത്തിൽ ജീവിക്കുക എന്നതാണ് അല്മായരുടെ കടമ" (തിരു.31). സുവിശേഷചൈതന്യത്താൽ നിറഞ്ഞ് സ്വകർത്തവ്യങ്ങൾ നിർവ്വഹിച്ചു

www.malankaralibrary.com

കൊണ്ട് ലോകത്തിന്റെ മുഴുവൻ വിശുദ്ധീകരണത്തിനായി പ്രവർത്തിക്കാൻവേണ്ടിയാണ് ദൈവം അല്മായരെ വിളിച്ചിരിക്കുന്നത്. രക്ഷാകര ദൗത്യത്തിലുള്ള ഭാഗഭാഗിത്വമാണ് അത്മായരുടെ പ്രേഷിതത്വം. ക്രിസ്തുവിന്റെ രക്ഷാകരദൗത്യം എന്നു പറയുന്നതിലൂടെ മനുഷ്യവംശത്തിന്റെ രക്ഷയും ഭൗതികക്രമത്തിന്റെ നവീകരണവും ഉൾപ്പെടുന്നു. ഭൗതിക മണ്ഡലത്തിലേക്കു താഴ്ന്നിറങ്ങിക്കൊണ്ട് അവിടം ക്രമപ്പെടുത്തുകയും പവിത്രീകരിക്കുകയും ചെയ്യുക എന്നത് അല്മായരിലൂടെ മാത്രമേ സാധിക്കൂ.

സഭയിൽ അല്മായർക്കു നിർവ്വഹിക്കാനുള്ള പ്രധാന കർത്തവ്യമാണ് പ്രേഷിതപ്രവർത്തനം. ലൗകികമായ പ്രവർത്തനങ്ങളിലെല്ലാം സുവിശേഷ ചൈതന്യം പ്രചരിപ്പിക്കുവാൻ അല്മായർക്കു കഴിയും. ഇതിലൂടെ ക്രിസ്തുവിന് സാക്ഷ്യം വഹിക്കാനും മനുഷ്യരക്ഷയ്ക്കു സഹായിക്കാനുംഅല്മായർക്കു സാധിക്കും. സഭാസമൂഹത്തിൽ അല്മായർക്കുള്ള സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്; അതുപോലെതന്നെ പ്രധാനപ്പെട്ടതാണ് അല്മായർക്കു സഭയിൽ നിർവ്വഹിക്കാനുള്ള ദൗത്യവും.

## 21-ാം നൂറ്റാണ്ടും അല്മായരും

ആദിമകാലം മുതൽ തന്നെ അല്മായ പങ്കാളിത്തം സഭയിൽ നിലനിന്നിരുന്നു. ആദിമസഭയുടെ പ്രവർത്തനങ്ങളിൽ അല്മായരുടെ പങ്ക് അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കാലാന്തരത്തിൽ അല്മായ ശുശ്രൂഷയുടെ സ്ഥാനം ശ്രദ്ധിക്കപ്പെടാതായി. പ്രത്യേകിച്ച്, മദ്ധ്യശതകങ്ങൾക്കുശേഷം അല്മായർ പ്രാർത്ഥിക്കുവാനും, സഭാധികാരത്തെ അനുസരിക്കാനും മാത്രമുള്ളവരായി. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടായത് രണ്ടാംവത്തിക്കാൻ കൗൺസിലിനുശേഷമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ പകുതിഭാഗത്തിനു ശേഷമുണ്ടായ ഈ മാറ്റം സഭയിൽ ധാരാളം മാറ്റങ്ങൾ വരുത്തി; അല്മായരെ സഭയിലെ സജീവ ശിലകളാക്കിത്തീർത്തു.

എന്നാൽ, വത്തിക്കാൻ കൗൺസിൽ വിഭാവന ചെയ്തിരിക്കുന്ന തരത്തിലുള്ള ഒരു അല്മായ പങ്കാളിത്തം സഭയിൽ ഇന്നും സംജാതമായിട്ടില്ല. സഭാധികാരികളും അല്മായരും വേണ്ടവിധം പ്രവർത്തിക്കാത്തതാണ് ഇതിനു പിന്നിലെ കാരണം. ലോകത്തിൽ സഭയുടെ ദൗത്യം ഇന്ന് ഏറ്റവും കൂടുതൽ പ്രവർത്തനോന്മുഖമാകേണ്ടത് അല്മായിരിലൂടെയാണ്. എന്നാൽ, സഭയിൽ തങ്ങളുടെ വിളിയെക്കുറിച്ചും ദൗത്യത്തെ

www.malankaralibrary.com

ക്കുറിച്ചും ഭൂരിപക്ഷം അല്മായരും അജ്ഞരാണ്. തികച്ചും യാന്ത്രികമായി മതാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്ന ബഹുശതം അല്മായർ നമ്മുടെയിടയിലുണ്ട്. സഭാവിശ്വാസത്തിൽ ഉറപ്പില്ലാത്ത അടിത്തറയുള്ള ഇത്തരക്കാർ പതറിപ്പോകുന്ന കാഴ്ചയാണ് ഇന്നു കാണാൻ സാധിക്കുക. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തിയെങ്കിൽ മാത്രമേ 21-ാം നൂറ്റാണ്ടിലെങ്കിലും അല്മായ പങ്കാളിത്തം സഭയിൽ വേണ്ടവിധത്തിൽ ഉണ്ടാകൂ. അല്മായരെ തങ്ങളുടെ ദൗത്യത്തെക്കുറിച്ചും വിളിയെക്കുറിച്ചും ബോധ്യപ്പെടുത്തുന്നതിനുള്ള പരിശീലനമാണ് ഇന്നിൻെറ പരമപ്രധാനമായ ആവശ്യം. മൂന്നാം സഹസ്രാബ്ദത്തിൽ സഭയെ കൈപിടിച്ചുയർത്തുന്നതിൽ അല്മായർക്കുള്ള പങ്ക് വിലപ്പെട്ടതാണ്. ശുശ്രൂഷാ പുരോഹിതൻമാർക്ക് കടന്നു ചെല്ലാൻ സാധിക്കാത്ത മേഖലകളിലേക്ക് അല്മായർ കടന്നുചെല്ലണം. ഇതിന് അല്മായർക്കു ശരിയായ പരിശീലനം ലഭിക്കേണ്ടതുണ്ട്. അതിരൂപതാ, രൂപതാ തലങ്ങളിൽ അല്മായ പരിശീലനത്തിനുള്ള കേന്ദ്രങ്ങൾ ഉണ്ടാകേണ്ടത് ഇന്നിൻെറ ആവശ്യമാകുന്നു.

## മലങ്കര കത്തോലിക്കാസഭയും അല്മായരും

മലങ്കര കത്തോലിക്കാസഭ ആഗോളസഭയിലെ ഒരു വ്യക്തിഗത സഭയാണ്. 1930-ലെ പുനരൈക്യ ഫലപ്രാപ്തിയിലും തുടർന്നുണ്ടായ പുനരൈക്യപ്രസ്ഥാനത്തിൻെറ വളർച്ചയിലും അല്മായ പങ്കാളിത്തവും നേതൃത്വവും പ്രകടമായിരുന്നു. അർപ്പണബോധവും ആദർശനിഷ്ഠയും വിശ്വാസധീരതയും നിറഞ്ഞുനിന്ന അല്മായ നേതൃത്വപരിശ്രമങ്ങളാണ് പല പ്രദേശങ്ങളിലും പുനരൈക്യസമൂഹങ്ങൾ രൂപംകൊള്ളുന്നതിനും തദ്വാര സഭാവളർച്ചയ്ക്കും നിദാനമായത്. വസ്തുതകൾ ഇപ്രകാരമാണെങ്കിലും അല്മായനേതൃത്വം എന്ന് വിശേഷിപ്പിക്കത്തക്കവിധത്തിലുള്ള ചില നീക്കങ്ങൾ മലങ്കരസഭയിൽ നടന്നതൊഴികെ വേണ്ട രീതിയിലുള്ള സമീപനങ്ങൾ ഉണ്ടായിട്ടില്ല എന്നത് വേദനാജനകമാണ്.

രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഉരുത്തിരിഞ്ഞ ചിന്തകളുടെ ഫലമായി സഭാജീവിതത്തിൽ അല്മായ പങ്കാളിത്തം ഉറപ്പിക്കുന്നതിനായി എല്ലാ രൂപതകളിലും അല്മായരും, വൈദികരും മെത്രാൻെറ അദ്ധ്യക്ഷതയിൽ കൂടുന്ന പാസ്റ്ററൽ കൗൺസിലുകൾ രൂപീകരിച്ചു. മലങ്കര കത്തോലിക്കാസഭയിൽ അല്മായ പ്രബുദ്ധതയെ അംഗീകരിച്ച ആദ്യ ചുവടുവയ്പ്പാണിത്. സഭയിലെ അല്മായരെ സഭാപ്രവർത്തനത്തിൻെറ മുഖ്യധാരയിലേക്കു കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ രൂപംകൊടുത്ത

www.malankaralibrary.com

'മലങ്കരകാത്തലിക് അസ്സോസിയേഷൻ'(MCA) സുശക്തമായ അത്മായ സംഘടനയായി വളർന്നുകൊണ്ടിരിക്കുന്നത് പ്രതീക്ഷാജനകമാണ്. ഇട വകകളുടെയും ഭദ്രാസനങ്ങളുടെയും ശുശ്രൂഷയിൽ അല്മായ പങ്കാളിത്തം ഉറപ്പുവരുത്തുന്ന വകുപ്പുകൾ 'ഇടവക പൊതുഭരണനിബന്ധനകളി'ലും (1996) 'അജപാലനസമിതിയുടെ ഭരണഘടന'യിലും (1996) ഉൾപ്പെടുത്തി യിട്ടുണ്ടെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. ഈ പ്രചോദനങ്ങളാൽ പ്രേരിതരായി സുശക്തമായ ഒരു അല്മായനിര സഭയിൽ വളരുന്നു എന്ന വസ്തുത അനിഷേധ്യമാണ്. അല്മായശക്തിയെ പ്രബുദ്ധമാക്കുക എന്ന ലക്ഷ്യത്തോടെ, തിരുവനന്തപുരം അതിഭദ്രാസന മതബോധനവിഭാഗ ത്തിൻെറ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന'മലങ്കര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി ലെയ്റ്റി' സഭാശുശ്രൂഷയിൽ മികച്ച കാൽവയ്പ് തന്നെയാണ്.

അല്മായരുടെ സിദ്ധികൾ സഭാപ്രവർത്തനങ്ങളിലേക്കു തിരിച്ച് വിടാൻ വൈദികനേതൃത്വം ഇന്ന് ബദ്ധശ്രദ്ധമാണ്. വത്തിക്കാൻ കൗൺ സിലിൻെറ ആഹ്വാനങ്ങൾ ഇത്തരുണത്തിൽ ചിന്തനീയമാണ്. "മെത്രാ ന്മാർ അല്മായർക്കു സഭയിലുള്ള ഉന്നതസ്ഥാനവും ഉത്തരവാദിത്വവും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. അല്മായരുടെ വിവേകപൂർവ്വകമായ ഉപദേശം മഹാമനസ്കതയോടെ ഉപയോഗപ്പെടു ത്തണം. സഭാശുശ്രൂഷയിലുള്ള ചുമതലകൾ വിശ്വാസപൂർവ്വം അവരെ ഏല്പിക്കുകയും പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യവും സൗകര്യവും നല്കുകയും വേണം. ഇതിനുംപുറമെ സ്വന്തം ഉത്തരവാദിത്വത്തിൻമേൽ ചുമതലകൾ ഏറ്റെടുക്കുവാൻ അല്മായർക്ക് പ്രചോദനം നല്കേണ്ടതു മാണ്"(തിരുസഭ.37). ഈ വിധത്തിലൂടെയെല്ലാം അല്മായർ സഭയിൽ യഥാർത്ഥ ശുശ്രൂഷകരും തങ്ങളുടെ ദൗത്യം എന്തെന്ന് അറിഞ്ഞ് പ്രവർ ത്തിക്കുന്നവരും ആയിത്തീരും.

സഭയിൽ അല്മായരെ വളർത്തിക്കൊണ്ടുവരുന്നതിനുള്ള പരിശ്രമ ങ്ങൾ നടക്കുന്നതായി കണ്ടുകഴിഞ്ഞു. സഭയുടെ ഇത്തരത്തിലുള്ള സമീ പനങ്ങളെ വിമർശനാത്മകമായി കാണാതെ, അവയോട് സഹകരിക്കാ നുള്ള മനോഭാവം അല്മായർക്ക് ഉണ്ടാകണം. എങ്കിൽ മാത്രമേ അത്മായ പ്രബുദ്ധത വേണ്ട രീതിയിൽ സഭയിൽ ഉണ്ടാകൂ.

## ഉപസംഹാരം

"സഭയ്ക്ക് ലോകത്തിലുള്ള ദൗത്യം പരമപ്രധാനമായും അല്മായ രിലൂടെയാണ് നിർവ്വഹിക്കപ്പെടുന്നതെന്നും ഈ ദൗത്യം മറ്റെല്ലാ ദൗത്യ

www.malankaralibrary.com

ത്തേയും പോലെ പ്രാധാന്യമർഹിക്കുന്നതാണെന്നു”മുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപനത്തിലൂടെ, അല്മായർക്കു സഭയിലുള്ള സ്ഥാനം മഹനീയമാണെന്ന് വ്യക്തമായി. എന്നാൽ, സഭയിലെ അല്മായ പങ്കാളിത്തം വെറും ആദർശങ്ങളായി പ്രമാണരേഖകളുടെയും നിയമാവലികളുടെയും അക്ഷരക്കൂട്ടങ്ങളിൽ ഒതുങ്ങി നില്ക്കുകയല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സഭാതലത്തിൽ ഇതിനു മാറ്റം വരുത്തുന്നതിനുവേണ്ടിയുള്ള ഒരു പുത്തൻ കാൽവയ്പ്പ് ഉണ്ടാകണം. അതുപോലെ അല്മായ സഹോദരങ്ങൾ തങ്ങളുടെ മഹനീയസ്ഥാനവും ദൗത്യവും മനസിലാക്കി സഭയുടെ വളർച്ചയ്ക്കായി പരിശ്രമിക്കാൻ തയ്യാറാകണം. ഇതിലൂടെ മാത്രമേ മൂന്നാം സഹസ്രാബ്ദത്തിൽ സഭയെ യേശുവിനനുയോജ്യമായ രീതിയിൽ വളർത്തിക്കൊണ്ടുവരാൻ സാധിക്കൂ.

www.malankaralibrary.com

# 11

# സഭയും ആനുകാലിക പ്രശ്നങ്ങളും

റവ. ഡോ. തോമസ് നായിക്കംപറമ്പിൽ

നാം ജീവിക്കുന്നത് വളരെ സങ്കീർണ്ണമായ ഒരു ലോകത്തിലാണ്. മനുഷ്യവളർച്ച അതിശയകരമായ പല പടവുകളും പിന്നിട്ടെങ്കിലും, നാളെന്നതിലുപരി സങ്കീർണ്ണമായ പ്രശ്നങ്ങളാൽ ഭരിതമാണ് ഇന്നത്തെ സമൂഹം. നാമിന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഇന്നിൻേറതായ പ്രത്യേകതകളുണ്ട്. അവയിൽ പലതും നമ്മുടെ പൂർവ്വികരുടെ പ്രശ്നങ്ങളായിരുന്നില്ല. മനുഷ്യവളർച്ചയുടെ, ഒരുപക്ഷേ, ഒഴിച്ചുകൂടാനാവാത്ത പാർശ്വഫലങ്ങളായി പ്രത്യക്ഷപ്പെട്ടവയാകാം അവ. ഉദാഹരണത്തിന് നാമിന്നഭിമുഖീകരിക്കുന്ന ഉപഭോഗസംസ്കാരത്തിൻെറ ആവിർഭാവവും അതുയർത്തിവിടുന്ന തിന്മകളും. ഇത് ഒരു ആധുനിക പ്രതിഭാസമാണ്. മനുഷ്യൻ വളരുന്നു എന്ന് നാം അഭിമാനിക്കുമ്പോൾതന്നെ, മനുഷ്യത്വത്തിന് മൂല്യം നഷ്ടപ്പെടുന്ന വിരോധാഭാസം ആധുനിക സമൂഹത്തിൻെറ പ്രത്യേകതയാണ്. മനുഷ്യവംശാരംഭം മുതൽ സ്വാർത്ഥത മനുഷ്യൻെറ മുഖമുദ്രയായിരുന്നെങ്കിലും ഇന്ന് മനുഷ്യൻ സ്വാർത്ഥലാഭങ്ങൾക്കായി മനഃസാക്ഷിയുടെ അസ്വസ്ഥത അനുഭവപ്പെടാതെ തന്നെ മനുഷ്യനെ ഉപയോഗിക്കുന്നു; ചൂഷണം ചെയ്യുന്നു. ഈ ചൂഷണത്തിൻെറ ഫലമോ നിരന്തരം വിപുലമാകുന്ന വലിയൊരു ദരിദ്രസമൂഹവും ധനക്കൊഴുപ്പിൻെറ മൂർദ്ധന്യതയിൽ കഴിയുന്ന വളരെ ചെറിയൊരു ധനാഢ്യവർഗ്ഗവും. ഇവർ തമ്മിലുള്ള അന്തരം ആധുനികലോകത്തിൽ അനുദിനം വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു. അതുപോലെതന്നെ ആധുനികസമൂഹത്തിലെ മറ്റൊരു വലിയ വിപത്താണ് മതമൗലികവാദം. മനുഷ്യജീവിതം കൂടുതൽ ധന്യമാക്കുവാൻ, മനുഷ്യനെ ദൈവികനാക്കുവാൻ ബാദ്ധ്യസ്ഥമായ മതങ്ങൾ ഇടുങ്ങിയ മൗലികവാദങ്ങൾക്കടിമകളാകുകയും, പലപ്പോഴും മനുഷ്യനും മനുഷ്യനും മദ്ധ്യേ വെറുപ്പു സൃഷ്ടിക്കുകയും അക്രമാസക്ത

www.malankaralibrary.com

മാകുകയും ചെയ്യുന്ന കാഴ്ച ആധുനികസമൂഹത്തിൽ സാധാരണമാണ്. ഉപഭോഗസംസ്കാരവും മതമൗലികവാദവും പോലെതന്നെ വർദ്ധിച്ചു വരുന്ന ഭൗതികത, അക്രമാസക്തി, അഴിമതി, സനാതനമൂല്യങ്ങളുടെ തിരോധാനം ഇവയൊക്കെ നാമും നമ്മുടെ സമകാലീനരും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ചിലതു മാത്രമാണ്.

ഇപ്രകാരമൊരു സമൂഹത്തിൽ ആയിരിക്കുന്ന സഭയെയും സഭയുടെ ആത്യന്തികമായ ദൈവികദൗത്യത്തെയും ഈ സമൂഹത്തിൻെറ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ മാത്രമേ നമുക്കു മനസിലാക്കുവാൻ സാധിക്കൂ.

## സഭയുടെ ദൗത്യം

സഭ ക്രിസ്തുവിൻെറ കൂദാശയാണല്ലോ. ദൈവരാജ്യാനുഭവം സകല മനുഷ്യർക്കും സമ്മാനിക്കുവാനായി മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻെറ ഭൂമിയിലെ അടയാളമാണ് സഭ. ക്രിസ്തുവിൻെറ മനുഷ്യാവതാര ലക്ഷ്യമാണ് സഭ തൻെറ ദൗത്യമായി ഏറ്റുവാങ്ങിയിരിക്കുന്നത്. സഭ ദൈവരാജ്യത്തിൻെറ ശുശ്രൂഷയാണ്. എല്ലാ മനുഷ്യരും ദൈവത്തെ പിതാവായി അംഗീകരിക്കുന്ന, പരസ്പരം സഹോദരങ്ങളായി കരുതുന്ന, സ്നേഹത്തിലും ഐക്യത്തിലും അഭിവൃദ്ധിയിലും പുരോഗമിക്കുന്ന, സമൂഹങ്ങളുടെ സൃഷ്ടിയാണ് സഭയുടെ അടിസ്ഥാന ദൗത്യം. ദൈവം സ്നേഹമാകുന്നു എന്ന സദ്വാർത്തയുടെ അസ്തിത്വപരമായ പങ്കുവയ്ക്കലാണിത്.

മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേകമായ അസ്തിത്വാർത്ഥത്തിലേക്ക് കടക്കുമ്പോൾ സ്നേഹ ഐക്യ ശുശ്രൂഷയുടെ ഈ സദ്വാർത്തയ്ക്കും ദൗത്യത്തിനും പ്രസക്തിയേറുന്നു. മാർ ഇവാനിയോസ് പിതാവിൻെറ കാഴ്ചപ്പാട് അടിസ്ഥാനപരമായി ഐക്യത്തിൻെറ കാഴ്ചപ്പാടായിരുന്നു. ഐക്യത്തിലും വിശ്വാസത്തിലും അടിയുറച്ച സമൂഹസൃഷ്ടിയുടെ ശുശ്രൂഷകരായിരിക്കണം സഭ എന്ന ആഴമായ ബോധ്യവും ആവേശവുമാണ് 1930-ൽ ഒരു ഐക്യപ്രസ്ഥാനത്തിന് തുടക്കം കുറിക്കുവാൻ പ്രേരണനല്കിയത്. ആ സംഭവമാകട്ടെ, ദൂരവ്യാപകമായ ഫലമുളവാക്കേണ്ട വിശാലമായ ഒരു ഐക്യപ്രസ്ഥാനത്തിൻെറ ആരംഭം മാത്രമായിരുന്നു. മലങ്കര സഭാപാരമ്പര്യമുള്ളവരുടെ പരിമിതമായ ഐക്യം മാത്രമല്ല മാർ ഇവാനിയോസ് പിതാവ് വിവക്ഷിക്കുന്നത്. അങ്ങനെയെങ്കിൽ തിരുവനന്തപുരത്തും അതിൻെറ തെക്കൻ പ്രദേശങ്ങളിലും കർമ്മബദ്ധമായ

www.malankaralibrary.com

മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ച വിപ്ലവാത്മകമായ ആ കാൽവയ്പിന് ന്യായീകരണമില്ല. അതും നാളിതുവരെ മലങ്കരസഭയ്ക്ക് അന്യമായിരുന്ന ഒരു പ്രവർത്തനപന്ഥാവ്. എല്ലാ മനുഷ്യരെയും, അത് മലങ്കരസഭാപാര മ്പര്യത്തിലുള്ളവരാകട്ടെ, അതിനു പുറത്തുള്ളവരാകട്ടെ, ദൈവ മക്കളുടെ ഐക്യത്തിന്റെ അനുഭവത്തിലേക്കാനയിക്കുക, അതുവഴി അവരുടെ ജീവിതം അർത്ഥസമ്പുഷ്ടമാക്കുക, അവരെ രക്ഷയുടെ അനുഭവത്തി ലെത്തിക്കുക ഇതായിരുന്നു മാർ ഈവാനിയോസ് പിതാവിന്റെ അടി സ്ഥാന കാഴ്ചപ്പാട്. അതുകൊണ്ടാണ് ഇന്ന് മലങ്കര കത്തോലിക്കാസഭ യിൽ, സുറിയാനി പാരമ്പര്യമുള്ള മറ്റേതു ഭാരതസഭയെക്കാളധികം മിഷൻ പ്രവർത്തനഫലമായുളവായ സമൂഹങ്ങളുള്ളത്. അതിനാൽ ദൈവ സ്നേഹത്തിന്റെ സുവിശേഷവും മാനവൈക്യത്തിന്റെ ദൗത്യവും ദൈവ രാജ്യനിർമ്മിതിയുടെ ശുശ്രൂഷയും പ്രത്യേകമാം വിധം ഏറ്റുവാങ്ങിയ സഭ യാണ് മലങ്കര കത്തോലിക്കാസഭ.

അനൈക്യത്തിന്റെയും വിദ്വേഷത്തിന്റെയും സ്വാർത്ഥതയുടേയും മുറിവേറ്റ ആധുനികസമൂഹത്തിൽ ഈ സുവിശേഷത്തിന്റെയും ഈ "മിഷന്റെയും" സാംഗത്യം സുവ്യക്തമാണല്ലോ. ദൈവരാജ്യസംസ്ഥാ പനത്തിന്റെ ശുശ്രൂഷയും ദൈവവിളിയും ഏറ്റുവാങ്ങിയ സഭയ്ക്ക് ഇപ്ര കാരമൊരു സമൂഹത്തോട്, സാമൂഹിക പ്രതിഭാസങ്ങളോട്, പ്രശ്നങ്ങ ളോട് എപ്രകാരം ക്രിയാത്മകമായി, കാര്യക്ഷമമായി പ്രതികരിക്കാനാകും എന്നതാണ് പ്രസക്തമായ ചോദ്യം. ആധുനിക സമൂഹത്തിലെ രണ്ടു പ്രധാന പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ശ്രമിക്കാം. അതായത്:- 1 ഉപഭോഗസംസ്കാരം, 2.മത മൗലികവാദം.

## ഉപഭോഗസംസ്കാരം

നിയന്ത്രണാതീതമായ ഭൗതികപുരോഗതിയുടെ സ്പഷ്ടമായ ഒരു സൃഷ്ടിയാണ് ഉപഭോഗസംസ്കാരം. ഈ സംസ്കാരത്തിൽ നാമിന്ന് അറി ഞ്ഞും അറിയാതെയും ഉൾച്ചേരുകയാണ്. മനുഷ്യൻ ഉപഭോഗവസ്തുക്ക ളുടെ അടിമയായിക്കൊണ്ടിരിക്കുന്ന ഒരു അവസ്ഥാവിശേഷമാണിത്. ഇപ്രകാരമൊരു പ്രക്രിയയ്ക്ക് മനഷ്യനെ വശംവദനാക്കുവാൻ പര്യാപ്ത മായ യാഥാർത്ഥ്യങ്ങളിലേക്ക് - ആധുനിക വാർത്താമാദ്ധ്യമ വളർച്ചയുടെ ഫലമായി - അവൻ നിരന്തരം പ്രദർശിപ്പിക്കപ്പെട്ടിരിക്കയാണ്. ഈ

www.malankaralibrary.com

സംസ്കാരത്തിൻെറ അടിസ്ഥാനവികലത മനുഷ്യത്വം അവഹേളിക്കപ്പെടുന്നു എന്നതാണ്. മനുഷ്യനെ സ്നേഹിക്കുക, വസ്തുവകകളെ ഉപയോഗിക്കുക എന്ന പ്രകൃതിയുടെ പ്രമാണത്തിനു വിരുദ്ധമായി വസ്തുവകകളെ സ്നേഹിക്കുകയും മനുഷ്യനെ ഉപയോഗിക്കുകയും ചെയ്യുന്ന വിരോധാഭാസമാണിത്. ആയിരിക്കുക(being) എന്നതിനെക്കാൾ ഉണ്ടായിരിക്കുന്നതിനു (having) പ്രാധാന്യം കല്പിക്കുമ്പോഴാണ് ഈ സംസ്കാരം ആവിർഭവിക്കുന്നത്. മനുഷ്യൻെറ മഹത്ത്വം അവൻെറ സ്വാതന്ത്ര്യം, വിവേചനാശക്തി, മനഷ്യൻ ഒരു മാർഗ്ഗമല്ല പിന്നെയോ തന്നിൽതന്നെ ഒരു ലക്ഷ്യമാണ് എന്ന യാഥാർത്ഥ്യം, മനുഷ്യമനസ്സിൻെറ സ്വയംപര്യാപ്തത (വിശേഷണ വിധേയമാണെങ്കിലും) ഇവയൊക്കെ ഈ സംസ്കാരത്തിൽ അവമതിക്കപ്പെടുന്നു. എല്ലാ യാഥാർത്ഥ്യങ്ങളെയും 'കച്ചവട-ഉപഭോഗ' ഭാഷയിൽ ദർശിക്കുന്നു, വ്യാഖ്യാനിക്കുന്നു. ആധുനിക സംസ്കാരത്തിൽ മനുഷ്യൻതന്നെ ഒരു കച്ചവടസാധനമായി അധഃപതിക്കുന്നു. മനുഷ്യത്വത്തിന് ദാരുണമായ വിലയിടിവ് സംഭവിക്കുന്നു.

ഇപ്രകാരമൊരു സംസ്കാരത്തോട് സഭയ്ക്ക് സധൈര്യം, ക്രിയാത്മകമായി പ്രതികരിക്കുവാൻ സാധിക്കണം. മനുഷ്യത്വത്തെ വിലമതിക്കുന്ന ഭൗതികതയ്ക്കും ഭൗതികവളർച്ചയ്ക്കും, ആപേക്ഷികമായ മൂല്യം കല്പിക്കുന്ന ഒരു സംസ്കാരം ജീവിക്കുവാനും പ്രബലമാക്കുവാനും സഭയ്ക്ക് സാധിക്കണം. ഇപ്രകാരം പ്രതികരിക്കുവാനാവശ്യമായ ധാർമ്മികശക്തി സഭയ്ക്കും സഭാംഗങ്ങൾക്കും ഉണ്ടായിരിക്കണം. ഈ ധാർമ്മികശക്തി സംഭരിക്കേണ്ടത് ക്രിസ്തുനാഥൻ സ്വജീവിതത്തിൽ സാക്ഷിച്ച 'ആത്മാവിലുള്ള ദരിദ്രത' സഭാജീവിതത്തിലും വ്യക്തിജീവിതത്തിലും ഒരു മൂല്യമായി ഉൾക്കൊണ്ടുകൊണ്ടാണ്, ജീവിച്ചുകൊണ്ടാണ്. യേശു തൻെറ പ്രഥമ പ്രസംഗം - മലയിലെ പ്രസംഗം - ആരംഭിച്ചത് സുവിശേഷാത്മക ദാരിദ്ര്യം ഉൾക്കൊള്ളുവാനുള്ള ആഹ്വാനത്തോടുകൂടിയാണ്. "ആത്മാവിൽ ദരിദ്രരേ നിങ്ങൾ ഭാഗ്യവാന്മാർ". ആയിരിക്കുന്നതിനെക്കാൾ അധികം ഉണ്ടായിരിക്കുന്നതിന് പ്രാധാന്യം കല്പിക്കുന്ന മനുഷ്യൻെറ അടിസ്ഥാന പ്രവണതയെ യേശു വെല്ലുവിളിക്കുകയാണ്. ഈ ലോക യാഥാർത്ഥ്യങ്ങളോടുള്ള പക്വമായ, ക്രൈസ്തവമായ സമീപനം എന്തായിരിക്കണം എന്ന് പഠിപ്പിക്കുകയാണ്. ആയിരിക്കുവാൻ ആവശ്യമായ ഭൗതികയാഥാർത്ഥ്യങ്ങൾ മാത്രം ഉണ്ടായിരിക്കുക, ഇതാണ് ഈ ആഹ്വാനത്തിൻെറ അർത്ഥം. ഒരുപക്ഷേ, യേശുവിൻെറ പ്രബോധനങ്ങളിൽ ഏറ്റവുമധികം പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമായിരുന്നു ഇത്.

www.malankaralibrary.com

സുവിശേഷാത്മകദാരിദ്ര്യം ഒരു മൂല്യമല്ലാതായികൊണ്ടിരിക്കുന്ന ദയനീയ കാഴ്ചയാണ് സമൂഹത്തിലും ഒരു പരിധിവരെ സഭയിലും ഇന്നു നാം കാണുക. പ്രായോഗികതയുടെ ന്യായവാദങ്ങൾ നിരത്തി, സുഖലോലുപതയുടെയും സ്വാർത്ഥതയുടെയും സംസ്കാരത്തെ ഊട്ടി വളർത്താനുള്ള പ്രവണത ഇന്ന് സാധാരണമാണ്. മലങ്കര കത്തോലിക്കാസഭയുടെ സമാരംഭകനായ മാർ ഈവാനിയോസ് പിതാവ് തൻെറ വ്യക്തിപരമായ ജീവിതത്തിലൂടെയും ആഭിമുഖ്യങ്ങളിലൂടെയും സഭാത്മക കാഴ്ചപ്പാടുകളിലൂടെയും ഈ സുവിശേഷാത്മക ദാരിദ്ര്യത്തിൻെറ പ്രാധാന്യം വ്യക്തമായി പ്രകടിപ്പിക്കുകയും അതുവഴി താൻ ആരംഭിക്കുന്ന പ്രസ്ഥാനത്തെ നയിക്കേണ്ട അടിസ്ഥാന അരൂപി ഏതാണെന്ന് പഠിപ്പിക്കുകയും ചെയ്തു. പ്രധാനമായും ബഥനിയുടെ അരൂപിയുടെ 21-ാം നൂറ്റാണ്ടിലേക്കു പദമൂന്നുന്ന സഭ പ്രസക്തമായിരിക്കണമെങ്കിൽ സഭാജീവിതത്തിലും ദാരിദ്ര്യം ഒരു അടിസ്ഥാനമൂല്യമായിരിക്കണം. സഭ സമൂഹത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നവരോടു പക്ഷപാതപരമായ അടുപ്പം പ്രദർശിപ്പിക്കുവാൻ താല്പര്യപ്പെടുന്നതോടൊപ്പം സ്വജീവിതത്തിൽ ദാരിദ്ര്യത്തിൻെറ ഈ ശൈലി ഉൾക്കൊള്ളണം. ഇതാണ് സത്യത്തിൽ മനുഷ്യാവതാര ദൈവശാസ്ത്രത്തിൽ വിവക്ഷിക്കുന്നത്. മനുഷ്യനുമായി താദാത്മ്യം പ്രാപിക്കുവാൻ മനുഷ്യപരിമിതികളിൽ പൂർണ്ണമായി ഉൾച്ചേരുന്ന ദൈവമാണ് സഭയുടെ ആത്മാവ്. ദൈവരാജ്യത്തിൻെറ ശുശ്രൂഷകയായ സഭയ്ക്ക് ഔന്നത്യത്തിൻെറയും വിജയോന്മാദത്തിൻെറയും ഭാവമല്ല, വിനയാന്വിതമായ ശുശ്രൂഷയുടെ അരൂപി ഉൾക്കൊള്ളാൻ സാധിക്കണം.

അതുപോലെതന്നെ സഭാശൈലിയിലും ജീവിതത്തിലും മനുഷ്യോന്മുഖത തെളിഞ്ഞു ശോഭിക്കണം. മനുഷ്യത്വം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിൽ മനുഷ്യത്വത്തിൻെറ മങ്ങാത്ത ശോഭയായി, അടയാളമായി വർത്തിക്കുവാൻ സഭയ്ക്കു സാധിക്കണം. ലോകത്തിൻെറ ശൈലി, ഉപരിപ്ലവതയുടെ, പ്രദർശനപരതയുടെ ശൈലിയാണ്. ഇപ്രകാരമൊരു ശൈലിയിൽ പ്രാധാന്യമർഹിക്കുന്നത് ആഡംബരവും ആഘോഷവുമാണ്; ആഢ്യതയും , ഔപചാരികതയുമാണ്; ശക്തിപ്രകടനവും മുദ്രാവാക്യങ്ങളുമാണ്. സത്യവും മനുഷ്യത്വവും ദൈവികതയും ഈ ഔപചാരികതയിലും ഉപരിപ്ലവതയിലും പലപ്പോഴും നിഷ്പ്രഭമാകുവാൻ സാദ്ധ്യതയുണ്ട്. ലോകത്തിൻെറ ഈ ശൈലി ഉൾക്കൊള്ളുവാനുള്ള പ്രലോഭനത്തിൽനിന്ന് സഭയും വിമുക്തയല്ല. അതിനാൽ ആ പ്രലോഭനത്തിനെതിരെ നിസ്തന്ദ്രമായ ജാഗ്രത പുലർത്തണം. അതിരുകടന്ന ഔപ

www.malankaralibrary.com

ചാരികതയുടേയും ഊതിവീർപ്പിച്ച ബാഹ്യതയുടേയും തലങ്ങളെ തുളച്ചിറങ്ങി, സത്യം കുടികൊള്ളുന്ന യഥാർത്ഥ ആന്തരികതയിൽ, ഉണ്മയുടെ ഉൾക്കാമ്പിൽ സ്പർശിക്കുന്ന പ്രവർത്തനശൈലി സഭ അവലംബിക്കുമ്പോഴാണ് അവളിലെ മനുഷ്യോന്മുഖതയും അതുവഴി ദൈവോന്മുഖതയും പ്രകാശിതമാകുന്നത്.

## മതമൗലികവാദം

ആധുനികസമൂഹത്തിലെ വലിയ ഒരു വിപത്താണ് വളർന്നുവരുന്ന മതമൗലികവാദം. താനുൾപ്പെടുന്ന മതം മാത്രമാണ് സത്യം എന്നതാണ് ഈ വാദത്തിൻെറ കാതൽ. ദൈവത്തെയും മതത്തെയും കുറിച്ചുള്ള വളരെ വികലമായ കാഴ്ചപ്പാടിൽ നിന്നാണ് ഈ ആശയം ഉരുത്തിരിയുന്നത്. ഭാരതത്തെപ്പോലെ ബഹുവിധങ്ങളായ മതങ്ങളാൽ, സംസ്കാരങ്ങളാൽ സമ്പന്നമായ ഒരു രാജ്യത്ത് ഇപ്രകാരമൊരു സമീപനം സൃഷ്ടിക്കാവുന്ന അപകടങ്ങൾ നമ്മുടെ അനുദിനജീവിതാനുഭവത്തിൻെറ ഭാഗമായി മാറിയിട്ടുണ്ട്. ഈ മൗലികവാദം ഭാരതത്തിലെ മിക്കവാറും എല്ലാ മതങ്ങളിലും പ്രകടമാണ്- ഇതിൻെറ വക്താക്കൾ ചെറിയൊരു ന്യൂനപക്ഷമാണെങ്കിൽ തന്നെയും സ്വന്തം മതത്തിൻെറ മാത്രം വിശ്വാസസംഹിതകളുടേയും പാരമ്പര്യങ്ങളുടേയും പരിമിതമായ വേലിക്കെട്ടുകൾക്കുള്ളിൽ ഒതുങ്ങികൂടാനും പുറത്തുള്ളവയെ അന്യമായി കാണുവാനും ശ്രമിക്കുന്ന മതാഭിമുഖ്യം ആധുനിക ലോകത്തിൽ തീർത്തും അപ്രസക്തമാണ്, അപകടകരമാണ്.

ദൈവരാജ്യശുശ്രൂഷകയായ സഭയ്ക്ക് മതമൗലികവാദത്തിൻെറയും അതുണർത്തിവിടുന്ന മനുഷ്യവിദ്വേഷത്തിൻെറയും ദൈവാവഹേളനത്തിൻെറയും എതിർശക്തിയായി വർത്തിക്കുവാനുള്ള ദൈവികാഹ്വാനമുണ്ട്. ദൈവം ചരിത്രത്തിൽ നിരന്തരമായി കർമ്മനിരതനാണെന്നും പ്രപഞ്ചത്തിൽ നിറഞ്ഞുനില്ക്കുന്ന ദൈവികചൈതന്യത്തിൻെറ പ്രതിഫലനങ്ങൾ മനുഷ്യചരിത്രത്തിലെ വിവിധ സംസ്കാരങ്ങളിലും മതങ്ങളിലും മുന്നേറ്റങ്ങളിലും ദൃശ്യമാണെന്നും സഭ വിശ്വസിക്കുന്നു. ഈ വിശ്വാസം ബൗദ്ധികതലത്തിൽനിന്നും പ്രായോഗികതലങ്ങളിലേക്കിറങ്ങുകയും മറ്റു മതങ്ങളിലും ദൃശ്യമായ ദൈവസത്തയുടെ വിത്തുകളെ തിരിച്ചറിയുവാനും അംഗീകരിക്കുവാനും സഭ സന്നദ്ധയാകുകയും വേണം. വിശ്വമാനവികതയുടെ കൂട്ടായ്മകൾ സൃഷ്ടിക്കുവാനുള്ള ദൗത്യമാണ് സഭ ഏറ്റെടുത്തിരിക്കുന്നതെങ്കിൽ, ഈ കൂട്ടായ്മയ്ക്ക് ആരും അന്യരല്ല, ആരും അനഭിമതരുമല്ല.

www.malankaralibrary.com

മറ്റു മതസംസ്കാരങ്ങളെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതോടൊപ്പം അവയുമായി ക്രിയാത്മകമായ, അർത്ഥവത്തായ സംവാദത്തിലേർപ്പെടുവാൻ സഭയ്ക്കു സാധിക്കണം. ഭാരതംപോലെ ഒരു രാജ്യത്ത് ഇതിൻെറ ആവശ്യകത, പ്രസക്തി എടുത്തു പറയേണ്ട ആവശ്യമില്ല. 21-ാം നൂറ്റാണ്ടിലെ ഭാരതസഭയുടെ ഏറ്റവും വലിയ വെല്ലുവിളിയാണ് അർത്ഥപൂർണ്ണമായ മതാന്തര സംവാദം. മതവിദ്വേഷത്തിൻെറയും സംശയത്തിൻെറയും തെറ്റിദ്ധാരണയുടേയും അന്തരീക്ഷത്തെ മാറ്റി പരസ്പര ധാരണയുടെയും ബഹുമാനത്തിൻെറയും സഹകരണത്തിൻെറയും ഒരു സംസ്കാരം സൃഷ്ടിക്കുവാൻ ഇപ്രകാരമുള്ള സംവാദങ്ങൾ സഹായിക്കണം.

മനുഷ്യൻെറ യഥാർത്ഥ വളർച്ചയളക്കുവാനുള്ള മാനദണ്ഡം അവൻെറ ആന്തരിക ചക്രവാളത്തിൻെറ വികാസമാണ്. ഒരു ശിശുവിൻെറ ലോകം വളരെ ചെറുതാണ്. ആ ലോകത്തിലെ യാഥാർത്ഥ്യങ്ങൾ അവൻെറ കളിപ്പാട്ടങ്ങളും അവൻ കേൾക്കുന്നതും കാണുന്നതും സ്പർശിക്കുന്നതുമൊക്കെയാണ്. ആ ശിശു വളരുന്നതനുസരിച്ച് അവൻെറ മാനസിക ചക്രവാളം വികാസം പ്രാപിക്കുന്നു. ദൃശ്യമായ, ശ്രവ്യമായ വസ്തുക്കളുടെ ചെറിയലോകത്തിൽ നിന്നും വ്യക്തികളുടെയും വ്യക്തി ബന്ധങ്ങളുടെയും അർത്ഥങ്ങളുടെയും വിശാലമായ ലോകത്തിലേക്കവൻ പ്രവേശിക്കുന്നു. അവൻെറ ചക്രവാളം വികസിക്കുന്നു. എത്ര മാത്രം ചക്രവാളവികാസം അവർ പ്രാപിക്കുന്നുവോ അത്രമാത്രം മാനുഷിക വളർച്ച അവൻ കൈവരിക്കുന്നു.

സഭയെ സംബന്ധിച്ചും വളർച്ചയുടെ പ്രധാനമാനദണ്ഡം ഇതുതന്നെയാണ്. സഭയുടെ വളർച്ചയളക്കുവാനുള്ള തോത് പ്രധാനമായും സഭാംഗങ്ങളുടെ സംഖ്യാബലമോ സഭാസ്ഥാപനങ്ങളുടെ കരുത്തോ അല്ല. ഇടുങ്ങിയ വ്യക്തി, ഗ്രൂപ്പുതാല്പര്യങ്ങളുടേയും, വിഭാഗ, വർഗ്ഗതാല്പര്യങ്ങളുടെയും, ജാതിവർണ്ണതാല്പര്യങ്ങളുടേയുമൊക്കെ പരിമിതമായ ചക്രവാള സീമകളെ അതിലംഘിച്ചുകൊണ്ട് വിശ്വമാനവികതയുടെയും അതിൽ നിറഞ്ഞുനില്ക്കുന്ന ദൈവസ്നേഹചൈതന്യത്തിൻെറയും തുടിപ്പായി മാറുവാൻ സാധിക്കുമ്പോഴാണ് സഭ യഥാർത്ഥത്തിൽ ശുശ്രൂഷകയായി മാറുന്നത്. വിഭാഗീയ ചിന്തകൾ ആനുകാലിക സമൂഹത്തിൻെറ മുഖമുദ്രയായി മാറിയിട്ടുണ്ട്. ജാതിയുടെയും വർഗ്ഗത്തിൻെറയും മതത്തിൻെറയും കുലീനതയുടെയും തൊഴിലിൻെറയുമൊക്കെ അടിസ്ഥാനത്തിൽ മനുഷ്യനെ വിവേചിക്കുന്ന ദുരവസ്ഥ ആധുനികസമൂഹത്തിൻെറ ഭാഗമാണ്. ഇപ്രകാരമൊരു സമൂഹത്തിൽ ഐക്യത്തിൻെറ

www.malankaralibrary.com

ശുശ്രൂഷകയായിക്കൊണ്ടാണ് സഭ തൻെറ ദൈവദത്തമായ ദൗത്യം പൂർത്തിയാക്കേണ്ടത്. ദൈവികമായ എല്ലാത്തിനെയും, മനുഷ്യത്വത്തെ ശ്ലാഘിക്കുന്ന സർവ്വതിനെയും ഉൾക്കൊള്ളുവാൻ പര്യാപ്തമായ വിശാലമായ മാനസിക ചക്രവാളം ഉൾക്കൊണ്ടുകൊണ്ടാണ് സഭ സഭയാകേണ്ടത്; സഭ പ്രസക്തമാകേണ്ടത്.

മാർ ഈവാനിയോസ് പിതാവിലൂടെ നമുക്കു ലഭിച്ച ഐക്യത്തിൻെറ ദൗത്യത്തിൻെറ ഈ വിശാലമായ മാനം ഉൾക്കൊള്ളുവാൻ മലങ്കര കത്തോലിക്കാസഭയ്ക്ക് സാധിക്കണം. മലങ്കര സഭാപാരമ്പര്യമുള്ളവരുടെ ഐക്യം യഥാർത്ഥമാനവികൈക്യത്തിൻെറ ആദ്യപടി മാത്രമാണ്. സഭയുടെ ആത്യന്തികലക്ഷ്യം ദൈവരാജ്യസംസ്ഥാപനമാണല്ലോ. ഈ സംസ്ഥാപനപ്രക്രിയയിൽ ദൈവവുമായി സഹകരിക്കുകയാണ് സഭയുടെ അടിസ്ഥാന കർത്തവ്യം. പ്രാചീനവും ധന്യവുമായ വിവിധ സംസ്കാരങ്ങളും മതങ്ങളും മുന്നേറ്റങ്ങളും ജീവിക്കുന്ന ഭാരത പശ്ചാത്തലത്തിൽ ഈ വിവിധ കൂട്ടായ്മകളുടെ വിശാലമായ ഒരുമയും സാദ്ധ്യമായ സമന്വയവും സംജാതമാക്കുന്ന പ്രക്രിയയിൽ മലങ്കര കത്തോലിക്കാസഭയ്ക്ക് കാര്യക്ഷമമായ നേതൃത്വം നല്കുവാൻ സാധിക്കണം. പാരമ്പര്യങ്ങളുടെ പരിശുദ്ധി സംരക്ഷിക്കുവാനായി നാം ജീവിക്കുന്ന ചുറ്റുപാടുകളിലെ യാഥാർത്ഥ്യങ്ങളിൽനിന്നും നമ്മെ മാറ്റിനിർത്തുന്നതും ഈ പാരമ്പര്യങ്ങൾക്കപ്പുറത്തുള്ളവയെ അന്യമായി കാണുന്നതും കരുതുന്നതും അക്രൈസ്തവമാണ്, അപകടകരമാണ്. പ്രത്യുത, ഈ ചുറ്റുപാടുകളിലേക്കിറങ്ങിച്ചെല്ലുവാനും അവയിലെ നന്മകളെ സ്വായത്തമാക്കുവാനും സഭയ്ക്ക് സാധിക്കണം. പാരമ്പര്യങ്ങളുടെ അനന്യതയും പരിപാവനതയും ബഹുമാനിക്കുന്നതോടൊപ്പം, അതിനുപരി ദൈവാത്മാവിൻെറ പ്രചോദനങ്ങൾക്കും തൽഫലമായുണ്ടാകുന്ന തുറവിക്കും ഊന്നൽ കൊടുക്കുവാൻ സഭാമക്കളായ നമുക്കു സാധിക്കണം. ചില അവസരങ്ങളിൽ നാം ഏറ്റുവാങ്ങിയ പാരമ്പര്യത്തിൻെറ ചില അംശങ്ങൾ മാനവൈക്യത്തിനും മാനവശുശ്രൂഷയ്ക്കും മതിയാവാതെ വന്നാൽ അവയെ പുനർവ്യാഖ്യാനിക്കുവാനുള്ള ആർജ്ജവത്തം സഭയ്ക്കുണ്ടാകണം. അങ്ങനെയാണ് സഭ പ്രസക്തയാകുക.

## ഉപസംഹാരം

ഭൗതികത വ്യക്തിജീവിതത്തിൻെറ, സമൂഹജീവിതത്തിൻെറ സർവ്വകോശങ്ങളെയും ഗ്രസിച്ചുകൊണ്ടിരിക്കുന്ന ആധുനികലോകത്തിൽ,

www.malankaralibrary.com

അഭൗമികമായ മൂല്യങ്ങളുടെ കുദാശയാകുവാനും ആത്മാവിനെയും മനുഷ്യത്വത്തെയും മനുഷ്യജീവിതയാഥാർത്ഥ്യങ്ങളുടെ അടിസ്ഥാനമായി പുന:പ്രതിഷ്ഠിക്കുവാനുമുള്ള വെല്ലുവിളി സഭ തന്റെ പ്രഥമ ദൗത്യമായി മനസിലാക്കണം. ഈ അടിസ്ഥാനമൂല്യങ്ങളെ അംഗീകരിക്കുവാനും ഉൾക്കൊള്ളുവാനും-വിശിഷ്യാ അവ ഏറ്റവുമധികം ചോദ്യം ചെയ്യപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുന്ന ആധുനിക ഉപഭോഗസംസ്കാരത്തിൽ-സുവിശേഷബദ്ധമായ ദാരിദ്ര്യംവഴി ഈ മൂല്യങ്ങളെ അവതീർണ്ണമാക്കുവാനുമുള്ള ശക്തി സഭ നേടണം. പ്രപഞ്ചത്തിൽ നിറഞ്ഞുനില്ക്കുന്ന ഈശ്വര ചൈതന്യത്തെ വിവേചിച്ചറിയുവാനും അംഗീകരിക്കുവാനുമുള്ള തുറവിയും ഹൃദയവിശാലതയും സഭ ഉൾക്കൊള്ളണം. വിവിധ മതസംസ്കാരങ്ങളെ മനസിലാക്കുവാനും അഭിനന്ദിക്കുവാനും അംഗീകരിക്കുവാനും അവയിൽ അനാവൃതമാകുന്ന ആത്മാവിന്റെ പ്രവർത്തനങ്ങളുമായി ക്രിയാത്മകമായി സഹകരിക്കുവാനും ഈ തുറവി സഭയെ പ്രാപ്തമാക്കണം. അത് വളർന്നുവരുന്ന സകലവിധ മൗലികവാദങ്ങൾക്കുമുള്ള പ്രധാന പ്രതിവിധിയായി മാറും.

www.malankaralibrary.com

# 12

# ഇരുപത്തൊന്നാം നൂറ്റാണ്ടും സഭയുടെ ആഭിമുഖ്യങ്ങളും

ഡോ. തോമസ്കുട്ടി പനച്ചിക്കൽ

മാർത്തോമ്മാശ്ലീഹായുടെ പ്രവർത്തനഫലമായി അങ്കുരിച്ചതും അപ്പസ്തോലിക അടിസ്ഥാനമുള്ളതുമായ ക്രൈസ്തവ സമൂഹമാണ് മലങ്കരസഭ. കൂനൻകുരിശുസത്യത്തെത്തുടർന്ന് മലങ്കരസഭയ്ക്കു നഷ്ട മായ സാർവ്വത്രിക കൂട്ടായ്മ, 1930 സെപ്തംബർ 20-ാം തീയതി ക്രാന്തദർ ശിയായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ധീരോചിതമായ നടപടികളാൽ വീണ്ടെടുക്കുന്നതിന് സാധിച്ചു. ചിലർ തെറ്റിദ്ധരിക്കുന്നതു പോലെ 1930-ൽ നടന്നത് മലങ്കരസഭ കത്തോലിക്കാസഭയിൽ ചേരുകയാ യിരുന്നില്ല; പിന്നെയോ, ഒരു പ്രാദേശിക അപ്പസ്തോലിക സഭയെന്ന നിലയ്ക്ക് മലങ്കരസഭയുടെ ഘടകയാഥാർത്ഥ്യങ്ങളും വ്യതിരിക്തഭാവ ങ്ങളും സവിശേഷതകളും പരിരക്ഷിച്ചുകൊണ്ട് നഷ്ടപ്പെട്ടുപോയ സാർവ്വ ത്രിക കൂട്ടായ്മയും കൂട്ടായ്മാനൽവരങ്ങളും വീണ്ടെടുക്കുകയായിരുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മലങ്കര കത്തോലിക്കാസഭയ്ക്ക് ആഗോള സഭയുടെ ദൗത്യനിർവ്വഹണത്തിൽ നിർണായകമായ പങ്കു വഹിക്കുവാനുണ്ട്. കാരണം, ഭാരതസഭാചരിത്രത്തിൽ മലങ്കരസഭയുടെ സ്വാധീനം എക്കാലത്തും സപ്ഷ്ടമാണ്.

മലങ്കര കത്തോലിക്കാസഭ, അതിൻെറ സ്വഭാവത്തിൽ ഒരു 'സഭൈക്യ സഭ'(Ecumenical Church)യും ഒരു 'പ്രേഷിതസഭ' (Missionary Church)യുമാണ്. സാർവ്വത്രികസഭാകൂട്ടായ്മയിൽ നിന്ന് വേർപെട്ടിരി ക്കുന്ന എല്ലാ സഭാസമൂഹങ്ങളെയും തിരിച്ച് കൂട്ടായ്മയിലേക്കു കൊണ്ടു വരിക എന്നതോടൊപ്പംതന്നെ, ഭാരതസുവിശേഷവത്ക്കരണത്തിൻെറ

www.malankaralibrary.com

നെടുംതൂണായി വർത്തിക്കുക എന്നതാണ് ഈ സ്വഭാവംകൊണ്ട് ഉദ്ദേശിക്കുന്നത്. ഭാരതസുവിശേഷവത്ക്കരണത്തിന് വളരെയേറെ അനുയോജ്യമാണ് ഇതിൻെറ ഘടന. സാംസ്കാരിക അനുരൂപണത്തിൻെറ (inculturation) ഉത്തമമാതൃകയാണിത്. ഭാരതീയർക്ക് എല്ലാം സ്വീകാര്യമായ ആചാരാനുഷ്ഠാനങ്ങളാണ് ഇതിനുള്ളത്.

മലങ്കര കത്തോലിക്കാസഭയുടെ പ്രേഷിതദൗത്യം, സാർവ്വത്രിക സഭയുടെ ദൗത്യത്തിൻെറ ഉള്ളടക്കംതന്നെയാണ്. കാലസമ്പൂർണ്ണതയിൽ വചനമായ ദൈവം ശരീരം സ്വീകരിച്ച് നമ്മുടെ ഇടയിൽ വസിച്ചു (യോഹ. 1:14); സർവ്വജനത്തിനുംവേണ്ടിയുള്ള ഈ സദ്വാർത്ത (ലൂക്കാ 2:11), അതായത്, മനുഷ്യവർഗ്ഗത്തിൻെറ സമഗ്രമായ രക്ഷയുടെ സദ്വാർത്ത, സകലജനത്തിനും അവരുടെ ജീവിത സാഹചര്യങ്ങളിൽ എത്തിച്ചുകൊടുക്കുക (മർക്കോ.16:15) എന്ന ദൗത്യമാണ് സഭയ്ക്കുള്ളത്. മലങ്കരസഭയുടെ സഭൈക്യശുശ്രൂഷയുടെ ഉറവിടം ദൈവരാജ്യം സ്ഥാപിക്കുക എന്നതാകുന്നു. ദൈവരാജ്യമെന്നത് 'നിരപ്പായ' ദൈവമനുഷ്യബന്ധവും മനുഷ്യ-മനുഷ്യബന്ധവുമാണ്. ദൈവമനുഷ്യബന്ധത്തിൽ നിന്ന് ഉരുവാകുന്ന മനുഷ്യ-മനുഷ്യബന്ധമാണ് സഭയുടെ എക്യുമെനിക്കൽ പ്രവർത്തനത്തിൻെറ ഉൾക്കാമ്പ്.

ദൈവത്തെ അന്വേഷിക്കുകയും ഒടുവിൽ കണ്ടെത്തുമ്പോൾ സായൂജ്യം പ്രാപിക്കുകയും ചെയ്യുന്ന മനുഷ്യനെ ഇതരമതങ്ങൾ അവതരിപ്പിക്കുമ്പോൾ, മനുഷ്യനെ അന്വേഷിച്ച്, അവനുവേണ്ടി മനുഷ്യരൂപം കൈക്കൊണ്ട്, പെസഹാരഹസ്യത്തിലൂടെ (യേശുവിൻെറ ജീവിതം, സഹനം, മരണം, ഉയിർപ്പ്) നിത്യരക്ഷ നേടിക്കൊടുത്ത ദൈവത്തെയാണ് ക്രിസ്തുമതം അവതരിപ്പിക്കുന്നത്. എല്ലാവിധ അടിമത്തത്തിൽനിന്നും ചൂഷണത്തിൽ നിന്നും അവിടുന്നു മനുഷ്യനെ മോചിപ്പിക്കുന്നു. ഈ വിമോചനത്തിൻെറ സദ്വാർത്തയുടെ പ്രഘോഷണമാണ് സഭയുടെ മിഷൻ(യോഹ.20:21; 17:18). സഭയെക്കുറിച്ച് വ്യക്തമായ ഒരു ദർശനം മലങ്കര സഭയ്ക്കുണ്ട്. കൃംതാ പ്രാർത്ഥനയിലെ രാത്രിപ്രാർത്ഥനയിൽ ഇങ്ങനെചൊല്ലുന്നു:

'വിണ്ണുലകിൻ അരചൻ തൻ
തൻസഭയെ പണിതതിനെ
ആക്കിത്തന്നാസ്ഥാനം
പൂക്കതിനുള്ളെ വാണു

www.malankaralibrary.com

കർത്താതന്നൊടു സംസാ-
രിക്കേണ്ടുന്നവരെല്ലാം
സഭയുൾ പൂകട്ടെയിതാ
താനതിൽ മേവീടുന്നു.
ഹാലേലൂയ്യാ - ഉ - ഹാലേലൂയ്യാ
സഭയെ വളർത്തുന്നോനെ
കൃപചെയ്തീടടിയാരിൽ'

ഈ പ്രാർത്ഥനയിലൂടെ സഭ ഏറ്റുപറയുന്ന വിശ്വാസം വളരെ വ്യക്തമാണ്. സഭയെ പണിയുന്നതും പരിപാലിക്കുന്നതുംദൈവമാണ്. ദൈവസംസർഗ്ഗം ആഗ്രഹിക്കുന്ന മനുഷ്യൻ സഭയിലൂടെഅതു നേടും; കാരണം ദൈവം അതിൽ വസിക്കുന്നു.

സഭ ഇന്ന് ചില പ്രത്യേക വെല്ലുവിളികളെ നേരിടുകയാണ്. മതപീഡനങ്ങൾ സർവ്വസാധാരണമായിക്കഴിഞ്ഞിരിക്കുന്ന ഭാരതസമൂഹത്തിൽ മതസൗഹാർദ്ദ സങ്കല്പങ്ങൾക്ക് വിള്ളലുകൾ വീണുകഴിഞ്ഞിരിക്കുന്നു. ഹിന്ദുത്വവാദവും വർഗ്ഗീയവാദവും ശക്തിപ്പെട്ട് വരുന്നതോടൊപ്പം ക്രിസ്തുമതപീഡനങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. ഹൈന്ദവരാണ് ഇതിനു പിന്നിൽ എന്നുള്ള അടച്ചാക്ഷേപം സാധാരണയായി കേൾക്കാറുണ്ട്. പക്ഷേ ഇവിടെ മതപീഡനം നടത്തുന്നത് ഇവിടുത്തെ സാമാന്യ ഹിന്ദുക്കളല്ല, മറിച്ച് മതഭ്രാന്തു മൂത്ത ഹിന്ദു തീവ്രവാദികളാണ് എന്നതാണു സത്യം. മതസഹിഷ്ണുതയും സഹോദരസ്നേഹവും കാത്തുസൂക്ഷിക്കുന്നവരാണ് ഇവിടുത്തെ ഹൈന്ദവസഹോദരങ്ങൾ. അവരിൽ നിന്ന് ഈ മതഭ്രാന്തരെ തിരിച്ചറിയുകയും ദേശീയധാരയിൽനിന്ന് അവരെ ഒഴിവാക്കുകയും ആട്ടിൻതോലണിഞ്ഞ അവരുടെ യഥാർത്ഥരൂപം തുറന്നുകാട്ടുകയും ചെയ്യേണ്ടത് ആവശ്യമാണ്.

സഭയുടെ സുവിശേഷ ദൗത്യനിർവ്വഹണത്തിൽ പെന്തക്കോസ്തു സഭാവിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ ചഞ്ചലമനസ്കരെ വഴിതെറ്റിക്കുന്നവരാണിവർ. വിശ്വാസത്തെ വൈകാരികതലത്തിലവതരിപ്പിച്ച് ഇവർ സത്യവിശ്വാസികളെ വഴിതെറ്റിക്കുകയും ഏതെങ്കിലും വിധത്തിൽ ക്ലേശം അനുഭവിക്കുന്ന ഭവനങ്ങൾ കണ്ടുപിടിച്ച്, മധുരഭാഷണത്താൽ അവരുടെ ബലഹീനാവസ്ഥയെ മുതലെടുത്ത് അവർ ആളുകളെ സ്വാധീനിക്കുകയും ചെയ്യുന്നു. ഇതും സഭയുടെ ഇന്നത്തെ ഒരു വെല്ലുവിളിയായി കാണേണ്ടിയിരിക്കുന്നു.

www.malankaralibrary.com

മൂന്നാം സഹസ്രാബ്ദത്തിലേക്കു കടക്കുന്ന സഭയുടെ ഒരു പ്രധാന ആഭിമുഖ്യം ദളിത് ക്രൈസ്തവരോട് പക്ഷം ചേരുക എന്നതാകണം. തിരുവനന്തപുരം അതിരൂപതയിൽ മാത്രം 140 ദളിത് മിഷനുകളും അവയിൽ 15,000 ത്തിൽ പരം അംഗങ്ങളുമുണ്ട്. തൊഴിലില്ലാത്ത യുവ ജനങ്ങൾ ഏതാണ്ട് 4,000-ത്തിൽ കവിയും. ഇവർക്ക് അർഹമായ അവകാശങ്ങൾ സർക്കാരുകൾ നിഷേധിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. മതത്തിന്റെ പേരിൽ യാതൊരു വിവേചനവും പാടില്ല എന്ന് ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നുവെങ്കിലും കഴിഞ്ഞ അമ്പതു വർഷങ്ങളായി ഭരണഘടനയുടെ ലംഘനവും ദളിത് വിഭാഗങ്ങളോടുള്ള അനീതിയും അഭംഗുരം നടന്നുവരികയാണ്. സർക്കാർ തലത്തിൽ ഇവർക്ക് നിഷേധിച്ചിരിക്കുന്ന നീതി സ്ഥാപിച്ചുകിട്ടേണ്ടതും അതോടൊപ്പം തന്നെ സഭയുടെ സംഘാതവും സഭാംഗങ്ങളുടെ വ്യക്തിഗതവും ആയ പ്രവർത്തനമേഖലകളിൽ ദളിത് വിഭാഗത്തോട് പ്രത്യേക പരിഗണന ഉണ്ടായിരിക്കേണ്ടതും അത്യാവശ്യമാകുന്നു.

ജനസംഖ്യാ വർദ്ധനവിന്റെ പേരിൽ ഇന്ന് ഗർഭഛിദ്രം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ഓരോ വർഷവും വർദ്ധിച്ചുവരുന്ന ഗർഭഛിദ്രത്തിന്റെ തോത് ഭയാനകമാണ്. കേരളത്തിൽ ഒരുവർഷം ഏകദേശം മൂന്നരലക്ഷം ഗർഭഛിദ്രങ്ങൾ നടക്കുന്നു എന്നാണ് ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നത്. ഭാരതത്തിലൊട്ടുക്ക് ഇങ്ങനെ വെളിച്ചം കാണപ്പെടുന്നതിനു മുമ്പ് കശാപ്പുചെയ്യപ്പെടുന്ന കുരുന്നുകളുടെ എണ്ണം ഒന്നരക്കോടിയിലധികമാണ്. ജീവന്റെ നേരെയുള്ള ഈ വെല്ലുവിളി കണ്ടില്ലെന്ന് നടിക്കാൻ സഭയ്ക്കു സാധിക്കുകയില്ല.

ധാർമ്മിക രംഗത്തുണ്ടായിരിക്കുന്ന മൂല്യച്യുതിയിലേക്കും സഭയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടത് ആവശ്യമാണ്. 'ഉപയോഗം കഴിഞ്ഞാലുടൻ വലിച്ചെറിയുക' എന്നതാണ് ഇന്ന് ഏതിനോടുമുള്ള സമീപനം. ഉപഭോക്തൃസംസ്കാരത്തിന്റെ പിടിയിൽ അകപ്പെട്ട് മൂല്യബോധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. പരസ്നേഹത്തിലധിഷ്ഠിതമായ ഒരു ജീവിതക്രമം ഇവിടെ ഉണ്ടായെങ്കിലേ മതിയാവൂ. ഭോഗികളാകുവാനല്ല, മറിച്ച് ത്യാഗികളാകുവാനാണ് ക്രൈസ്തവന്റെ വിളി. അധാർമ്മികതയെക്കുറിച്ച് വിലപിക്കുവാനല്ല; ധാർമ്മികതയുടെ വക്താക്കളാകുവാനാണ് നാം പരിശ്രമിക്കേണ്ടത്.

സഭയുടെ വിശ്വാസസത്യങ്ങളോട് അചഞ്ചലമായ കൂറും വിശ്വസ്തതയും ഉള്ള ഒരു സമൂഹത്തെയാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ സഭയ്ക്കാവശ്യം. സ്വർഗ്ഗനരകങ്ങളെക്കുറിച്ചുള്ള വിശ്വാസം നഷ്ടപ്പെട്ട

www.malankaralibrary.com

ഈ യുഗത്തിൽ, സഭാമക്കളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തേണ്ടതായ വലിയ കടമ സഭയ്ക്കുണ്ട്. കൂടുതൽ ശക്തമായ ഒരു കൂട്ടായ്മാബോധം സഭാംഗങ്ങളിൽ ഉണ്ടാവണം. മലങ്കരസഭയുടെ ശക്തി, സഭാമക്കളുടെ കൂട്ടായ്മയിലാണ്. ഈ കൂട്ടായ്മാബോധം, നമ്മെ പങ്കുവയ്ക്കുന്നവരാക്കും. സഭാസ്ഥാപനങ്ങളുടെ നടത്തിപ്പിൽ കൂടുതൽ പങ്കാളിത്തവും ഉത്തരവാദിത്വവും സഭാമക്കൾ കാട്ടേണ്ടിയിരിക്കുന്നു. സഭാസ്ഥാപനങ്ങൾ എന്നും നമ്മുടെ സുവിശേഷ പ്രവർത്തനത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു; അത് അടുത്ത നൂറ്റാണ്ടിലും തുടരേണ്ടത് അത്യാവശ്യമാണ്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മലങ്കരസഭ പുനരൈക്യ മേഖലകളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. സഹോദരസഭാനേതൃത്വം- വ്യവഹാരത്തിലും ശത്രുതയിലും കഴിയുമ്പോൾ, 1930- കളിൽ മലങ്കര കത്തോലിക്കാസഭ എപ്രകാരം വിശ്വാസികൾക്ക് ആശ്വാസകേന്ദ്രമായോ അപ്രകാരം അവൾ ഇന്നും ഇതര സഭാമക്കൾക്ക് ആശ്വാസകേന്ദ്രമായി വർത്തിക്കണം. അജപാലനശുശ്രൂഷയിൽ ഈ വിഷയത്തിന് പ്രാധാന്യം നല്കേണ്ടതാകുന്നു.

മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ പിതാക്കന്മാരോടുള്ള വിധേയത്വം നമ്മുടെ സഭാജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. പിതാക്കന്മാരുടെ ജീവിതചരിത്രം വേദപാഠക്ലാസുകളിലെ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിലൂടെ ഈ വിധേയത്വം വർദ്ധിപ്പിക്കാൻ സാധിക്കും.

വിശ്വാസജീവിതത്തിൽ സാരമായ മാറ്റങ്ങൾ അടുത്ത നൂറ്റാണ്ടിൽ ഉണ്ടാകാൻ സാധ്യതയുണ്ട്. ഇതിന് മുന്നോടിയായി സഭ വിശ്വാസപരിശീലനം എല്ലാവർക്കും നല്കാനുള്ള പദ്ധതികൾ ശക്തമാക്കുന്നത് ഉചിതമായിരിക്കും.

ഈ ആഭിമുഖ്യങ്ങൾ നേടുന്നതിന് ശക്തമായ അല്മായ പിന്തുണ അത്യാവശ്യമാണ്. പ്രാർത്ഥനാചൈതന്യത്താൽ നിറഞ്ഞ്, സഭയിലുള്ള ദൈവസാന്നിധ്യത്തെ തിരിച്ചറിഞ്ഞ്, പരസ്നേഹത്താൽ ജ്വലിച്ച്, യേശുവിനുവേണ്ടി പ്രയത്നിക്കുവാൻ അത്മായർ തയ്യാറാകണം.

മൂന്നാം സഹസ്രാബ്ദത്തിൽ 'മലങ്കര കത്തോലിക്കാസഭ' ഈ ആഭിമുഖ്യങ്ങളുടെ പൂർത്തീകരണത്തിലൂടെ യേശുവിന്റെ യഥാർത്ഥ സന്ദേശവാഹകയാകും. ഇതിനുവേണ്ടി മലങ്കര സഭാമക്കൾ കാലദേശഭേദമെന്യേ പ്രവർത്തിക്കണം. ഇതിനുവേണ്ടി പരിശ്രമിക്കാം.

www.malankaralibrary.com

# മലങ്കര കത്തോലിക്കാ സഭയിലെ സന്ന്യാസ സമൂഹങ്ങൾ

www.malankaralibrary.com

# 13

# ബഥനി മിശിഹാനുകരണ സന്ന്യാസ സമൂഹം

**വെരി.റവ. ഡോ. ജോർജ് തോമസ് കല്ലുങ്കൽ OIC**

ബഥനി മിശിഹാനുകരണ സന്ന്യാസ സമൂഹത്തിന്റെ ആരംഭ ചരിത്രം മലങ്കര സുറിയാനി സഭയുടെ ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന ഒന്നാണ്. വി.തോമ്മാശ്ലീഹായിൽനിന്ന് വിശ്വാസം സ്വീകരിച്ച കേരള ക്രൈസ്തവരുടെ ചരിത്രത്തിലെ ദു:ഖകരമായ സംഭവമാണ് കൂനൻകുരിശ് സത്യവും അതെതുടർന്ന് സഭയിലുണ്ടായ പിളർപ്പും. അതുവരെ വിശ്വാസത്തിലും പാരമ്പര്യത്തിലും ഏകയോഗമായി നിന്നവർ, പുത്തൻകൂറ്റുകാർ, പഴയകൂറ്റുകാർ എന്ന പേരിൽ രണ്ടു വിഭാഗങ്ങളായി. ക്രമേണ അന്ത്യോക്യൻ യാക്കോബായ പാരമ്പര്യങ്ങളും ആരാധനരീതികളും സ്വീകരിച്ച പുത്തൻകൂറ്റുകാർ മലങ്കര യാക്കോബായ സുറിയാനി സഭയായിത്തീർന്നു. അന്ത്യോക്യൻ പരമാധികാരത്തിൽ നിന്നും സഭയുടെ സ്വതന്ത്ര അവസ്ഥ നിലനിർത്തുവാനുള്ള തർക്കങ്ങളും പോരാട്ടങ്ങളും മലങ്കര യാക്കോബായ സഭയെ വീണ്ടും മെത്രാൻ കക്ഷിയായും ബാവാ കക്ഷിയായും വിഭജിച്ചു. ഈ വിഭജനം വളരെ വലിയ പ്രത്യാഘാതങ്ങളാണ് സഭയിൽ ഉളവാക്കിയത്. വിഭജനഫലമായുണ്ടായ വഴക്കുകളും വ്യവഹാരങ്ങളും സഭാന്തരീക്ഷം മലീമസമാക്കി എന്നുമാത്രമല്ല; ജനങ്ങളുടെ വിശ്വാസജീവിതത്തെ തളർത്തിക്കളയുകയും ചെയ്തു. തന്മൂലം സഭയിൽ ഒരു ആധ്യാത്മികപാപ്പരത്വം തന്നെ ഉളവായി.

മലങ്കരസഭയെ ഈ പ്രതിസന്ധിഘട്ടത്തിൽ നിന്ന് സമുദ്ധരിക്കുവാൻ ദൈവത്താൽ പ്രത്യേകമായി നിയോഗിക്കപ്പെട്ട വ്യക്തിയാണ് പണിക്കരുവീട്ടിൽ ഗീവർഗീസ് കത്തനാർ (അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാ

www.malankaralibrary.com

പ്പോലീത്താ). താൻ ഏറ്റവുമധികം സ്നേഹിക്കുന്ന സുറിയാനി സമുദായത്തിനുണ്ടായ ദുരവസ്ഥ ആ സഭാസ്നേഹിയെ വളരെയധികം വേദനിപ്പിച്ചു. മലങ്കര സഭയുടെ സ്ഥാപനനോദ്ദേശ്യത്തെ തന്നെ തകിടം മറിക്കാൻ പര്യാപ്തമായ അവസ്ഥാവിശേഷം സഭയുടെ ഭാവിയെപ്പറ്റി ഉത്ക്കണ്ഠയും ആശങ്കയും അദ്ദേഹത്തിൽ ഇളക്കിവിട്ടു(ഗിരിദീപം, p.76). സഭയുടെ ഉത്ഥാനത്തിനായി പല ആശയങ്ങളും അദ്ദേഹത്തിൻെറ മനസിൽ അങ്കുരിച്ചു. ആധ്യാത്മിക ജീവിതത്തിൻെറ അഭാവമാണ് പ്രശ്നങ്ങൾക്കെല്ലാം കാരണമെന്ന് മനസിലാക്കിയ പി.റ്റി. ഗീവർഗീസച്ചൻ ആധ്യാത്മിക ജീവിതനവീകരണത്തിലേക്ക് ശ്രദ്ധപതിപ്പിച്ചു.

## സന്ന്യാസ സമൂഹ സ്ഥാപനം

മലങ്കരസഭയിലെ പ്രശ്നങ്ങളുടെ യഥാർത്ഥമായ കാരണം ആധ്യാത്മികജീവിതത്തിലുള്ള കുറവാണെന്ന് മനസിലാക്കിയ അദ്ദേഹം സുവിശേഷം ജനങ്ങളിലെത്തിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നല്കി. സേറാമ്പൂർ കോളേജിൽ അദ്ധ്യാപകനായിരുന്ന കാലം മുതൽ ഇതിനായി അക്ഷീണം പരിശ്രമിച്ചു. സുവിശേഷ പ്രചരണ ചിന്ത സുവിശേഷവേലക്കാരെ ഒരുക്കുന്നതിലേക്കും അതിനുതകുന്ന ഒരു “മിഷനറി സമൂഹം” സ്ഥാപിക്കുന്നതിൻെറ ആവശ്യകതയിലേക്കും അദ്ദേഹത്തെ കൊണ്ടെത്തിച്ചു. സുവിശേഷവേലക്കാരുടെ പ്രവർത്തനഫലമായി മലങ്കരസഭയിൽ ആത്മീയമായ ഉണർവും ഉൻമേഷവും സൃഷ്ടിക്കാമെന്നും പ്രതീക്ഷിച്ചു. പരിശുദ്ധാത്മ നിറവുള്ള അദ്ദേഹത്തിൻെറ ഹൃദയവും ചിന്തകളും ചെന്നുറച്ചത് സർവ്വസംഗപരിത്യാഗത്തിൻെറ പര്യായമായ സന്ന്യാസത്തിൻെറ ഉന്നത ശൃംഗങ്ങളിലായിരുന്നു. ദൈവസേവനം ചെയ്യുന്നവൻ ദൈവത്തെ സമ്പാദിച്ചവനാകണമെന്നും ദൈവസമ്പാദനത്തെക്കാൾ വിലപ്പെട്ടതായി ഈ ലോകത്തിൽ മറ്റൊന്നുമില്ലെന്നും ഫാ.ഗീവർഗീസിന് അനുഭവവേദ്യമായി. ദൈവസമ്പാദനത്തിനുള്ള സുനിശ്ചിതമായ മാർഗ്ഗം പരിത്യാഗമാണ്. ക്രിസ്തു ആഹ്വാനം ചെയ്തതും ശിഷ്യന്മാർ അനുവർത്തിച്ചതും പരിത്യാഗത്തിൻെറ വഴികളാണ്.

സമ്പൂർണ്ണ പരിത്യാഗത്തിൻെറ അക്ഷരാർത്ഥത്തിലുള്ള ജീവിതാവിഷ്കരണമാണ് സന്ന്യാസം. പരിത്യാഗത്തെ അതിൻെറ പൂർണ്ണതയിൽ ബാഹ്യമായും ആന്തരികമായും ജീവിതത്തിൽ നിവർത്തിക്കുന്നവരാണ് സന്ന്യസ്തർ. ഇപ്രകാരമുള്ള സന്ന്യാസജീവിതത്തിലേക്കാണ് താൻ വിളിക്കപ്പെട്ടിരിക്കുന്നതെന്ന ഉൾവിളി ഫാ.ഗീവർഗീസിൽ ശക്തമായി. വളരെ നാളത്തെ പ്രാർത്ഥനയുടെ, തപസിൻെറ, വിചിന്തനത്തിൻെറ, ആത്മ

www.malankaralibrary.com

സംഘർഷങ്ങളുടെ അവസാനത്തിൽ എല്ലാം ത്യജിച്ച് സ്വയമായി ദൈവത്തിന് പ്രതിഷ്ഠിക്കപ്പെട്ട സന്ന്യാസികളടങ്ങിയ ഒരു സമൂഹം സ്ഥാപിക്കുകയാണ് ദൈവത്തിൻെറ തിരുവിഷ്ടമെന്നും അതാണ് തൻെറ ജീവിതാദർശമെന്നും അതിനായിട്ടാണ് ശിഷ്ടായുസ്സിനെ വിനിയോഗിക്കേണ്ടതെന്നും ദൈവകൃപയിലാശ്രയിച്ച് അദ്ദേഹം നിശ്ചയിച്ചു. മഹത്തായ ക്രിസ്തുദർശനത്തെ അമൂല്യമായൊരു നിധിയായി അദ്ദേഹം വിലമതിച്ചു (ഗിരിദീപം, p. 62).

സന്ന്യാസമാകുന്ന വിലപ്പെട്ട രത്നം കണ്ടെത്തിയ ഫാ.ഗീവർഗീസ് സന്തോഷചിത്തനായ രത്നവ്യാപാരിയെപോലെ അതു സ്വായത്തമാക്കുന്നതിനുള്ള തീവ്രമായ പരിശ്രമം ആരംഭിച്ചു. ലക്ഷ്യപ്രാപ്തിക്കായി നിരവധി ഗ്രന്ഥങ്ങൾ പഠനവിഷയമാക്കുകയും സന്ന്യാസ ആശ്രമങ്ങൾ സന്ദർശിക്കുകയും ചെയ്തു. ഈ അന്വേഷണങ്ങളുടെയും പഠനത്തിൻെറയും അവസാനത്തിൽ, രൂപം നല്കാനുദ്ദേശിക്കുന്ന സന്ന്യാസസമൂഹത്തിൻെറ സ്വഭാവം, ലക്ഷ്യം ഇവയെപ്പറ്റിയുള്ള നിഗമനങ്ങളിൽ അദ്ദേഹം എത്തിച്ചേർന്നു. മലങ്കര സുറിയാനി സമുദായത്തിൻെറ ആത്മീയനവീകരണവും പുരോഗതിയും ലക്ഷ്യം വയ്ക്കുന്നതോടൊപ്പം ഭാരതമാസകലമുള്ള സുവിശേഷ പ്രചരണവും സന്ന്യാസ സമൂഹത്തിൻെറ ദൗത്യമായി ഏറ്റെടുത്തു. ക്രൈസ്തവ സന്ന്യാസത്തിൻെറ ഉറവിടമായ പൗരസ്ത്യ സന്ന്യാസത്തിലധിഷ്ഠിതവും ഭാരതീയ സന്ന്യാസത്തിൽ നിന്നും ആധ്യാത്മിക പാരമ്പര്യങ്ങളിൽ നിന്നും ഉൾകൊള്ളുന്നവയെല്ലാം ഉൾക്കൊണ്ടുമുള്ള ഒരു ആധ്യാത്മികതയും ഉൾകൊണ്ടുകൊണ്ടാണ് പുതിയ സമൂഹം രൂപീകൃതമായത്.

പുതിയ സന്ന്യാസത്തിന്“ബഥനി ആശ്രമം” എന്ന പേരു സ്വീകരിച്ചു. സുവിശേഷത്തിലെ “ബഥനിയുടെയും” ഭാരതീയ സന്ന്യാസത്തിൻെറയും ആധ്യാത്മികതയുടെയും ഉൾപൊരുൾ നിറഞ്ഞു നില്ക്കുന്ന “ആശ്രമവും”, ഏകോപിപ്പിച്ചതിൽ ക്രൈസ്തവ-ഭാരതീയ സന്ന്യാസദർശനങ്ങളുടെ ഒത്തുചേരൽ പ്രകടമാണ്. സന്ന്യാസസമൂഹത്തിന് പൊതുവായി “മിശിഹാനുകരണ സന്ന്യാസിസമൂഹം(Order of the Imitation of Christ) എന്ന ഔദ്യോഗിക നാമമാണ് സ്വീകരിച്ചത്. ഭാരതത്തിലെ ജനങ്ങളുടെ ഇടയിൽ സുവിശേഷപ്രചരണം നടത്തുന്നവർ ഭാരതീയ സന്ന്യാസത്തിന് പ്രിയങ്കരമായ “കാവിവസ്ത്രം” ഔദ്യോഗിക വസ്ത്രമായി സ്വീകരിക്കണം എന്നും അദ്ദേഹം നിഷ്കർഷിച്ചു. ഇത് അക്കാലത്ത് തികച്ചും വിപ്ലവാത്മകമായ ഒരു തീരുമാനമായിരുന്നു. ബഥനി മിശിഹാനുകരണ സന്ന്യാസ സമൂഹത്തിൻെറ ആദ്യ ആശ്രമം 1919 ആഗസ്റ്റ് 15-ാം തീയതി മുണ്ടൻമല

www.malankaralibrary.com

യിൽ ആരംഭിച്ചു. ഫാ. പി.റ്റി. ഗീവർഗീസ് ആശ്രമാംഗങ്ങളുടെ പിതാവും ഗുരുവുമായി,"ആബോ ഗീവർഗീസ്"എന്നറിയപ്പെട്ടു. 1920 ലെ പെന്തക്കുസ്താ ദിനത്തിലായിരുന്നു ബഥനി ആശ്രമത്തിലെ ആദ്യ വ്രതാനുഷ്ഠാനം.

## സാർവ്വത്രിക സഭാകൂട്ടായ്മയിലേക്ക്

ബഥനി ആശ്രമത്തിലെ പ്രാർത്ഥനയുടെയും തപസ്സിൻെറയും പഠനത്തിൻെറയും അന്തരീക്ഷത്തിൽ സത്യപാത ഏതെന്ന് മനസ്സിലാക്കിയ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും (ബഥനിയുടെ മെത്രാപ്പോലീത്തായായി മാറിയ) ഫാ. പി.റ്റി. ഗീവർഗീസ് ആശ്രമസ്ഥരും കത്തോലിക്കാ സഭയുമായുള്ള പുനരൈക്യത്തിനായി പരിശ്രമിച്ചു. ഇതിന് വിഘാതമായി നിന്ന ഒന്നിനേയും പരിഗണിക്കാതെ എന്തു നഷ്ടം സഹിച്ചും പുനരൈക്യപ്പെടാൻ തീരുമാനിച്ചു. അതിൻെറ ആദ്യപടിയായി തങ്ങൾ ഏറ്റമധികം സ്നേഹിച്ച മുണ്ടന്മലയോടും അവിടുത്തെ ബഥനി ആശ്രമത്തോടും വിട ചൊല്ലി, 1930 ഓഗസ്റ്റ് 20-ാം തീയതി വെണ്ണിക്കുളത്ത് പുതിയ താമസം ആരംഭിച്ചു. 1930 സെപ്റ്റംബർ 20 ന് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതോടെ ബഥനി ആശ്രമസ്ഥർ പുനരൈക്യപ്രസ്ഥാനത്തിൻെറ മുന്നണിപ്പോരാളികളായി. പുനരൈക്യപ്രസ്ഥാനത്തിൻെറ വളർച്ചയ്ക്കുവേണ്ടി സമൂഹം വളരെയധികം പ്രതിസന്ധികളെ തരണം ചെയ്യേണ്ടതായി വന്നു.

1953 ന് ശേഷം സമൂഹത്തിൻെറ ഭരണസംവിധാനം, ജീവിതക്രമം തുടങ്ങിയവ സുസംഘടിതവും ക്രമവത്കൃതവുമായി. 1966 ഏപ്രിൽ 14-ാം തീയതി ബഥനിസമൂഹം പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു. ഇതു സമൂഹത്തിൻെറ വളർച്ചയിൽ ഒരു നാഴികക്കല്ലായിരുന്നു. അതിന് ശേഷമുള്ള ജനറൽ ചാപ്റ്ററുകളിൽ രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ കാഴ്ചപ്പാടുകൾക്കും നിർദ്ദേശങ്ങൾക്കും അനുസരണമായി സമൂഹനിയമങ്ങൾ പരിഷ്കരിക്കപ്പെടുകയും ഉറവിടങ്ങളിലേക്ക് തിരികെ പോകാനുള്ള പരിശ്രമങ്ങൾ നടത്തുകയും ചെയ്തു.

## സ്ഥാപന ലക്ഷ്യങ്ങളുടെ പൂർത്തീകരണം ഇന്ന്

മലങ്കര സഭയുടെ ആധ്യാത്മിക സമുദ്ധാരണവും ഭാരതത്തിൻെറ സുവിശേഷവത്കരണവുമാണ് ബഥനി സമൂഹത്തിൻെറ അടിസ്ഥാനപരമായ ലക്ഷ്യം. പുനരൈക്യപ്രസ്ഥാനത്തിലൂടെ രൂപംകൊണ്ട മലങ്കര കത്തോലിക്കാ സഭയിലൂടെയാണ് ഈ ലക്ഷ്യങ്ങളുടെ പൂർത്തീകരണ

www.malankaralibrary.com

ത്തിനായി സമൂഹം ഇന്ന് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. മലങ്കര സഭയുടെ ആത്മീയ ഉന്നതിയിലൂടെ മാർത്തോമ്മാശ്ലീഹായിൽനിന്നും നാം സ്വീകരിച്ച വിശ്വാസപൈതൃകം ഭാരതമാസകലം പ്രചരിപ്പിക്കുക എന്നതാണ് ബഥനി സമൂഹത്തിൻെറ പ്രത്യേക ദൗത്യം.

സുവിശേഷപ്രഘോഷണം, ധ്യാനയോഗങ്ങൾ, മതബോധനം, ആധ്യാത്മോപദേശം എന്നീ മേഖലകൾക്ക് പ്രാധാന്യം നല്കിയുള്ള പ്രവർത്തനങ്ങൾ സമൂഹം നടത്തിവരുന്നു. സുവിശേഷപ്രസംഗത്തിൽ പ്രത്യേക അഭിരുചിയും താല്പര്യവുമുള്ളവരെ ഒത്തുചേർത്ത് "ബഥനി സുവിശേഷ സംഘം" പ്രവർത്തിച്ചുവരുന്നു. മീനങ്ങാടി, കല്ലാർ ആശ്രമങ്ങളോട് ചേർന്നുള്ള ധ്യാനകേന്ദ്രങ്ങളിൽ ചെറിയ ഗ്രൂപ്പുകൾക്കുള്ള ധ്യാനശുശ്രൂഷകൾ നടത്തി ജനങ്ങളെ ആധ്യാത്മിക ഉണർവിലേക്ക് നയിക്കുന്നു. സഭകളുടെ ഐക്യത്തിനായുള്ള എക്യുമെനിക്കൽ പ്രവർത്തനങ്ങൾ ബഥനിയുടെ പ്രത്യേക ദൗത്യമായി സ്വീകരിച്ച് പ്രവർത്തിക്കുന്നു. ഭാരത ത്തിലെ വിവിധ മതസ്ഥരുമായുള്ള ഡയലോഗിനും സാംസ്കാരികാനുരൂപണത്തിനും വേണ്ടി സമൂഹം പ്രത്യേക പ്രാധാന്യം കൊടുത്ത് പ്രവർ ത്തിക്കുന്നുണ്ട്.

ഇടവകകളാണ് സഭയുടെ ശക്തികേന്ദ്രം എന്നു മനസ്സിലാക്കി, ഇടവക ശുശ്രൂഷകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് മലങ്കര കത്തോലിക്കാസഭയിലെ നാലു രൂപതകളിലായി നൂറിലധികം ഇടവകകളിൽ ആശ്രമവൈദികർ ശുശ്രൂഷ ചെയ്തുവരുന്നു. തിരുവനന്തപുരം അതിരൂപതയിലെ നെടുമങ്ങാട് വൈദികജില്ലയും ബത്തേരിരൂപതയിലെ സൗത്ത് കാനറ വൈദികജില്ലയും ആശ്രമസ്ഥരുടെ പ്രത്യേക ചുമതലയിൽ ഏല്പിക്കപ്പെട്ടിട്ടുണ്ട്. ഭാരതത്തിൻെറ സുവിശേഷവത്കരണം എന്ന ആശയം ഉൾക്കൊണ്ട് കേരളത്തിനു വെളിയിലും മിഷൻകേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിലും സമൂഹം ബദ്ധശ്രദ്ധമാണ്. ബോംബെ, പൂന, നാസിക്, ഔറംഗബാദ്, ഹൈദരബാദ്, സെക്കന്തരബാദ്, ദുർഗ്ഗ്, കൽക്കത്ത എന്നിവിടങ്ങളിലാണ് പ്രധാനമായും ആശ്രമസ്ഥർ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.

മുദ്രണ പ്രേഷിതരംഗമാണ് മറ്റൊരു പ്രവർത്തനമേഖല. ഈ മേഖലയുടെ പ്രാധാന്യം മനസ്സിലാക്കി സമൂഹസ്ഥാപനത്തിൻെറ ആദ്യകാലത്തുതന്നെ മാർ ഈവാനിയോസ് പിതാവ് ശ്രദ്ധചെലുത്തിയിരുന്നു. അന്നുണ്ടായിരുന്ന ബഥനി പ്രസ്സിലൂടെ വിശ്വാസസംബന്ധവും സാന്മാർഗ്ഗികവും ആരാധനപരവുമായ ധാരാളം ഗ്രന്ഥങ്ങൾ അച്ചടിച്ചു പ്രസിദ്ധീകരിച്ചി

www.malankaralibrary.com

രുന്നു. വിശ്വാസപരിശീലനത്തിലും പ്രചരണത്തിലും ഈ രംഗത്തിൻെറ നിർണ്ണായകമായ പ്രാധാന്യം മനസിലാക്കി “ബഥനി പബ്ളിക്കേഷൻ സിൻെറ” നേതൃത്വത്തിൽ ഈ ദൗത്യം ഇന്നും തുടർന്നുപോകുന്നു.

സമൂഹം ഏറ്റെടുത്തിരിക്കുന്ന ഇത്തരം പ്രവർത്തനങ്ങളെല്ലാം സമൂഹത്തിൻെറ ലക്ഷ്യപ്രാപ്തിഅനുസരണമായി നടത്തികൊണ്ടുപോകുവാൻ 99 വൈദികരും 10 സന്ന്യാസസഹോദരന്മാരുമാണുള്ളത്. 90 വൈദികവിദ്യാർത്ഥികൾ വിവിധ ഘട്ടങ്ങളിലായി പരിശീലനം നടത്തുന്നുണ്ട്. ഇന്ന് ബഥനി സമുഹത്തിന് കേരളത്തിനകത്തും പുറത്തുമായി 31 ആശ്രമങ്ങൾ, 8 സ്കുളുകൾ, 1 ജൂണിയർകോളേജ്, 1 പാരലൽകോളേജ്, 3 ഐ.റ്റി.സികൾ, 2 കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, 2 പ്രിൻറിംഗ് പ്രസ്സ്, 4 ബുക്ക് സെൻററുകൾ,1 അനാഥാലയം,1 വൃദ്ധമന്ദിരം, 1റ്റി.ബി. റിഹബിലിറ്റേഷൻ സെൻറർ, 1 പ്രകൃതി ചികിത്സാകേന്ദ്രം എന്നിവയുണ്ട്.

## ബഥനിയും പുനരൈക്യപ്രസ്ഥാനവും

ബഥനി സന്ന്യാസസമൂഹവും പുനരൈക്യപ്രസ്ഥാനവും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. ബഥനിപ്രസ്ഥാനം പുനരൈക്യപ്രസ്ഥാനമായി രൂപാന്തരപ്പെടുത്തുകയായിരുന്നെന്ന് ചരിത്രരേഖകളിൽ നിന്ന് മനസിലാക്കാൻ സാധിക്കും. മാർ ഈവാനിയോസ് പിതാവിൻെറയും മാർ തിയോഫിലോസ് പിതാവിൻെറയും പുനരൈക്യപരിശ്രമങ്ങൾക്ക് ആന്തരികവും ബാഹ്യവുമായ ശക്തി ലഭിച്ചത് ബഥനി ആശ്രമത്തിൽനിന്നായിരുന്നു. പുനരൈക്യപ്രസ്ഥാനത്തിൻെറ ആദ്യഘട്ടങ്ങളിൽ ആശ്രമസ്ഥർ സമൂഹസ്ഥാപകനോടൊപ്പം പുനരൈക്യപരിശ്രമങ്ങളിൽ തീർത്തും വ്യാപൃതരായിരുന്നു. അകത്തോലിക്കരെയും മറ്റുള്ളവരെയും സഭയിലേക്ക് ചേർക്കുക, പുതിയ പള്ളികൾ, മിഷനുകൾ ആരംഭിക്കുക, ജനങ്ങളുടെ ആധ്യാത്മിക കാര്യങ്ങളിൽ ശ്രദ്ധിക്കുക തുടങ്ങിയ അജപാലനപ്രവർത്തനങ്ങളിൽ അവർ അർപ്പണബോധത്തോടെ പ്രവർത്തിച്ചിരുന്നു. സമൂഹത്തിൻെറ ആവശ്യങ്ങൾ മാറ്റിവച്ചുകൊണ്ട് പ്രവർത്തിക്കേണ്ടതായ സാഹചര്യങ്ങളായിരുന്നു അന്നുള്ളത്.

മലങ്കര കത്തോലിക്കാസഭയിലൂടെ പുനരൈക്യപ്രസ്ഥാനം ഇന്ന് വളർന്നുകൊണ്ടിരിക്കുകയാണ്. മലങ്കരസഭയുടെ നാനാവിധമായ വളർച്ച പുനരൈക്യപ്രസ്ഥാനത്തിൻെറ വളർച്ചയാണ്. മലങ്കരസഭയിൽ സഭയ്ക്കുവേണ്ടി നിലകൊള്ളുന്ന ബഥനിയുടെ തീരുമാനങ്ങളും പ്രവർത്തനങ്ങളും പ്രത്യക്ഷമായും പരോക്ഷമായും പുനരൈക്യപ്രസ്ഥാനത്തിൻെറ വളർച്ചയ്ക്കുവേണ്ടിയാണെന്നതിൽ സംശയത്തിനിടമില്ല. ബഥനി സമൂഹ

www.malankaralibrary.com

ത്തിൻെറ വളർച്ച മലങ്കരസഭയുടെയും അതുവഴി പുനരൈക്യപ്രസ്ഥാന ത്തിൻെറയും വളർച്ചയാണ് ലക്ഷ്യം വയ്ക്കുന്നത്.

പുനരൈക്യപ്രസ്ഥാനം പുതിയമാനങ്ങൾ ഉൾക്കൊണ്ടുവരുന്ന സാഹചര്യത്തിൽ, പുനരൈക്യപ്രസ്ഥാനം ആത്യന്തികമായി ലക്ഷ്യം വയ്ക്കുന്ന സഭകളുടെ ഐക്യത്തിനുവേണ്ടി എല്ലാ തലങ്ങളിലും പ്രവർത്തിക്കുവാൻ ബഥനിസമൂഹം ബാദ്ധ്യസ്ഥയും എപ്പോഴും ബദ്ധശ്രദ്ധയുമാണ്. "ക്രിസ്തുവിൽ എല്ലാവരും ഒന്നാകുവാൻ" എന്ന പ്രാർത്ഥന ഉൾക്കൊണ്ടു കൊണ്ട് സമൂഹം ഐക്യത്തിനായി അക്ഷീണം പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. മലങ്കരസഭയുടെ പാരമ്പര്യങ്ങളും ആരാധനാനുഷ്ഠാനങ്ങളും കാത്തുസംരക്ഷിക്കുക, കാലോചിതമായി വളർത്തിയെടുക്കുക എന്നിവ പുനരൈക്യപ്രസ്ഥാനത്തിൻെറ വളർച്ചയ്ക്ക് അനുപേക്ഷണീയമാണ്. പ്രത്യേകിച്ച് പുത്തൻസംസ്കാരങ്ങളുടെ അന്ധമായ അനുകരണത്തിൽ വളർന്നുവരുന്ന നമ്മുടെ യുവതലമുറയെ "മലങ്കര മക്കളായി" വളർത്തിയെടുക്കേണ്ടത് ഇന്നിൻെറ ആവശ്യമാണ്. അതോടൊപ്പം ബാഹ്യകേരള മിഷനുകളിലും വിദേശത്തും ജീവിക്കുന്ന നമ്മുടെ സഭാമക്കളെ മലങ്കരസഭയുടെ തനിമയിൽ വളർത്തേണ്ടതും അത്യാവശ്യമാണ്. ഈ വിഷയങ്ങളുടെ പ്രാധാന്യം മനസിലാക്കി ആശ്രമസ്ഥർ അജപാലന രംഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു. പൂനയിൽ ബഥനി സമൂഹത്തിൻെറ വൈദികപരിശീലനകേന്ദ്രത്തിൽ "ബഥനി വേദവിജ്ഞാനപീഠം" സ്ഥാപിച്ചതും വൈദികവിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നല്കുന്നതും മലങ്കര സഭയ്ക്ക് തനതായ ദൈവശാസ്ത്രവീക്ഷണം വളർത്തിയെടുക്കുകയും അതിൽ ഭാവി വൈദികരെ വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ്.

## ദൈവവിളിയും പരിശീലനവും

സ്ഥാപനാനന്തരം 80 വർഷങ്ങൾ പിന്നിടുന്ന ബഥനിയിലിന്ന് 99 വൈദികരും 10 സന്ന്യാസസഹോദരങ്ങളും 90 വൈദിക വിദ്യാർത്ഥികളുമാണുള്ളത്. ആദ്യകാലങ്ങളിൽ ദൈവവിളികളെ പ്രോത്സാഹിപ്പിക്കുവാനും സന്ന്യാസാർത്ഥികളെ ആവശ്യാനുസരണം സ്വീകരിക്കുവാനും സമൂഹത്തിന് സാധിച്ചിരുന്നില്ല, എന്നാൽ ആധുനിക കാലയളവിൽ കൂടുതൽ ശക്തമായും സംഘടിതമായും ദൈവവിളികളെ പ്രോത്സാഹിപ്പിക്കുന്നതിൽ സമൂഹം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

www.malankaralibrary.com

ബഥനിസമൂഹത്തിലേക്കുള്ള ദൈവവിളികളുടെ പ്രധാന ഉറവിടം മലങ്കര കത്തോലിക്കാസഭയാണ്; സീറോ-മലബാർ സഭയിൽ നിന്നും ദൈവവിളികൾ ലഭിക്കുന്നുണ്ട്. മലങ്കരസഭയിലെ നാലു രൂപതകൾക്കൊപ്പ മാണ് ബഥനിസമൂഹത്തിലേക്കും ദൈവവിളികൾ ലഭിക്കേണ്ടത്. ചെറുതായിക്കൊണ്ടിരിക്കുന്ന കുടുംബങ്ങൾ, കുടുംബങ്ങളിൽ നഷ്ടമായികൊണ്ടിരിക്കുന്ന ആധ്യാത്മികജീവിതം, ഉപഭോഗസംസ്കാരത്തിൻെറ അനിയന്ത്രിതമായ സ്വാധീനം, മതത്തോടും സഭാത്മകജീവിതത്തോടുമുള്ള നിർവ്വികാരത, സന്ന്യാസജീവിതത്തോട് പ്രകടിപ്പിക്കുന്ന നിഷേധാത്മകമായ സമീപനം ഇവയെല്ലാം ദൈവവിളികളെ പ്രതികൂലമായി ബാധിക്കുന്നു. സമൂഹത്തിൽ കടന്നുവരുന്നവരുടെ എണ്ണം കുറയുന്നു എന്നതുപോലെ ഗൗരവതരമായ വസ്തുതയാണ് പരിശീലനം പൂർത്തിയാക്കാതെ തിരികെ പോകുന്നവരുടെ എണ്ണം വർദ്ധിക്കുന്നു എന്നതും.

സന്ന്യാസാർത്ഥികൾ സുദീർഘവും സമഗ്രവുമായ പരിശീലന പദ്ധതിയിലൂടെയാണ് കടന്നുപോകുന്നത്. S.S.L.C പഠനമാണ് സന്ന്യാസാർത്ഥിയാകാൻ ആഗ്രഹിക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ട അടിസ്ഥാന യോഗ്യത. യോഗാർത്ഥിപദം (Pre- Novitiate),ധർമ്മശിഷ്യപദം(Novitiate) എന്നീ കാലയളവുകൾക്കു ശേഷമാണ് മേജർ സെമിനാരി പഠനം ആരംഭിക്കുന്നത്. നവസന്ന്യാസ പരിശീലനത്തിൻെറ അവസാനമാണ് സന്ന്യാസ വ്രതങ്ങൾ സ്വീകരിക്കുന്നത്. ആദ്യം മൂന്ന് വർഷത്തേക്കും പിന്നീട് അടുത്ത മൂന്ന് വർഷത്തിനുശേഷം നിത്യമായും വ്രതവാഗ്ദാനം നടത്തുന്നു. പ്രീ-ഡിഗ്രി, ഡിഗ്രി പഠനങ്ങൾക്കും സന്ന്യാസ പരിശീലനത്തോടൊപ്പം അവസരം നല്കുന്നു. വൈദിക പരിശീലനത്തിൻെറ ഭാഗമായി രണ്ട് വർഷം തത്ത്വശാസ്ത്രപഠനവും നാല് വർഷം ദൈവശാസ്ത്ര പഠനവും നടത്തുന്നു. തത്ത്വശാസ്ത്രപഠനത്തിനുശേഷം പ്രായോഗിക പരിശീലന കാലയളവ് (റീജൻസി) ഉണ്ടാകാവുന്നതാണ്. ബഥനിയിലെ സന്ന്യാസ സഹോദരങ്ങൾക്ക് (Religious Brothers) സന്ന്യാസ പരിശീലനത്തോടൊപ്പം അജപാലനമേഖലകളിലേക്കുള്ള പരിശീലനവും ഓരോ വ്യക്തികളുടെയും അഭിരുചിക്കനുസൃതമായ സാങ്കേതിക വിദ്യകളുടെ പരിശീലനവും നല്കിവരുന്നു.

## സമൂഹം നേരിടുന്ന വെല്ലുവിളികൾ

സമൂഹം നേരിടുന്ന ഏറ്റം വലിയ വെല്ലുവിളി സമൂഹാംഗങ്ങളുടെ കുറവാണ്. വിളവധികം, വേലക്കാരോ ചുരുക്കം എന്ന സുവിശേഷദ്യുതി

www.malankaralibrary.com

അക്ഷരാർത്ഥത്തിൽ ബഥനി സമൂഹം ഇന്ന് അഭിമുഖീകരിക്കുന്നു. സമൂഹം ഏറ്റെടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ ശരിയായും ഫലപ്രദമായും സമൂഹലക്ഷ്യങ്ങൾക്കനുസരണമായും മുൻപോട്ടു നയിക്കാൻ ഇപ്പോൾതന്നെ അനേകം അംഗങ്ങൾ ആവശ്യമാണ്. ഏറ്റെടുത്തിരിക്കുന്ന പ്രവർത്തനങ്ങളുടെ ബഹുലത അവയുടെ ഫലദായകത്വത്തെയും സന്ന്യാസജീവിതത്തെയും ദോഷകരമായി ബാധിക്കും. കാലാനുസൃതവും മലങ്കര സഭയുടെ ആവശ്യാനുസരണവുമായി പുതിയ മേഖലകളിലേക്കു കടക്കുന്നതിൽ നിന്ന് ഈ സ്ഥിതിവിശേഷം സമൂഹത്തെ പലപ്പോഴും, പിറകോട്ട് വലിക്കുന്നു. അതുപോലെ ചില പ്രത്യേക മേഖലകളിൽ നൈപുണ്യം നേടുന്നതിലേക്ക് കൂടുതൽ ആളുകളെ മാറ്റിനിർത്തുന്നതിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു.

സമൂഹത്തിൻെറ അടിസ്ഥാന ദർശനങ്ങളും ജീവിതശൈലിയും ഇന്നത്തെ കാലഗതിയുടെ കുത്തൊഴുക്കിൽ നഷ്ടപ്പെട്ടുപോകാതെ കാത്തുസൂക്ഷിക്കുക എന്നത് സഭയിലെ മറ്റ് സന്ന്യാസസമൂഹങ്ങളോടൊപ്പം ബഥനി സമൂഹവും നേരിടുന്ന വെല്ലുവിളിയാണ്. ഉപഭോഗസംസ്കാരത്തിൻെറ സ്വാധീനം സന്ന്യസ്തരുടെ ജീവിതശൈലിയിൽ അറിഞ്ഞും അറിയാതെയും കടന്നുകൂടി വെല്ലുവിളികൾ സൃഷ്ടിക്കുന്നു. ഉറവിടങ്ങളിലേക്ക് തിരികെപ്പോകാനും നൂതനാഭിമുഖ്യങ്ങളോട് തുറവികാട്ടാനും അതുവഴി സന്ന്യാസത്തിൻെറ വിലയും പ്രസക്തിയും ഊർജ്ജസ്വലമായി നിലനിർത്തുവാനും സാധിക്കേണ്ടത് ഇന്നിൻെറ ആവശ്യമാണ്. ലോകത്തിലായിരുന്നുകൊണ്ട് ലോകത്തിൻേറതല്ലാതായി,ലൗകീക സ്വാധീനങ്ങളിൽ നിന്നകന്ന് ജീവിക്കുക എന്നത് യഥാർത്ഥമായ ഒരു വെല്ലുവിളിയാണ്.

സന്ന്യാസജീവിതം പ്രാർത്ഥനയുടെ ജീവിതമാണ്; അതോടൊപ്പം പ്രവർത്തനത്തിൻെറയും. പ്രാർത്ഥനാനുഭവത്തിൽനിന്നുതിരുന്ന പ്രവർത്തനം, ദൈവസമ്പാദനത്തിൽനിന്നും നിർഗ്ഗളിക്കുന്ന ദൈവസേവനം എന്നതാണ്, സന്ന്യാസത്തിൻെറ ആദർശം. സന്ന്യാസികളുടെ പ്രവർത്തനം എല്ലാവരും എല്ലായിടത്തും എപ്പോഴും ആവശ്യപ്പെടുന്നു; ഇത് അവരെ ഒരുതരം പ്രവർത്തനോന്മത്തതയിലേക്ക് (Work holism)നയിച്ച് സന്ന്യാസത്തിൻെറ അടിസ്ഥാനകാര്യങ്ങൾപോലും ശ്രദ്ധിക്കാൻ സാധിക്കാത്തവരാക്കാൻ സാധ്യത വളരെയേറെയാണ്. ഇന്നിൻെറ പ്രത്യേക സാഹചര്യങ്ങളിൽ യേശുവിൻെറ പ്രാർത്ഥനാപരവും പ്രവർത്തനപരവുമായ ജീവിതത്തിൻെറ യഥാർത്ഥ സമന്വയം വ്യക്തിപരമായ ജീവിത

www.malankaralibrary.com

ത്തിലും പ്രവർത്തനങ്ങളിലും യാഥാർത്ഥ്യമാക്കുക വലിയൊരു വെല്ലുവിളിയാണ്.

സഭയ്ക്കുള്ളിൽ, സഭയ്ക്കുവേണ്ടി തന്നെയുള്ള ജീവിതാവസ്ഥയാണ് സന്ന്യാസം. അത് പരിപോഷിപ്പിക്കപ്പെടേണ്ട ഒന്നാണ്. എന്നാൽ ഇതിൽനിന്ന് വ്യത്യസ്തങ്ങളായ അനുഭവങ്ങൾ ചിലപ്പോഴെല്ലാം ഉണ്ടാകാറുണ്ട്. സന്ന്യാസസമൂഹങ്ങളും അവരുടെ സ്ഥാപനങ്ങളും പ്രവർത്തനങ്ങളുമെല്ലാം സഭയ്ക്ക് പുറത്തുള്ള ഒന്നാണെന്ന് തെറ്റിദ്ധരിക്കപ്പെടുകയും ചിത്രീകരിക്കപ്പെടുകയും ചെയ്യുന്നത് സമൂഹം അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ്. ഇത് സമൂഹത്തിലേക്കുള്ള ദൈവവിളികളെ ദോഷകരമായി ബാധിക്കുന്നു.

## ബഥനി സമൂഹം മൂന്നാം സഹസ്രാബ്ദത്തിലേക്ക്

മൂന്നാം സഹസ്രാബ്ദത്തിലേക്ക് ബഥനി സമൂഹവും കാലെടുത്തുവയ്ക്കുന്ന പ്രത്യേക കാലയളവാണിത്. ശാസ്ത്ര സാങ്കേതിക പുരോഗതി ജീവിതത്തിൻെറ എല്ലാ അംഗങ്ങളെയും അടക്കിവാഴുന്ന യുഗത്തിലേക്കാണ് നാം കടക്കുന്നത്. മനുഷ്യൻെറ സാമൂഹ്യവ്യവസ്ഥിതിയും സമ്പദ് വ്യവസ്ഥിതിയും ആഗോളവത്കരണത്തിൻെറയും ഉദാരവത്കരണത്തിൻെറയും പിടിയിലമർന്ന് പരിവർത്തനങ്ങൾക്ക് വിധേയമാവുകയാണ്. ഇതിനിടയിൽ ഉലഞ്ഞാടിക്കൊണ്ടിരിക്കുന്ന മനുഷ്യസമൂഹത്തിലാണ് ബഥനിസമൂഹം അവളുടെ സന്ന്യാസസാക്ഷ്യം നിർവ്വഹിക്കേണ്ടത്. ഈ പരിശ്രമത്തിൽ ബഥനി തൻെറ തനിമയും സത്തയും ബലികഴിക്കാതെ പ്രവർത്തനശൈലിയിൽ, സനാതനമൂല്യങ്ങളുടെ അവതരണത്തിൽ പുതിയ രൂപഭാവങ്ങൾ ഉൾക്കൊള്ളേണ്ടതാണ് (a new way of being religious). പുതിയ സംസ്കാരത്തിൽ ഗുണമേന്മ (quality) ഏറ്റം ശ്രദ്ധിക്കപ്പെടും; ബഥനി ആശ്രമസ്ഥർ എന്തു ചെയ്യുന്നു എന്നതിലല്ല (doing)അവർ ആരാണ് (being) എന്നതായിരിക്കും പുതുയുഗത്തിൽ പ്രസക്തമായ ചോദ്യം. കാരണം സമൂഹാംഗങ്ങൾ ചെയ്യുന്ന പല കാര്യങ്ങളും അതുപോലെയോ, അതിനെക്കാൾ മെച്ചമായോ ചെയ്യുന്നവരുണ്ടാകും. ഈ സന്ദർഭത്തിൽ സമൂഹത്തിൻെറ വ്യക്തിത്വവും തനിമയും നിലനിർത്തുകയും ജീവിതരീതികളിലൂടെ ശക്തമായി പ്രകടമാക്കുകയും ചെയ്യേണ്ടതാവശ്യമാണ്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്കു കടക്കുന്ന ഭാരതത്തിലെ ക്രൈസ്തവർ ഗൗരവതരമായ ചില പ്രശ്നങ്ങൾ അഭിമുഖീകരിക്കുക

www.malankaralibrary.com

യാണ്. 2000 വർഷത്തെ ക്രൈസ്തവപാരമ്പര്യമുള്ള ഭാരതത്തിൽ ക്രിസ്ത്യാനികൾ ഇപ്പോൾ 2.5%ത്തിൽ താഴെയാണുള്ളത്. അതിൽതന്നെ കത്തോലിക്കർ 1.6% മാത്രമാണുള്ളത്. അതുപോലെ മതസഹിഷ്ണത യ്ക്ക് പേരുകേട്ട ഭാരതത്തിൽ ക്രിസ്ത്യാനികളെ അന്യരും വിദേശികളു മായി കാണുകയും പീഡിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം ശക്തി പ്പെട്ടു തുടങ്ങിയിരിക്കുന്നു. ഈ യാഥാർത്ഥ്യങ്ങൾക്കുനേരെ കണ്ണടച്ചു കൊണ്ട് പുതിയ നൂറ്റാണ്ടിലേക്ക് കടക്കുവാൻ നമുക്കാവില്ല. ഭാരതത്തിലെ സഭയ്ക്ക് ഇവിടുത്തെ ജനങ്ങളുടെ സംസ്കാരത്തിലേക്ക് ആഴമായി ഇറങ്ങിച്ചെന്ന് ക്രിസ്തുസുവിശേഷം പ്രചരിപ്പിക്കുവാൻ സാധിച്ചില്ലെന്നു ള്ളത് ഈ പ്രശ്നങ്ങൾക്കുള്ള പ്രധാന കാരണമായി ചൂണ്ടികാണി ക്കാറുണ്ട്.

ഭാരതത്തിൽ ക്രൈസ്തവസഭ വിദേശിയമല്ലെന്നും ദേശീയമാ ണെന്നും തെളിയിക്കേണ്ടത് അത്യാവശ്യമാണ്. അതിനനുസരണമാ യൊരു സാംസ്കാരികാനുരൂപണ പ്രക്രിയ (process of inculturation)സഭാ ജീവിതത്തിൻെറഎല്ലാ തലങ്ങളിലും നടക്കണം. എങ്കിൽ മാത്രമേ സഭ ഭാരതത്തിൽ ദേശീയമായി അവതരിക്കുകയുള്ളു. ഇതിലൂടെ സുവിശേഷ പ്രചരണം ഫലപ്രദമാകും. സന്ന്യാസത്തിന് പേരുകേട്ട ഭാരതത്തിൽ, ,സന്ന്യാസസമൂഹങ്ങളാണ് ഈ വിഷയത്തിൽ നേതൃനിരയിൽ നില്ക്കേ ണ്ടത്. സന്ന്യാസസമൂഹങ്ങൾക്കുള്ള പുത്തൻ വെല്ലുവിളിയാണിത്.

ഒരു പ്രവാചകൻെറ ദർശനത്തോടെ കൽക്കത്തയിൽ വച്ച്, രണ്ടാം വത്തിക്കാൻ കൗൺസിലിന് അനേകം വർഷം മുൻപ് ബഥനി സന്ന്യാസ സമൂഹത്തിന് രൂപം നല്കിയപ്പോൾ ഈ ചിന്ത മാർ ഈവാനിയോസിനെ ശക്തമായി സ്വാധീനിച്ചു. 1919-ൽ പെരുന്നാട്ടിലെ മുണ്ടൻമലയിൽ തൻെറ പ്രവാചക ദർശനം വിപ്ലവകരമായ ഒരു ജീവിതശൈലിയിലൂടെ അദ്ദേഹം പ്രവർത്തനോന്മുഖമാക്കി; അതാണ് ബഥനി ആശ്രമം. ഇന്ന് ഭാരതത്തിലെ ക്രൈസ്തവ സമൂഹം നേരിടുന്ന പ്രതിസന്ധികൾ വിലയിരുത്തുമ്പോൾ ബഥനിയുടെ ദൗത്യത്തിന് പ്രസക്തിയും വിലയും വർദ്ധിക്കുന്നു. 21-ാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കുന്ന ബഥനി സമൂഹത്തിൻെറ സുപ്രധാനമായ ദൗത്യം മലങ്കരസഭയിലൂടെ മാർ ഈവാനിയോസിൻെറ പ്രവാചക ദർശനം ഭാരതമാസകലം കൂടുതൽ ശക്തവും ക്രിയാത്മകവുമായി ആവിഷ്കരിച്ച് നടപ്പാക്കുക എന്നതാണ്. ഇത് ബഥനിയുടെ സ്ഥാപനോദ്ദേശത്തിൻെറ പൂർത്തീകരണമാണ്. ബഥനി സമൂഹത്തിൻെറ വിളിയും വെല്ലുവിളിയു മാണ്. ഭാരതത്തിലെ ക്രൈസ്തവസമൂഹം ഇതിനായി കാത്തിരിക്കുന്നു!

www.malankaralibrary.com

# 14

# ബഥനി മിശിഹാനുകരണ സന്ന്യാസിനി സമൂഹം

മദർ റഹ്മാസ്. SIC

എപ്പോഴൊക്കെ സഭാഗാത്രം ആധ്യാത്മികമായി ബലഹീനാവസ്ഥയിലായിട്ടുണ്ടോ , അപ്പോഴൊക്കെ സന്ന്യാസസമൂഹങ്ങൾ സിദ്ധൗഷധങ്ങളായി സഭാശരീരത്തെ പുഷ്ടിപ്പെടുത്തി, നവജീവൻ നല്കിയതായി സഭാചരിത്രം സാക്ഷിക്കുന്നു. മലങ്കര സഭയിലെ ബഥനി മിശിഹാനുകരണ സന്ന്യാസ/സന്ന്യാസിനി സമൂഹങ്ങളുടെ ആവിർഭാവത്തിലും ഈ യാഥാർത്ഥ്യം ദർശിക്കാവുന്നതാണ്.

## ബഥനി മിശിഹാനുകരണസന്ന്യാസ സമൂഹങ്ങളുടെ സ്ഥാപനം

പുണ്യശ്ലോകനും പുനരൈക്യപ്രസ്ഥാനത്തിൻെറ മാർഗ്ഗദർശിയുമായ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിൻെറ ദീർഘനാളത്തെ പ്രാർത്ഥനയുടെയും തപസ്സിൻെറയും ഫലമായി മലങ്കരസഭയുടെ ഉത്ഥാനത്തിനായി രൂപംകൊണ്ടതാണ് ബഥനി മിശിഹാനുകരണ സന്ന്യാസ സമൂഹം. A.D. 52-ൽ വി.തോമാശ്ലീഹായാൽ സ്ഥാപിതമായ കേരളസഭ 1653-ലെ കൂനൻ കുരിശുവിപ്ലവത്തോടെ പിളർപ്പിൻെറയും അസമാധാനത്തിൻെറയും അധികാരമോഹത്തിൻെറയും ആധ്യാത്മിക പാപ്പരത്വത്തിൻെറയും അടിത്തട്ടിലെത്തിചേർന്നു. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തി മലങ്കരസഭയെ ആദിമചൈതന്യത്തിലെത്തിക്കേണ്ടത് തൻെറ കടമയായി അഭിവന്ദ്യപിതാവ് മനസ്സിലാക്കി. ഇതിൻെറ വെളിച്ചത്തിലാണ് അഭിവന്ദ്യ പിതാവ് സ്വയം സമർപ്പണം ചെയ്ത സന്ന്യാസികളടങ്ങിയ ഒരു സമൂഹത്തിന് രൂപം നല്കിയത്.

www.malankaralibrary.com

സമുദായത്തിൻെറ അഭിവൃദ്ധി സ്ത്രീവർഗ്ഗത്തിൻെറ സംസ്കാരത്തെയും കൂടി ആശ്രയിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കിയ അദ്ദേഹത്തിൻെറ ശ്രദ്ധ സമുദായത്തിലെ സ്ത്രീജനോദ്ധാരണത്തിലേക്ക് തിരിഞ്ഞു. സ്ത്രീ വിദ്യാഭ്യാസകാര്യത്തിൽ മലങ്കരസഭ തുലോം താണപടിയിലായിരുന്നു. കന്യകാമഠ പ്രസ്ഥാനം സഭയ്ക്കും സമൂഹത്തിനും വലിയ നേട്ടമാകുമെന്ന് ഫാ.ഗീവർഗീസിന് ബോദ്ധ്യപ്പെട്ടു. വിദ്യാഭ്യാസത്തിലൂടെയും ആതുരസേവനത്തിലൂടെയും സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിലൂടെയും സ്ത്രീവർഗ്ഗത്തിൻെറ ഉന്നമനത്തിനായി പരിശ്രമിക്കുവാനും സുവിശേഷ വെളിച്ചം പകരുവാനും കന്യാസ്ത്രീകളെക്കൊണ്ട് സാധിക്കും എന്ന് അദ്ദേഹം മനസിലാക്കി. അദ്ദേഹത്തിൻെറ വാക്കുകൾ ശ്രദ്ധേയമാണ്: "ഒരു ഗൃഹത്തിൻെറയും വി.സഭയുടെയും ഉള്ളറയിൽ ദൈവത്തിനുള്ള സ്ഥാനം സ്ത്രീജനങ്ങളുടെ മനോഗതിയുടെ ആനുകൂല്യമനുസരിച്ചാകയാൽ, തങ്ങളെത്തന്നെ ദൈവത്തിനായി നല്കിയിട്ടുള്ള കന്യാസ്ത്രീകൾ ഉണ്ടായിരിക്കുന്നത് മലങ്കരസഭയുടെ പുരോഗതിക്ക് അത്യാവശ്യമാണ് (ഗിരിദീപം, p.90). ഈ ആഗ്രഹത്തിൻെറ പൂർത്തീകരണം ഫാ. ഗീവർഗീസ് ബഥനി മെത്രാപ്പോലീത്തായായതിലൂടെയാണ് സാധ്യമായത്. 1925 മെയ് 1-ാംതീയതി നിരണം പള്ളിയിൽ വച്ച് മാർ ഈവാനിയോസ് എന്ന പേരിൽ അദ്ദേഹം അഭിഷിക്തനായി. ഇതേത്തുടർന്ന് 1925 സെപ്റ്റംബർ 21-ാം തീയതി ഇംഗ്ലീഷ് സിസ്റ്റേഴ്സിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയ മദർ ശൈനോ, മദർ ഹൂബാ, മദർ ദനഹാ എന്നിവർ നിത്യബലിയായി തങ്ങളെതന്നെ ദൈവത്തിന് സമർപ്പിച്ചു. അങ്ങനെ ബഥനി സന്ന്യാസിനി സമൂഹം 74 വർഷങ്ങൾക്കു മുമ്പ് മലങ്കരയിൽ രൂപംകൊണ്ടു.

## സ്ഥാപകസിദ്ധി

പ്രാർത്ഥനാനിരതനും കർമ്മനിരതനുമായ യേശുക്രിസ്തുവിൻെറ ധ്യാനപരവും പ്രവർത്തനോന്മുഖവുമായ ജീവിതലാളിത്യത്തെ അടുത്ത് അനുകരിച്ച് മലങ്കര സഭയുടെ ആധ്യാത്മികോന്നമനത്തിനും സഭൈക്യത്തിനുമായി സ്ത്രീ ജനോദ്ധാരണ പ്രക്രിയയിലൂടെ പ്രവർത്തിക്കുക എന്നതാണ് സമൂഹത്തിൻെറ പ്രത്യേക സിദ്ധി.

## സ്ഥാപനലക്ഷ്യങ്ങൾ

ലോകത്തിൽ യേശുവിൻെറ രക്ഷാകരകർമ്മം അഭംഗുരം തുടരുക, ഭാരത ജനതയ്ക്ക് ആധ്യാത്മികസേവനം നല്കുക, മലങ്കരസഭയുടെ ആധ്യാത്മിക നവോത്ഥാനത്തിനായി പരിശ്രമിക്കുക എന്നിവയാണ് സമൂഹത്തിൻെറ ലക്ഷ്യങ്ങൾ.

www.malankaralibrary.com

## ലക്ഷ്യങ്ങളുടെ പൂർത്തീകരണം - പ്രേഷിതപ്രവർത്തനങ്ങളിലൂടെ

സമൂഹത്തിൻെറ സ്ഥാപനലക്ഷ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നത് ജീവിതശൈലിയിലൂടെയും പ്രേഷിതപ്രവർത്തനങ്ങളിലൂടെയുമാണ്. ബഥനിയിലെ ഓരോ അംഗവും വിളിക്കപ്പെട്ടിരിക്കുന്നത് - ആഴമായ ക്രിസ്താനുകരണത്തിനായിട്ടാണ്. അതായത് യേശുക്രിസ്തുവിൻെറ ധ്യാനപരമായ രഹസ്യജീവിതത്തെയും പ്രവർത്തികളാൽ വിശിഷ്ടമായ പരസ്യജീവിതത്തെയും ലാളിത്യമാർന്ന ജീവിതശൈലിയിലൂടെ പിൻ ചെന്നുകൊണ്ട് സകലർക്കും വിശിഷ്യാ ഭാരതജനതയ്ക്ക് സുവിശേഷം പകർന്ന് നല്കുന്നതിനും, മലങ്കരസഭയുടെ ആത്മീയ നവീകരണത്തി നായി ആത്മാർപ്പണം ചെയ്യുന്നതിനും വേണ്ടിയാണ് ഓരോ അംഗവും വിളി ക്കപ്പെട്ടിരിക്കുന്നത്. ഈ കടമ നിർവ്വഹണത്തിന് 'ബഥനി' എന്ന നാമം അത്യന്തം സഹായകമാകുന്നു. മറിയത്തെപോലെ ദൈവസ്നേഹം നിറഞ്ഞ പ്രാർത്ഥനാജീവിതത്തിലൂടെയും മാർത്തായെപ്പോലെ ദൈവ സ്നേഹം നിറഞ്ഞ ശുശ്രൂഷാജീവിതത്തിലൂടെയും ലാസറിനെപ്പോലെ ദൈവസ്നേഹസമ്പുഷ്ടമായ വേദപ്രചരണത്തിലൂടെയും ബഥനി അതിൻെറ ദൗത്യം നിർവ്വഹിക്കുന്നു.

1. വേർപെട്ടു നിൽക്കുന്ന ക്രൈസ്തവസഹോദരങ്ങളുടെ ഐക്യം
2. അക്രൈസ്തവരുടെ ഇടയിലുള്ള വിശ്വാസ പ്രഘോഷണം
3. സ്ത്രീജനോദ്ധാരണം
4. വിദ്യാഭ്യാസം
5. ആതുരസേവനം
6. അനാഥരുടെയും അശരണരുടെയും സംരക്ഷണം
7. മുദ്രാലയ പ്രേഷിതത്വം
8. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ

തുടങ്ങിയ പ്രേഷിതപ്രവർത്തനങ്ങളിലാണ് സമൂഹം ശ്രദ്ധ കേന്ദ്രീ കരിച്ചിരിക്കുന്നത്.

മലങ്കര യാക്കോബായ സഭയിൽ മുളയെടുത്ത സമൂഹം മാതൃ സഭയിൽ നിന്ന് വേർപെട്ടുനില്ക്കുന്ന ക്രൈസ്തവസഹോദരങ്ങളുടെ ഐക്യത്തിനായി പരിശ്രമിക്കുന്നു. സഭയിലേക്ക് പുനരൈക്യപ്പെടുന്നവ രുടെ വിശ്വാസപരിശീലനത്തിനും ആരാധനാജീവിതത്തിനും ആവശ്യ മായ കാര്യങ്ങൾ ചെയ്തുകൊടുക്കുന്നതിൽ സമൂഹം ബദ്ധശ്രദ്ധമാണ്.

www.malankaralibrary.com

അക്രൈസ്തവരും സമുദായത്തിൽ താണവരുമായ ആളുകളെ വിദ്യാഭ്യാസത്തിലൂടെയും സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിലൂടെയും ഉയർത്തുവാൻ സമൂഹം അക്ഷീണം പരിശ്രമിക്കുന്നു. ദളിത് കുട്ടികൾക്ക് അക്ഷരജ്ഞാനം നല്കുക, നെയ്ത്ത്, പാചകവൃത്തി, തയ്യൽ തുടങ്ങിയ കൈത്തൊഴിൽ അഭ്യസിപ്പിക്കുക, യേശുവിൻെറ സന്ദേശങ്ങൾ അക്രൈസ്തവർക്ക് പറഞ്ഞുകൊടുക്കുക എന്നിവ സമൂഹാംഗങ്ങൾ ചെയ്തു വരുന്നു. സമൂഹത്തിൻെറ സുസ്ഥിതിയും അഭിവൃദ്ധിയും സ്ത്രീജനങ്ങളുടെ വിദ്യാഭ്യാസത്തിൽ അധിഷ്ഠിതമാണെന്ന് മനസിലാക്കിയ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിൻെറ ഉൽകൃഷ്ടചിന്തകളെ ഉൾക്കൊണ്ട് വിദ്യാഭ്യാസത്തിലൂടെയും മറ്റ് സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിലൂടെയും സ്ത്രീജനങ്ങളുടെ ഉദ്ധാരണത്തിനായി സമൂഹം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസമേഖലയിലുള്ള പ്രവർത്തനങ്ങളിലൂടെ മൂല്യാവബോധമുള്ള തലമുറയെ വാർത്തെടുക്കാൻ പരിശ്രമിക്കുന്നു. രോഗികളിലും അനാഥരിലും അംഗഹീനരിലും ക്രിസ്തുവിനെ ദർശിച്ച് അവിടുത്തെ കരുണാർദ്രസ്നേഹം പങ്കുവയ്ക്കാൻ സിസ്റ്റേഴ്സിനെ സഹായിക്കുന്ന മേഖലകളാണ് ആതുരാലയങ്ങളും പുനരധിവാസ കേന്ദ്രങ്ങളും. പിരപ്പൻകോട് കുഷ്ഠരോഗാശുപത്രി ഉൾപ്പെടെ 8 ആതുരാലയങ്ങളിലും 2 വികലാംഗമന്ദിരങ്ങളിലും 5 അനാഥാലയങ്ങളിലും ഒരു വൃദ്ധമന്ദിരത്തിലുമായി അനേകം അശരണർക്ക് സ്നേഹത്തിൻെറ സാന്ത്വനം നല്കി വരുന്നു. അതുപോലെ തന്നെ നിത്യം ജോലിക്ക് പോകേണ്ടിവരുന്ന പാവപ്പെട്ട സ്ത്രീകളുടെ കുഞ്ഞുങ്ങൾക്ക് പകൽസംരക്ഷണം നല്കുന്നതിനായി നാലു ക്രഷുകളിലായി കുട്ടികൾക്ക് പരിചരണം നല്കിവരുന്നു. മുദ്രാലയ പ്രേഷിതത്വത്തിൻെറ പ്രാധാന്യം മനസിലാക്കികൊണ്ട് സുവിശേഷ പ്രചരണത്തിനുതകുന്ന ലേഖനങ്ങളും ലഘുലേഖകളും മുദ്രണം ചെയ്യുക എന്ന ലക്ഷ്യത്തോടെ അച്ചടി ശാലകളിലും സിസ്റ്റേഴ്സ് പ്രവർത്തിക്കുന്നു. Health for One Million Programe(HOM)-ൽ സിസ്റ്റേഴ്സ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ ആരോഗ്യകരമായ ഒരു സാമൂഹ്യ അന്തരീക്ഷം സംജാതമാക്കാൻ സമൂഹത്തിന് സാധിക്കുന്നു. തൊഴിലില്ലായ്മക്ക് പരിഹാരം കാണുന്നതിനായി സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

മഹാജൂബിലിയോടനുബന്ധിച്ച് നവചൈതന്യം ഓരോ ഇടവകകളിലും ഭവനത്തിലും ഉണ്ടാകുന്നതിനായി സമൂഹത്തിൻെറ 'സദ്വാർത്ത സംഘങ്ങൾ' തീവ്രശ്രമം നടത്തുന്നു.

www.malankaralibrary.com

## സമൂഹത്തിൻെറ അവസ്ഥ ഇന്ന്

1930-ൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതോടെ ബഥനി സന്ന്യാസിനി സമൂഹം വളർച്ചയുടെ പടവുകൾ ഒന്നൊന്നായി ചവിട്ടി ക്കയറി. 1956-ൽ 127 സിസ്റ്റേഴ്സ് മാത്രം ഉണ്ടായിരിക്കെ സമൂഹത്തെ പൊന്തിഫിക്കൽ പദവിയിലേക്കുയർത്തി. തിരുവനന്തപുരം, തിരുവല്ല, ബത്തേരി, പത്തനംതിട്ട എന്നിവിടങ്ങളിലായി ബഥനി സന്ന്യാസസമൂ ഹത്തിന് നാല് പ്രോവിൻസുകളാണുള്ളത്. ഈ നാലു പ്രോവിൻസുക ളേയും സംയോജിപ്പിച്ചിരിക്കുന്നത് ഒരു മദർ ജനറലിൻെറ കീഴിലാണ്. ഈ സമൂഹത്തിൻെറ ജനറലേറ്റു മന്ദിരം കോട്ടയത്ത് കളത്തിപ്പടിയിലാണ്. നാലു പ്രോവിൻസുകളിലായി വിവിധ പ്രേഷിതപ്രവർത്തനങ്ങളിൽ വ്യാപൃ തരായിരിക്കുന്ന 735 സിസ്റ്റേഴ്സ് ഉൾപ്പെടെ നോവിസ്സസും അർത്ഥിനി കളുമായി 815 അംഗങ്ങൾ ഇന്ന് സമൂഹത്തിലുണ്ട്.

തിരുവനന്തപുരം അതിരൂപതയിലും തിരുവല്ല, ബത്തേരി, മാർത്താണ്ഡം രൂപതകളിലും ഡൽഹി, ബോംബെ, പൂന, ഭോപ്പാൽ, ഭിലായ്, കൽക്കട്ട, ബാംഗ്ലൂർ, മദ്രാസ് തുടങ്ങിയ ബാഹ്യകേരള മിഷനു കളിലും ജർമ്മനി, ന്യൂയോർക്ക്, ജറുസലേം തുടങ്ങിയ രാജ്യങ്ങളിലും സിസ്റ്റേഴ്സ് തങ്ങളുടെ സുവിശേഷവേല വിജയകരമായി നിർവ്വഹി ക്കുന്നു.

സമൂഹത്തിൻെറ പഠനഗൃഹം കോട്ടയം ജനറലേറ്റാണ്. നാലു പ്രോവിൻസുകളിൽ നിന്നുള്ള സിസ്റ്റേഴ്സ് അവിടെ പഠനം നടത്തുന്നു. വിവിധ സ്ഥലങ്ങളിലായി സമൂഹത്തിനിപ്പോൾ 115 മന്ദിരങ്ങളാണുള്ളത്.

## സമൂഹം നേരിടുന്ന വെല്ലുവിളികൾ

സമർപ്പിതജീവിതം വെല്ലുവിളിയുടെ ജീവിതമാണ്. സാധാരണക്കാ രുടെ ദൃഷ്ടിയിൽ ഭോഷത്വവും അസാദ്ധ്യവുമായ ഒരു ജീവിതശൈലി സ്വീകരിച്ചിരിക്കുന്ന സമൂഹാംഗങ്ങൾ തങ്ങൾ ഏറ്റെടുത്തിരിക്കുന്ന സുവി ശേഷോപദേശങ്ങൾക്കനുസൃതമായി ജീവിക്കുവാൻ നടത്തിയിരിക്കുന്ന ആത്മാർപ്പണത്തെ ആഴപ്പെടുത്തികൊണ്ട് ഇന്നത്തെ വെല്ലുവിളികളോട് ക്രിയാത്മകമായി പ്രതികരിക്കേണ്ടതുണ്ട്. ആന്തരിക സത്യസന്ധതയുടെ അഭാവം ഏറ്റം വർദ്ധമാനമായ ഇന്നത്തെ ലോകത്തിൽ ദൈവസ്നേഹത്തി ൻെറയും സഹോദരസ്നേഹത്തിൻെറയും മുഖം ബഥനിയിലെ സന്ന്യസ്ത രിലൂടെ സമൂഹത്തിന് കാണാൻ കഴിയണം. ലൈംഗിക അരാജകത്വ

www.malankaralibrary.com

ത്തിൻെറ ഈ നാളുകളിൽ സമചിത്തത, ആത്മനിയന്ത്രണം, മാനസികവും വൈകാരികവുമായ പക്വത ഇവ ആർജ്ജിച്ചുകൊണ്ട് ക്രിസ്തുവിലുള്ള സന്തോഷത്തിൽ നിറഞ്ഞ് സർവ്വരേയും തങ്ങളുടെ സ്നേഹത്തിൽ ഉൾക്കൊണ്ട് സമർപ്പിത ബ്രഹ്മചാരികളായി മനുഷ്യസമൂഹത്തിനു മുമ്പിൽ സാക്ഷ്യം വഹിക്കേണ്ടത് ഓരോ സമൂഹാംഗത്തിൻേറയും ദൗത്യമാണ്.

എല്ലാ വസ്തുക്കളും സ്വന്തമാക്കാൻ ദാഹിക്കുന്ന മനുഷ്യൻെറ തൃഷ്ണക്കുമുമ്പിൽ ദൈവസമ്പാദനമാണ് പരമപ്രധാനമെന്നു സ്ഥാപക പിതാവിൻെറ ഉത്ബോധനം ഉൾക്കൊണ്ട് ആത്മപരിത്യാഗത്തിൻേറയും ലാളിത്യത്തിൻേറയും നിയന്ത്രണത്തിൻേറയും മാർഗ്ഗം സ്വീകരിച്ച് ദരിദ്രരുടേയും നീതി നിഷേധിക്കുന്നവരുടേയും സേവനത്തിന് തങ്ങളെത്തന്നെ ആത്മാർപ്പണം ചെയ്യാൻ ഓരോ സന്ന്യാസിനിയും കടപ്പെട്ടിരിക്കുന്നു.

അനുസരണം സ്വാതന്ത്ര്യത്തിന് വിലങ്ങുതടിയാണെന്ന് ചിന്തിക്കുന്ന ഈ കാലഘട്ടത്തിൽ അനുസരണവും സ്വാതന്ത്ര്യവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും പൂർണ്ണമായ അനുസരണം, പൂർണ്ണമായ സ്വാതന്ത്ര്യത്തിലേക്കുള്ള മാർഗ്ഗമാണെന്നും സമൂഹാംഗങ്ങൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്. പ്രശ്ന സങ്കീർണ്ണമായ ഇന്നത്തെ സാഹചര്യത്തിൽ വിവിധ സ്ഥലങ്ങളിലും പ്രേഷിതപ്രവർത്തനങ്ങളിലും ആഴമായ സമർപ്പണത്തിൻേറയും സഹിഷ്ണതയുടേയും സ്ഥിരതയുടേയും പ്രത്യാശയുടേയും മാനസിക ഭാവങ്ങളിൽ സമൂഹം ഉറച്ചുനിന്ന് സാക്ഷ്യം നല്കേണ്ടതായിട്ടുണ്ട്. ഈ വെല്ലുവിളികളെയെല്ലാം നേരിട്ടുകൊണ്ട്, തങ്ങളുടെ വിവിധ കർമ്മമണ്ഡലങ്ങളിലൂടെ "ദൈവത്തിൻെറ പിതൃസഹജമായ മുഖവും സഭയുടെ മാതൃസഹജമായ മുഖവും" കാട്ടികൊടുക്കുന്ന സമർപ്പിതരെയാണ് സഭയും സമൂഹവും ബഥനിയിൽ നിന്ന് പ്രതീക്ഷിക്കുന്നത്.

## 21-ാം നൂറ്റാണ്ടിലേക്കുള്ള കാഴ്ചപ്പാടുകൾ

2000-ാം ആണ്ടിൽ സമൂഹസ്ഥാപനത്തിൻെറ പ്ലാറ്റിനം ജൂബിലി ആഘോഷിക്കാൻ ഒരുങ്ങുന്ന ബഥനി, മൂന്നാം സഹസ്രാബ്ദം കർത്താവിന് സ്വീകാര്യമായ വത്സരമാക്കുവാൻ ഉപയുക്തമായ കാഴ്ചപ്പാടുകളാണ് സ്വീകരിച്ചിരിക്കുന്നത്. പരി.ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ "മൂന്നാം സഹസ്രാബ്ദത്തിലേക്ക്", "സമർപ്പിത ജീവിതം" (വിത്താ കോൺസെക്രാത്ത) എന്നീ അപ്പസ്തോലിക ലേഖനങ്ങളുടെ അടിസ്ഥാനത്തിൽ 1998-ൽ നടത്തിയ ജനറൽ സിനാക്സിസും അതിൽനിന്നുരുത്തി

www.malankaralibrary.com

രിഞ്ഞ തീരുമാനങ്ങളും വരുംകാലഘട്ടത്തിൽ പ്രത്യേകമായി പ്രവർത്തിക്കാനുള്ള സമൂഹത്തിൻെറ പ്രതിബദ്ധതയെ കർമ്മോത്സുകമാക്കുന്ന വിധത്തിലുള്ളതാണ്.

## ആധ്യാത്മിക കാഴ്ചപ്പാടുകൾ

ആഴമായ ആധ്യാത്മിക ജീവിതത്തിൻെറ ഉടമകളാകേണ്ടവരാണ് മിശിഹാനുകരണ സന്ന്യാസിനി സമൂഹാംഗങ്ങൾ. 'ആധ്യാത്മികത' എന്നതുകൊണ്ടുദ്ദേശിക്കുന്നത് "ആത്മാവിന് വേണ്ടവ" എന്നുമാത്രമല്ല മറിച്ച് ദൈവത്തെ ലക്ഷ്യമാക്കിയുള്ള മനുഷ്യൻെറ സമ്പൂർണ്ണവും സമഗ്രവുമായ വളർച്ചയാണ്. അതായത് പരിശുദ്ധാത്മ പ്രചോദനങ്ങളോടുള്ള തുറവിയാണ്. ആഴമായ ഈ ദൈവാനുഭവത്തിൽ നിന്നുമാത്രമേ ഒരു സമർപ്പിതയ്ക്ക് യേശുവിൻെറ മനോഭാവങ്ങളും ജീവിതശൈലിയും ഉൾക്കൊള്ളാനും അത് പ്രേഷിതരംഗങ്ങളിൽ സംവേദനം ചെയ്യാനും സാധിക്കൂ. പ്രാർത്ഥനയിൽ പിതാവായ ദൈവത്തോട് ഐക്യപ്പെട്ട്, പ്രാർത്ഥനയും പ്രവർത്തനവും സമന്വയിപ്പിച്ചുകൊണ്ട് ദൈവസന്നിധിയിൽ ദൈവജനത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്ന ജീവിതമാണ് ബഥനി സന്ന്യാസിനികളിൽ നിന്ന് പ്രതീക്ഷിക്കുന്നത്.

വചനത്തിൻെറ സമ്പൂർണ്ണമായ സ്വീകരണം, വചനത്തിനായുള്ള ആത്മാർപ്പണം, ആരാധനാധിഷ്ഠിതമായ കൗദാശിക ജീവിതം, ആദിമ പിതാക്കന്മാരുടെയും സ്ഥാപകപിതാവിൻെറയും ആധ്യാത്മികദർശനം, മലങ്കരസഭയുടെ പാരമ്പര്യങ്ങൾ ഇവ ഉൾക്കൊണ്ടുള്ള ആധ്യാത്മിക ജീവിതം- ഇപ്രകാരമുള്ള ആധ്യാത്മിക മുന്നേറ്റത്തിന് സമൂഹാംഗങ്ങളെ പ്രാപ്തരാക്കിത്തീർക്കുകയെന്നതാണ് സമൂഹത്തിൻെറ പ്രഥമവും പ്രധാനവുമായ ദൗത്യം.

## ധാർമ്മിക കാഴ്ചപ്പാട്

തിന്മശക്തികൾക്ക് നേരെ സന്ധിയില്ലാസമരം ചെയ്തുകൊണ്ട് മൂല്യാധിഷ്ഠിതമായ ഒരു സമൂഹത്തെ ഉയർത്തികൊണ്ടുവരുവാനുള്ള ബഥനി സമൂഹത്തിൻെറ കടമ ഗൗരവമേറിയതാകുന്നു. ധാർമ്മികതയുടെ അടിസ്ഥാനം സമഗ്രമനുഷ്യദർശനമാണ്. ഈ ദർശനം സത്യത്തിനും നീതിക്കും സമത്വത്തിനും വേണ്ടി അധ്വാനിക്കുന്ന ദൈവോന്മുഖവും മനുഷ്യോന്മുഖവുമായ ധാർമ്മികശൈലിക്ക് രൂപം കൊടുക്കുന്നു. ഇപ്രകാരമുള്ള ധാർമ്മികശൈലി നിഷേധിക്കപ്പെടുന്ന സ്ത്രീജനങ്ങളുടെ സമഗ്ര

www.malankaralibrary.com

ഉദ്ധാരണത്തിനുള്ള കടമ ബഥനി സന്ന്യാസിനി സമൂഹത്തിനുണ്ട്. സമൂഹത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന ഗർഭച്ഛിദ്രം, ആത്മഹത്യ, മദ്യപാനം തുടങ്ങിയ നശീകരണപ്രവർത്തനങ്ങളിൽനിന്ന് സമൂഹത്തെ രക്ഷിക്കേണ്ടത് ബഥനി സന്ന്യാസിനി സമൂഹത്തിൻെറ കടമയാകുന്നു. വിദ്യാഭ്യാസ മേഖല, ആതുരശുശ്രൂഷാരംഗം സാമൂഹികക്ഷേമ പ്രവർത്തനരംഗങ്ങൾ തുടങ്ങിയവയിലെല്ലാം ക്രിസ്തീയ മൂല്യങ്ങൾ ഉയർത്തിപിടിച്ച് സേവനത്തിൻെറയും കാരുണ്യത്തിൻെറയും വേദിയാക്കി മൂന്നാം സഹസ്രാബ്ദത്തെ ധന്യമാക്കാൻ സമൂഹം ലക്ഷ്യംവയ്ക്കുന്നു.

## സഭാത്മകവീക്ഷണം

സഭാശുശ്രൂഷയ്ക്കായിട്ടാണ് സന്ന്യാസസമൂഹങ്ങൾ രൂപംകൊണ്ടിട്ടുള്ളത്. സന്ന്യാസസമൂഹങ്ങളുടെ അസ്തിത്വം സഭയിലാകുന്നു. ബഥനി സന്ന്യാസസമൂഹത്തിൻെറ ലക്ഷ്യവും തിരുസഭയുടെ വിശേഷിച്ച് മലങ്കരസഭയുടെ 'ഹൃദയമായി' പ്രവർത്തിച്ച് സഭയ്ക്ക് ജീവനും ഓജസ്സും നല്കുക എന്നതാണ്. സഭയുടെ എല്ലാ ഉദ്ധാരണ-ദീനസേവന-വികസനാത്മക പ്രവർത്തനങ്ങളിൽ പ്രാർത്ഥന, സഹകരണം, വിശുദ്ധമായ ജീവിതസാക്ഷ്യം തുടങ്ങിയവയിലൂടെയുള്ള പങ്കുചേരലാണ് സന്ന്യാസസമൂഹം എന്ന നിലയിൽ ബഥനിക്ക് നിർവഹിക്കാനുള്ളത്. സഭയുടെ സുവിശേഷാത്മക പ്രവർത്തനങ്ങളിലുള്ള ഉൾച്ചേരൽ ആഴപ്പെടുത്തികൊണ്ട് ബഥനിയുടെ മലങ്കരയിലെ സാന്നിദ്ധ്യം സഭയ്ക്കും സമൂഹത്തിനും ഒരനുഗ്രഹമായിത്തീരണം എന്ന ലക്ഷ്യത്തോടെയാണ് ഈ സഭാസമൂഹം മൂന്നാം സഹസ്രാബ്ദത്തിലേക്ക് ഉറ്റുനോക്കുന്നത്.

## ഉപസംഹാരം

സഭയുടെ നിർമ്മിതിക്കും മനുഷ്യസമൂഹത്തിൻെറ ഉന്നമനത്തിനുമായിട്ടാണ് ഇക്കാലമത്രയും ബഥനിസന്ന്യാസിനിസമൂഹം നിലകൊണ്ടിട്ടുള്ളത്. ഇതിനായി സമൂഹം നല്കിയിട്ടുള്ള സംഭാവനകൾ വിലപ്പെട്ടവയത്രേ. ദൈവാഭിമുഖ്യവും മനുഷ്യാഭിമുഖ്യവും അതിൻെറ പൂർണ്ണതയിൽ പുലർത്തിയ ക്രിസ്തുവിലാണ് ബഥനിയുടെ ദൈവോന്മുഖവും മനുഷ്യോന്മുഖവുമായ പ്രവർത്തനങ്ങൾ കേന്ദ്രീകൃതമായിരിക്കുന്നത്. ദൈവസംസർഗ്ഗത്തിൽ നിന്ന് ശക്തിയും ചൈതന്യവും ആർജിച്ച് ദൈവജനത്തിനുവേണ്ടി സ്വയം വ്യയം ചെയ്ത മാർ ഈവാനിയോസ് പിതാവിൻെറ ജീവിതദർശനം ഉൾക്കൊണ്ട് ബഥനി ഇന്നും അതിൻെറ പ്രവർത്തനങ്ങൾ

www.malankaralibrary.com

തുടരുന്നു. സന്ന്യാസജീവിതത്തിന്റെ സത്താപരമായ ഘടനയ്ക്ക് മാറ്റം വരുത്താതെ ഈ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി പ്രവർത്തനശൈലികളിൽ നവരൂപം സ്വീകരിക്കുവാനുള്ള തുറവിയോടെ ബഥനി ഇന്ന് ജനമദ്ധ്യത്തിൽ നിലകൊള്ളുന്നു. മൂന്നാം സഹസ്രാബ്ദം കർത്താവിന് ഏറ്റം സ്വീകാര്യമാക്കിത്തീർക്കാനുള്ള ബഥനിയുടെ അഭിലാഷവും പരിശ്രമങ്ങളും സർവ്വശക്തനായ ദൈവത്തിന്റെ പരിപാലനയ്ക്ക് സമർപ്പിക്കുന്നു.

www.malankaralibrary.com

# 15

# മേരിമക്കൾ സന്ന്യാസിനി സമൂഹം

മദർ ഫെലിക്സ് D.M.

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ ഇവാനിയോസ്പിതാവും അനുയായികളും മാതൃസഭയായ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട സംഭവം ആഗോളസഭാചരിത്രത്തിൽ തന്നെ വലിയ ചലനങ്ങൾ സൃഷ്ടിച്ചു. പുനരൈക്യപ്രസ്ഥാനത്തോടൊപ്പം അക്രൈസ്തവരുടെ ഇടയിലുള്ള സുവിശേഷപ്രഘോഷണവും സാമൂഹ്യപുനരുദ്ധാരണപ്രവർത്തനങ്ങളും അഭിവന്ദ്യപിതാവ് ലക്ഷ്യമിട്ടിരുന്നു. ഈ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനായി മറ്റു രൂപതകളിൽനിന്ന് വൈദികരുടെ സഹായം തേടി. ഇത്തരുണത്തിൽ 1934-ൽ ബ. ജോസഫ് കുഴിഞ്ഞാലിലച്ചൻ ചങ്ങനാശ്ശേരി രൂപതയിൽനിന്നും തിരുവനന്തപുരം അതിരൂപതയിലേക്ക് മിഷൻ പ്രവർത്തനത്തിനായി വരികയും കന്യാകുമാരി ജില്ലയിൽ മിഷൻ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. മിഷൻ പ്രവർത്തനത്തിൽ തന്നെ സഹായിക്കുന്നതിനായി ഒരു സന്ന്യാസ സമൂഹത്തിന്റെ ആവശ്യകത മനസ്സിലാക്കിയ ബ. അച്ചൻ ഈ ആശയം തന്റെ ബന്ധുമിത്രാദികളുമായി പങ്കുവച്ചു. അനന്തരഫലമായി ചാർച്ചക്കാരായിരുന്ന ഏലിയാമ്മ കല്ലറക്കൽ, മേരി വടക്കൻ എന്നീ വനിതകൾ അദ്ദേഹത്തോട് സഹകരിക്കുവാൻ തയ്യാറായി. തിരുവനന്തപുരം അതിരൂപതയിലുള്ള ശോശാമ്മ കൊച്ചുകാലായിലും അവരോടൊപ്പം ചേർന്നു. അങ്ങനെ ബ. ജോസഫ് കുഴിഞ്ഞാലിലച്ചൻ സ്ഥാപകനും മദർ മേരി സഹസ്ഥാപകയും സി.ആഗ്നസ്, സി.തെരേസാ എന്നിവർ സ്ഥാപകാംഗങ്ങളുമായികൊണ്ട് മേരിമക്കൾ സന്ന്യാസസമൂഹത്തിന് ആരംഭം കുറിച്ചു.

## സമൂഹത്തിന്റെ സ്ഥാപിത ലക്ഷ്യങ്ങൾ

അക്രൈസ്തവരുടെ ഇടയിൽ സുവിശേഷം അറിയിക്കുന്നതിനും പുനരൈക്യശ്രമങ്ങളിൽ സഭയെ സഹായിക്കുന്നതിനും വേണ്ടിയാണ്

www.malankaralibrary.com

സമൂഹം സ്ഥാപിതമായിട്ടുള്ളത്. വി. ഫ്രാൻസിസിന്റെ പ്രേഷിത ചൈതന്യം ആദർശമായി സ്വീകരിച്ച മേരിമക്കളുടെ സമൂഹം എന്നും ഒരു മിഷനറി സമൂഹമായി നിലകൊള്ളുന്നു എന്നതാണ് സഭാസ്ഥാപകരുടെ ഉദ്ദേശം. മാതൃകാപരമായ ജീവിതത്താൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുകയാണ് സമൂഹത്തിന്റെ പ്രഥമവും പ്രധാനവുമായ മിഷൻ പ്രവർത്തനം. വിശ്വാസപരിശീലനം സമൂഹത്തിന്റെ ലക്ഷ്യങ്ങളിലൊന്നാണ്. ഇടവകകളിൽ വൈദികരോടു ചേർന്നുകൊണ്ട് ആ ഉത്തരവാദിത്വം നിർവഹിക്കുന്നു. ഭവനസന്ദർശനവും സ്കൂളും ഹോസ്പിറ്റലും സാമൂഹ്യ പ്രവർത്തനങ്ങളും മേരിമക്കൾക്ക് ഇതിനുള്ള വേദികളാണ്. സ്ത്രീകളുടെ സമുദ്ധാരണം, കുട്ടികളുടെ പരിശീലനം, ഭവനസന്ദർശനംവഴിയുള്ള മിഷൻ പ്രവർത്തനം തുടങ്ങിയവ സമൂഹത്തിന്റെ സ്ഥാപന ദൗത്യങ്ങളാണ്.

ജീവിതംകൊണ്ട് ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാൻ എല്ലാ സമൂഹാംഗങ്ങളും ബാദ്ധ്യസ്ഥരാണ്. സമൂഹാംഗങ്ങൾ പ്രാർത്ഥനയുടെ പ്രേഷിതരായിരുന്നുകൊണ്ടും ത്യാഗനിർഭരമായ ജീവിതം നയിച്ചുകൊണ്ടും പ്രേഷിതജോലികൾ ഏറ്റെടുക്കുവാനാണ് സമൂഹം ആഹ്വാനം ചെയ്യുന്നത്. വി. ഫ്രാൻസിസ് അസീസിയുടെ പ്രേഷിതവീക്ഷണം മാതൃകയാക്കികൊണ്ട് പ്രാർത്ഥനയുടെ പ്രേഷിതത്വം വളരെ പ്രധാനപ്പെട്ടതായി സമൂഹം കണക്കാക്കുന്നു. അതോടൊപ്പം ത്യാഗത്തിന്റെ ആവശ്യകതയും മനസ്സിലാക്കികൊണ്ടാണ് സമൂഹാംഗങ്ങൾ പ്രവർത്തനമേഖലയിലേക്ക് കടക്കുന്നത്. പ്രേഷിതജീവിതം സ്വയം തിരഞ്ഞെടുക്കുകയല്ല അതിനായി ദൈവത്താൽ വിളിക്കപ്പെട്ടവരാണെന്നുള്ള ചിന്തയാണ് പ്രത്യേകമായി സമൂഹാംഗങ്ങളെ നയിക്കുന്നത്.

## സമൂഹവും പുനരൈക്യപ്രസ്ഥാനവും

പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭദശയിൽ മലങ്കര കത്തോലിക്കാസഭയുടെ വളർച്ചയ്ക്കുവേണ്ടി അബ്രഹാമിനെപ്പോലെ ദൈവം തിരഞ്ഞെടുത്ത പ്രിയപ്പെട്ട വല്യച്ചനിലൂടെയാണ് സമൂഹം ജന്മമെടുത്തതെന്ന സത്യം മേരിമക്കളും പുനരൈക്യപ്രസ്ഥാനവും തമ്മിലുള്ള അഭേദ്യബന്ധത്തെ വിളിച്ചോതുന്നു. മലങ്കരകത്തോലിക്കാസഭയും മറ്റു കത്തോലിക്കാസഭാവിഭാഗങ്ങളും തമ്മിലുള്ള കൂടുതൽ ബന്ധത്തിനും ഐക്യത്തിനും കളമൊരുക്കാൻ മേരിമക്കൾക്ക് സാധ്യമാകത്തക്ക വിധത്തിൽ തന്നെയാണ് ഇതിന്റെ രൂപീകരണം മുതൽ ദൈവം കാര്യങ്ങളെ ക്രമീകരിച്ചിട്ടു

www.malankaralibrary.com

ള്ളത്. കാലദേശഭേദമെന്യേ ഏതു രീതിയിലും ജോലി ചെയ്യുവാൻ സ്ഥാപകർ തന്നിട്ടുള്ള അനുഗ്രഹം മലങ്കര കത്തോലിക്കാസഭയുടെ പ്രസക്തിയെ കൂടുതൽ പേരുടെ ഇടയിൽ മാറ്റുള്ളതാക്കിത്തീർക്കാൻ സഹായിക്കുന്നു. കഴിഞ്ഞ 60 വർഷങ്ങളിലായി കത്തോലിക്കാ കൂട്ടായ്മയിലേക്ക് ജനതതിയെ ആനയിക്കുന്നതിൽ വലിയ സംഭാവനതന്നെ സമൂഹത്തിന് പ്രദാനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. സമൂഹത്തിൻെറ പ്രവർത്തനവേദികളിലൊന്നായ ഭവനസന്ദർശനം ഇതിന് കൂടുതൽ സഹായമാകുന്നു.

## സമൂഹത്തിൻെറ ഇന്നത്തെ അവസ്ഥ

ഇന്ത്യയിൽ സ്ഥാപിതമായ ആദ്യത്തെ തദ്ദേശീയമിഷനറി സമൂഹമായ മേരിമക്കളെ 761 സിസ്റ്റേഴ്സിനെ നല്കി ദൈവം അനുഗ്രഹിച്ചിരിക്കുന്നു. മൂന്ന് അംഗങ്ങളിലൂടെ മേരിമക്കൾക്ക് തുടക്കം കുറിച്ച ദൈവം തന്നെ കാലാകാലങ്ങളിൽ ക്രമാനുഗതമായ വളർച്ചയുടെ ചരിത്രമാണ് ദൈവവിളിയുടെ കാര്യത്തിൽ സമൂഹത്തിന് പ്രദാനം ചെയ്തിട്ടുള്ളത്. കേരളത്തിലെയും തമിഴ്നാട്ടിലെയും എല്ലാ രൂപതകളിൽനിന്നും സന്ന്യാസാർത്ഥിനികളെ സമൂഹത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നു. ആദ്യകാലങ്ങളിൽ പാലാ, ചങ്ങനാശ്ശേരി രൂപതകളിൽനിന്നായിരുന്നു പ്രധാനമായി വിദ്യാർത്ഥിനികളെ ലഭിച്ചിരുന്നത്; എങ്കിൽ ഇന്ന് എല്ലാ പ്രദേശങ്ങളിൽ നിന്നും ആനുപാതിക രീതിയിൽ ദൈവവിളികൾ ലഭിച്ചുകൊണ്ടിരിക്കുന്നു.

സമൂഹത്തിൻെറ ജൂബിലി വർഷമായ 1987-88 കാലയളവിൽ സർവവിധമായ വളർച്ചയെ ലക്ഷ്യമാക്കി സമൂഹത്തെ മാർത്താണ്ഡവും തിരുവനന്തപുരവും കേന്ദ്രമാക്കി രണ്ടു പ്രോവിൻസുകളായി വിഭജിച്ചു. വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ രണ്ടു പ്രോവിൻസുകളും വളർച്ചയുടെ പാതയിൽ അവിശ്രമം മുന്നേറിക്കൊണ്ടിരിക്കുന്നു. 1988-ൽ പരി. പിതാവ് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ സമൂഹത്തെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തി. മലങ്കരസഭയിലെ നാലു രൂപതകളിലും സീറോ-മലബാർ, ലത്തീൻ, ബൈസൻറയിൻ എന്നീ റീത്തുകളിലുള്ള വിവിധ രൂപതകളിലും സമൂഹം പ്രവർത്തന നിരതമാണ്. കെയ്റോ, ഡമാസ്കസ്, ജർമ്മനി എന്നിവിടങ്ങളിലും സമൂഹത്തിന് ശാഖകളുണ്ട്.

## പ്രവർത്തനമേഖലകൾ

സഭയുടെ ഉന്നമനത്തിനായി വൈദികരെ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ സിസ്റ്റേഴ്സ് സഹായിച്ചുവരുന്നു. സ്കൂളുകൾ, ആശുപത്രികൾ, ആരോഗ്യകേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ, ബാലമന്ദിരങ്ങൾ, കുഞ്ഞു

www.malankaralibrary.com

ങ്ങൾക്കുള്ള ക്രഷറുകൾ, വൃദ്ധമന്ദിരങ്ങൾ തുടങ്ങിയവയിലൂടെ സമൂഹാംഗങ്ങൾ ജനസേവനം ചെയ്തുകൊണ്ടിരിക്കുന്നു. കൂടാതെ മാതൃശിശു സംരക്ഷണം, പൊതു ആരോഗ്യം, ഗിരിജന വിദ്യാഭ്യാസം, ജയിൽ പ്രേഷിതത്വം തുടങ്ങി പല സാമൂഹ്യരംഗങ്ങളിലും സിസ്റ്റേഴ്സ് സേവനം ചെയ്യുന്നു. സിസ്റ്റേഴ്സ് തങ്ങൾ പ്രവർത്തിക്കുന്ന മേഖലകളിലെല്ലാം വിശ്വാസപരിശീലനവും നടത്തുന്നു. ഭവന സന്ദർശനം വഴിയുള്ള മിഷൻ പ്രവർത്തനത്തിലൂടെ കുടുംബത്തിൽ ഐക്യവും സമാധാനവും നിലനിർത്താൻ സഹായിക്കുന്നു. ആഗോളവ്യാപകമായി സഭ ഇന്നു നേരിടുന്ന എല്ലാ പ്രശ്നങ്ങളും ഒരു മിഷനറി സമൂഹമെന്ന നിലയിൽ സമൂഹവും നേരിടുന്ന വെല്ലുവിളികളാണ്. അർപ്പണബോധവും ലക്ഷ്യബോധവും വിളിയിലുള്ള സന്തോഷവും ഓരോ വ്യക്തിയിലും വേരുറച്ച് വളരുമ്പോൾ വെല്ലുവിളികൾ വെല്ലുവിളികളല്ലാതാവും എന്ന പ്രത്യാശയാണ് സമൂഹത്തിനുള്ളത്.

## 21-ാം നൂറ്റാണ്ടിലേക്കുള്ള കാഴ്ചപ്പാടുകൾ

പുത്തൻനൂറ്റാണ്ടിലേക്ക് കാലെടുത്തു വയ്ക്കുമ്പോൾ സമൂഹത്തിന്റെ ആദ്യചൈതന്യത്തിലേക്കു തിരിച്ചു പോവുകയെന്നതാണ് സമൂഹത്തിന്റെ ആദ്യലക്ഷ്യം. 'Contemplative in Action' എന്ന ജീവിതസാക്ഷാത്കാരം സാധിക്കുവാനായി വിവിധ കോഴ്സുകൾ, ധ്യാനങ്ങൾ എന്നിവയിലൂടെ ജീവിതക്രമങ്ങളെ രൂപപ്പെടുത്താൻ വ്യക്തിപരമായും കൂട്ടമായും സമൂഹം ഒരുങ്ങുകയും പരിശ്രമിക്കുകയും ചെയ്യുന്നു.

ഭവനസന്ദർശനത്തിലൂടെ സുവിശേഷപ്രഘോഷണം നടത്തുക എന്ന ദൗത്യം കൂടുതൽ ഊർജ്ജിതമാക്കുന്നതിനുവേണ്ടി ഇരുപ്രോവിൻസുകളിലേയും ഏതാനും സിസ്റ്റേഴ്സിനെ മറ്റ് എല്ലാ ഉത്തരവാദിത്വങ്ങളിൽനിന്നും വിടുവിച്ചുകൊണ്ട് Mobile Team ആക്കി രൂപീകരിക്കുകയും നമ്മുടെ രൂപതകളിലെ വിവിധ ഇടവകകളിൽ സേവനം ലഭ്യമാക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസം, ആതുര, സാമൂഹ്യരംഗങ്ങളിലെല്ലാം ഒരു നവീകരണം സാധ്യമാക്കത്തക്കവിധത്തിൽ അതതു പ്രവർത്തനരംഗങ്ങൾ ക്രമീകരിക്കുന്നതിൽ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുന്നു.

ക്രൈസ്തവവിശ്വാസത്തിന്റെ ശുദ്ധമായ യാഥാർത്ഥ്യത്തെ കണ്ടെത്തി അത് ജീവിതത്തിൽ അന്വർത്ഥമാക്കുകയും ആ യാഥാർത്ഥ്യത്തെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുകയും ചെയ്യുക എന്നതാണ് സമൂഹത്തിന്റെ പ്രത്യേകമായ ലക്ഷ്യം. 21-ാം നൂറ്റാണ്ടിലേക്കു പ്രവേശിക്കു

www.malankaralibrary.com

മ്പോൾ ഇത്തരത്തിലുള്ള ആധ്യാത്മികതയ്ക്ക് ഊന്നൽ കൊടുക്കുവാനാണ് സമൂഹം ശ്രദ്ധിക്കുന്നത്. ഈ ആത്മീയ നവീകരണം പ്രവർത്തന മേഖലകളെയും സ്വാധീനിക്കുന്നു. 'സത്യത്തിൻെറ പ്രഭ' എന്ന ചാക്രിക ലേഖനത്തിൽ പരി. പിതാവ് ഊന്നിപറയുന്നു: "സത്യത്തിൻെറ നിഷ്കളങ്കവും തുറവിയുള്ളതുമായ സ്വീകരണമാണ് യഥാർത്ഥ സ്വാതന്ത്ര്യം. സ്വാതന്ത്ര്യം സമ്പാദിക്കുന്നത് സ്നേഹത്തിലാണ്. അതായത് തന്നെത്തന്നെ ദാനം നല്കുന്നതിലാണ്. യേശുക്രിസ്തു വാക്കുകൾകൊണ്ട് മാത്രമല്ല, തൻെറ ജീവിതം മുഴുവൻകൊണ്ടും ഇതു വെളിപ്പെടുത്തുന്നു". ഇപ്രകാരമുള്ള സത്യവും സ്വാതന്ത്ര്യവുമാണ് സമൂഹാംഗങ്ങൾ മുതൽക്കൂട്ടാക്കുവാൻ ആഗ്രഹിക്കുന്നത്. ലൗകിക പുരോഗതിയുമായി ബന്ധപ്പെട്ടു ജീവിക്കുമ്പോഴും അലൗകിക ലക്ഷ്യങ്ങൾക്കായി വിളിക്കപ്പെട്ടവരാണെന്ന ധാരണ ഓരോ സമൂഹാംഗങ്ങൾക്കുമുണ്ട്. "നിത്യജീവൻ പ്രാപിക്കുവാൻ ഞാൻ എന്താണ് ചെയ്യേണ്ടത്" എന്ന് യേശുവിനോട് ചോദിച്ച യുവാവിനെപോലെ ഇന്നും നിത്യജീവൻ ആഗ്രഹിക്കുന്ന, അന്വേഷിക്കുന്ന പുതുതലമുറയെ മുന്നിൽ കാണുകയും അവരെ സത്യത്തിൻെറ പ്രഭയിലേക്ക് നയിക്കുന്നതിന് സഭയോടൊത്ത് സമൂഹവും പങ്കുചേരുന്നു. 21-ാം നൂറ്റാണ്ടിൽ സഭയെയും സമൂഹത്തെയും നയിക്കേണ്ടവരായ യുവതലമുറയ്ക്ക് ആത്മീയവും മാനസികവും ബൗദ്ധികവുമായ മേഖലകളിൽ ക്രിസ്തുവിൻെറ വെളിച്ചം കാണിച്ചുകൊടുക്കുവാൻ സമൂഹം ആഗ്രഹിക്കുന്നു. ആദ്യനൂറ്റാണ്ടിലെ അനുഭവം 21-ാം നൂറ്റാണ്ടിലും ജനങ്ങൾക്ക് അനുഭവവേദ്യമാകേണ്ടിയിരിക്കുന്നു. അറയുടെ സുരക്ഷിതത്വത്തിൽ നിന്നും അഴിയപ്പെടുവാനായി ഭൂമിയിലേക്കു വലിച്ചെറിയപ്പെട്ട വിത്താണ് ഓരോ സന്ന്യാസിനിയും. നല്ല തോട്ടക്കാരനായ ദൈവം ഫലം പുറപ്പെടുവിക്കാനായി ഓരോരുത്തരേയും യോഗ്യരാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. അതിനനുസൃതമായ പ്രവർത്തനശൈലിക്ക് കാലാനുസൃതമായി രൂപം കൊടുക്കുവാൻ സമൂഹം ബദ്ധശ്രദ്ധമാണ്.

സഭാസ്ഥാപകനായ പെ.ബ. മോൺ. ജോസഫ് കുഴിഞ്ഞാലിലച്ചൻെറ ദൈവപരിപാലനയിലുള്ള ആശ്രയവും കർമ്മനിഷ്ഠയും ദീനാനുകമ്പയും ക്ഷമിക്കുന്ന സ്നേഹവും വഴിത്താരയിൽ വെളിച്ചം വീശുന്ന മാർഗ്ഗരേഖകളാണ്. സഹസ്ഥാപകയായ ബ. വലിയ മദർ ദൈവസ്നേഹംകൊണ്ട് നിറഞ്ഞ് പ്രേഷിതജീവിതത്തിനായി സ്വയം പ്രതിഷ്ഠിച്ച വ്യക്തിയായിരുന്നു. വീടുകൾതോറും കയറിയിറങ്ങി ജനത്തെ സന്ദർശിച്ച് അവരെ വ്യക്തിപരമായി അറിഞ്ഞ് സ്നേഹിച്ചു. സജീവ മിഷൻ പ്രവർത്തനമാണ് സമൂഹത്തിൻെറ ലക്ഷ്യമെന്ന് മദർ ജീവിതമാതൃകയി

www.malankaralibrary.com

ലൂടെയും ഉപദേശങ്ങളിലൂടെയും വ്യക്തമായി പഠിപ്പിച്ചു. അതിനു വിഘാതമായിട്ടുള്ളതൊന്നും ദൈവവിളിയുടെ ഭാഗമല്ലെന്ന് മദർ ഓർമ്മപ്പെടുത്തി. ഈ മിഷൻ പാരമ്പര്യമാണ് മേരിമക്കൾക്കായി ദൈവം ഒരുക്കിയിരിക്കുന്നത്. യേശുക്രിസ്തുവിലൂടെ ദൈവം ഒഴുക്കിയ ദൈവികജീവൻ പകർന്നു കൊടുക്കുവാൻ 21-ാം നൂറ്റാണ്ടിലും സമൂഹം ബദ്ധശ്രദ്ധമായിരിക്കും. ദൈവരാജ്യം വിസ്തൃതമാക്കാൻ, ദൈവികജീവൻ പകർന്നു നല്കാൻ സമൂഹത്തെ മുഴുവനായും ഓരോ വ്യക്തികളായും ദൈവം വിളിക്കുന്നു. ഈ വിളിക്ക് പ്രത്യുത്തരം നല്കുന്നതാണ് സമൂഹത്തിന്റെ അസ്തിത്വത്തിന്റെ അടിസ്ഥാനം. മലങ്കര സഭയിൽ നട്ടുവളർത്തപ്പെട്ട സമൂഹം എന്നും മലങ്കര സഭയുടെ ആദർശങ്ങളോടും ആവശ്യങ്ങളോടും ഒത്തുപോകാൻ പ്രതിജ്ഞാബദ്ധമാണ്.

"ചെറിയ അജഗണമേ ഭയപ്പെടേണ്ട" എന്ന ക്രിസ്തുനാഥന്റെ വാക്കുകളാണിന്ന് കാതുകളിൽ മുഴങ്ങുന്നത്. ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് കടന്നു നിന്നുകൊണ്ട് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ യേശുവിന്റെ വഴികളിലൂടെ നടക്കുവാൻ സമൂഹം എല്ലാ അംഗങ്ങളേയും പ്രചോദിപ്പിച്ചുകൊണ്ടിരിക്കുന്നു. "എല്ലാവരും ഒന്നായിരിക്കേണ്ടതിന്" എന്ന ക്രിസ്തുവിന്റെ പ്രാർത്ഥനയാണ് ഞങ്ങളുടെ ആദർശവാക്യം. സമൂഹത്തിന്റെ പുനരൈക്യശ്രമങ്ങളും സുവിശേഷപ്രഘോഷണവും സേവനരംഗങ്ങളുമെല്ലാം ഈ ഐക്യത്തിലേക്ക് ജനതതിയെ നയിക്കുന്ന ക്രിസ്തുവിന്റെ സഹപ്രവർത്തകരാണ് മേരിമക്കൾ എന്നതിൽ അഭിമാനിക്കുന്നു. ദൈവാത്മാവ് തുടർന്നും നയിക്കട്ടെ എന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

# മലങ്കര കത്തോലിക്കാ സഭയിലെ സംഘടനകൾ

MALANKARA
LIBRARY

www.malankaralibrary.com

# 16

# സഭയിൽ സംഘടനകളുടെ ദൗത്യം

ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ

മലങ്കര കത്തോലിക്കാസഭ രൂപമെടുത്തിട്ട് രണ്ടായിരാമാണ്ട് ആകുന്നതോടെ എഴുപത് സംവത്സരങ്ങൾ പിന്നിടുകയാണ്. സഭയുടെ ഇതുവരെയുള്ള ചരിത്രത്തിൽ സംഘടനകൾ വഹിച്ച പങ്ക് മഹനീയമാണ്. സഭയുടെ ആരംഭം മുതൽതന്നെ സംഘടിത പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നു. ഇതിന്റെ വെളിച്ചത്തിലാണ് സഭയിൽ 'സംഘടനകൾക്ക്' രൂപം നല്കിയത്.

## സംഘടനകളുടെ ദൗത്യം

രക്ഷാകരദൗത്യം അനുസ്യൂതം തുടരേണ്ട ചുമതല സഭയെയാണ് യേശുക്രിസ്തു ഭരമേൽപ്പിച്ചിരിക്കുന്നത്. രക്ഷാകരദൗത്യത്തിലുള്ള നിർവഹണം സഭാമക്കൾ ഏവരുടെയും ഉത്തരവാദിത്വവും അവകാശവുമാണ്. ഈ ഉത്തരവാദിത്വവും അവകാശവും നിർവഹിക്കുന്നതിന് അനുയോജ്യമായ വേദികളാണ് സഭയിലെ സംഘടനകൾ. ഈ ആധുനിക കാലത്ത് പല സംഘടനകളും സഭയിൽ രൂപപ്പെട്ടിട്ടുണ്ട്. ഓരോ പ്രത്യേക ലക്ഷ്യങ്ങൾ മുൻനിറുത്തിയാണ് ഇവ രൂപംകൊള്ളുന്നത്. ഇത്തരത്തിലുള്ള ഓരോ സംഘടനയും മറ്റുള്ളവയിൽ നിന്ന് ഘടനയിലും മറ്റും വ്യത്യസ്തത പുലർത്തുന്നവയായിരിക്കും. എന്നാൽ അവയ്ക്കെല്ലാം പൊതുവായ ഒരു ലക്ഷ്യമുണ്ട്. അത് ഒന്നേയുള്ളു. കർത്താവിന്റെ സുവിശേഷം പ്രചരിപ്പിക്കുക; അങ്ങനെ സമൂഹത്തിന്റെ പുനർക്രമീകരണം സാധിതമാക്കുക.

www.malankaralibrary.com

പുനരൈക്യപ്രസ്ഥാനത്തിൻെറ മാർഗദർശിയായ മലങ്കര കത്തോലിക്കാസഭയിന്ന് ശുശ്രൂഷാരംഗത്ത് നിസ്തുലമായ സേവനമാണ് കാഴ്ചവയ്ക്കുന്നത്. ഇത് തുടർന്നുകൊണ്ടുപോകുന്നതിൽ സംഘടനകൾക്കുള്ള പങ്ക് പ്രാധാന്യമേറിയതാണ്. എം.സി.എ, എം.സി.വൈ.എം., വേദോപദേശ പ്രസ്ഥാനം, മാതൃസംഘടന, പിതൃസംഘടന, ബാലദീപം എന്നിവയാണല്ലോ സഭയിലെ പ്രധാനപ്പെട്ട സംഘടനകൾ. ഓരോ സംഘടനയ്ക്കും അതിൻേറതായ ലക്ഷ്യങ്ങളും ദൗത്യങ്ങളുമാണുള്ളത്. ഈ ദൗത്യങ്ങൾ മനസ്സിലാക്കി സഭാതനയർ പ്രവർത്തിച്ചെങ്കിൽ മാത്രമേ സഭയെ വളർച്ചയുടെ പാതയിൽ മുന്നോട്ടു നയിക്കാൻ സാധിക്കൂ. 21-ാം നൂറ്റാണ്ടിനെ വരവേല്ക്കാൻ ഒരുങ്ങുന്ന ഈ അവസരത്തിൽ സഭാമക്കളായ നമുക്ക് സഭയെക്കുറിച്ചും ഓരോരുത്തരും സഭയിൽ നിർവഹിക്കേണ്ടതായ ദൗത്യങ്ങളെക്കുറിച്ചും ചിന്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

## മലങ്കര കാത്തലിക് യൂത്ത് മൂവ്മെൻറ് (എം.സി.വൈ.എം)

മലങ്കരസഭയിലെ യുവജനങ്ങളുടെ ഉന്നമനവും ഐക്യവും വിശ്വാസവളർച്ചയും ലക്ഷ്യമാക്കിക്കൊണ്ട് സ്ഥാപിതമായിരിക്കുന്ന പ്രസ്ഥാനമാണ് മലങ്കര കാത്തലിക് യൂത്ത് മുവ്മെൻറ്. സഭയിലും സമൂഹത്തിലും യുവജനപങ്കാളിത്തം ഇന്ന് അനിവാര്യമാണ്. അടുത്ത നൂറ്റാണ്ടിലേക്കു പ്രയാണം ചെയ്യുന്ന സഭാസമൂഹം ഉറ്റുനോക്കുന്നത് യുവജനങ്ങളിലാണ്. കാരണം സഭയെയും സമൂഹത്തെയും വരുംകാലങ്ങളിൽ നയിക്കേണ്ടുന്നവരാണ് യുവജനത. കർമ്മോത്സുകതയുടെ ഈ കാലഘട്ടത്തിൽ സത്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളാൻ യുവജനങ്ങൾ പ്രതിജ്ഞാബദ്ധരാകേണ്ടതുണ്ട്.

മലങ്കര കത്തോലിക്കാസഭയിൽ യുവജനങ്ങൾക്ക് പ്രത്യേകമായ ദൗത്യങ്ങൾ നിർവഹിക്കുവാനായിട്ടുണ്ട്. 21-ാം നൂറ്റാണ്ടിലേക്ക് നമ്മുടെ സഭയെ കൈപിടിച്ചുയർത്തേണ്ടത് യുവജനങ്ങളുടെ കടമയാകുന്നു. യുവാവായ യേശുക്രിസ്തുവിനെ മുന്നിൽകണ്ടുകൊണ്ടായിരിക്കണം യുവജനങ്ങൾ പ്രവർത്തനനിരതരാകുവാൻ. സഭാത്മകമായി വളർന്നുകൊണ്ട് സത്യത്തിലും നീതിയിലും സമൂഹത്തെ വളർത്തുവാനാണ് യുവജനപ്രസ്ഥാനം ശ്രദ്ധിക്കേണ്ടത് (ആധുനികയുഗം ധാരാളം തിന്മകളുടെ ശക്തികൾക്ക് അടിമപ്പെട്ടിരിക്കുന്നു).

ഇതൊന്നും കണ്ടില്ലെന്നു നടിക്കുവാൻ യേശുക്രിസ്തുവിനെ നായകനായി കാണുന്ന വ്യക്തികൾക്കു സാധിക്കുകയില്ല. അക്രമമാർഗമല്ല

www.malankaralibrary.com

ക്രിസ്തു നമ്മെ പഠിപ്പിച്ചിട്ടുള്ളത്. ശത്രുക്കളെപ്പോലും സ്നേഹിക്കാൻ പഠിപ്പിച്ച യേശുനാഥൻെറ സ്നേഹമന്ത്രമാണ് യുവാക്കൾ തങ്ങളുടെ പ്രവർത്തനത്തിനുള്ള മാർഗ്ഗമായി സ്വീകരിക്കേണ്ടത്. സമൂഹത്തിൽ പീഡനം അനുഭവിക്കുന്ന ധാരാളം വ്യക്തികളുണ്ട്; ഇവരുടെ താങ്ങും തണലുമായി എത്താൻ നമ്മുടെ യുവജനങ്ങൾ ശ്രദ്ധിക്കണം. രാഷ്ട്രീയം ഇന്ന് അഴിമതിയുടേയും അക്രമത്തിൻെറയും വിളനിലമായി തീർന്നിരിക്കുന്നു. ഇവിടെ പുത്തൻ മാനവികതയുടെ നേതൃത്വംകൊണ്ടുവരേണ്ടത് യുവജനങ്ങളായിരിക്കണം. സമൂഹത്തിൻെറ ശാന്തിയും സമാധാനവും ലക്ഷ്യമാക്കി വീറോടെ പ്രവർത്തിക്കണമെങ്കിൽ യേശുക്രിസ്തുവിനെ നാം അറിയുകയും പരിശുദ്ധാത്മശക്തിയാൽ നിറയേണ്ടതുമുണ്ട്. അതുകൊണ്ട് നമ്മുടെ യുവജനങ്ങൾ ആത്യന്തികമായി ചെയ്യേണ്ടത് യേശുവിനേയും സഭയേയും അറിയുകയെന്നതാണ്.

നമ്മുടെ യുവജനപ്രസ്ഥാനം ഏറ്റം നന്നായി പ്രവർത്തിക്കുന്നു എന്ന വസ്തുത കഴിഞ്ഞ കാലങ്ങളിൽ നിന്ന് മനസിലാക്കാൻ സാധിച്ചിട്ടുണ്ട്. ഇത് അഭിമാനകരമാണ്. യുവജനങ്ങളെ സഭാത്മകമായും സമൂഹത്തിന് അനുയോജ്യമായും വളർത്തേണ്ടത് മാതാപിതാക്കളുടേയും മുതിർന്നവരുടേയും അധികാരികളുടേയും കടമയാണ്. കാലചക്രത്തിനൊത്ത് തിരിയാതെ അവരെ നേരായ പാതയിൽ നയിക്കാനും സമൂഹം ശ്രദ്ധിക്കേണ്ടതുണ്ട്. എന്തിനും യുവജനങ്ങളെ പഴിചാരുന്ന പ്രവണത നമുക്ക് അവസാനിപ്പിക്കാം. നല്ല മാർഗത്തിലൂടെ യുവജനതയെ വളർത്തി, അവരുടെ ദൗത്യങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തി ഒരു നവസമൂഹസൃഷ്ടിക്കായി പരിശ്രമിക്കാം.

## മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ)

മലങ്കരകത്തോലിക്കാസഭയിലെ അല്മായപ്രേഷിതരുടെ ഉന്നമനത്തിനായി സ്ഥാപിതമായിരിക്കുന്ന സംഘടനയാണ് 'മലങ്കര കാത്തലിക് അസോസിയേഷൻ'. അല്മായ പങ്കാളിത്തത്തിന് സഭ നല്കുന്ന പ്രാധാന്യത്തിൻെറ ഉത്തമോദാഹരണമാണ് ഈ സംഘടന. മലങ്കര കത്തോലിക്കാ സഭയുടെ പൂർവിക പാരമ്പര്യമനുസരിച്ച് അല്മായ സഹോദരങ്ങൾക്കു സഭയിലുള്ള സ്ഥാനവും ഉത്തരവാദിത്വങ്ങളും പ്രാവർത്തികമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംഘടന രൂപീകൃതമായത്.

ഇരുപത് മേഖലകളായി തിരിച്ചിരിക്കുന്ന സംഘടനയുടെ കർമ്മപരിപാടികളിൽ ഒന്നാംസ്ഥാനം "പുനരൈക്യപ്രസ്ഥാനത്തിൻെറ സർവതോന്മുഖമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുക" എന്നതിനാണ് നല്കി

www.malankaralibrary.com

യിരിക്കുന്നത്. ഇതിലൂടെ ഈ സംഘടനയ്ക്ക് സഭയിലുള്ള ദൗത്യം വ്യക്തമാണ്. അക്രമവും അനീതിയും വളർന്നുവരുന്ന ഇന്നത്തെ സാമൂഹ്യാന്തരീക്ഷത്തിൽ ഇവയ്ക്കെതിരെ പ്രവർത്തിക്കുവാൻ, സത്യത്തിലും നീതിയിലും ജീവിക്കുന്ന ഒരു പറ്റം മനുഷ്യരെയാണ് ആവശ്യം. ഇതിനു വേണ്ടി പ്രബുദ്ധരായ അല്മായ നിരയെ ഒരുക്കാനും ഈ സംഘടനയ്ക്കും സാധിക്കും എന്നതിൽ സംശയമില്ല. സംഘടനയുടെ കർമ്മപരിപാടികൾ ശരിയായ അർത്ഥത്തിൽ നമ്മുടെ രൂപതാതലം മുതൽ ഇടവകാതലം വരെ നടക്കണം. ഇതിനായി അല്മായ പ്രബുദ്ധത രംഗപ്രവേശനം ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യമാണ്.

## കുടുംബ പ്രേഷിതശുശ്രൂഷ

സഭയുടേയും സമൂഹത്തിന്റേയും അടിസ്ഥാന ഘടകമാണ് കുടുംബം. കുടുംബമാണ് സമൂഹത്തെ കരുപിടിപ്പിക്കുന്നത്. പുതുതലമുറയ്ക്ക് ജന്മമേകി സമൂഹത്തെ വളർച്ചയുടെ പാതയിലേക്ക് നയിക്കുന്നതിൽ കുടുംബത്തിന്റെ സ്ഥാനം അദ്വിതീയമാണ്. കുടുംബം മൂല്യത്തകർച്ച ബാധിച്ചതെങ്കിൽ സമൂഹവും മൂല്യത്തകർച്ചയെ നേരിടുന്നതാകും എന്നതിൽ സംശയമില്ല. കുടുംബബന്ധങ്ങളുടെ കെട്ടുറപ്പിനെ ആശ്രയിച്ചാണ് സഭയുടെയും സമൂഹത്തിന്റെയും നിലനില്പ്.

മലങ്കര കത്തോലിക്കാ സഭയിൽ കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വിഭാഗമാണ് കുടുംബപ്രേഷിതവിഭാഗം. ആധുനികയുഗത്തിൽ കുടുംബങ്ങളെയും മൂല്യച്യുതി ബാധിച്ചിരിക്കുന്നു. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിൽപ്പോലും വികലത സംഭവിച്ചുകൊണ്ടിരിക്കുന്ന കാലമാണിത്. പ്രാർത്ഥനാജീവിതം ഇന്ന് പല കുടുംബങ്ങളിലും അന്യമാണ്. ഇത്തരം സാഹചര്യത്തിൽ നസ്രത്തിലെ തിരുക്കുടുംബത്തെപ്പോലെ നമ്മുടെ കുടുംബങ്ങളെ സമാധാനത്തിലും ഐശ്വര്യത്തിലും വളർത്തുകയാണ് കുടുംബപ്രേഷിതവിഭാഗത്തിന്റെ പരമ പ്രധാനമായ കടമ.

## വേദോപദേശപ്രസ്ഥാനം

സഭാമക്കളുടെ വിശ്വാസപരിശീലനക്കളരിയാണ് മതബോധന ക്ലാസ്സുകൾ. സഭാതനയരെ വിശ്വാസപരിശീലനത്തിലൂടെ ദൈവവചനാധിഷ്ഠിതമായും സഭാത്മകമായും ഒരുക്കുകയാണ് വേദോപദേശപ്രസ്ഥാനത്തിലൂടെ ചെയ്യുന്നത്. വചനത്തിന്റെ കൈമാറ്റമാണ് മതബോധനം. അത് അവതരിച്ച വചനമായ ക്രിസ്തുവിൽ കേന്ദ്രീകൃതമായിരിക്കണം.

www.malankaralibrary.com

മതബോധനത്തിൻെറ പ്രഥമവും സത്താപരവുമായ വിഷയം ക്രിസ്തു രഹസ്യമാണ്. സത്യദൈവവും സത്യമനുഷ്യനുമായ ക്രിസ്തുവും അവിടുത്തെ മനുഷ്യാവതാരം, പരസ്യജീവിതം, മരണം, ഉയിർപ്പ് എന്നിവവഴി പൂർത്തിയാക്കപ്പെട്ട രക്ഷാകരകർമ്മവും ആയിരിക്കണം മതബോധനത്തിൻെറ സന്ദേശം. അപ്പസ്തോലന്മാർ വഴി സഭയ്ക്കു ലഭിച്ച വിശ്വാസത്തിൻെറ പഠനം കൂടിയാണ് മതബോധനം. അതിനാൽ സഭയുമായി ഇത് ബന്ധപ്പെട്ടു നില്ക്കുന്നതാകണം.

കാലം പുരോഗമിച്ചതോടെ മതപഠനത്തോടുള്ള താല്പര്യം കുറഞ്ഞുകൊണ്ടിരിക്കുന്നു. തന്മൂലം നമ്മുടെ പുതുതലമുറ വിശ്വാസത്തിൻെറ പാതയിൽനിന്ന് മാറിക്കൊണ്ടിരിക്കുകയാണ്. ഇതു കുട്ടികളെ ദൈവവിശ്വാസത്തിൽനിന്നും സഭയിൽനിന്നും അകന്നുപോകുവാൻ കാരണമാക്കുന്നു. വഴിപിഴച്ച ഒരു തലമുറയെ അല്ല നമുക്കാവശ്യം. അതുകൊണ്ട് നമ്മുടെ വേദോപദേശപ്രസ്ഥാനം ശക്തിപ്പെടുത്തി, കുട്ടികളെ വിശ്വാസത്തിൻെറ പാതയിൽ നയിക്കാൻ പരിശ്രമിക്കണം. ഇതായിരിക്കണം ഈ പ്രസ്ഥാനത്തിൻെറ പരമപ്രധാനമായ ലക്ഷ്യം. മാതാപിതാക്കളുടെയും വൈദികരുടെയും മതാദ്ധ്യാപകരുടേയും കൂട്ടായപ്രവർത്തനമാണ് ഈ ലക്ഷ്യപ്രാപ്തിക്ക് അത്യാവശ്യമായിട്ടു വേണ്ടത്.

ബാലദീപം, വിൻസൻെറ് ഡി പോൾ സൊസൈറ്റി തുടങ്ങിയ സംഘടനകൾ സഭയിൽ നിലവിലുണ്ട്. സഭാമക്കൾ എല്ലാംതന്നെ ഇതിലേതെങ്കിലും സംഘടനയിൽ അംഗമായിരിക്കും എന്നതാണ് നമ്മുടെ പ്രത്യേകത. എല്ലാ സംഘടനകളുടേയും ലക്ഷ്യം ഒന്നുതന്നെയാണ്- യേശുക്രിസ്തുവിൽ വളരുക; ഈ ലക്ഷ്യം അടിസ്ഥാനമാക്കി വേണം പ്രവർത്തനമണ്ഡലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലേണ്ടത്. 21-ാം നൂറ്റാണ്ടിനെ ധാരാളം പ്രതീക്ഷകളോടെയാണ് നാം വരവേല്ക്കാൻ ഒരുങ്ങുന്നത്. പ്രതീക്ഷകൾ പൂവണിയണമെങ്കിൽ ഓരോരുത്തരും തങ്ങളുടെ കർത്തവ്യങ്ങൾ മനസിലാക്കി ജീവിക്കാൻ തയ്യാറാകണം. വ്യക്തിപരമായ താല്പര്യങ്ങൾ മറന്ന് സമൂഹത്തിൻെറ പൊതുനന്മയാകണം നമ്മുടെ ലക്ഷ്യം. അങ്ങനെ ഉത്തമ ക്രിസ്ത്യാനികളായി ജീവിക്കാൻ വേണ്ടി നമുക്കു പരിശ്രമിക്കാം.

www.malankaralibrary.com

# 17

# വേദോപദേശപ്രസ്ഥാനം

റവ. ഡോ. ചാക്കോ നരിമറ്റത്തിൽ

വേദപാഠം, വേദോപദേശം, സൺഡേസ്കൂൾ, സൺഡേക്ലാസ്, സഭോപദേശം, മതബോധനം തുടങ്ങിയവ സഭാമക്കളുടെയിടയിൽ ഉപയോഗത്തിലിരിക്കുന്ന സംജ്ഞകളാണ്. ക്രൈസ്തവകൂട്ടായ്മയുടെ വിശ്വാസപരിശീലനത്തെയും പഠിപ്പിക്കലിനെയും വിവക്ഷിക്കുന്ന പദങ്ങളാണിവ. കേരളത്തിൽ 17-ാം നൂറ്റാണ്ടുവരെ ഈ പ്രക്രിയയ്ക്ക് 'ഓത്ത'[1] എന്ന പദമാണ് ഉപയോഗിച്ചിരുന്നത്. കാറ്റെക്കേസിസ് (catechesis) എന്ന ഇംഗ്ലീഷ് പദത്തിൻെറ തർജ്ജമയായിട്ടാണ് മേൽപറഞ്ഞ പദത്തെ മലയാളഭാഷയിൽ ഉപയോഗിക്കുന്നത്. കാറ്റെക്കേസിസ് എന്ന നാമരൂപത്തിൻെറ ഉത്ഭവം ഗ്രീക്ക് ഭാഷയിലെ കാറ്റെക്കയിൻ (Katechein) എന്ന ക്രിയാരൂപത്തിൽനിന്നാണ്.[2] 'മുഴങ്ങുക', 'ധ്വനിക്കുക', 'പ്രതിധ്വനിക്കുക' എന്നിവയാണ് ഇതിൻെറ അർത്ഥം. ക്രൈസ്തവസഭയിൽ ഈ വാക്കിന്, സഭയിലേക്ക് കടന്നുവരുവാൻ ആഗ്രഹിക്കുന്നവർക്ക് ക്രിസ്തു - സഭാരഹസ്യങ്ങൾ ചൊല്ലികൊടുത്ത് പഠിപ്പിക്കുക എന്ന അർത്ഥമാണ് ലഭിച്ചിരിക്കുന്നത്. ആദ്യ നൂറ്റാണ്ടുകളിൽ മാമോദീസാ സ്വീകരിച്ച് സഭാമക്കളാകാൻ ആഗ്രഹിക്കുന്നവരെയെല്ലാം ഒന്നിച്ചുചേർത്താണ് പഠിപ്പിച്ചിരുന്നത്. ഇപ്രകാരം ഒന്നിപ്പിക്കപ്പെട്ടവരെ 'ജ്ഞാനസ്നാനാർത്ഥികളുടെ സംഘം' (catechumenate) എന്ന് വിളിച്ചിരുന്നു. നാലാം നൂറ്റാണ്ട് വരെ കാറ്റക്കുമനേറ്റിൻെറ കാലഘട്ടമായിരുന്നു.

---

1. ഡോ. ജോർജ് കുരുക്കൂർ, "വേദോപദേശത്തിൻെറ ചരിത്രം", "താലന്ത്" 13 (1991) 468-475 വിശ്വാസം പകർന്നും പറഞ്ഞും കൊടുക്കുന്ന പ്രക്രിയ ആയിരുന്നു.

2. Cf. C. Wackenheim, La Catechese, Que Saioje 2049, Preses Universitaires de France, Paris 1983, p.3-7.

www.malankaralibrary.com

മാമോദീസാ സ്വീകരണത്തെ തുടർന്ന് വിശ്വാസപരിശീലനം നടത്തിയിരുന്നു. സ്വീകരിച്ച കൂദാശകളെക്കുറിച്ചുള്ള ആഴത്തിലുള്ള പഠനമാണിത്. ഈ പരിശീലനം ആരാധനക്രമാധിഷ്ഠിതമായതുകൊണ്ട് വി.കുർബാനയോടനുബന്ധിച്ചാണ് നടത്തിയിരുന്നത്. 'കാറ്റക്കേസിസ്' എന്ന പദം സൂചിപ്പിക്കുന്നതുപോലെ വചനമാകുന്ന ക്രിസ്തുവിനെ വിശ്വാസികളുടെയും ജ്ഞാനസ്നാനാർത്ഥികളുടെയും ഹൃദയത്തിൽ "പ്രതിധ്വനിപ്പിക്കുന്ന" പ്രക്രിയയാണ് മതബോധനം അഥവാ വേദോപദേശംകൊണ്ട് ഉദ്ദേശിച്ചിരുന്നത്. ദീർഘമായ മൂന്നുവർഷത്തെ വിശ്വാസപരവും (catechetical) ആരാധനാപരവും (Liturgical) താപസപരവുമായ (asetical) പരിശീലനം സുവിശേഷശ്രവണത്തിലൂടെ മാനസാന്തരത്തിലേക്കും വിശ്വാസത്തിലേക്കും തിരിയുന്നവരെ, വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും വളർത്തുന്നതിനും സഹായിച്ചുകൊണ്ടിരുന്നു.

## i. വേദോപദേശം

അപ്പസ്തോലികകാലം മുതൽക്കെ ദൈവവചനത്തിൻെറ കൈമാറ്റമായിട്ടാണ് വേദോപദേശ പ്രക്രിയ അറിയപ്പെട്ടിരുന്നത്. വചനപ്രഘോഷണത്തിലൂടെ യേശുക്രിസ്തു ദൈവപുത്രനാണെന്ന വിശ്വാസത്തിലേക്കു മറ്റുള്ളവരെ ആനയിച്ചുകൊണ്ട് ക്രിസ്തു-ജീവിതത്തിൽ ആഴപ്പെടുത്തുകയെന്നതായിരുന്നു ആദിമസഭയുടെ പ്രേഷിതദൗത്യം. സഭാംഗങ്ങളായ നവാഗതർക്ക് മനസ്സിലാക്കത്തക്കരീതിയിലും വിധത്തിലുമാണ് ക്രിസ്തുരഹസ്യം പഠിപ്പിക്കുകയും വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്തിരുന്നത്(ഹെബ്രാ. 5:12-14; 1 കോറി. 3:1-3).

ബൗദ്ധികമൊ, താത്വികമൊ ആയ പഠനത്തെക്കാൾ തങ്ങളുടെ വചനാനുഭവം പകർന്ന് പങ്കുവച്ചുകൊടുക്കുന്നതിലാണ് അപ്പസ്തോലന്മാർ ശ്രദ്ധിച്ചിരുന്നത്. "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൾകൊണ്ട് കണ്ടതും സൂക്ഷിച്ച് വീക്ഷിച്ചതും കൈകൾകൊണ്ട് സ്പർശിച്ചതുമായ ജീവൻെറ വചനത്തെപ്പറ്റി ഞങ്ങൾ അറിയുന്നു. ജീവൻ പ്രത്യക്ഷമായി; ഞങ്ങൾ അതു കണ്ടു; അതിനു സാക്ഷ്യം നല്കുകയും ചെയ്യുന്നു. പിതാവിനോടുകൂടി ആയിരുന്നതും ഞങ്ങൾക്കു പ്രത്യക്ഷപ്പെട്ടതുമായ നിത്യജീവനെക്കുറിച്ച് നിങ്ങളോട് ഞങ്ങൾ പ്രഖ്യാപിക്കുന്നു. ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത് നിങ്ങളോട് ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്ക് കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇത് പ്രഖ്യാപിക്കുന്നത്"(1 യോഹ.1:1-3). വചനമാകുന്ന

www.malankaralibrary.com

ക്രിസ്തു തൻെറ ശ്രോതാക്കളിൽ രൂപമെടുക്കണമെന്നായിരുന്നു വി.പൗലോസിൻെറ ആഗ്രഹം (ഗലാ.4:19). അതിനുവേണ്ടി വചനം ജീവിച്ചും പ്രഘോഷിച്ചും ആഘോഷിച്ചും ജീവിതമാനസാന്തരത്തിലൂടെ മറ്റുള്ളവരേയും സഭാകൂട്ടായ്മയിലേക്കു നയിക്കുകയെന്ന ദൗത്യം ആദിമസഭ ജീവിതലക്ഷ്യമായി കരുതിയിരുന്നു. അങ്ങനെ സഭ അതിനാൽ തന്നെ തുറന്ന പ്രേഷിതയായിത്തീർന്നു. വചനാധിഷ്ഠിതമായ ജീവിതത്തിലൂടെ ക്രിസ്താനുഭവം പകരലായിരുന്നു വേദോപദേശം. അല്ലാതെ, ക്രിസ്തീയ നിയമങ്ങളും പ്രബോധനങ്ങളും ക്രിസ്തുവിനെക്കുറിച്ചുള്ള പഠനങ്ങളും മാത്രമായിരുന്നില്ല. ക്രിസ്താനുഭവ വാഹിയായിത്തീർന്ന ആദിമസഭ പ്രേഷിത ചൈതന്യമുറ്റതായിരുന്നു.

ക്രിസ്തുമതത്തെക്കുറിച്ചോ, ക്രിസ്തുവിനെക്കുറിച്ചോ ഉള്ള ഒരു തത്ത്വം പഠിപ്പിക്കലല്ല, പ്രത്യുത ഒരു വ്യക്തിയിൽ ക്രിസ്തു രൂപമെടുത്ത് വളരുന്നതിനുള്ള പ്രക്രിയയാണ് വേദോപദേശം. "We catechize a person but we teach a doctrine" എന്ന് പറയുന്നതാണ് ഇന്നത്തെ സാഹചര്യത്തിൽ ഉത്തമം. മറ്റ് പാഠ്യവിഷയങ്ങൾ പഠിക്കുന്നതുപോലെ വേദോപദേശത്തെ തരം താഴ്ത്താൻ പാടില്ല.

## വേദോപദേശം എല്ലാവർക്കും

വേദോപദേശം കുട്ടികൾക്കു മാത്രമുള്ള ഒന്നല്ല. സഭയിൽ എല്ലാവർക്കും വേദോപദേശം ആവശ്യമാണ്. കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും സഭയിൽ നൽകപ്പെടുന്ന വിശ്വാസ പരിശീലനമാണ് വേദോപദേശം. അത്മായ വിശ്വാസികൾക്കു മാത്രമല്ല, വൈദികവിദ്യാർത്ഥികൾക്കും യുവസന്ന്യാസികൾക്കും ഇത് ബാധകമാണ്. വൈദികർക്കും സന്ന്യസ്തർക്കും തങ്ങളുടെ അപ്പസ്തോലിക വേലയ്ക്ക് അതിപ്രധാനമായ ഒരു വേദിയാണ് വേദോപദേശം".[3]

## ii. വേദോപദേശത്തിൻെറ ലക്ഷ്യങ്ങൾ

വേദോപദേശം പറഞ്ഞും പകർന്നും കൊടുത്തുള്ള വിശ്വാസപരിശീലനമാണ്.[4] പറച്ചിൽ അധികമാകാതെ പകരാൻ ഉണ്ടായെങ്കിൽ മാത്രമേ വേദോപദേശത്തിൻെറ ലക്ഷ്യം സാധ്യമാകുകയുള്ളൂ. സുവിശേഷം ജീവിക്കുവാനുള്ളതാണ്; അത് വായിക്കാനും പഠിക്കാനും മാത്രമുള്ളതല്ല.

3 C T 16 (C T. Catechesi Tradendae-Encycli John Paul II)

4. C T 13,18

www.malankaralibrary.com

വേദോപദേശത്തിലൂടെ അടിസ്ഥാനപരമായി ലക്ഷ്യം വയ്ക്കേണ്ട വസ്തുതകൾ നിരവധിയാണ്.

## 1. വിശ്വാസ വളർച്ച

വേദോപദേശത്തിന്റെ നിർദിഷ്ഠ ലക്ഷ്യം വിശ്വാസത്തിലുള്ള അഭ്യസനമാണ്.[5] മാമോദീസായിൽ പരിശുദ്ധാത്മാവ് വിതച്ച വിശ്വാസത്തിന്റെ വിത്തിനെ അറിവിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ വളർത്തി പൂർണതയിലെത്തിക്കേണ്ടത് ഓരോ വിശ്വാസിയുടെയും കടമയാണ്. കുടുംബാന്തരീക്ഷത്തിൽ നിന്നാർജ്ജിച്ചെടുക്കുന്ന വിശ്വാസ സത്യങ്ങളെ വേദോപദേശത്തിലൂടെ വ്യാഖ്യാനിച്ചുകൊടുക്കുമ്പോൾ വിശ്വാസത്തിൽ കുട്ടികൾ കൂടുതലായി ഉറപ്പിക്കപ്പെടുന്നു. വേദോപദേശകർക്കും വൈദികർക്കും സന്ന്യസ്തർക്കും ഈ കടപ്പാടാണുള്ളത്.

## 2. പക്വത പ്രാപിക്കൽ

വിശ്വാസ വളർച്ചയുടെ അടുത്തഘട്ടം പക്വത ആർജ്ജിച്ചെടുക്കുകയെന്നതാണ്. വ്യക്തികളെയും സമൂഹത്തെയും വിശ്വാസത്തിന്റെ പക്വതയിലേക്കു നയിക്കുന്ന സഭാത്മക പ്രവർത്തനമായിട്ടാണ്, പൊതുമതബോധന ഡയറക്ടറി വേദോപദേശത്തെ വിശേഷിപ്പിക്കുന്നത്. വിശ്വസിക്കുന്നവൻ മാനസാന്തരത്തിലൂടെ ദൈവത്തിന്റെ വിളിക്ക് ക്രിയാത്മകമായി പ്രത്യുത്തരം നൽകുമ്പോൾ വിശ്വാസാനുസൃതം ജീവിതത്തെ ക്രമപ്പെടുത്താൻ സാധിക്കും.

## 3. വിശ്വാസജീവിത പരിശീലനം

വേദോപദേശമെന്നത് വിശ്വാസജീവിതപരിശീലനമാണ്. പാഠ്യപദ്ധതികൾ ഇതിന് ഒരു ഉപാധിമാത്രമാണ്; അവയ്ക്ക് അടിമകളായിത്തീരാൻ പാടില്ല. വിശ്വാസ നിക്ഷേപങ്ങളിൽ ജീവിച്ച്; ജീവിതത്തിലൂടെ പകർന്ന് പിൻതലമുറയ്ക്ക് കൈമാറുകയെന്നതിന് നാം പ്രാധാന്യം കൊടുക്കുമ്പോൾ സഭാതനയർ സുവിശേഷജീവിതത്തിലൂടെ ക്രിസ്തുവിലേക്ക് വളർന്നുകൊണ്ടിരിക്കും. അതിനാവശ്യമായ ജീവിത-പരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും കൊടുക്കേണ്ടിരിക്കുന്നു.[6] മാമോദീസായിലൂടെ വിശ്വാസമെന്ന ദൈവികദാനം സ്വീകരിച്ചവരുടെ

5. CT 51
6. CT 18

www.malankaralibrary.com

വിശ്വാസവളർച്ചയും പക്വത പ്രാപിക്കലും ലക്ഷ്യമാക്കിക്കൊണ്ട്, വചനമാകുന്ന ക്രിസ്തുവിനെ ഉരുവാക്കിയെടുക്കുന്ന ജീവിത പരിശീലനവും സഭാശുശ്രൂഷയുമാണ് വേദോപദേശം.

## 4. ദൈവികമായ അറിവിന്റെ ഉറവിടം

വിശ്വാസ ജീവിതത്തിൽ പക്വത പ്രാപിക്കാൻ ദൈവത്തെകുറിച്ചും ക്രിസ്തുവിൽ കേന്ദ്രീകൃതമായ ദൈവിക രക്ഷാപദ്ധതികളെക്കുറിച്ചും ആഴമായ അറിവ് ആവശ്യമാണ്.[7] വേദോപദേശം ലക്ഷ്യം വയ്ക്കുന്നതും ക്രിസ്തുരഹസ്യത്തെകുറിച്ചുള്ള അറിവ് വികസിപ്പിക്കുന്നതിലാണല്ലോ. "പിതാവിനെയും അവിടുത്തെ ഏകജാതനെയും അറിയുന്നതാണല്ലോ നിത്യജീവൻ"(യോഹ.17:3). ദൈവത്തെകുറിച്ചുള്ള അറിവ്, ദൈവികവെളിപാടുകൾ വഴിയാണ് മനുഷ്യന് കിട്ടുക. പടിപടിയായി തന്നെത്തന്നെ വെളിപ്പെടുത്തികൊണ്ടിരുന്ന ദൈവം, ക്രിസ്തുവിൽ പൂർണമായും വെളിപ്പെടുത്തി; വെളിപ്പെടുത്തപ്പെട്ട ദൈവത്തെ പിതാവായിട്ട് അംഗീകരിക്കുവാനും ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുവാനും വേദോപദേശം സഹായിക്കുന്നു. ക്രിസ്തുവിനോടുള്ള ഗാഢമായ ഐക്യം[8] ക്രിസ്തുവിനോട് ഒത്തുള്ള ജീവിതവും, ക്രിസ്തു മനോഭാവവും രൂപീകരിച്ചെടുക്കാൻ ഓരോ വ്യക്തിയേയും സഹായിക്കുന്നു. വചനത്തിന്റെ അറിവും വചനത്തിനു കീഴ്പ്പെട്ടുള്ള ജീവിതവും ക്രിസ്തു രഹസ്യം പടിപടിയായി അനാവരണം ചെയ്യുന്നതിന് സഹായകമാകുന്നു. "ക്രിസ്തുവിനോടുള്ള ഭക്തി തീക്ഷ്ണത വർദ്ധിപ്പിക്കുക",[9] "അനുദിനം ആഴത്തിൽ അവിടുത്തോടുള്ള പരിചയത്തിൽ വളരുക",[10] ക്രിസ്തുരഹസ്യങ്ങളിൽ വളരുക എന്നതാണ് വേദോപദേശം ലക്ഷ്യം വയ്ക്കുന്നത്.

## 5. ബോധ്യങ്ങളിലേക്കുള്ള വഴികാട്ടി

കർത്താവായ യേശുവിനെ ആഴത്തിലറിഞ്ഞ് അനുഭവിക്കുവാൻ സഹായിക്കുംവിധം "ലളിതവും ഉറച്ചതുമായ ബോധ്യങ്ങൾ"[11] ആർജ്ജിക്കുവാൻ വിശ്വാസികളെ സഹായിക്കുന്നത് വേദോപദേശമാണ്. സത്യ

---

7. C T 20
8. C T 5,20
9. C T 9
10. C T 35, 47, 60
11. C T 60

www.malankaralibrary.com

വിശ്വാസത്തിൽ ഉറച്ച ബോധ്യമുള്ള വിശ്വാസികളെ രൂപപ്പെടുത്തുക എന്നത് സഭയ്ക്ക് ഇന്നു ചെയ്യാവുന്ന വലിയ സേവനമാണ്".[12] ദൈവ വചനാധിഷ്ഠിത ജീവിതത്തിന് മാത്രമേ മൂല്യത്തിൽ നിലനിൽക്കുന്നതിനുള്ള ശക്തിപകരാൻ സാധിക്കൂ. കഷ്ടനഷ്ടങ്ങൾ സഹിച്ചുതന്നെ; യേശു- മനോഭാവത്തോടെ ലോകത്തെയും മനുഷ്യനെയും വിലയിരുത്തുവാനുള്ള ശക്തി ആർജ്ജിച്ചിട്ടുള്ള ഒരു വേദോപദേശത്തിനു മാത്രമേ സഭയെ വളർത്താൻ കഴിയൂ.

## 6. സാക്ഷികളാകാനുള്ള പ്രചോദനം

സുവിശേഷം ജീവിക്കുന്നവരിൽ ദൈവത്താൽ പ്രേരിതമായ ജീവിതശൈലിയും പെരുമാറ്റചട്ടങ്ങളും ഉണ്ടാകുന്നതോടെ അവർ സുവിശേഷ സാക്ഷികളാകുന്നു. ഭൗതിക സംസ്കാരത്തെ ആത്മീയ സംസ്കാരമാക്കുന്നതുവഴി, ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായിത്തീരാൻ ഓരോ വ്യക്തികൾക്കും സാധിക്കും. ഇത്തരത്തിലുള്ള സാക്ഷ്യം ഒറ്റപ്പെട്ട സംഭവമാകാതെ ഓരോ വ്യക്തിയുടെയും ജീവിതരീതിയും ജീവിതശൈലിയുമാക്കേണ്ടതുണ്ട്. ആധുനികലോകത്തിൽ അടിപതറാതെ വിശ്വാസ ജീവിതത്തിൽ നിലനില്ക്കുവാനും മുന്നേറുവാനും ക്രൈസ്തവർ പരിശീലിക്കപ്പെടേണ്ടിയിരിക്കുന്നു.[13] വിശ്വാസമില്ലാത്ത ജീവിതവും ജീവിതമില്ലാത്ത വിശ്വാസവും നിർജ്ജീവമാണെന്ന വസ്തുത മനസിലാക്കികൊണ്ട് സുവിശേഷാനുസൃതം ജീവിക്കുന്നവരിലൂടെ മാത്രമേ സഭയ്ക്ക് പ്രേഷിതയായി നിലനില്ക്കുവാൻ സാധിക്കൂ.

## മലങ്കരയിലെ വേദോപദേശം

മലങ്കരസഭയിൽ വേദോപദേശം ഒരു ജീവിതശൈലിയും ജീവിതരീതിയുമാണ്. താത്വിക പഠനങ്ങൾക്ക് അതിൽ പ്രസക്തിയില്ലെന്നല്ല വിവിക്ഷിക്കുന്നത്. ചെറുപ്പകാലങ്ങളിൽ മാതാപിതാക്കളിൽനിന്നും കുടുംബത്തിൽനിന്നും കണ്ടും കേട്ടും അനുഭവിച്ചും ശീലിച്ച സുവിശേഷാത്മകമായ വസ്തുതകളെ പ്രായത്തിനും പക്വതയ്ക്കുമനുസരിച്ച് വ്യാഖ്യാനിച്ചുകൊടുക്കുന്ന ഒന്നാണ് മലങ്കരസഭയുടെ വേദോപദേശം. അമ്മ തന്റെ കുഞ്ഞുങ്ങളെ ഒരുക്കി പള്ളിയിൽ കൊണ്ടുപോകുന്ന രീതി, കുടുംബപ്രാർത്ഥനകൾ, ആചാരാനുഷ്ഠാനങ്ങൾ, നോമ്പനുഷ്ഠാനങ്ങൾ, കൂദാശാ

12. CT 61
13. CT 57

www.malankaralibrary.com

സ്വീകരണങ്ങൾ തുടങ്ങിയവ വിശകലനം ചെയ്ത് പഠിക്കുമ്പോൾ കുടുംബവേദോപദേശം അടിസ്ഥാനവേദോപദേശമാണെന്ന് കണ്ടെത്താൻ സാധിക്കും. ഭാവിജീവിതത്തിൽ ലഭിക്കേണ്ടതായ വിശ്വാസമൂല്യങ്ങൾ അടിസ്ഥാനപരമായി കുടുംബത്തിൽ നിന്നാണ് ലഭിക്കേണ്ടത്. കുടുംബം തന്നെയാണ് വിശ്വാസജീവിതപരിശീലനത്തിന്റെ ഈറ്റില്ലവും കളരിയും.

## കുടുംബ വേദോപദേശം: അടിസ്ഥാനവേദോപദേശം

മലങ്കര സഭയിലെ വേദോപദേശം തുടങ്ങുന്നതും വളരുന്നതും പക്വതയിലെത്തുന്നതും മാതാപിതാക്കളിലൂടെ കുടുംബത്തിലും; ആചാര്യന്മാർ വേദോപദേശകർ തുടങ്ങിയവരിലൂടെ, ഇടവക സമൂഹത്തിലും; മേൽപ്പട്ടക്കാരിലൂടെ സഭയിലുമാണല്ലോ. മാമോദീസായിലൂടെ ഒരു വ്യക്തിക്ക് ലഭിച്ച വിശ്വാസത്തിൽ ജീവിക്കുന്നതിനും അവ സാക്ഷിക്കുന്നതിനും ലഭിക്കുന്ന പ്രധാനപ്പെട്ട വേദിയാണ് കുടുംബം. മക്കളെ വിശ്വാസജീവിതത്തിൽ വളർത്തിയെടുക്കേണ്ടത് മാതാപിതാക്കളുടെ ചുമതലയാണ്. മാതാപിതാക്കൾ തങ്ങളുടെ ജീവിതത്തിലൂടെ വിശ്വാസജീവിതം പകർന്നും പറഞ്ഞും കൊടുത്ത് മക്കളുടെ മേലുള്ള രക്ഷാകർത്തൃത്വം അനുവർത്തിച്ച് അവരെ “ചൊല്ലും ചോറും കൊടുത്ത്” വളർത്തിയാൽ, മറ്റെല്ലാ രീതിയിലുമുള്ള വേദോപദേശത്തിന്റെയും അടിസ്ഥാനം കുടുംബവേദോപദേശത്തിൽ ലഭിക്കും. കുടുംബവേദോപദേശമാണ് മറ്റെല്ലാ രീതിയിലുമുള്ള വേദോപദേശത്തെക്കാളും ശ്രേഷ്ഠമേറിയതും മറ്റെല്ലാറ്റിനേയും സമ്പന്നമാക്കുന്നതും.

കുടുംബത്തിൽ വേദോപദേശം പ്രധാനമായും നടക്കുന്ന വേദിയാണ് കുടുംബ(യാമ)പ്രാർത്ഥനകൾ. നമ്മുടെ ഓരോ യാമത്തിലേയും പ്രാർത്ഥനകൾ ക്രിസ്തുവിന്റെ രക്ഷാകരസംഭവത്തിലേക്കുള്ള ആഹ്വാനമാണ്. വിശ്വാസത്തോടെ, തുറന്ന മനസ്സോടെ ഈ ആഹ്വാനത്തിനനുസൃതം നാം അതിലേക്ക് പ്രവേശിക്കുന്നപക്ഷം നമ്മുടെ സഹനത്തിന്റെ ഘടകങ്ങളെ പൂർണ്ണതയിലേക്കു നയിച്ച് നമ്മിൽ ദൈവത്തിന് പുനഃസൃഷ്ടി നടത്തുന്നതിന് സാധിക്കും.

യാമപ്രാർത്ഥനകൾ ക്രിസ്തുവിന്റെ രക്ഷാകര-പീഡാനുഭവത്തിലേക്കാണ് വ്യക്തികളെ ആനയിക്കുന്നത്. ജീവിതത്തിലെ കഷ്ടാനുഭവങ്ങൾ, ദുഖസങ്കടങ്ങൾ, നിരാശകൾ, ആകുലതകൾ, ആശങ്കകൾ ഇവയ്ക്കെല്ലാം അർത്ഥവും പുതിയ മാനവും കണ്ടെത്തുന്നതിന് ഈ ദിവ്യരഹസ്യങ്ങൾ സഹായകമാകും. ദൈവം മനുഷ്യചരിത്രത്തെ അനുഭവിച്ചറി

www.malankaralibrary.com

ഞ്ഞതുമൂലം മനുഷ്യചരിത്രം ദൈവികമായി. ദൈവികമായതോടെ അവ യെല്ലാം ദൈവത്തോടൊത്ത് നാം വഹിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. സങ്കടങ്ങൾ വെറും സങ്കടങ്ങളല്ല, കഷ്ടതകൾ വെറും കഷ്ടത കൾ അല്ല; അവക്കെല്ലാം ദൈവികമാനം കൈവന്നു.

## ഇടവക സമൂഹത്തിലൂടെ പൂർത്തീകരണം.

കുടുംബ വേദോപദേശത്തെ സ്ഥിരീകരിക്കുകയും സഫലീകരിക്കു കയും ചെയ്യുന്നത് ഇടവക സമൂഹത്തിലെ വേദോപദേശം വഴിയാണ്. ഇടവകയും ഒരു കുടുംബം തന്നെയാണ്. ഒരു കർത്താവും, ഒരു വിശ്വാ സവും, ഒരു മാമോദീസായുമുള്ള ദൈവജനം ഒരുമിച്ച് വചനം കേട്ടും, അപ്പം മുറിച്ചും അപ്പം ഭക്ഷിച്ചും ദൈവാരാധനയിലൂടെ കർത്താവിങ്കലുള്ള വിശ്വാ സത്തിലും, ശരണത്തിലും അടിയുറയ്ക്കുകയാണ്. പരിശുദ്ധ ത്രോണോ സിനെ കേന്ദ്രീകരിച്ചുള്ള നമ്മുടെ ജീവിതം മറ്റുള്ളവരിലേക്കും കവിഞ്ഞൊ ഴുകുന്ന ഒന്നാണ്. അത് നമ്മെ ഒരു ഹൃദയവും ഒരാത്മാവും ഉള്ളവരാ ക്കുന്നു. നമുക്കുള്ളതും നമ്മുടേതുമായതിനെ സ്വന്തമെന്ന് കരുതാതെ മറ്റുള്ളവരെ കരുതാനുള്ള കരുത്ത് അത് പ്രദാനം ചെയ്യുന്നു.

ഇത്തരത്തിലുള്ള ജീവിത രൂപീകരണത്തിനും ജീവിതശൈലിക്കും ഓരോ വ്യക്തിയും പ്രാപ്തനാകുന്നത് സഭോപദേശത്തിലൂടെയാണ്. ഇടവക സമൂഹത്തിലെ പ്രധാന സഭോപദേശി, ആചാര്യ ശുശ്രൂഷയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്ന പുരോഹിതനാണ്. പൗരോഹിത്യ ശുശ്രൂഷയിലൂടെ എല്ലാവരേയും ഒന്നിപ്പിച്ച് ഒരുമയുടെ കൂദാശകൾ അനുഷ്ഠിച്ചുകൊണ്ട് സഭോപദേശത്തിലൂടെ ഇടവകയെ പരിപാലിക്കുന്ന ആചാര്യരുടെ ശുശ്രൂഷ സഭാജീവിതത്തിന്റെ താങ്ങും തണലുമാണ്. ഇടവക സമൂഹ ത്തിലെ വേദോപദേശകർ ഈ അജപാലന ധർമ്മത്തിൽ ഭാഗഭാക്കുക ളായി ഇടവക സമൂഹത്തെ വിശ്വാസജീവിതത്തിൽ പരിപോഷിപ്പിക്കുന്ന വരാണ്.

കുട്ടികളെ വേദോപദേശം പഠിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്ന തിനും ഇടവകയുടെ വേദോപദേശക്ലാസുകളിൽ പറഞ്ഞയയ്ക്കുന്നതിനും രക്ഷാകർത്താക്കൾക്ക് ഗൗരവമായ ചുമതലയുണ്ട്. വേദോപദേശക്ലാസു കളിൽ വിശകലനം ചെയ്യുന്ന ക്രിസ്തീയ വിശ്വാസസത്യങ്ങൾ പഠിച്ച് അടി സ്ഥാനതത്ത്വങ്ങളിൽ അടിയുറയ്ക്കുകയും വേണം. വേദോപദേശകർ പകർന്നും, പറഞ്ഞും കൊടുക്കുന്നവ കുട്ടികളെ വിശ്വാസജീവിതത്തിൽ ഉറപ്പിക്കുന്നവയാകണം. പഠിച്ചവയുടെ ആവർത്തിച്ചുള്ള പരിശീലനത്തി

www.malankaralibrary.com

ലൂടെ ശീലങ്ങളും, ശീലങ്ങളുടെ ആവർത്തനത്തിലൂടെ മനോഭാവരൂപീ കരണങ്ങളും, ജീവിത ശൈലികളും ഉടലെടുക്കുന്നു. വിശ്വാസത്തെക്കുറിച്ചുള്ള പഠനത്തിലൂടെ ആഴമായ അറിവും പരിശീലനത്തിലൂടെ മനോഭാവ വ്യതിയാനവും ശീലങ്ങളുടെ ആവർത്തനത്തിലൂടെ തഴക്കവും, പഴക്കവും, പക്വതയും കൈവരിക്കുന്നതിന് നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. പുതിയ മനുഷ്യനായ ക്രിസ്തുവിൻെറ ജീവിതം ഓരോ മനുഷ്യനിലും ഉള വാക്കുകയും വളർന്ന് വികസിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഒരുവനിൽ ക്രൈസ്തവ ജീവിതം ഫലപ്രദമായി പ്രത്യക്ഷപ്പെടൂ. അതുകൊണ്ട്,വേദോപദേശം കേവലം പഠിക്കുവാൻ മാത്രമുള്ളതല്ല സർവ്വോപരി ജീവിക്കുവാനും അനുഷ്ഠിക്കുവാനുമുള്ളതത്രെ, ക്രിസ്തീയവിശ്വാസം എന്ന നിലയിൽ ഈ ശുശ്രൂഷ നാം നടത്തേണ്ടതാണ്.

www.malankaralibrary.com

# 18

# മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനം

**റവ. ഫാ. ഫിലിപ്പ് പുത്തൻകണ്ടത്തിൽ**

ക്രിസ്തുശിഷ്യനായ തോമാശ്ലീഹായിൽനിന്നും വിശ്വാസം ഏറ്റുവാങ്ങി റോമിലെ അപ്പസ്തോലിക സിംഹാസനവുമായി ഐക്യം നിലനിർത്തി, സാർവത്രിക സഭയിലെ ഒരു പ്രത്യേക സഭയായി ഇന്നും നിലകൊള്ളുകയും അകത്തോലിക്കരുടെ ഇടയിൽ പുനരൈക്യത്തിന്റെ വീഥി വെട്ടിത്തുറക്കുകയും അക്രൈസ്തവരുടെ ഇടയിൽ സുവിശേഷവെളിച്ചം പരത്തുകയും ചെയ്യുന്ന ദൈവജനസമൂഹമാണ് മലങ്കരസഭ. മലങ്കര സഭയിന്ന് വളർച്ചയുടെ പാതയിലാണ്. ദിവ്യരക്ഷകനായ യേശു സംവിധാനം ചെയ്ത 'ഒരു ഇടയനും ഒരു തൊഴുത്തും' എന്ന ലക്ഷ്യത്തിലേക്ക് നടന്നടുക്കുന്നതിനും ക്രിസ്തുവിന്റെ ജീവനും ചൈതന്യവും പ്രാപിക്കുന്നതിനും മലങ്കരസഭാമക്കൾ നിരന്തരമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുത മൂന്നാം സഹസ്രാബ്ദത്തിലേക്കു പ്രവേശിക്കുന്ന ഈ അവസരത്തിൽ ആശാവഹമായ സംഗതിയാണ്. M.C.Y.M -ന്റെ രൂപീകരണവും ലക്ഷ്യങ്ങളും മലങ്കര കത്തോലിക്കാസഭയിലെ യുവജനങ്ങളെ സംഘടിപ്പിക്കുന്നതിനും കൂട്ടായ്മയുടെ ജീവിതാനുഭവങ്ങളിലും സംഘടനാത്മകമായ പ്രവർത്തനശൈലി പരിശീലിപ്പിക്കുന്നതിനും വേണ്ടിയാണ് മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനം (എം.സി.വൈ.എം) കരുപ്പിടിപ്പിച്ചിരിക്കുന്നത്. തിരുസഭയുടെ, പ്രത്യേകിച്ച് മലങ്കര കത്തോലിക്കാസഭയുടെ ദൈവദത്തമായ ദൗത്യം യുവജനങ്ങളിലൂടെ നിറവേറ്റുകയെന്നതാണ് പ്രസ്ഥാനത്തിന്റെ പരമോന്നതമായ ലക്ഷ്യം. പിതാവായ ദൈവം തന്റെ ഏകജാതനായ യേശുക്രിസ്തുവിലൂടെ നിർവഹിച്ചതും പരിശുദ്ധാത്മാവിലൂടെ പൂർത്തിയാക്കുന്നതുമായ രക്ഷയുടെ ദൈവിക വ്യാപാരങ്ങൾ

www.malankaralibrary.com

തൻെറ സഭയിലൂടെ നിവർത്തിക്കുമ്പോൾ, സഭയിലെ ജീവൻ തുടിക്കുന്ന യുവജനങ്ങൾ ഒന്നുചേർന്ന് സജീവമായി ദൈവികപദ്ധതിയിൽ ഉൾച്ചേരുകയും ആ പുണ്യകർമ്മത്തോട് സമ്പൂർണമായി സഹകരിക്കുകയും ചെയ്തുകൊണ്ട് ദൈവികരക്ഷയുടെ സന്ദേശവും സൽഫലങ്ങളും മനുഷ്യസമൂഹത്തിന് സാർവത്രികമായി സംലഭ്യമാക്കുന്നതിനുള്ള സമ്പൂർണസമർപ്പണമാണ് ഈ പ്രസ്ഥാനത്തിലൂടെ യുവജനങ്ങൾ കൈവരിക്കുന്നത്. ഈ മഹോന്നതമായ ആദർശലക്ഷ്യമാണ് മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനത്തിൻെറ പ്രത്യേകത. യുവജനങ്ങളെ സഭാതലത്തിൽ ഒന്നിപ്പിക്കുന്നതും മുന്നോട്ടു നയിക്കുന്നതും ഉദ്ധരിക്കുന്നതും ഈ ദർശനമാണ്.

## എം. സി. വൈ. എം.- സഭാത്മക പ്രസ്ഥാനം

മലങ്കര കത്തോലിക്കാ യുവജനസംഘടന മറ്റേതു സംഘടനകളേക്കാളും സഭാത്മകമാണ്. സഭയുടെ അസ്തിത്വത്തിലും വ്യക്തിത്വത്തിലും അലിഞ്ഞുചേർന്നു നില്ക്കുന്ന ഒന്നാണിത്. അതുകൊണ്ട് സഭയുടെ ലക്ഷ്യങ്ങൾ തന്നെയാണ് സംഘടനയുടെയും പരമപ്രധാനമായ ലക്ഷ്യങ്ങൾ. മലങ്കര കത്തോലിക്കാസഭയുടെ പിറവി നല്കുന്ന പുനരൈക്യ ദൗത്യവും സാർവത്രിക സഭയുടെ ലക്ഷ്യങ്ങളും സമ്മിശ്രമായി സമ്മേളിക്കുന്ന ദർശനമാണ് യുവജനപ്രസ്ഥാനത്തിൻെറ ദർശനം. ക്രിസ്തുനാഥനിൽ പ്രത്യക്ഷമായ രക്ഷാകരപദ്ധതി തുടർന്നുകൊണ്ടുപോവുക എന്ന ലക്ഷ്യത്തിലൂന്നി വിമോചനവും വികസനവും സമൂഹത്തിൽ പ്രാവർത്തികമാക്കുക എന്നതാണ് ഈ ദർശനത്തിൻെറ അടിസ്ഥാന ഘടകം.

## യുവജനപ്രസ്ഥാനവും പ്രത്യേക ദൗത്യങ്ങളും

യേശുക്രിസ്തുവിനെ അറിഞ്ഞ് സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും യുവജനങ്ങൾ കടപ്പെട്ടിരിക്കുന്നു. സാമൂഹ്യപ്രശ്നങ്ങൾക്ക് പുത്തൻമാനങ്ങളും പരിഹാരങ്ങളും കാണുന്നതോടൊപ്പം മലങ്കരസഭയുടെ പ്രധാന ദൗത്യങ്ങളിലൊന്നായ പുനരൈക്യശ്രമങ്ങളിൽ നിർണായക ഘടകമാകാൻ നമ്മുടെ യുവജനങ്ങൾക്ക് സാധിക്കണം. യുവജനങ്ങൾ സാധ്യമായ രീതിയിലെല്ലാം അകത്തോലിക്കാ സഹോദരങ്ങളോട് സ്നേഹപൂർണമായ സംസർഗത്തിലും സംവാദത്തിലും ഏർപ്പെടുമ്പോൾ, ഇത്തരത്തിലുള്ള വിശാലമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുമ്പോൾ പുനരൈക്യത്തിന് വേദിയൊരുക്കുവാൻ സാധിക്കും. മലങ്കര കത്തോലിക്കാസഭയെ നാലു രൂപതകളുടെ തലത്തിൽനിന്ന് നോക്കാതെ

www.malankaralibrary.com

ഒരു സമൂഹമായിക്കണ്ട് വളർത്താൻ ഏറെ സാധിക്കുന്നത് യുവജന പ്രസ്ഥാനത്തിനാണ്. രൂപതകളുടെ പരിധിയിൽനിന്ന് സഭയുടെ വിശാലമായ തലങ്ങളിലേക്ക് വളരുവാൻ എ.സി.വൈ.എം ന് കിട്ടുന്ന ഏറ്റം വലിയ സാഹചര്യമാണ് സഭാതലത്തിലുള്ള സംഘടനയുടെ രൂപീകരണം. ഈ സത്യം മനസിലാക്കി പ്രവർത്തിക്കുവാൻ യുവജനങ്ങൾ കൂടുതലായി ഉത്സുകരാകേണ്ടതുണ്ട്.

ഭാരതത്തിൻെറ സുവിശേഷവത്കരണത്തിൽ യുവജനങ്ങൾക്കുള്ള പങ്ക് നിർണായകമാണ്. നമ്മുടെ യുവജനങ്ങൾ തങ്ങളുടെ ജീവിത പശ്ചാത്തലങ്ങളിലൂടെയും പ്രവർത്തനമണ്ഡലങ്ങളിലൂടെയും ക്രിസ്തുവിനെ അക്രൈസ്തവരുടെ ഇടയിൽ നല്കാൻ തയ്യാറാകണം. ക്രൈസ്തവ, ധാർമ്മിക, മാനുഷിക മൂല്യങ്ങൾക്കെല്ലാം ഇന്ന് വിലയിടിവ് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. മാധ്യമങ്ങളുടെ തെറ്റായ ആവിഷ്കരണവും അതിൻെറ ആകർഷകത്വവും യുവജനങ്ങളെ മാത്രമല്ല സമൂഹത്തെ മുഴുവനും നാശത്തിലേക്ക് നയിക്കാൻ പ്രാപ്തിയുള്ളതാണ്. ഇതിനെല്ലാം അപവാദമായി നിലകൊള്ളുവാൻ ആദർശധീരതയുള്ള, മൂല്യങ്ങളിൽ വളരുന്ന യുവജന സഭ ഉണരണം. മാധ്യമങ്ങൾ ഇന്ന് മനുഷ്യനെ തെറ്റിലേക്കു നയിക്കുന്നു എന്നതിനെക്കാൾ ഈ മാധ്യമങ്ങളെ മനുഷ്യൻ മോശമാക്കുന്നു എന്നതാണ് സത്യം. വ്യക്തികളിൽ കുമിഞ്ഞുകൂടിയിരിക്കുന്ന അധാർമ്മികതയും അസാന്മാർഗികതയുമാണ് മാധ്യമങ്ങളിലൂടെ പുറത്തുവരുന്നത്. മാധ്യമങ്ങളെ പഴിക്കുന്നതിന് പകരം അവയെ നശിപ്പിക്കുന്നവരുടെ ശുദ്ധീകരണമാണ് നടക്കേണ്ടത്. ധർമ്മം ഉപദേശിക്കുന്നവരുടെ ഇടയിലെ അധർമ്മവും, നീതിനിർവഹിക്കേണ്ടുന്നവരുടെ ഇടയിലെ അനീതിയും, നേതൃത്വം നല്കുന്നവരുടെ ഇടയിലെ ലക്ഷ്യബോധമില്ലായ്മയും സൃഷ്ടിക്കുന്ന ശൂന്യത ഇന്ന് സമൂഹത്തെ കാർന്നുതിന്നുകയാണ്. തൊഴിലില്ലായ്മ, സാമ്പത്തികപരാധീനതകൾ, കുടുംബഭാരങ്ങൾ, പാരമ്പര്യങ്ങളുടെ കെട്ടുപാടുകൾ തുടങ്ങിയവയും മനസിൽ നിറഞ്ഞുനില്ക്കുന്ന ശൂന്യതയും യുവജനങ്ങളെ വൃണപ്പെടുത്തുന്ന വസ്തുതകളാണ്.

## യുവജനങ്ങളെ വളർത്താം....

പുത്തൻ തലമുറയുടെ അവസ്ഥ എന്തെന്ന് സമൂഹം മനസിലാക്കേണ്ടത് അത്യാവശ്യമാണ്. കാരണം, സമൂഹത്തിൻെറ ഭാവി സമർപ്പിതമായിരിക്കുന്നത് പുതിയ തലമുറയിലാകുന്നു. പുതിയ സമൂഹത്തിൻെറ സൃഷ്ടിയും സ്വഭാവനിർണയവും സമൂഹത്തെ ആശ്രയിച്ചിരിക്കുന്നു. തന

www.malankaralibrary.com

തായ വ്യക്തിത്വവും ആശയാദർശങ്ങളും വിജ്ഞാന നൈപുണ്യവും പക്വതയുമുള്ള വ്യക്തികളായി നമ്മുടെ യുവജനങ്ങൾ വളരണം. വേദനിപ്പിക്കുന്ന അനുഭവങ്ങളിലും പരാജയപ്പെട്ടേക്കാവുന്ന വിമർശനങ്ങളിലും പതറാതെ ആത്മനിയന്ത്രണവും മനോനിയന്ത്രണവും പാലിച്ച് മുന്നേറണം. ഇതിനായി യുവജനങ്ങളെ, പഴിച്ച് തള്ളിക്കളയാതെ വളർത്തുവാൻ നമ്മുടെ സമൂഹം തയ്യാറാകണം. സ്വന്തം വ്യക്തിത്വത്തിൽ അഭിമാനവും കഴിവുകളിൽ വിശ്വാസവും ആദർശങ്ങളിൽ വിശ്വസ്തതയും വളർത്തിയെടുക്കണം. കഠിനാദ്ധ്വാനത്തിലൂടെയും കർമ്മധീരതയിലൂടെയും ശുഭാപ്തി വിശ്വാസത്തിലൂടെയും യുവജനങ്ങൾ വളർന്നുവരണം. ഇതിനുള്ള അവസരങ്ങളും സാധ്യതകളും MCYM സൃഷ്ടിച്ചെടുക്കേണ്ടതായിട്ടുണ്ട്.

## യുവജനങ്ങൾ നവസമൂഹസൃഷ്ടികർത്താക്കൾ

MCYM യുവജനപ്രസ്ഥാനമാണെന്ന് പറയുന്നതിലുപരി ഇത് യുവജന സഭയാണ്. മലങ്കരസഭയുടെ ആഗോളകത്തോലിക്കാ സഭയ്ക്ക് ജീവൻ നല്കുന്ന പ്രസ്ഥാനമാണ് MCYM. ആധ്യാത്മിക പ്രസ്ഥാനമായ MCYM മനുഷ്യമനസുകളിൽ അന്തർലീനമായിരിക്കുന്ന ആധ്യാത്മികതയെ പരിപോഷിപ്പിക്കുന്ന ഒന്നായി മാറണം. അതിരുകളില്ലാത്ത ക്രൈസ്തവ സ്നേഹത്തിൻെറയും മാനവികതയുടെയും വക്താക്കളായി മാറേണ്ടവരായ ഈ പ്രസ്ഥാനത്തിലെ അംഗങ്ങൾ ആരാധനാജീവിതം കൊണ്ടും ധ്യാനമാനങ്ങൾകൊണ്ടും വ്യക്തിജീവിതത്തെ സ്ഫുടം ചെയ്യേണ്ടതാണ്.

രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രിയിൽ പറയുന്നതുപോലെ, വൈദികർക്കും സന്ന്യസ്തർക്കും കടന്നുചെല്ലാൻ കഴിയാത്ത മേഖലകളിൽ സഭയുടെ അന്തസ്സ് കാത്തുസൂക്ഷിച്ച് രക്ഷാകരപദ്ധതി പൂർത്തിയാക്കാൻ സഭയോടൊത്ത് പ്രവർത്തിക്കാനുള്ള ദൗത്യം MCYM ൻെറ സുപ്രധാന ധർമ്മമാണ്. ഭൗതിക മണ്ഡലത്തിൻെറ ക്രൈസ്തവവൽക്കരണം MCYM ൻെറ സുപ്രധാന കടമയാണ്.

ആധുനിക ലോകത്തിൻെറ സംസ്കാരവും കണ്ടുപിടിത്തങ്ങളും മനുഷ്യനെ സഹായിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. എന്നാൽ ആധുനിക മനുഷ്യൻ സ്വാർത്ഥതപൂണ്ട് സ്വന്തം ജീവിതത്തെ സംരക്ഷിക്കുവാൻ വെമ്പൽ കൊള്ളുകയാണ്. ഈ സ്വാർത്ഥതയുടെ സംസ്കാരത്തിൽനിന്ന് നിസ്വാർത്ഥതയുടെ സംസ്കാരത്തിലേക്ക് സമൂഹത്തെ നയിക്കേണ്ടത് യുവജനങ്ങളാണ്.

www.malankaralibrary.com

## യുവജനങ്ങൾ നാളെയുടെ പ്രതീക്ഷകൾ

സഭയുടേയും സമൂഹത്തിൻേറയും പ്രതീക്ഷകൾ പൂവണിയുന്നത് യഥാർത്ഥത്തിൽ യുവജനങ്ങളിലൂടെയാണ്. നാളെയുടെ വക്താക്കളായ യുവജനങ്ങളെ ഉത്തമപൗരന്മാരാക്കുന്നതിൽ സഭയുടേയും സമൂഹത്തിൻേറയും സ്ഥാനം ഏറെ പ്രധാനപ്പെട്ടതാണ്.ദൈവത്തോടും സഭയോടുമുള്ള ആഭിമുഖ്യങ്ങൾ ഇന്ന് യുവജനങ്ങളിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ആരെയും പഴിചാരാതെ എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നതെന്ന് സഭാനേതൃത്വം കണ്ടുപിടിക്കണം. സഭ കാലികമായി ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനും താമസിച്ചുകൂടാ. ഇന്നലെത്തെ യുവതലമുറ ഇന്നത്തെ മുതിർന്നവരാണ്. ഇന്നത്തെ യുവതലമുറയ്ക്ക് ചരിത്രം സൃഷ്ടിക്കാനുള്ള ഉപകരണങ്ങളാണ് യുവജനങ്ങൾ. ഇന്ന് യുവജനങ്ങളായിരിക്കുന്നവരുടെ ചരിത്രം സൃഷ്ടിക്കുന്നത് പിന്നാലെ വരുന്ന യുവജനങ്ങളിലൂടെയാണ്. അടുത്ത തലമുറയെ സ്വാധീനിക്കുന്ന ആശയങ്ങളും മാതൃകകളും ഇന്നത്തെ യുവജനങ്ങളുടേതാണ്. നാം അടുത്ത തലമുറയ്ക്ക് കൈമാറുന്ന ദീപശിഖയിൽ അവർക്കായി എരിഞ്ഞ് പ്രകാശമാകേണ്ടത് നമ്മുടെ ജീവിതത്തിൻെറ ഉത്കൃഷ്ട ഭാവങ്ങളും ദർശനങ്ങളുമായിരിക്കണം. അതിനുവേണ്ടി ഇന്നലെകളിൽ നിന്നും നന്മ ഉൾക്കൊണ്ട് ആ കാലഘട്ടം ഏല്പിച്ചിരിക്കുന്ന ദൗത്യം ഉത്തരവാദിത്വത്തോടുകൂടി നിർവഹിക്കേണ്ടതുണ്ട്. അതിലൂടെ മാത്രമേ ചരിത്രസൃഷ്ടിക്കുള്ള ഉപാധികളാകാൻ സാധിക്കൂ. നാളെ ഉത്കൃഷ്ട ആശയങ്ങളുടെ ഉറവിടങ്ങളായും മാതൃകകളായും വരുംതലമുറയെ സ്വാധീനിച്ച് നാളെയുടെ ചരിത്രം സൃഷ്ടിക്കാം. നാളെയുടെ വാഗ്ദാനങ്ങളായി യുവജനങ്ങൾ വളർന്നുവരേണ്ടത് ഇന്നിൻെറ ആവശ്യമാണ്.

പുത്തൻ നൂറ്റാണ്ടിനെ വരവേൽക്കാനായി ഒരുങ്ങുന്ന ഈ അവസരത്തിൽ, യുവജനങ്ങളോട് പരി.പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: "ഓരോ മനുഷ്യൻേറയും ജീവിതത്തിലെ മർമ്മപ്രധാനമായ കാലഘട്ടമാണ് യുവത്വം. യുവജനങ്ങളെ നിങ്ങളിലാണ് പ്രസ്തുത യുവത്വം നിലകൊള്ളുന്നത്. രാഷ്ട്രങ്ങളുടേയും സമുദായത്തിൻേറയും ഓരോ കുടുംബത്തിൻേറയും യുവത്വം നിങ്ങളാണ്. നിങ്ങൾ തന്നെയാണ് സഭയുടെ യുവത്വവും. ഞങ്ങൾ, നിങ്ങൾമൂലം ഒരു വിധത്തിൽ നിരന്തരം ചെറുപ്പക്കാരായിത്തീരുന്നു". രണ്ടാം വത്തിക്കാൻ കൗൺസിൽ യുവജനങ്ങളോട് ആഹ്വാനം ചെയ്യുന്നു: "ചരിത്രം കണ്ടിട്ടു

www.malankaralibrary.com

ള്ളതിൽ വച്ചേറ്റവും വലിയ പരിവർത്തനത്തിൻെറ യുഗത്തിൽ ജീവിക്കേണ്ടവർ നിങ്ങളാണ്. നിങ്ങളുടെ മാതാപിതാക്കളിൽനിന്നും ഗുരുഭൂതരിൽ നിന്നും നല്ലതായിട്ടുള്ളതുമാത്രം കണ്ടുപഠിച്ച് നാളത്തെ ലോകത്തെ രൂപപ്പെടുത്തേണ്ടവർ നിങ്ങളാണ്. ഒന്നുകിൽ നിങ്ങൾ നിങ്ങളെത്തന്നെ രക്ഷിക്കും. അല്ലെങ്കിൽ നിങ്ങളും നാളെത്തെ സമൂഹവും ഒന്നിച്ച് നശിക്കും". നശിപ്പിക്കുന്ന,കൊന്നൊടുക്കുന്ന, ഇല്ലായ്മചെയ്യുന്ന, തുടച്ചുനീക്കുന്ന സംസ്കാരമല്ല; വാർത്തെടുക്കുന്ന, ജീവിപ്പിക്കുന്ന, സ്നേഹിക്കുന്ന ഒരു സംസ്കാരമാകട്ടെ അടുത്ത നൂറ്റാണ്ടിലെ യുവജന സംസ്കാരം.

www.malankaralibrary.com

# 19

# മലങ്കര കാത്തലിക് അസോസിയേഷൻ

റവ. ഫാ. വർഗീസ് മാവേലിൽ

സഭയിലും സമൂഹത്തിലും സംഘടനകളുടെ പങ്ക് ഏറ്റം പ്രധാനപ്പെട്ടതാണ്. ഒറ്റപ്പെട്ട പ്രവർത്തനങ്ങളെക്കാൾ ഫലപ്രദമാണ് സംഘാതമായ പ്രവർത്തനങ്ങൾ എന്ന വസ്തുതയ്ക്ക് ചരിത്രം തന്നെ സാക്ഷ്യം വഹിക്കുന്നു. സംഘാതമായ പ്രവർത്തനത്തിൻെറ ആവശ്യകത മനസിലാക്കി, മലങ്കര കത്തോലിക്കാസഭയിലെ അല്മായരുടെ ഉന്നമനത്തിനുവേണ്ടി രൂപംകൊടുത്തിരിക്കുന്ന സംഘടനയാണ് മലങ്കര കാത്തലിക് അസോസിയേഷൻ(എം.സി.എ).

ഭൂമിയുടെ ഉപ്പും ലോകത്തിൻെറ പ്രകാശവുമായിരിക്കേണ്ട അല്മായന് നിഷ്ക്രിയനായിരിക്കാനോ, നിസ്സംഗത പാലിക്കാനോ സാധിക്കുകയില്ല. സമൂഹത്തിൻെറ സർവതോന്മുഖമായ വളർച്ചയ്ക്കും വികസനത്തിനുംവേണ്ടി അല്മായർ ഇന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സഭാസമൂഹത്തോടും വിശാലമായ മനുഷ്യസമൂഹത്തോടുമുള്ള പ്രതിബദ്ധത പ്രകടമാകുന്നത് ജീവിതത്തിൻെറ എല്ലാ തലങ്ങളിലും അല്മായർ പ്രവർത്തനനിരതരാകുമ്പോഴാണ്. സഭാവിരുദ്ധമല്ലാതെ ഒരു തലവും അല്മായർക്ക് നിഷിദ്ധമല്ല. ഇവിടെയാണ് അല്മായ സംഘടനയുടെ പ്രസക്തി.

1930-ൽ സമാരംഭിച്ച പുനരൈക്യപ്രസ്ഥാനത്തിൻെറ ആദ്യകാലഘട്ടം യാതനകൾ നിറഞ്ഞതായിരുന്നു. കത്തോലിക്കാ വിശ്വാസത്തിനെതിരായി കുപ്രചരണങ്ങളും അപവാദങ്ങളും ആസൂത്രിതമായി സഭാവിരോധികൾ നടത്തിക്കൊണ്ട് പുതിയ സമൂഹത്തെ മുളയിൽത്തന്നെ നുള്ളിക്കളയുവാൻ പരിശ്രമിച്ചു. ഇപ്രകാരമുള്ള പ്രതിസന്ധികളെ ഫലപ്രദമായി നേരിടുന്നതിന് അല്മായർ സംഘടിതമായി അഭിവന്ദ്യപിതാക്കന്മാരുടെ പിന്നിൽ അണിനിരന്നു. ഏതു ത്യാഗത്തിനും അവർ തയ്യാറായി.

www.malankaralibrary.com

സഭയ്ക്കുവേണ്ടി സഹിക്കുന്നതിൽ സന്തോഷം കണ്ടെത്തി. കത്തോലിക്കാവിശ്വാസം പഠിച്ചും പഠിപ്പിച്ചും ഇതര സഭാവിഭാഗങ്ങളുമായി ഫലപ്രദമായ വിധത്തിൽ സംവാദത്തിൽ ഏർപ്പെടാനും അല്മായർ പരിശ്രമിച്ചു. അല്മായപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുവേണ്ടി 'കാത്തലിക് ഗിൽഡ്' എന്ന ഒരു സംഘടന ആദ്യകാലങ്ങളിൽ തന്നെ രൂപീകരിച്ചു.

എന്നാൽ ഒരു വ്യക്തിഗത സഭയെന്ന നിലയിൽ മലങ്കരസഭയ്ക്ക് തനതായ ഒരു അല്മായ സംഘടന ആവശ്യമാണെന്ന് നമ്മുടെ പിതാക്കന്മാരും അല്മായ നേതാക്കളും മനസിലാക്കി. തൽഫലമായി 1989-ൽ നിരണത്തുവച്ച് നടത്തപ്പെട്ട പുനരൈക്യവാർഷികവേളയിൽ 'മലങ്കര കാത്തലിക് അസോസിയേഷന്' ഔദ്യോഗികമായി രൂപംകൊടുത്തു. പലതരത്തിലുള്ള കാരണങ്ങൾകൊണ്ട് സംഘടനയുടെ പ്രവർത്തനം സജീവമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചില്ല. അല്മായ സംഘടനയെ സുശക്തമാക്കുക എന്ന ലക്ഷ്യത്തോടെ 1996 മാർച്ച് 9-ാം തീയതി ഭദ്രാസനങ്ങളിൽ നിന്നുള്ള അല്മായ പ്രതിനിധികൾ അഭിവന്ദ്യപിതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ തിരുവല്ലായിൽ സമ്മേളിച്ച് സഭാതലത്തിലുള്ള അഡ്ഹോക് കമ്മിറ്റി രൂപീകരിച്ചു. തുടർന്ന് ഭദ്രാസന തലങ്ങളിലും അസോസിയേഷന്റെ അഡ്ഹോക് സമിതികൾക്ക് രൂപംകൊടുത്തു. 1999 ജനുവരി 26-ാം തീയതി സംഘടനയുടെ നിയമാവലി നിലവിൽവന്നു. ഇതോടെ മലങ്കര കാത്തലിക് അസോസിയേഷൻ വ്യക്തവും ശക്തവുമായ ആദർശങ്ങളോടെ പുതിയ പ്രവർത്തനമേഖലകളിലേക്ക് പ്രവേശിച്ചു.

മലങ്കര കത്തോലിക്കാസഭയിൽ അല്മായരുടെ ദൗത്യം അല്മായ സംഘടനയുടെ പ്രാധാന്യം എന്നിവയെക്കുറിച്ച് 19-3-96 ൽ അഭിവന്ദ്യ-സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ പുറപ്പെടുവിച്ച കല്പനയിലെ ഏതാനും ഭാഗം ശ്രദ്ധേയമാണ്: "രക്ഷാകരദൗത്യം അനുസ്യൂതം തുടരുന്നതിനുള്ള ചുമതല യേശുക്രിസ്തു സഭയെയാണ് ഏല്പിച്ചിരിക്കുന്നത്. രക്ഷാകരദൗത്യത്തിലുള്ള ഭാഗഭാഗിത്വം സഭാമക്കൾ ഏവരുടെയും ഉത്തരവാദിത്വവും അവകാശവുമാണ്. സഭാമക്കൾ ഒത്തൊരുമിച്ച് പ്രവർത്തിക്കുമ്പോഴാണ് വിവിധ അവയവങ്ങളാലെന്നപോലെ സഭാഗാത്രം പരിപുഷ്ടമാകുക. സഭ മിശിഹായുടെ ശരീരമാണെന്ന് വി.പൗലോസ് അപ്പസ്തോലൻ പഠിപ്പിക്കുന്നു. "നമുക്ക് ശരീരത്തിൽ അനേകം അവയവങ്ങൾ ഉണ്ടല്ലോ. എല്ലാ അവയവങ്ങൾക്കും ഒരേ ധർ

www.malankaralibrary.com

മ്മമല്ല. അതുപോലെ നാം പലരാണെങ്കിലും ക്രിസ്തുവിൽ ഏക ശരീരമാണ്. എല്ലാവരും ബന്ധപ്പെട്ട അവയവങ്ങളുമാണ്"(റോമ. 12:4-5). ശരീരത്തിലെ ഓരോ അവയവവും വ്യത്യസ്തങ്ങളായ പങ്കുനിറവേറ്റുന്നുവെങ്കിലും ഓരോന്നിനും അതിൻേറതായ പ്രാധാന്യമാണുള്ളത്. എല്ലാ അവയവങ്ങളും ഒരുമിച്ച് പ്രവർത്തിച്ചുവെങ്കിലേ മനുഷ്യശരീരം സമഗ്രമായി വളരുകയും ദൃഢമായി മുന്നേറുകയും ചെയ്യുകയുള്ളു.

എന്നാൽ ഈ സത്യം പലപ്പോഴും വിസ്മരിക്കപ്പെടാറുണ്ട്. കാരണം സഭാഗാത്രത്തിൽ അല്മായ സഹോദരങ്ങൾക്കുള്ള സ്ഥാനവും മഹിമയും വേണ്ടവിധം മനസിലാക്കപ്പെടുകയോ പ്രായോഗിക ജീവിതത്തിൽ ശ്രദ്ധിക്കപ്പെടുകയോ ചെയ്തിട്ടില്ല. ക്രിസ്തുവിൻെറ പൗരോഹിത്യത്തിലും രാജത്വത്തിലും പ്രവാചകത്വത്തിലും പങ്കുകാരായ അല്മായർ സഭാ ജീവിതത്തിലും പ്രവർത്തനത്തിലും സജീവമായ പങ്കുവഹിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ വ്യക്തമായി ആഹ്വാനം ചെയ്തിട്ടുണ്ട്. അതിൻെറ വെളിച്ചത്തിൽ സഭാജീവിതത്തിൽ അല്മായ പങ്കാളിത്തം ഉറപ്പിക്കുന്നതിനായി പല പരിശ്രമങ്ങളും നടത്തുന്നുണ്ട്. നമ്മുടെ എല്ലാ ഭദ്രാസനങ്ങളിലും അല്മായ സഹോദരങ്ങളും വൈദികരും രൂപതാദ്ധ്യക്ഷൻെറ അദ്ധ്യക്ഷതയിൽ കൂടുന്ന പാസ്റ്ററൽ കൗൺസിലുകൾ സ്ഥാപിതമായിട്ടുണ്ട്. അവ സജീവമായി പ്രവർത്തിച്ചുവരുന്നു. എന്നാൽ ഒരു വ്യക്തിഗത സഭയായ മലങ്കര കത്തോലിക്കാസഭയ്ക്ക് ഭദ്രാസന തലങ്ങളിൽ മാത്രമല്ല സഭാതലത്തിലും അല്മായ സഹോദരങ്ങളുടെ പൊതുസഹകരണവേദി അത്യന്താപേക്ഷിതമാണ്. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പാരമ്പര്യപ്രകാരം പ്രേഷിതശുശ്രൂഷയിലും സഭാപ്രവർത്തനങ്ങളിലും അല്മായർക്കു സജീവ പങ്കാളിത്തവും ഉത്തരവാദിത്വവും ഉണ്ടെന്നുള്ളത് നാം ഓർമ്മിക്കുക. മേലദ്ധ്യക്ഷന്മാരും വൈദികരും അല്മായ സഹോദരങ്ങളും വ്യത്യസ്തങ്ങളായ ദൈവവിളികളെ ഗൗരവമായി ഉൾക്കൊണ്ട് ഒരു ശരീരവും ഒരാത്മാവുമായി പ്രേഷിതദൗത്യം നിർവഹിക്കുന്ന ഒരു സഭയായി മലങ്കര കത്തോലിക്കാസഭ സാക്ഷ്യം നല്കണം..... പുനരൈക്യപരിശ്രമങ്ങളുടെയും സഭൈക്യപ്രവർത്തനങ്ങളുടെയും വിജയത്തിനായി, ഇതര സഭകളിലുള്ള അല്മായ സഹോദരങ്ങളുമായും സ്നേഹവും ഐക്യവും സ്ഥാപിക്കുവാനും അല്മായ അസോസിയേഷന് കഴിയുമെന്ന് പ്രത്യാശിക്കുന്നു. എല്ലാറ്റിലുമുപരി, കർത്താവായ യേശുക്രിസ്തുവിലൂടെ നമുക്കു കൈവന്ന രക്ഷയുടെ പാതയിലേക്ക് മനുഷ്യസമൂഹത്തെ നയിക്കുന്നതിനും സ്വർഗീയ ജീവിതത്തിലും ദൈവസ്നേഹത്തിലും പങ്കുചേർ

www.malankaralibrary.com

ക്കുന്നതിനും നമ്മുടെ അല്മായ സമൂഹത്തിൻെറ സംഘാതവും സംഘടിതവുമായ പ്രവർത്തനങ്ങൾ ഉപകരിക്കണം.

മഹാജൂബിലിയുടെ ഒരുക്കത്തിനായുള്ള കാഹളധ്വനി സഭയിലുട നീളം മുഴങ്ങികഴിഞ്ഞു "കർത്താവിന് സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കുവാൻ അവൻ എന്നെ അയച്ചിരിക്കുന്നു"(ലൂക്കാ 4:19). അല്മായ സമൂഹം ഉണരേണ്ട സമയമാണിത്. അല്മായർക്ക് തങ്ങളുടെ പദവിയെയും പങ്കിനെയും കുറിച്ച് വ്യക്തമായ ദർശനം ഉണ്ടാകണം. സഭൈക്യത്തിൻെറ വക്താക്കളാകുക, സർവജനങ്ങളോടും സുവിശേഷം അറിയിക്കുക, ബന്ധിതർക്ക് വിമോചനവും അടിച്ചമർത്തപ്പെട്ടവരുടെയും നീതി നിഷേധിക്കപ്പെട്ടവരുടെയും പക്ഷം ചേരുക തുടങ്ങിയവ ഇന്ന് അല്മായരുടെ പ്രവർത്തനപന്ഥാവുകളാകണം. 51-ാം സങ്കീർത്തനത്തിൽ ദാവീദ് ഇപ്രകാരം പ്രാർത്ഥിക്കുന്നു: "ജറുശലേമിൻെറ മതിലുകൾ പണിയണമെ"; അതെ, സഭയെ ശക്തിപ്പെടുത്തുന്ന അല്മായ നിരയാകണം എം.സി.എ. "ദേശത്തെമ്പാടും നിങ്ങൾ കാഹളം മുഴക്കണം. ദേശമാസകലം സമസ്ത നിവാസികൾക്കും സ്വാതന്ത്ര്യം പ്രഖ്യാപിക്കണം"(ലേവ്യ. 25:10). വരുംനൂറ്റാണ്ടുകളിലെ മാറിവരുന്ന സാഹചര്യങ്ങളിൽ കാലഹരണപ്പെടാതെ സഭ തിളങ്ങിശോഭിക്കേണ്ടിയിരിക്കുന്നു. ഓരോ മലങ്കര കത്തോലിക്കനും കാലത്തിൻെറ ചുവരെഴുത്തു മനസിലാക്കി, ദൈവദത്തമായി ലഭിച്ചിരിക്കുന്ന വിളിക്കനുസരിച്ച് ഉണർന്ന് പ്രവർത്തിക്കേണ്ട സമയം വന്നെത്തിയിരിക്കുന്നു. സംഘാതശക്തി സമൂഹനന്മയ്ക്ക്.

www.malankaralibrary.com

# 20

# കുടുംബ പ്രേഷിതരംഗം

റവ. ഫാ. മാത്യു കണ്ടത്തിൽ

മാനുഷികമാനങ്ങൾക്കതീതമായി, നിലകൊള്ളുന്ന ഒരു രഹസ്യമാണ് കുടുംബം. രഹസ്യാത്മകത നിറഞ്ഞ കുടുംബത്തിലേക്ക് ഒരു ചെറു കൈത്തിരിയുമായി കടന്നുചെന്ന് ഈ വിഷയത്തിന്റെ വ്യാപ്തി എത്ര വലുതാണെന്ന് എടുത്തു കാണിക്കുന്നതിനും മലങ്കര കത്തോലിക്കാ സഭയിൽ കുടുംബപ്രേഷിത ശുശ്രൂഷയ്ക്ക് കൊടുക്കുന്ന പ്രാമുഖ്യം എന്താണെന്നും മൂന്നാം സഹസ്രാബ്ദത്തിലേക്ക് സഭയേയും സമൂഹത്തേയും നയിക്കേണ്ട കുടുംബങ്ങളെ എപ്രകാരം അണിയിച്ചൊരുക്കേണ്ടിയിരിക്കുന്നെന്നും ആത്മശോധന ചെയ്യുന്നതിനുള്ള ശ്രമമാണിത്.

മനുഷ്യസൃഷ്ടിക്ക് മുമ്പ് സ്രഷ്ടാവ് തന്റെ സത്തയുടെ രഹസ്യത്തിന്റെ മാതൃകയും പ്രചോദനവും അന്വേഷിക്കുന്നതിനായി തന്നിലേക്കു തന്നെ പിൻതിരിഞ്ഞു: "നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യന് ജന്മം നല്കാം". "നാം എന്ന മഹാരഹസ്യത്തിൽനിന്ന് സൃഷ്ടികർമ്മംവഴി മനുഷ്യൻ ദൈവാസ്തിത്വത്തിലേക്കുയർന്നു. അതായത്ദൈവികമായ "നാം" മാനുഷികമായ "നാം" എന്നതിന്റെ ശാശ്വത മാതൃകയാണ്. ഒന്നുകൂടി വ്യക്തമാക്കിയാൽ ദൈവത്തിന്റെ ത്രിത്വാത്മക ജീവിതത്തിൽതന്നെ കുടുംബത്തിന്റെ പ്രഥമ മാതൃക അന്തർലീനമായിരിക്കുന്നു. ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ അവിടുന്ന് അനുഗ്രഹിച്ചു:"നിങ്ങൾ വർദ്ധിച്ചുപെരുകി ഭൂമിയിൽ നിറയുവിൻ". മനുഷ്യൻ ജീവശാസ്ത്രപരമായി മറ്റുള്ളവയോടു ബന്ധമുള്ളപ്പോൾ സത്താപരവും അനന്യവുമായ രീതിയിൽ ദൈവഛായയോട് ബന്ധപ്പെട്ടുനില്ക്കുന്നു. യഥാർത്ഥത്തിൽ സ്നേഹത്തിൽ ബന്ധിക്കപ്പെട്ട വ്യക്തികളുടെ കൂട്ടായ്മയാണ് കുടുംബം.

www.malankaralibrary.com

വിവാഹത്തിലൂടെ സ്ത്രീയും പുരുഷനും പരസ്പരം ആത്മാർപ്പണം നടത്തുകയും പരസ്പരം സ്വീകരിക്കുകയും ചെയ്യുന്നത് വഴി ഈ കൂട്ടായ്മയിലേക്ക് അവർ ഉൾച്ചേരുകയും തദ്വാര സ്രഷ്ടാവ് 'ആദിമുതലെ' നല്കിയ ദൈവാസ്തിത്വത്തിലേക്ക് തങ്ങളുടെ മാതൃത്വപിതൃത്വ ദൗത്യ നിർവഹണത്തിലൂടെ പങ്ക്ചേരുകയും ചെയ്യുന്നു. ഇപ്രകാരം വിവാഹമെന്ന കൂദാശയിലൂടെ കുടുംബത്തിന് തുടക്കമിടുന്ന ദമ്പതികൾ സ്നേഹത്തിൻെറയും ജീവിതത്തിൻെറയും ശാശ്വതമായ കൂട്ടായ്മയിലേക്ക് തങ്ങളെത്തന്നെ നയിക്കുന്നു. അതിലൂടെ ജന്മമേകുന്ന ഓരോ കുട്ടിയും ദൈവത്തിൻെറ ഛായയും സാദൃശ്യവും ഭൂമിയിലേക്ക് കൊണ്ടുവരുന്ന ഓരോ വ്യക്തികളായി മാറുകയും ദൈവത്തിൻെറ പിതൃത്വ-മാതൃത്വത്തിൽ പങ്കുചേരുകയും ചെയ്യുന്നു. അപ്പോൾ ഭൂമിയിലുള്ള ഓരോ പിതൃത്വവും ദൈവത്തിൻെറ പിതൃത്വത്തിലുള്ള ഉൾച്ചേരലാണ്. ഓരോ വ്യക്തിയും ദൈവത്തിൻെറ ഛായയും സാദൃശ്യവുമാകുമ്പോൾ, വ്യക്തികൾക്ക് ജന്മം നല്കുന്ന ഓരോ കുടുംബങ്ങളും ദൈവത്തിൻെറ ഛായയും സാദൃശ്യവുമായി മാറുകയാണ് ചെയ്യുന്നത്. അങ്ങനെ കുടുംബം ദൈവത്തിൻെറ ത്രിത്വാത്മക ആവിഷ്കാരമായി ഭവിക്കുന്നു.

## സഭയും കുടുംബപ്രേഷിത ശുശ്രൂഷയും

മാർത്തോമ്മാശ്ലീഹായിൽ നിന്നും വിശ്വാസപൈതൃകം ഏറ്റുവാങ്ങി ഏകയോഗമായി കഴിഞ്ഞുപോന്നിരുന്ന കേരളസഭയ്ക്കുണ്ടായ ഏറ്റവും വലിയ മുറിവാണ് കൂനൻകുരിശുസത്യം വഴിയായി ഉണ്ടായത്. ഇതിലൂടെ സഭ രണ്ടായി പിളർന്നു. ഒരു വിഭാഗം സാർവ്വത്രിക തനിമയിൽനിന്ന് ഭിന്നിച്ചുപോവുകയും , 1930 സെപ്തംബർ 20-ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ സാർവ്വത്രിക തനിമ വീണ്ടെടുക്കുകയും ചെയ്തു. അങ്ങനെ മലങ്കര കത്തോലിക്കാസഭ രൂപമെടുത്തു. മലങ്കരസഭയുടെ പശ്ചാത്തലം അറിയാതെ കുടുംബപ്രേഷിത ശുശ്രൂഷയെ വിവക്ഷിക്കുവാൻ കഴിയില്ല. മലങ്കരയിലെ അകത്തോലിക്കാസഭകളിൽ നിന്ന് മലങ്കര കത്തോലിക്കാസഭയിലേക്ക് അനുദിനം ആളുകൾ കടന്നുവന്ന് സത്യവിശ്വാസത്തെ പുൽകിക്കൊണ്ടിരിക്കുന്നു.

വിവിധ സഭാവിശ്വാസങ്ങളിൽ നിന്നും വരുന്ന കുടുംബങ്ങളായതുകൊണ്ട് കത്തോലിക്കാസഭാവിശ്വാസത്തിൽ ഇവരെ ഉറപ്പിക്കുക എന്നുള്ളതുതന്നെയാണ് സഭയുടെ പ്രഥമവും പ്രധാനവുമായ ചുമതല. അതുകൊണ്ട് ഓരോ കുടുംബങ്ങളേയും വ്യക്തിപരമായി ശ്രദ്ധിക്കേണ്ടിയിരി

www.malankaralibrary.com

ക്കുന്നു. കുടുംബ ആധ്യാത്മികത ലക്ഷ്യം വച്ചുകൊണ്ട് ദമ്പതികൾ, അവിവാഹിതർ, കുട്ടികൾ, വൃദ്ധമാതാപിതാക്കൾ തുടങ്ങി എല്ലാവർക്കും വിശ്വാസനവീകരണത്തിന് ഉതകുന്ന പ്രവർത്തനങ്ങളാണ് കുടുംബ പ്രേഷിതവിഭാഗം മലങ്കര കത്തോലിക്കാസഭയിൽ ചെയ്തുകൊണ്ടിരിക്കുന്നത്.

വിവാഹ ഒരുക്ക സെമിനാറുകൾ, ലൈംഗിക ധാർമ്മികത അടിസ്ഥാനമാക്കിയുള്ള ക്ലാസുകൾ, പ്രോലൈഫ് സെമിനാറുകൾ, യുവദമ്പതികൾക്കായുള്ള ക്ലാസുകൾ, മാതൃപിതൃസമാജാംഗങ്ങൾക്കായുള്ള ക്ലാസുകൾ, സഭാപഠനക്ലാസുകൾ, ധ്യാനങ്ങൾ, സെമിനാറുകൾ തുടങ്ങി ഒട്ടനേകം ശുശ്രൂഷകളിൽ ഈ വിഭാഗം വ്യാപൃതമാണ്.

## ആധുനിക കുടുംബം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

സംസ്കാരത്തേയും അതിലൂടെ കുടുംബത്തേയും ഏറെ സ്വാധീനിച്ച സംഭവങ്ങളാണ് വ്യാവസായിക വിപ്ലവം, പ്രോട്ടസ്റ്റൻറ് മതവിപ്ലവം, ലോകമഹായുദ്ധങ്ങൾ തുടങ്ങിയവ. വ്യാവസായിക വിപ്ലവത്തോടുകൂടി ഗ്രാമങ്ങളിൽ കഴിഞ്ഞിരുന്നവർ പട്ടണങ്ങളിലേക്ക് കുടിയേറിപ്പാർത്തതിൻെറ ഫലമായി കുടുംബബന്ധങ്ങളെക്കാൾ കുടുംബസ്വത്തിന് പ്രാധാന്യമേറി. പ്രോട്ടസ്റ്റൻറ് മതവിപ്ലവം വിവാഹത്തിൻെറ അവിഭാജ്യത മറികടന്നപ്പോൾ വിവാഹം കൂദാശയാണെന്നുള്ള സഭയുടെ പഠിപ്പിക്കൽ അവമതിക്കപ്പെട്ടു. യുദ്ധങ്ങളിലൂടെ കുടുംബബന്ധങ്ങൾ തകർത്തുകളഞ്ഞു. വിവാഹത്തിൻെറ പരിശുദ്ധി നഷ്ടപ്പെടുത്തി വിവാഹമോചനവും ഭ്രൂണഹത്യയും സർവ്വസാധാരണമായി. ഇത് കുടുംബങ്ങളുടെ പരിശുദ്ധിയും അർത്ഥവ്യാപ്തിയും ഇല്ലാതാക്കി. അവിഹിത ബന്ധംമൂലം ഉണ്ടായ കുട്ടികളുടെയും ആവശ്യമില്ലാത്ത കുട്ടികളുടെയും എണ്ണവും ജനസംഖ്യയും വർദ്ധിച്ചതിലൂടെ അമ്മയുടെ ഗർഭപാത്രം ഗ്യാസ് ചേമ്പറുകളായി പരിവർത്തനം ചെയ്തു. ഇതിലൂടെ കുടുംബങ്ങൾ കോൺസെട്രേഷൻ ഗ്യാമ്പുകളായി പരിണമിച്ചു. ഒന്നിനെ ജനിപ്പിക്കുകയും മറ്റൊന്നിനെ കൊല്ലുകയും ചെയ്യുന്ന കപട സംസ്കാരം രൂപപ്പെട്ടതോടെ,മരണ സംസ്കാരം രൂപപ്പെടുന്നതിന് സാഹചര്യമൊരുങ്ങി. മനുഷ്യൻെറ മൃദുല വികാരങ്ങളെ ഉദ്ദീപിപ്പിച്ചു മുതലെടുക്കുന്ന മാധ്യമങ്ങളും വ്യവസായിക കമ്പനികളും ഈ മരണ സംസ്കാരത്തെ വളർത്തിയെടുക്കാൻ കാരണഭൂതരായി. “മിലേനിയം”കുട്ടിക്കായുള്ള പരിശ്രമങ്ങളും അതിനായി കാട്ടിക്കൂട്ടിയ പ്രവർത്തനങ്ങളും നമ്മുടെ മനോമുകരങ്ങളിൽ നിന്ന് ഇതുവരെ മറഞ്ഞി

www.malankaralibrary.com

ട്ടില്ല. ലഹരി വസ്തുക്കളും എയ്ഡ്സ് തുടങ്ങി മാരകരോഗങ്ങളും മനുഷ്യജീവനെ ഇന്ന് കാർന്നു തിന്നുകയാണ്. ഇങ്ങനെ ഭയാനകമായ പല പ്രതിസന്ധികളും ആധുനിക കുടുംബം അഭിമുഖീകരിക്കുന്നുണ്ട്. ഇവയുടെ പരിഹാരമാണ് നാളെകളിൽ ഉണ്ടാകേണ്ടത്.

## ജനങ്ങളുടെമേൽ സഭയുടെ സ്വാധീനം

മനുഷ്യമനസാക്ഷിയുടെ ശബ്ദവും വ്യാഖ്യാനവുമാകേണ്ട സഭയ്ക്ക് മനുഷ്യഹൃദയങ്ങളിലുള്ള സ്വാധീനം നഷ്ടപ്പെട്ടുപോയോ എന്ന് സംശയം തോന്നിപ്പിക്കത്തക്കവിധം നമ്മുടെ പ്രവർത്തനങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. പക്ഷേ, സഭ എന്നും കുടുംബ നശീകരണത്തിനെതിരെ ശക്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. അതാതു കാലത്തുള്ള ചാക്രിക ലേഖനങ്ങളും രൂപതാതലത്തിലുള്ള ഇടയലേഖനങ്ങളും കുടുംബനവീകരണത്തെ ഉജ്ജ്വലിപ്പിക്കത്തക്കവയായിരുന്നു എന്നതിന് സംശയമില്ല. കെയ്റോയിൽ നടന്ന ജനസംഖ്യാഉച്ചകോടിയിൽ റോമിന്റെ ധാർമ്മികശക്തി ലോകരാഷ്ട്രങ്ങളെയെല്ലാം ഞെട്ടിപ്പിക്കുന്നവയായിരുന്നു. സഭയുടെ ധാർമ്മികശക്തി ഇന്നും ശക്ത മായി ലോകരാഷ്ട്രങ്ങളുടെമേൽ നിലനില്ക്കുന്നു എന്നതിനുള്ള തെളിവാണിത്.

മൂന്നാം സഹസ്രാബ്ദത്തിലേക്ക് കാലെടുത്തു വയ്ക്കുന്ന സഭ, പ്രത്യേകിച്ച് മലങ്കര സഭ, അനുഭവത്തിൽ നിന്ന് പാഠങ്ങൾ പഠിച്ച് ഒരു ജനകീയ മുന്നേറ്റത്തിന് തയ്യാറാകണം. ശക്തമായ ആത്മീയനേതൃത്വവും ചൈതന്യവത്തായ അത്മായനേതൃത്വവുമാണ് സഭയ്ക്കാവശ്യം. കുടുംബങ്ങളിലേക്ക് കടന്നുചെന്ന് കുടുംബ ആധ്യാത്മികത വീണ്ടെടുക്കാൻ സഭയ്ക്ക് സാധിക്കണം. വിവാഹ ഒരുക്കസെമിനാറുകളിലും മാതൃസമാജ പ്രവർത്തനങ്ങളിലും മാത്രം ഒതുങ്ങിനില്ക്കുന്ന കുടുംബപ്രേഷിത വിഭാഗത്തിന് നമ്മുടെ സഭയിൽ കാര്യമായിട്ടൊന്നും തന്നെ ചെയ്യാൻ സാധിക്കില്ല. കുടുംബമാണ് എല്ലാ പ്രേഷിത മേഖലകളുടെയും അടിത്തറയെങ്കിൽ കുടുംബപ്രേഷിതമേഖല മറ്റെല്ലാ മേഖലകളുടെയും കേന്ദ്രബിന്ദുവായി കണ്ട് പ്രവർത്തനോന്മുഖമാക്കണം.

www.malankaralibrary.com

# മലങ്കര കത്തോലിക്കാസഭ
# മൂന്നാം സഹസ്രാബ്ദത്തിൽ

ആയിരത്തിതൊള്ളായിരത്തി മുപ്പത് സെപ്തംബർ ഇരുപതാം തീയതി നടന്ന ചിരകാലപ്രതീക്ഷയായിരുന്ന പുനരൈക്യത്തിലൂടെ ഉദയംചെയ്ത, മലങ്കര കത്തോലിക്കാസഭ, കാലഘട്ടത്തിനനുരൂപമായി ആത്മീയമായും ആരാധനാപരമായും ഭൗതികമായും അവളുടെ പ്രേഷിതദൗത്യം അഭംഗുരം കാത്തുസൂക്ഷിക്കുന്നതിന്റെ പ്രത്യേക്ഷ ലക്ഷണങ്ങൾ സഭയിൽ ഇന്ന് ദൃശ്യമാണ്. ഈ വളർച്ചയെ വിവിധ തലങ്ങളിൽ നിന്ന് പണ്ഡിതന്മാരിലൂടെ വിശദീകരിക്കപ്പെടുന്ന ഉത്തമ ഗ്രന്ഥമാണ് "മലങ്കര കത്തോലിക്കാസഭ മൂന്നാം സഹസ്രാബ്ദത്തിൽ".

മലങ്കര കത്തോലിക്കാസഭയുടെ വീക്ഷണങ്ങളും സഭാമക്കളുടെ പങ്കാളിത്തവും വിശദമായി ചർച്ച ചെയ്യുന്നു. സംന്യാസ സമൂഹങ്ങളുടെയും സഭാനേതൃത്വത്തിന്റെയും അത്മായ സംഘടനകളുടെയും ദൗത്യം ഓർമ്മപ്പെടുത്തുന്നു. സഭാത്മകമായ അറിവിലേക്ക് സഭാമക്കളെ നയിക്കുന്നു.

ഈ ഗ്രന്ഥം ക്രോഡീകരിച്ച് അവതരിപ്പിക്കുന്ന തിരുവനന്തപുരം മലങ്കര മേജർ സെമിനാരിയിൽ ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥിയായ ബ്ര.തോമസ് മടുക്കുംമൂട്ടിലിനെ പ്രത്യേകം അഭിനന്ദിക്കുന്നു! ആശംസിക്കുന്നു.

ഫാ. സ്റ്റീഫൻ പ്ലാത്തോട്ടം ഒ.ഐ.സി.
ബഥനി പബ്ലിക്കേഷൻ ഡയറക്ടർ

---

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം - 686 010

www.malankaralibrary.com